# ഇസ്‌ലാം മതം

അബുൽഅഅ്ലാ മൗദൂദി

ഇസ്ലാംമതം

# ഇസ്‌ലാംമതം

അബുൽഅഅ്‌ലാ മൗദൂദി

വിവർത്തനം

വി.പി. മുഹമ്മദലി

ഭാഷാപരിഷ്കരണം

പ്രൊഫ. കെ.പി. കമാലുദ്ദീൻ

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്

കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ, മലപ്പുറം

**ISLAM MATHAM** *(Malayalam)*

*(Religion/Islam)*

*Original:* **Resala-e- Deeniyath** *(Urdu)*

By ABUL A'LA MOUDOODI

*Translator:* *V.P. Muhammed Ali*

Publishers:

**JAMA'AT-E-ISLAMI KERALA**

Hira Centre, Kozhikode- 673 004

Kerala State, India

E-mail : hiracentre@asianetindia.com

First Published: August 1945

23nd Edition: September 2008

Typesetting : I.P.H. DTP

Printers: Kairali Offset, Calicut

Rights with the Publishers

Distribution:

**I.P.H. Fourland Building, Rajaji Road, Kozhikode-4, E-mail : iphcalicut@dataone.in**

**I.P.H, M.P. Road, Kozhikode - 673 001**

**I.P.H, Islamic Centre, Market lane, Palayam, Thiruvananthapuram - 695 034**

**I.P.H, Madeena Masjid Complex, Padma Jn. Pullepady, Kochi - 35**

**I.P.H, I.P.H. Tower, P.O. Road, Thrissur-1**

**I.P.H, Kohinoor Arcade, Opp. Noor Masjid, Kannur-1**

**I.P.H, Kunnumal, Malappuram-676 505**

**Price Rs : 40.00**

ISM Sub 20, S.N 1/3000 TC: 84000 ISBN 978-81-8271-437-3

# പ്രസ്താവന

**ലോക**പ്രശസ്ത ഇസ്‌ലാമിക ചിന്തകനും പണ്ഡിതനുമായ മൗലാനാ അബുൽ അഅ്ലാ മൗദൂദിയുടെ *രിസാലെ ദീനിയ്യാത്തി*ന്റെ പരിഭാഷയാണ് *ഇസ്‌ലാം മതം*. എഴുപതിലധികം ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട വിഖ്യാത ഗ്രന്ഥമാണിത്. മലയാളത്തിൽത്തന്നെ ഇരുപത്തിമൂന്ന് പതിപ്പുകളിലായി എൺപതിനായിരത്തിലേറെ കോപ്പികൾ ഇതിനകം പ്രസിദ്ധീകരിച്ചു. ഇത്രയേറെ വായനക്കാരെ ലഭിച്ച വേറെ ഒരിസ്‌ലാമിക ഗ്രന്ഥവും ഇന്നോളം വെളിച്ചം കണ്ടിട്ടില്ല.

*രിസാലെ ദീനിയ്യാത്തി*ന്റെ ഇംഗ്ലീഷ് പതിപ്പ് തയ്യാറാക്കിയ പ്രൊഫ. ഖുർശിദ് അഹ്മദ് എഴുതിയ അവതാരികയും പഠനാർഹമായ അടിക്കുറിപ്പുകളും ഇതിൽ വിവർത്തനം ചെയ്ത് ചേർത്തിട്ടുണ്ട്. ഭാഷ കാലോചിതമായി പരിഷ്കരിച്ചത് പ്രൊഫ. കെ.പി. കമാലുദ്ദീനാണ്.

ഈ മഹദ്ഗ്രന്ഥം സത്യാന്വേഷികൾക്ക് മാർഗദീപമായിത്തീരട്ടെ എന്ന പ്രാർഥനയോടെ സഹൃദയസമക്ഷം സമർപ്പിക്കുന്നു.

– **പ്രസാധകർ**

# രണ്ടാം പതിപ്പിന്റെ വിവർത്തകക്കുറിപ്പ്

**ഇ**സ്ലാമിന്റെ സുന്ദരരൂപം കേരളീയർക്ക് ഗ്രഹിക്കാൻ ഉതകുന്ന ഇസ്ലാമിക ഗ്രന്ഥങ്ങൾ മലയാള ഭാഷയിൽ തുലോം കുറവാണെന്ന വസ്തുത എല്ലാവരും ഒരുപോലെ ഗ്രഹിച്ചിരിക്കുന്ന പരമാർഥമാണ്. ഈ കുറവ് പരിഹരിക്കുന്നതിന് അടുത്തകാലത്തായി പല മാന്യന്മാരും രംഗത്തിറങ്ങിക്കൊണ്ടിരിക്കുന്നുവെന്നത് ആശാവഹംതന്നെ. അവരുടെ പരിശ്രമഫലമായി ഇസ്ലാമിക സാഹിത്യത്തിന് മലയാളഭാഷയിൽ പ്രാബല്യം കൂടിക്കൊണ്ടുവരികയാണ്. എന്നാൽ, ഇസ്ലാമിന്റെ യഥാർഥോദ്ദേശ്യം പൂർത്തീകരിക്കാൻ പര്യാപ്തമായ ഗ്രന്ഥങ്ങൾ ഇനിയും വേണ്ടത്ര ഉണ്ടായിക്കഴിഞ്ഞിട്ടില്ലെന്നു പറയാതെ നിവൃത്തിയില്ല. ഇസ്ലാമിന്റെ പൂർവിക മാഹാത്മ്യങ്ങളെയും മഹത്കൃത്യങ്ങളെയും പാടിപ്പുകഴ്ത്തി അതിന്റെ സ്മാരകം നിലനിർത്തിപ്പോരുക, ഇസ്ലാമിന്റെ ഏതെങ്കിലും ഒരു ഭാഗത്തിന് അടിസ്ഥാനത്തെക്കാൾ കൂടുതൽ പ്രാധാന്യം നൽകി അതിനായി വാദിക്കുക, തെറ്റോ ശരിയോ എന്നൊന്നും നോക്കാതെ ലോകത്ത് പ്രചരിച്ചുകഴിഞ്ഞിട്ടുള്ള ഏത് ആദർശസിദ്ധാന്തവും ഇസ്ലാമിന്റേതാണെന്നു തെളിയിക്കാൻ പാടുപെടുക, കേവലം നിസ്സാരസംഗതികളെ അടിസ്ഥാനമാക്കി മുസ്ലിംകളിൽ ആഭ്യന്തരകലഹങ്ങളും കുഴപ്പങ്ങളുമുണ്ടാക്കാൻ പ്രേരണ നൽകുക, ഇന്ത്യക്കകത്തും പുറത്തും ഭരണാധിപൻമാരായി വാണിരുന്ന അക്രമികളും ധൂർത്തരും ദുർമാർഗികളുമായ 'മുസ്ലിം രാജാക്കൻമാർക്കു'വേണ്ടി വാദിക്കുക, വർഗപക്ഷപാതത്തിന്റെ അടിസ്ഥാനത്തിൽ ഇതര സമുദായങ്ങൾക്കെതിരിൽ വെറുപ്പും വിദ്വേഷവും സൃഷ്ടിക്കുക തുടങ്ങിയ സേവനങ്ങളാണ് നിലവിലുള്ള കൃതികളിൽ ഭൂരിഭാഗവും നിർവഹിക്കുന്നതെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ഒരാധുനിക വിദ്യാർഥിയുടെ ഹൃദയത്തിൽ ഉദ്ഭവിക്കുന്ന, ഇസ്ലാം എന്നാൽ എന്ത് എന്ന അടിസ്ഥാനപരമായ ചോദ്യത്തിനു ശരിയായ ഉത്തരം നൽകാൻ അവ മുതിർന്നു കാണുന്നില്ല.

ഇനി, ഇവിടത്തെ മതപഠന സമ്പ്രദായമാണെങ്കിൽ, അതും കൂടുതലൊന്നും ആശാജനകമല്ല. അറബി ഭാഷയിലും മാതൃഭാഷയിലും മതപഠന

ത്തിനുള്ള ഏർപ്പാടുകൾ കേരളത്തിൽ ധാരാളമുണ്ടെന്ന വസ്തുത വിസ്മരിക്കത്തക്കതല്ലെങ്കിലും ഗൗരവമുള്ള ഒരു ലക്ഷ്യവും അവക്കില്ലാത്തതിൻ ഫലമായി അതും മിക്കവാറും നിഷ്ഫലമായിക്കഴിഞ്ഞിരിക്കയാണ്. ജീവിതത്തിന്റെ വെറുമൊരു ഉപവകുപ്പെന്ന വീക്ഷണമാണ്, ഒട്ടേറെ അറബി വിദ്യാർഥികളും ഇംഗ്ലീഷ് വിദ്യാർഥികളും ഇസ്‌ലാമിനെസ്സംബന്ധിച്ച് സ്വീകരിക്കുന്നത്. ഇസ്‌ലാം ദൈവത്താൽ നൽകപ്പെട്ട ശാശ്വതവും പരിപൂർണവുമായ ജീവിതവ്യവസ്ഥയാണെന്നും ജീവിതത്തെ മുഴുവനുമാണതാവശ്യപ്പെടുന്നതെന്നുമുള്ള യാഥാർഥ്യം അവരുടെ ജീവിതരീതിയിൽ തീരേ പ്രകടമായി കാണുന്നില്ല.

ആധുനിക വിദ്യാർഥികളുടെ അഭിരുചിക്കൊത്തവണ്ണം അവർക്ക് ഇസ്‌ലാമിക വിദ്യാഭ്യാസം നൽകാതിരുന്നതിന്റെ ഫലമായി ഇസ്‌ലാമിനോടവർക്ക് അവജ്ഞ ജനിക്കുകയും യൂറോപ്പിൽനിന്ന് ഇറക്കുമതി ചെയ്യപ്പെട്ട നാസ്തികത്വമയമായ സയൻസിനെ ദൈവവാക്യമെന്നോണം അവർ കണ്ണടച്ചു വിശ്വസിക്കുകയും ചെയ്തു. ഇസ്‌ലാമിനെയും മനുഷ്യ നിർമിത വ്യവസ്ഥകൾക്കുപരിയായി ഇസ്‌ലാമിനുള്ള മാഹാത്മ്യത്തെയും അതിന്റെ പ്രായോഗികതയെയും കുറിച്ച് ആരംഭത്തിൽത്തന്നെ കാര്യകാരണസഹിതം ഗ്രഹിക്കാതിരുന്നതാണ് ഇതിനെല്ലാമുള്ള ഏക കാരണം. അതിനാൽ, ഇസ്‌ലാമിന്റെ മൗലികസിദ്ധാന്തങ്ങളും ആദർശ ലക്ഷ്യങ്ങളും അതിന്റെ പ്രായോഗികതയും ഇന്നത്തെ മസ്തിഷ്കങ്ങളെ ആകർഷിക്കുമാറ് യുക്തിയുക്തം വെളിപ്പെടുത്തുകയെന്നത് അവശ്യം ആവശ്യമായിത്തീർന്നിരിക്കുന്നു. ഇസ്‌ലാം ഇതര മതങ്ങളെപ്പോലെ വെറും ചില പൂജകൾ മാത്രമല്ല; പ്രത്യുത, മനുഷ്യജീവിതത്തെ ആകമാനം വിജയപ്രദമാക്കിത്തീർക്കാൻ ദൈവത്താൽ നൽകപ്പെട്ട പരിപൂർണ ജീവിത പദ്ധതിയാണ്. സമസ്ത ലോകത്തെയും അതിന്റെ പ്രകൃതിയെയും സൃഷ്ടിച്ച അതേ ദൈവം തന്നെ നിർമിച്ചതാകകൊണ്ട്, ലോക പ്രകൃതിയോട് തികച്ചും യോജിക്കുന്ന ഒരു മതം അഥവാ ജീവിതപദ്ധതി ഇസ്‌ലാം ഒന്നു മാത്രമേയുള്ളൂ. അതനുസരിച്ച് ജീവിക്കുന്നതുകൊണ്ടേ മനുഷ്യന് ശാന്തിയും സമാധാനവും കൈവരികയുള്ളൂ. ഈ പരമാർഥങ്ങൾ ലോകം അറിഞ്ഞിരിക്കേണ്ടത് എന്നത്തേതിലുമധികം അത്യന്താപേക്ഷിതമായിരിക്കയാണിന്ന്.

ഇത്തരം ആവശ്യങ്ങൾ പൂർത്തീകരിക്കുന്ന ഗ്രന്ഥങ്ങൾ ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽ കുറേയൊക്കെ പ്രചാരത്തിൽ വന്നുകഴിഞ്ഞിട്ടുണ്ടെങ്കിലും, ഭാഷാ വൈവിധ്യം മൂലം അവയുടെ ഉത്തമ ഫലങ്ങളാസ്വദിക്കാൻ ഇവിടത്തെ പൊതുജനങ്ങൾക്ക് സാധിക്കുന്നില്ല. അതിനാൽ, അത്തരം വിശിഷ്ടഗ്രന്ഥങ്ങൾ മലയാളഭാഷയിലേക്ക് വിവർത്തനം ചെയ്ത് കേരളീയർക്കും അവയുടെ ഉള്ളടക്കം ഗ്രഹിക്കാൻ അവസരം ഉണ്ടാക്കിക്കൊടുക്കുക എന്നത് ഇന്നത്തെ പരിതഃസ്ഥിതിയിൽ പ്രാധാന്യമർഹിക്കുന്ന ഒരു സേവനമാണ്. പ്രസ്തുത ഉദ്ദേശ്യനിർവഹണത്തിൽ അപ്രധാനമല്ലാത്ത ഒരു പങ്ക് വഹിക്കുമെന്ന പ്രതീക്ഷയാണ് ഈ പരിശ്രമത്തിന് ഞങ്ങൾക്ക് പ്രചോദനം നൽകിയി

ട്ടുള്ളത്. ഞങ്ങളുടെ പ്രതീക്ഷയെ ഇതെത്രമാത്രം പൂർത്തീകരിക്കുന്നുണ്ടെന്ന് വായനക്കാർ തന്നെ തീർച്ചപ്പെടുത്തിക്കൊള്ളട്ടെ.

മലയാളത്തിൽ പ്രസ്തുത ഗ്രന്ഥം ആദ്യമായി പ്രസിദ്ധീകരിച്ചത് 1945 ആഗസ്തിലായിരുന്നു. 1942 ഫെബ്രുവരിയിൽ പ്രസിദ്ധീകരിച്ച മൂലഗ്രന്ഥത്തിന്റെ നാലാം പതിപ്പ് മുമ്പിൽവെച്ചായിരുന്നു പരിഭാഷ നടന്നത്. ഇന്നാകട്ടെ, മൂലഗ്രന്ഥം പതിനാലാം പതിപ്പുവരെ എത്തിയിരിക്കയാണ്. ഇതിനിടക്ക് ഗ്രന്ഥകർത്താവ് തന്നെ മൂലഗ്രന്ഥത്തിൽ ചില്ലറ മാറ്റത്തിരുത്തൽ വരുത്തുകയും ചില പുതിയ കുറിപ്പുകൾ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. മൂലഗ്രന്ഥത്തിന്റെ നിലവിലിരിക്കുന്ന പതിനാലാം പതിപ്പ് മുമ്പിൽവെച്ച് ആദ്യന്തം പരിശോധിച്ചതിനു പുറമേ ഭാഷാപരമായും മറ്റും ചില പരിഷ്കരണങ്ങൾ വരുത്തിക്കൊണ്ടാണ് ഇപ്പോൾ ഈ രണ്ടാം പതിപ്പ് പുറത്തിറക്കുന്നത്. ഇതിനനുഗ്രഹിച്ച അല്ലാഹുവെ സ്തോത്രം ചെയ്യുകയും ഈ പരിശ്രമത്തെ സൽക്കർമമായി അംഗീകരിക്കാൻ അവനോട് പ്രാർഥിക്കുകയും ചെയ്തുകൊണ്ട് ഈ ഗ്രന്ഥം പൊതുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

എടയൂർ

വി.പി. മുഹമ്മദലി

1. 4. 1955

## അബുൽ അഅ്‌ലാ മൗദൂദി (1903–1979)

പണ്ഡിതൻ, പരിഷ്കർത്താവ്, ഗ്രന്ഥകാരൻ. 20-ാം നൂറ്റാണ്ടിന്റെ രണ്ടാം പാദം മുതൽ ഇസ്‌ലാമിക ലോകത്ത് അലയടിച്ചു തുടങ്ങിയ ഇസ്‌ലാമിക നവജാഗരണത്തിന്റെ പ്രധാന ശില്പി. 1903 സെപ്തംബർ 25-ന് ഔറംഗാബാദിൽ ഒരു സയ്യിദ് കുടുംബത്തിൽ ജനനം. പിതാവ്: അഹ്മദ് ഹസൻ. മാതാവ്: റുഖിയാബീഗം. പിതാവിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം. 1914-ൽ മൗലവി പരീക്ഷ പാസായി. അറബി, ഇംഗ്ലീഷ്, പേർഷ്യൻ ഭാഷകളിൽ പ്രാവീണ്യം നേടി. മതം, തത്ത്വചിന്ത, സാമൂഹിക ശാസ്ത്രം, രാഷ്ട്രമീമാംസ തുടങ്ങിയ ഗഹനമായ വിഷയങ്ങളിൽ സ്വപരിശ്രമത്തിലൂടെ അവഗാഹം നേടി. 1918-ൽ *അൽമദീന*, 1920-ൽ *താജ്*, 1925-ൽ *അൽ ജംഇയ്യത്ത്* എന്നിവയിൽ പത്രാധിപരായി പ്രവർത്തിച്ചു. 1927-ൽ പ്രഥമകൃതി *അൽജിഹാദു ഫിൽ ഇസ്‌ലാം* രചിച്ചു. 1932-ൽ *തർജുമാനുൽ ഖുർആൻ* ആരംഭിച്ചു. 1941-ൽ ജമാഅത്തെ ഇസ്‌ലാമി രൂപീകരിച്ചു. 1953-ൽ ഖാദിയാനീ മസ്അലയുടെ പേരിൽ അറസ്റ്റ്, വധശിക്ഷാവിധി. പ്രതിഷേധത്തെതുടർന്ന് ജീവപര്യന്തം തടവാക്കി. 1955-ൽ ജയിൽ മോചിതനായി. 1972-ൽ തഫ്ഹീമുൽ ഖുർആൻ രചന പൂർത്തിയാക്കി. 1979-ൽ പ്രഥമ ഫൈസൽ അവാർഡ് നേടി. 120-ൽ പരം കനപ്പെട്ട ഗ്രന്ഥങ്ങൾ രചിച്ചു. 1979 സെപ്തംബർ 22-ന് മരണപ്പെട്ടു.

## വി.പി. മുഹമ്മദലി (ഹാജി സ്വാഹിബ്)

കേരള ജമാഅത്തെ ഇസ്‌ലാമി സ്ഥാപകൻ, ആദ്യ അമീർ, പണ്ഡിതൻ, വാഗ്മി, സംഘാടകൻ. മലപ്പുറം ജില്ലയിലെ എടയൂരിൽ വലിയപറമ്പ് തറവാട്ടിൽ 1912-ൽ ജനനം. പിതാവ്: പോക്കാമുട്ടി ഹാജി. മാതാവ്: ചങ്ങമ്പള്ളി കുഞ്ഞാലൻകുട്ടി ഗുരുക്കളുടെ മകൾ ഫാത്വിമ. ഔദ്യോഗിക വിദ്യാഭ്യാസം 4-ാം ക്ലാസ്. ചൂനൂർ മുഹമ്മദ് മുസ്‌ലിയാരിൽ നിന്ന് മതപഠനം. എടക്കുളം, മണ്ണാർക്കാട്, ആലത്തൂർ, മഞ്ചേരി പള്ളിദർസുകളിലും വെല്ലൂർ ബാഖിയാത്തുസ്സ്വാലിഹാത്തിലും ഉമറാബാദ് ദാറുസ്സലാം അറബിക്കോളേജിലും പഠിച്ചു. ഇമാം ഗസ്സാലിയുടെ *ഇഹ്‌യാ ഉലൂമിദ്ദീൻ* ഏറെ സ്വാധീനിച്ചു. ചെറുപ്രായത്തിൽ തന്നെ ത്യാഗപൂർണമായ യാത്രയിലൂടെ ഹജ്ജ് നിർവഹിച്ചു. ആദ്യകാലത്ത് കോൺഗ്രസ് അനുകൂലിയായിരുന്നു. പഴയങ്ങാടി കുളങ്കര പള്ളിയിലും മദ്റസയിലും ജോലിചെയ്യവെ മൗദൂദി സ്വാഹിബ് പുറത്തിറക്കുന്ന *തർജുമാനുൽ ഖുർആനു*മായി ബന്ധപ്പെട്ടു ജമാഅത്തിൽ ആകൃഷ്ടനായി. 1941-ഒക്ടോബർ 15-ന് സംഘടനയിൽ അംഗമായി. 2 വർഷം മൗദൂദി സ്വാഹിബിനൊപ്പം പഠാൻ കോട്ടിൽ താമസിച്ചു. 1944-ൽ കേരളത്തിലെ ആദ്യ ജമാഅത് ഘടകം, ജമാഅത്തുൽ മുസ്തർശിദീൻ രൂപീകരിച്ചു. 1945-ൽ കേന്ദ്ര ജമാഅത് നൽകിയ 700 രൂപ മൂലധനമാക്കി ഐ.പി.എച്ച് ആരംഭിച്ചു. *ഇസ്‌ലാംമതം* പരിഭാഷപ്പെടുത്തി പുറത്തിറക്കി; തുടർന്ന് *രക്ഷാസരണി*യും. 1949 ഓഗസ്ത് 1-ന് *പ്രബോധനം* ആരംഭിച്ചു. 1955-ൽ ശാന്തപുരം ഇസ്‌ലാമിയാ കോളേജ് സ്ഥാപിക്കുന്നതിന് നേതൃത്വം നൽകി. 1959 ഒക്ടോബർ 2-ന് അന്ത്യം. ഭാര്യ: ഉമ്മു ആഇശ.

# ഉള്ളടക്കം

●


ആമുഖം ........ 15
അവതാരിക ........ 17

1. ഇസ്‌ലാം ........ 29
'ഇസ്‌ലാമി'ന്റെ അർഥം ........ 29
ഇസ്‌ലാമിന്റെ യാഥാർഥ്യം ........ 30
ദൈവനിഷേധത്തിന്റെ യാഥാർഥ്യം ........ 32
നിഷേധത്തിന്റെ കെടുതികൾ ........ 32
ഇസ്‌ലാമിന്റെ സദ്ഫലങ്ങൾ ........ 35

2. വിശ്വാസവും അനുസരണവും ........ 42
'വിശ്വാസ'ത്തിന്റെ അർഥം ........ 43
ജ്ഞാനലബ്ധിയുടെ മാർഗങ്ങൾ ........ 45
അദൃശ്യ കാര്യങ്ങളിലുള്ള വിശ്വാസം ........ 46

3. പ്രവാചകത്വം ........ 48
പ്രവാചകത്വത്തിന്റെ യാഥാർഥ്യം ........ 48
പ്രവാചകനെ എങ്ങനെ തിരിച്ചറിയാം? ........ 50
പ്രവാചകനെ അനുസരിക്കൽ ........ 51
പ്രവാചകനിൽ വിശ്വസിക്കുന്നതെന്തിന്? ........ 52
പ്രവാചകത്വം -സംക്ഷിപ്ത ചരിത്രം ........ 54
മുഹമ്മദ്നബിയുടെ പ്രവാചകത്വം ........ 58
മുഹമ്മദ്നബിയുടെ പ്രവാചകത്വം -തെളിവുകൾ ........ 59
പ്രവാചകത്വ പരിസമാപ്തി-തെളിവുകൾ ........ 66

4. വിശ്വാസകാര്യങ്ങൾ ........ 73
ദൈവത്തിലുള്ള വിശ്വാസം ........ 74
വിശുദ്ധ വാക്യത്തിന്റെ അർഥം ........ 75
വിശുദ്ധ വാക്യത്തിന്റെ പൊരുൾ ........ 76
ഏകദൈവ വിശ്വാസത്തിന്റെ ഫലങ്ങൾ ........ 80
മലക്കുകളിലുള്ള വിശ്വാസം ........ 85
ദൈവഗ്രന്ഥങ്ങളിലുള്ള വിശ്വാസം ........ 86
വിശുദ്ധഖുർആന്റെ സവിശേഷതകൾ ........ 87

ദൈവദൂതന്മാരിലുള്ള വിശ്വാസം ........ 90
പരലോകത്തിലുള്ള വിശ്വാസം ........ 92
പരലോകവിശ്വാസത്തിന്റെ ആവശ്യകത ........ 92
പരലോകവിശ്വാസം യുക്തിയുടെ വെളിച്ചത്തിൽ ........ 95
പരിശുദ്ധ വാക്യം ........ 97

**5. അനുഷ്ഠാനകർമങ്ങൾ ........ 100**
ഇബാദത്തിന്റെ വിവക്ഷ ........ 101
നമസ്കാരം ........ 102
വ്രതാനുഷ്ഠാനം ........ 105
സകാത്ത് ........ 106
ഹജ്ജ് ........ 108
ഇസ്ലാമികസേവനം ........ 110

**6. ദീനും ശരീഅത്തും ........ 113**
ശരീഅത്തിന്റെ വിധികൾ എങ്ങനെ അറിയാം? ........ 114
തസ്വവ്വുഫ് ........ 116

**7. ശരീഅത്തിന്റെ വിധികൾ ........ 119**
നാല് അവകാശങ്ങൾ ........ 121
ദൈവത്തിന്റെ അവകാശങ്ങൾ ........ 122
ദേഹത്തിന്റെ അവകാശങ്ങൾ ........ 124
സമസൃഷ്ടികളുടെ അവകാശങ്ങൾ ........ 126
ഇതര സൃഷ്ടികളുടെ അവകാശങ്ങൾ ........ 132
ശരീഅത്ത്-സാർവജനീനം, ശാശ്വതം ........ 133

# ആമുഖം

•

**ഈ** ഗ്രന്ഥം ഹൈസ്കൂളുകളിൽ അവസാന ക്ലാസുകളിലോ കോളേജുകളിൽ ആദ്യക്ലാസുകളിലോ പഠിക്കുന്ന വിദ്യാർഥികളെ ഉദ്ദേശിച്ചെഴുതിയതാണ്. വിജ്ഞാന സമ്പാദനാർഥം പൊതുവേ പാരായണം ചെയ്യുന്നവർക്കും ഇത് സഹായകമായിരിക്കും. ഇതിന്റെ ഒന്നാം പതിപ്പുതന്നെ ഇന്ത്യയിലെ എത്രയോ വിദ്യാലയങ്ങൾ ഉയർന്ന ക്ലാസുകളിൽ അംഗീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഇത് ആവശ്യമായ ചില പരിഷ്കരണങ്ങൾ വരുത്തിക്കൊണ്ടാണ് പ്രസിദ്ധീകരിക്കുന്നത്.

വിദ്യാർഥികൾക്ക് കൂടുതലായും കർമപരമായ വിഷയങ്ങൾ പഠിപ്പിക്കുക എന്നുള്ളതാണ് നമ്മുടെ ഇടയിൽ അധ്യാപന വിഷയത്തിൽ പൊതുവേ സ്വീകരിച്ചിട്ടുള്ള സമ്പ്രദായം. അതിൽ നമസ്കാരം, നോമ്പ്, ശുദ്ധീകരണം എന്നിവയുടെയും ഈ ഇനത്തിൽപ്പെട്ട മറ്റു കർമങ്ങളുടെയും വിവരണമാണുണ്ടായിരിക്കുക. വിശ്വാസപരമായ സംഗതികളെക്കുറിച്ചുള്ള അധ്യയനം താരതമ്യേന കുറവായിരിക്കും. ഇനി അൽപം വല്ലതുമുണ്ടെങ്കിൽത്തന്നെ അത് ആശാസ്യവും ഫലപ്രദവുമായ വിധത്തിലാകുന്നുമില്ല. ഇസ്‌ലാം എന്ത്? അതിന്റെ ലക്ഷ്യമെന്ത്? ഇസ്‌ലാമിക ആദർശവിശ്വാസങ്ങൾക്ക് മനുഷ്യജീവിതവുമായുള്ള ബന്ധമെന്ത്? ഇസ്‌ലാം സ്വീകരിക്കുന്നതുകൊണ്ടുള്ള പ്രയോജനവും സ്വീകരിക്കാതിരിക്കുന്നതുകൊണ്ടുള്ള നഷ്ടവുമെന്ത്? ഭീഷണിയും ബലപ്രയോഗവും വഴിയാണോ ഇസ്‌ലാം ആദർശസിദ്ധാന്തങ്ങൾ അംഗീകരിപ്പിക്കുന്നത്; അതല്ല, പ്രസ്തുത ആദർശസിദ്ധാന്തങ്ങളുടെ സത്യാവസ്ഥക്ക് സാക്ഷ്യംവഹിക്കുന്ന സ്വീകാര്യമായ വല്ല തെളിവും അതിന്റെ പക്കലുണ്ടോ? എന്നൊന്നും വിദ്യാർഥികൾ തങ്ങളുടെ പഠനകാലം കഴിയുന്നതുവരെ അറിയുന്നില്ല. പ്രസ്തുത സംഗതികളാവട്ടെ, ഇസ്‌ലാമിന്റെ യാഥാർഥ്യം ഗ്രഹിക്കാനും വിശ്വാസാദർശങ്ങൾ ശരിപ്പെടുത്താനും അവശ്യം ആവശ്യമാണുതാനും. അവ ഹൃദയത്തിൽ വേരൂന്നാതിരിക്കുന്ന കാലത്തോളം 'ഫിഖ്ഹ് മസ്അല'(കർമശാസ്ത്രപരമായ പ്രശ്നങ്ങൾ)കളുടെ അധ്യയനം ഒട്ടും ഫലപ്രദമായിരിക്കയില്ല. എന്തുകൊണ്ടെന്നാൽ വിശ്വാസമില്ലാതെ വിധികൾ

അനുസരിക്കുക അസാധ്യമാണ്. വിശ്വാസം ശക്തിപ്പെടുന്നതാകട്ടെ, ഇസ്‌ലാമികാദർശം ശരിക്ക് ഗ്രഹിക്കുന്നതുകൊണ്ടുമാണ്.

അതേപ്രകാരം നമസ്കാരം, നോമ്പ് തുടങ്ങിയ കർമങ്ങളുടെ വിശദഭാഗങ്ങൾ വിവരിച്ചുകൊടുക്കുന്നതിനു പകരം വിദ്യാർഥികൾക്ക് മതവിധികളുടെയും ആരാധനാ കർമങ്ങളുടെയും യുക്തികളും രഹസ്യങ്ങളും ഗ്രഹിപ്പിക്കുക എന്നതാണ് കൂടുതൽ ആവശ്യമായിട്ടുള്ളത്. എങ്കിലേ മത കൽപനകളനുസരിക്കാൻ അവർ സ്വമനസ്സാലെ സന്നദ്ധരാവുകയുള്ളൂ. നമസ്കാരത്തിന്റെ രീതിയും ക്രമവും സംബന്ധിച്ച വിവരണം നമസ്കരിക്കാനുദ്ദേശിക്കുന്നവർക്കേ ഫലപ്രദമാവുകയുള്ളൂവെന്നത് വ്യക്തമാണ്. നമസ്കരിക്കാൻ തന്നെ ഒരുക്കമില്ലാത്തവന്, ഇന്നിന്ന പ്രകാരത്തിലാണ് നമസ്കരിക്കേണ്ടതെന്നു പറഞ്ഞുകൊടുത്തിട്ടെന്തു ഫലം? അതിനാൽ, നമസ്കാരനിയമങ്ങൾ വിവരിച്ചുകൊടുക്കുന്നതിനു മുമ്പ് യഥാർഥത്തിൽ നമസ്കാരമെന്തെന്നും തങ്ങളുടെ മേൽ അതെന്തിനു നിർബന്ധമാക്കിയെന്നും അതിന്റെ ഫലം എന്തൊക്കെയെന്നും അതുപേക്ഷിക്കുന്നതുകൊണ്ട് സംഭവിക്കുന്ന നഷ്ടങ്ങളെന്തെല്ലാമെന്നും വിദ്യാർഥികൾക്ക് വിവരിച്ചുകൊടുക്കേണ്ടതാണ്. മറ്റു മതവിധികളുടെയും സ്ഥിതി ഇതുതന്നെ. ആദ്യം അവയെ ഹൃദയത്തിൽ വേരുറപ്പിക്കാനാണ് ശ്രമിക്കേണ്ടത്. എന്നാലേ അവയുടെ വിശദഭാഗങ്ങൾ വിവരിച്ചുകൊടുക്കുന്നത് ഫലപ്രദമാവുകയുള്ളൂ.

പ്രസ്തുത ആവശ്യത്തെ മുൻനിർത്തിയാണ് ഞാൻ ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്. മതാധ്യയനത്തിന്റെ പഴയ സമ്പ്രദായങ്ങളിൽനിന്ന് ഒട്ടൊക്കെ ഭിന്നമായി, ആധുനിക കാലത്തേക്ക് കൂടുതൽ ഫലപ്രദമായ ഒരു പുതിയരീതി സ്വീകരിക്കാൻ ഞാനിതിൽ ശ്രമിച്ചിട്ടുണ്ട്. പരിശുദ്ധ ഖുർആന്റെ ശിക്ഷണങ്ങളുടെ സംക്ഷേപം ഞാനിതിൽ ഉന്നയിക്കുകയും തെളിവുകൾ വിവരിക്കുന്നതിൽ പരിശുദ്ധ ഖുർആനെതന്നെ അനുകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പരിശ്രമം ഏതൊരു ഉദ്ദേശ്യത്തെ മുൻനിർത്തി നടത്തപ്പെട്ടുവോ, അതു സഫലമാകാനും മതാധ്യയനത്തിൽ താരതമ്യേന കൂടുതൽ ഫലപ്രദമായ ഒരു നവീന രീതിയുടെ കവാടം ഈ ഗ്രന്ഥം മൂലം തുറക്കാനും ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

–അബുൽഅഅ്‌ലാ

# അവതാരിക

●

മതേതര സംസ്കാരം മതങ്ങൾക്കെതിരെ ഉയർത്തുന്ന വെല്ലുവിളികളെ പൊക്കിക്കാട്ടുക ഇക്കാലത്ത് ബുദ്ധിജീവികൾക്കൊരു ഫാഷനാണ്. പക്ഷേ, മതം, വിശിഷ്യാ ഇസ്‌ലാം, ആധുനിക സംസ്കാരത്തിന് നേരെ ഉയർത്തുന്ന വെല്ലുവിളികൾ അപൂർവമായേ പ്രതിഫലിപ്പിക്കപ്പെടുന്നുള്ളൂ.

കഴിഞ്ഞ കുറേ ശതകങ്ങളായി മതം, പാശ്ചാത്യലോകത്ത് പ്രതിരോധത്തിന്റെ പാതയിലായിരുന്നു. പലപ്പോഴും ക്ഷമാപണത്തിന്റേതായിരുന്നു അതിന്റെ സ്വരം- എല്ലായ്പോഴും അത്, സ്വന്തം ആദർശമൂല്യങ്ങൾക്കന്യമായ ജീവിതസംസ്കാരരീതികളോട് ഇളവുകളും വിട്ടുവീഴ്ചകളും ചെയ്തുപോന്നു. മുസ്‌ലിം ലോകവും പാശ്ചാത്യൻ നാഗരികതയുടെ കടന്നാക്രമണങ്ങളെ ചെറുത്തുനിൽക്കുകയായിരുന്നു; വിശിഷ്യാ, അവർക്ക് ഏറെ ഒടിവും ചതവുമേൽപിച്ച രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാധീനത്തിന്റെ-സാമ്രാജ്യത്വത്തിന്റെ-കടന്നാക്രമണങ്ങളെ. തന്മൂലം ജീവിതപ്രശ്നങ്ങളോടുള്ള മതാത്മക സമീപനം തിരസ്കരിക്കപ്പെടുകയും മതത്തിന് സാമ്പത്തിക-സാമൂഹിക രംഗങ്ങളിലുള്ള പങ്ക് നാമമാത്രമായി ചുരുങ്ങുകയും ചെയ്തു. സാമ്രാജ്യത്വവാഴ്ചയിൽ കഴിഞ്ഞുപോന്നവരെ - വിശിഷ്യാ, മുസ്‌ലിംകളെ- സംബന്ധിച്ചിടത്തോളം മതവിശ്വാസം താത്ത്വികവും പ്രായോഗികവുമായ രംഗങ്ങളിൽ, തീർത്തും അപ്രസക്തമായിത്തീർന്നു എന്ന് പറയാവതല്ലെങ്കിലും, രണ്ടാം സ്ഥാനത്തേക്ക് തള്ളപ്പെട്ടുവെന്നതാണ് വാസ്തവം. ഈസ്ഥിതിവിശേഷത്തിന് ഇപ്പോൾ മാറ്റം സംഭവിച്ചുകൊണ്ടിരിക്കയാണ്. സാമ്രാജ്യത്വത്തിന്റെ വേലിയേറ്റം ഇറങ്ങിത്തുടങ്ങിയിരിക്കുന്നു. മുസ്‌ലിം ലോകം രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയെടുത്ത ശേഷം സ്വന്തം സാംസ്കാരിക വ്യക്തിത്വം വീണ്ടെടുക്കാനുള്ള ആദർശ സമരത്തിലാണ്. തങ്ങളുടെ സ്വന്തമായ ആധ്യാത്മികവും ചരിത്രപരവുമായ സ്രോതസ്സുകൾ ചികഞ്ഞെടുത്തണിനിരത്തി സ്വന്തം സമൂഹത്തെ പുനഃക്രോഡീ

കരിക്കാനും ഒരു നവലോകക്രമം രൂപപ്പെടുത്താനുമുള്ള പ്രയത്നത്തിലാണതിപ്പോൾ. പൂർവാവസ്ഥകൾ വീണ്ടെടുക്കാനുള്ള മുസ്‌ലിംലോകത്തിന്റെ ഈ ശ്രമത്തെയാണ് ഇസ്‌ലാമിലെ നവോത്ഥാന പ്രസ്ഥാനങ്ങൾ പ്രതിനിധാനം ചെയ്യുന്നത്.

ഇരുപതാം നൂറ്റാണ്ടിന്റെ പ്രതിസന്ധിയെ ഒരു മൂല്യപ്രതിസന്ധിയായാണ് മുസ്‌ലിംകൾ കാണുന്നത്. ഒരു പുതിയ സാമൂഹികക്രമം പടുത്തുയർത്തുന്നതിലൂടെ മാത്രമേ ഈ വിഷമാവസ്ഥയിൽനിന്ന് മനുഷ്യന് മോചനമുള്ളൂ എന്ന് അവർ വിശ്വസിക്കുന്നു. അവിടവിടെയായി ചില ഇളവുകൾ നൽകുകയോ സാമൂഹികസ്ഥാപനത്തിന്റെ ഉപരിഘടനയിൽ ചില മാറ്റങ്ങൾ വരുത്തുകയോ അല്ല യഥാർഥത്തിലാവശ്യം. മറിച്ച്, സമൂഹം നിലകൊള്ളുന്ന അടിത്തറകളെയും മനുഷ്യസംസ്കാരം സാക്ഷാത്കരിക്കാനാഗ്രഹിക്കുന്ന ആശയങ്ങളെയും കണിശമായ പുനഃപരിശോധനക്ക് വിധേയമാക്കുകയാണ് വേണ്ടത്. സാമ്പത്തിക-രാഷ്ട്രീയ ബന്ധങ്ങളിൽ അനുഭവപ്പെടുന്ന പ്രതിസന്ധികൾ, ആധുനിക നാഗരികത പ്രതിനിധാനം ചെയ്യുന്ന ആദർശങ്ങളുടെയും മൂല്യങ്ങളുടെയും നടപടിക്രമങ്ങളുടെയും സ്വാഭാവികമായ അനന്തരഫലം മാത്രമാണ്. അതിനാൽ, മനുഷ്യനെയും സമൂഹത്തെയും കുറിച്ച നൂതനമായ ഒരു കാഴ്ചപ്പാടിലേക്ക് സമൂഹത്തെ നയിക്കുന്നതിലൂടെ മാത്രമേ പ്രശ്നങ്ങൾ പരിഹരിക്കാനാവൂ എന്ന് ഇസ്‌ലാം നിർദേശിക്കുന്നു. മനുഷ്യന്റെ സമീപനത്തിൽ മൗലികമായ മാറ്റത്തിനുള്ള ഒരാഹ്വാനമത്രേ, ഇത്. മതത്തിന്റെ സാമൂഹിക തത്ത്വങ്ങളെയും മൂല്യങ്ങളെയും ആഴത്തിൽ ഗ്രഹിച്ചാലേ ഈ മാറ്റം സാധ്യമാവൂ. സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങളോടുള്ള അതിന്റെ നിലപാടിനെ യഥാതഥമായി തിട്ടപ്പെടുത്തുകയും വേണം. എങ്കിൽ മാത്രമേ മതാഭിമുഖ്യമുള്ള സമൂഹങ്ങൾക്ക് മനുഷ്യസമൂഹം ഇന്നഭിമുഖീകരിക്കുന്ന വെല്ലുവിളികളോട് ക്രിയാത്മകവും പുതുമയാർന്നതുമായ സമീപനം രൂപപ്പെടുത്താനാവൂ.

ഈ സമീപനം ആദർശാധിഷ്ഠിതമാകണം. സാമ്പത്തികവും രാഷ്ട്രീയവുമായ ചില ആനുകൂല്യങ്ങളാവരുത് മുസ്‌ലിംകൾക്ക് പ്രചോദനമേകേണ്ട യഥാർഥ ലക്ഷ്യം. സാമ്പത്തിക ഉപരിഘടനയിൽ ചില പരിഷ്കരണങ്ങൾ വരുത്തുക എന്നതും ആകരുത്. മറിച്ച്, സ്വന്തം ആദർശങ്ങളുടെയും മൂല്യങ്ങളുടെയും അസ്തിവാരങ്ങളുടെയും ചട്ടക്കൂടോടുകൂടിയ ഒരു പുതിയ ലോകക്രമം ആയിരിക്കണം.

സാഹചര്യങ്ങളെ പരിവർത്തിപ്പിച്ചുകൊണ്ട് മൗലികമായ മാറ്റം വരുത്താം എന്നതാണ് പാശ്ചാത്യൻ സമീപനം. അതുകൊണ്ടാണ് സാമൂഹികഘടനയിൽ മാറ്റം എന്ന ആശയത്തിന് ഊന്നൽ നൽകപ്പെട്ടത്. ഈ സമീപനം പക്ഷേ, ഉദ്ദിഷ്ട ഫലം കൈവരിക്കുന്നതിൽ പരാജയപ്പെട്ടു. സ്ത്രീ-പുരുഷൻമാരായ വ്യക്തികളിൽ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത അവർ തള്ളിക്കളഞ്ഞു. എന്നിട്ട് ബാഹ്യലോകത്തെ പരിവർത്തി

പ്പിക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിച്ചു. സമഗ്രമായ പരിവർത്തനമാണ് യഥാർഥത്തിലാവശ്യം- ജനങ്ങളെയും ബാഹ്യലോകത്തെയും ഒരു പോലെ ഉൾക്കൊള്ളുന്ന പരിവർത്തനം. ഘടനാപരമായ പരിഷ്കരണം ഒരാവശ്യം തന്നെയെങ്കിലും, പ്രശ്നം ഘടനയുടേത് മാത്രമല്ല. മനുഷ്യ ഹൃദയങ്ങളും ആത്മാവും ആയിരിക്കണം പരിവർത്തനത്തിന്റെ പ്രാരം ഭബിന്ദു. യാഥാർഥ്യത്തെയും ജീവിതത്തിൽ തങ്ങൾക്കുള്ള പദവിയെയും ദൗത്യത്തെയും കുറിച്ച് അവർ പുലർത്തുന്ന വിഭാവനയിലായിരിക്കണം മാറ്റത്തിന്റെ തുടക്കം. സാമൂഹിക പരിവർത്തനത്തോടുള്ള ഇസ്‌ലാമിന്റെ സമീപനം ഇപ്പറഞ്ഞ വസ്തുതകളെ തികഞ്ഞ ബോധ്യത്തോടെ കണ്ട റിയുന്നു.

'ഇസ്‌ലാം' എന്ന പദം അറബി ഭാഷയിലേതാണ്. സമാധാനം എന്നർഥം വരുന്ന 'സൽമ്', സമർപ്പണം എന്നർഥം വരുന്ന 'സിൽമ്' എന്നീ രണ്ട് മൂലപദങ്ങളിൽനിന്നാണ് 'ഇസ്‌ലാം' എന്ന പദം നിഷ്പദി ച്ചത്. അത് ദൈവേച്ഛക്ക് സ്വയം സമർപ്പിക്കാനുള്ള സന്നദ്ധതയെക്കു റിക്കുന്നു. സ്രഷ്ടാവിനോടും അവന്റെ സർവസൃഷ്ടിജാലങ്ങളോടും രഞ്ജിപ്പോടെ വർത്തിക്കാൻ ആ സമർപ്പണം വഴി സാധിക്കുന്നു. ദൈവേ ച്ഛക്ക് സമ്പൂർണമായി സമർപ്പിക്കുന്നതിലൂടെയാണ് മനഃശാന്തിയും സമാധാനവും സംജാതമാകുന്നത്. ദൈവേച്ഛയും മനുഷ്യേച്ഛയും ഒന്നായിത്തീരുന്നതോടെ ജീവിതത്തിന്റെ വിഭിന്ന മേഖലകൾ സമഗ്ര മായ ഒരാദർശത്തിന് കീഴിൽ ഉദ്ഗ്രഥിതമായിത്തീരുന്നു. അതോടെ ജീവി തത്തെ മതപരം മതേതരം, വിശുദ്ധം അവിശുദ്ധം, ആത്മീയം ഭൗതികം എന്നിങ്ങനെ വേർതിരിച്ച് നിർത്തുന്നത് നിരർഥകമായി മാറുന്നു. ദൈവം ഏകനും അവിഭാജ്യനും ആയതുപോലെ മനുഷ്യജീവിതവും വ്യക്തി ത്വവും ഏകവും അവിഭക്തവും തന്നെ. ജീവിതത്തിന്റെ ഓരോ വശവും അതിന്റെ മറ്റു വശങ്ങളിൽനിന്ന് വേർപെടുത്താനാവാത്തതാണ്. മതപ രമായതും മതേതരമായതും സ്വാധികാരമുള്ള വ്യത്യസ്തമായ രണ്ടിന ങ്ങളല്ല. മറിച്ച്, ഒരേ നാണയത്തിന്റെ ഇരു പുറങ്ങൾ മാത്രം. ഓരോ മനുഷ്യകർമവും ദൈവവുമായും അവന്റെ മാർഗദർശനവുമായും ബന്ധ പ്പെട്ടതാണ്. മനുഷ്യകർമങ്ങൾക്കോരോന്നിനും അത്യുദാത്തമായ മാനം നൽകപ്പെട്ടിരിക്കുന്നു. തൻമൂലം അത് വിശുദ്ധവും സാർഥകവും സോദ്ദേ ശ്യവുമായിത്തീരുന്നു.

ഇസ്‌ലാമിന് ഒരു പ്രപഞ്ചവീക്ഷണവും ജീവിതത്തെ സംബന്ധിച്ച് ഒരു കാഴ്ചപ്പാടുമുണ്ട്. സ്രഷ്ടാവിന്റെ ഏകതയും അവന്റെ ഇച്ഛക്കുള്ള നമ്മുടെ സമർപ്പണവും സംബന്ധിച്ച തിരിച്ചറിവാണ് അതിനടിസ്ഥാനം. സർവവും ഉദ്ഭവിക്കുന്നത് ഏകനായ ദൈവത്തിൽനിന്നാണ്. സർവരും അന്തിമമായി ദൈവത്തോട് ഉത്തരവാദിത്വമുള്ളവരുമാണ്. ദൈവത്തിന്റെ ഏകതക്ക് അതിന്റേതായ ഒരനന്തരഫലമുണ്ട്- ദൈവത്തിന്റെ സൃഷ്ടി കളുടെ ഏകതയത്രേ അത്. വംശം, വർണം, ജാതി, സമ്പത്ത്, അധി

കാരം തുടങ്ങിയവയുടെ അടിസ്ഥാനത്തിലുള്ള വിവേചനങ്ങൾ അതു വഴി അപ്രത്യക്ഷമാവുന്നു. സർവരുടെയും സ്രഷ്ടാവ് ഒന്നായതിനാൽ, ഇതര വ്യക്തികളുമായുള്ള നമ്മുടെ ബന്ധം സമ്പൂർണ സമത്വത്തിൽ അധിഷ്ഠിതമായി മാറുന്നു. ഇക്കാരണത്താൽ നമ്മുടെ ദൗത്യം സ്വന്തം സ്രഷ്ടാവിനുള്ള സമർപ്പണമായിത്തീരുന്നു. സ്രഷ്ടാവിനുള്ള അനുസരണവും ആരാധനയും നമ്മുടെ ജീവിതലക്ഷ്യവും.

ജീവിതം കരുപ്പിടിപ്പിക്കുന്നതിനുള്ള മാർഗദർശനം സ്രഷ്ടാവ് നമുക്ക് നൽകാതിരുന്നിട്ടില്ല. സൃഷ്ടിയുടെ ആരംഭം തൊട്ട് തന്നെ മനുഷ്യന് ദൈവിക സന്ദേശം പകർന്നുകൊടുക്കാൻ ദൈവികസന്ദേശത്തിന്റെ പ്രബോധകൻമാരായി പ്രവാചകൻമാരെ ദൈവം നിയോഗിച്ചിട്ടുണ്ട്. അതാണ്, ദൈവേച്ഛ എന്ത് എന്ന് കണ്ടുപിടിക്കാനുള്ള സ്രോതസ്സ്. അങ്ങനെ ആദം(അ) മുതൽ ആരംഭിച്ച് മുഹമ്മദ്(സ)യിൽ അവസാനിക്കുന്ന പ്രവാചകൻമാരുടെ ശൃംഖല തന്നെ നമുക്ക് ലഭിച്ചു. ഇബ്റാഹീം, മൂസാ, നൂഹ്, യൂനുസ്, സകരിയ്യ, ഈസാ(അ) തുടങ്ങിയവർ പ്രവാചകൻമാരുടെ ഈ സുവർണ ശൃംഖലയിലെ കണ്ണികളാണ്. ദാവൂദ്, മൂസാ, ഈസാ, മുഹമ്മദ്(അ) എന്നീ പ്രവാചകൻമാർക്ക് ഓരോ വേദഗ്രന്ഥം നൽകപ്പെടുകയുമുണ്ടായി. മുഹമ്മദ് നബി(സ)ക്ക് നൽകപ്പെട്ട ഖുർആനാണ് ഏറ്റവും ഒടുവിലത്തെ ദിവ്യഗ്രന്ഥം.

ദൈവികവചനങ്ങളാണ് ഖുർആന്റെ ഉള്ളടക്കം. മനുഷ്യകരങ്ങളുടെ ഇടപെടലുകളാൽ കളങ്കപ്പെടാതെ, മാറ്റമോ ഏറ്റക്കുറച്ചിലോ കൂടാതെ ദൈവികവെളിപാടുകൾ പൂർണമായും അതിൽ സുരക്ഷിതമായി ശേഷിക്കുന്നു. മുൻകാലങ്ങളിൽ നിയോഗിതരായ എല്ലാ ദൈവദൂതൻമാരുടെയും സന്ദേശത്തിന്റെ സത്ത അതുൾക്കൊള്ളുന്നു. ജീവിതത്തെ മൊത്തം കരുപ്പിടിപ്പിക്കുന്നതിനുള്ള ഒരു ചട്ടക്കൂട് അത് സമർപ്പിക്കുന്നു. നൻമതിൻമകളെ വിവേചിക്കുന്നതിനുള്ള കണിശമായ മാനദണ്ഡങ്ങളുണ്ടതിൽ. വ്യക്തിയുടെയും സമൂഹത്തിന്റെയും സ്വഭാവരൂപവത്കരണത്തിനുള്ള മാർഗനിർദേശങ്ങളുണ്ടതിൽ. ഗതകാല മനുഷ്യസമൂഹം ചെയ്തുകൂട്ടിയ ഭോഷ്കുകൾ അതിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു. മനുഷ്യസമൂഹത്തിന് കർശനമായ താക്കീതും ദൈവസാമീപ്യം കൊതിക്കുന്നവർക്ക് നിലച്ചുപോകാത്ത മാർഗദർശനം ലഭിക്കുമെന്ന ഉറപ്പും അത് നൽകുന്നു.

ഖുർആൻ ഒരു മാർഗം വരച്ചുകാണിക്കുന്നു. നേരായ മാർഗം-'സ്വിറാത്വുൽ മുസ്തഖീം.' ആ മാർഗത്തിലൂടെ ചരിക്കുന്നവരുടെ മുഴുവൻ ജീവിതവും സമ്പൂർണമായി പരിവർത്തിപ്പിക്കപ്പെടുന്നു. സ്വഭാവത്തിൽ അത് വിപ്ലവകരമായ മാറ്റം വരുത്തുന്നു. മനുഷ്യനത് കർമവീര്യം പകരുന്നു. ഈ വീര്യം മനുഷ്യന്റെ ആത്മസംസ്കരണത്തിൽ പ്രവർത്തിച്ചുതുടങ്ങുന്നു. പിന്നീടത് ഭൂമിയിൽ ദൈവത്തിന്റെ വ്യവസ്ഥ സംസ്ഥാപിക്കാനുള്ള നിരന്തര യത്നമായി രൂപപ്പെടുന്നു. ഫലമോ- സത്യത്തിലും

നൻമയിലും നീതിയിലും ധർമത്തിലും അധിഷ്ഠിതമായ ഒരു നവലോകവും.

ലോകനിർമിതിയിൽ സ്ത്രീക്കും പുരുഷനും നിർണായകമായ പങ്ക് വഹിക്കാനുണ്ട്. അവർ ഈ ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധി (ഖലീഫ)കളാണ്. ഈ ഭാഗമഭിനയിക്കാൻ മാനസികമായി സജ്ജരാക്കപ്പെട്ടവരാണവർ. ആ ഭാഗം ഭംഗിയായഭിനയിക്കുന്നതിലാണ് വിജയം. നൻമ കൽപിക്കുക, തിൻമ വിലക്കുക, മനുഷ്യനെ മനുഷ്യന്റെ അടിമത്തത്തിൽനിന്ന് വിമോചിപ്പിക്കുക, സ്വന്തം ഇച്ഛയും ദൈവത്തിന്റെ ഇച്ഛയും ഒന്നായിത്തീരുമ്പോൾ മാത്രമേ ആരോഗ്യപൂർണമായ ഒരു സമൂഹം സൃഷ്ടിക്കപ്പെടൂ എന്ന് ബോധ്യപ്പെടുത്തിക്കൊടുക്കുക തുടങ്ങിയവയാണ് ആ പ്രാതിനിധ്യ നിർവഹണത്തിന്റെ ശരിയായ രൂപം. ഇത് നിർവഹിക്കുന്നവരുടെ ജീവിതലക്ഷ്യം ദൈവത്തിന്റെ തൃപ്തി മാത്രമായിരിക്കും. അയാൾ സർവസൃഷ്ടിജാലങ്ങളെയും പരസ്പര ബന്ധമുള്ളവയെന്ന നിലയിൽ പരിഗണിക്കും. ഈ അവസ്ഥ, മനുഷ്യക്ഷേമം എന്ന ആശയത്തെ, മനുഷ്യരുടെ ജന്തുസഹജമായ ആവശ്യങ്ങൾ നിർവഹിക്കുക എന്ന നിലവാരത്തിൽനിന്ന്, ഈ ലോകത്തും പരലോകത്തും അത്യുത്തമമായതെന്തോ അത് നേടിയെടുക്കുക എന്ന നിലവാരത്തിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നു.

ഇതാണ് ഇസ്‌ലാമിന്റെ പ്രാപഞ്ചിക വീക്ഷണം. ഇതാണ് മനുഷ്യനെയും അവന്റെ ഭാഗധേയത്തെയും കുറിച്ച ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. മതത്തിന് പാശ്ചാത്യലോകം കൽപിക്കുന്ന അർഥത്തിലുള്ള ഒരു മതമല്ല, ഇസ്‌ലാം. അത് ഒരേസമയം വിശ്വാസസംഹിതയും ജീവിതരീതിയുമാണ്, പ്രത്യയശാസ്ത്രവും സാമൂഹികക്രമവുമാണ്, തത്ത്വസംഹിതയും പെരുമാറ്റച്ചട്ടവുമാണ്, ഒരു ധർമസംഹിതയും, ഇവയെയൊക്കെ പ്രയോഗവത്കരിക്കുന്ന സംഘടിത പ്രസ്ഥാനവും.

ഇസ്‌ലാമിക സംസ്കാരത്തിന്റെ അതുല്യത അതിന്റെ മൂല്യങ്ങളിലും തത്ത്വങ്ങളിലുമാണ് കുടികൊള്ളുന്നത്. ശോഭനമായ ഒരു ചരിത്ര കാലഘട്ടത്തിനു ശേഷം മുസ്‌ലിംകൾ ഇക്കാര്യം വിസ്മരിക്കുകയും സ്വന്തം സംസ്കാരത്തിന്റെ ബാഹ്യമോടിയിൽ മാത്രം വ്യാമോഹിതരാവുകയും ചെയ്തതോടെ തങ്ങൾ പണിതുയർത്തിയ ആ ഭവനം പൂർണമായി സംരക്ഷിക്കാൻ പോലും അവർക്കായില്ല. സ്വന്തം ആദർശവും മൂല്യങ്ങളും തത്ത്വങ്ങളുമാണ് ഇസ്‌ലാമിന്റെ ശക്തി. അതിന്റെ പ്രസക്തി എക്കാലത്തെയും പോലെ ഇക്കാലത്തും വലുതാണ്. കാലാതീതമാണതിന്റെ സന്ദേശം. തത്ത്വങ്ങളാകട്ടെ, സാർവലൗകികവും.

ഒരു നവലോകക്രമത്തിന് വേണ്ടിയുള്ള നമ്മുടെ അന്വേഷണത്തിൽ മാനുഷിക പ്രശ്നങ്ങളെ വ്യത്യസ്ത പരിപ്രേക്ഷ്യത്തിലൂടെ സമീപിക്കുന്ന പുതിയ ഒരു വ്യവസ്ഥയെയാണ് നാം ഉപയോഗപ്പെടുത്തേണ്ടത്.

ആ വ്യവസ്ഥ സങ്കുചിതമായ ദേശീയ-പ്രാദേശിക താൽപര്യങ്ങളുടെ വീക്ഷണകോണിലൂടെ മാത്രം പ്രശ്നങ്ങളെ സമീപിക്കുന്ന ഒന്നാകരുത്. മറിച്ച് നൻമയേത്, തിൻമയേത് എന്നതും വ്യക്തിപരവും ദേശീയവും അന്തർദേശീയവുമായ വിഭിന്ന തലങ്ങളിൽ, നീതിനിഷ്ഠവും മാനുഷികവുമായ ഒരു ലോകക്രമം രൂപപ്പെടുത്താൻ എത്ര നന്നായി പ്രയത്നിക്കാൻ നമുക്ക് കഴിയും എന്നതുമായിരിക്കണം ആ വീക്ഷണത്തിനടിസ്ഥാനം.

നിലവിലുള്ള സാമൂഹികക്രമം അക്രമത്തിലും ചൂഷണത്തിലും അധിഷ്ഠിതമാണെന്ന കാര്യം സംശയാതീതമായി തെളിഞ്ഞിട്ടുള്ളതാണ്. മനുഷ്യനെയും, മനുഷ്യന് സ്വന്തം സഹജീവികളോടും സമൂഹത്തോടും പ്രകൃതിയോടും പ്രപഞ്ചത്തോടുമുള്ള ബന്ധത്തെയും സംബന്ധിച്ചുള്ള തെറ്റായ കാഴ്ചപ്പാടാണ് ഈ ദുർഗതിക്ക് ഹേതു എന്ന് ഇസ്‌ലാം മനസ്സിലാക്കുന്നു. ഒരു നവലോകത്തിന് വേണ്ടിയുള്ള അന്വേഷണം മനുഷ്യനെയും സമൂഹത്തിൽ അവന്റെ പങ്കിനെയും സംബന്ധിച്ച് പുതിയ കാഴ്ചപ്പാട് ഉൾക്കൊള്ളാൻ നമ്മെ പ്രേരിപ്പിക്കുന്നു. ലോകമതങ്ങളുടെ കാഴ്ചപ്പാടിൽ പൊതുവായും, ഇസ്‌ലാമിന്റെ വീക്ഷണത്തിൽ പ്രത്യേകമായും, ചർച്ചയുടെ മർമം മനുഷ്യനെയും സമൂഹത്തെയും കുറിച്ച പുതിയ ദർശനത്തിലേക്ക് മാറ്റപ്പെടേണ്ടതുണ്ട്. ഒരു പുതിയ സാംസ്കാരിക പരിവർത്തനത്തിലേക്ക് നയിക്കും വിധം മനുഷ്യാവബോധത്തിലും മൂല്യബോധത്തിലും മാറ്റം വരുത്താനുള്ള പ്രയത്നം എവ്വിധമായിരിക്കണം എന്ന വിഷയത്തിലേക്ക് ചർച്ച തിരിയേണ്ടതുണ്ട്.

ഈ സങ്കൽപമാണ് ആനുകാലിക ഇസ്‌ലാമിക നവോത്ഥാനത്തിന്റെ പ്രചോദനമായി വർത്തിച്ചിട്ടുള്ളത്. ഈ പരിപ്രേക്ഷ്യത്തിന്റെ ചട്ടക്കൂട്ടിൽനിന്നുകൊണ്ടാണ് മുസ്‌ലിംകളിന്ന് ഒരു പുതിയ കർത്തവ്യനിർവഹണത്തിനായി ഉണർന്നെഴുന്നേറ്റുവരുന്നത്. ആധുനികതയുടെ പ്രശ്നങ്ങളെ അഭിമുഖീകരിച്ചും അന്താരാഷ്ട്ര തലത്തിൽ മതേതരസിദ്ധാന്തങ്ങളെയും സ്ഥാപനങ്ങളെയും വെല്ലുവിളിച്ചും അവർ ഉയിർത്തെഴുന്നേറ്റിരിക്കുന്നു. പടിഞ്ഞാറുനിന്നു വലിഞ്ഞുകയറി വന്ന വൈദേശികസിദ്ധാന്തങ്ങളിൽനിന്ന് സ്വന്തം ചിന്താമണ്ഡലത്തെയും സമുദായത്തെയും ശുദ്ധീകരിച്ചുകൊണ്ടും മനുഷ്യകുലത്തിനഖിലം ഇസ്‌ലാമിക ജീവിതക്രമത്തിന്റെ ജാലകമായി വർത്തിക്കാവുന്നവിധം സ്വന്തം നാട്ടിൽ പുതിയ വ്യവസ്ഥ കെട്ടിപ്പടുക്കാൻ സർവവിഭവങ്ങളും ഒരുക്കൂട്ടിക്കൊണ്ടും മുന്നേറുകയാണവർ. മുസ്‌ലിംലോകത്ത് ദൃശ്യമാകുന്ന ഈ പുതിയ ഉത്ഥാനത്തിന്റെ മുഖ്യശിൽപികളിൽ പ്രമുഖനാണ് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി.

ക്രിസ്ത്വബ്ദം 1903-ൽ ഭൂജാതനായ മൗദൂദി 1918-ൽ തന്നെ തന്റെ പൊതുജീവിതം ആരംഭിച്ചു. പത്രാധിപർ, പണ്ഡിതൻ, ചിന്തകൻ, പ്രസ്ഥാനനായകൻ, ചെറുതും വലുതുമായ നൂറിലേറെ ഗ്രന്ഥങ്ങളുടെ

കർത്താവ്, ആയിരത്തിലേറെ പ്രഭാഷണങ്ങളുടെ ഉടമ എന്നീ നിലകളിലെല്ലാം മൗദൂദി തന്റെ പാടവം തെളിയിക്കുകയുണ്ടായി. 1979-ൽ അദ്ദേഹത്തിന്റെ നിര്യാണം ഒരു കാലഘട്ടത്തിന്റെ അന്ത്യംകുറിച്ചു.

ഇന്ത്യാ-പാകിസ്താൻ ഉപഭൂഖണ്ഡത്തിലെ ബൗദ്ധിക മണ്ഡലത്തിൽ ക്രിസ്ത്വബ്ദം 1927-ലായിരുന്നു അദ്ദേഹത്തിന്റെ അരങ്ങേറ്റം. അന്ന് അദ്ദേഹത്തിന്റെ പ്രായം വെറും ഇരുപത്തിനാല്. *അൽജിഹാദു ഫിൽ ഇസ്‌ലാം* എന്ന ബൃഹത്തായ ഗ്രന്ഥത്തിലൂടെ അദ്ദേഹം ഒരു കോളിളക്കം തന്നെ സൃഷ്ടിച്ചു. ഒരു ദിനപത്രത്തിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ച ലേഖനങ്ങൾക്ക് 1930-ൽ ഗ്രന്ഥരൂപം നൽകപ്പെടുകയായിരുന്നു. മുപ്പതുകളുടെ ആദ്യപാദത്തിൽ തന്നെ ഉപഭൂഖണ്ഡത്തിന്റെ ബൗദ്ധിക മണ്ഡലത്തിലെ സ്വാധീനശക്തിയുള്ള, കൂസലില്ലാത്ത പ്രമുഖ പണ്ഡിതനായിത്തീർന്നു അദ്ദേഹം. 1933 മുതൽ താൻ പത്രാധിപത്യം വഹിച്ചുപോന്ന *തർജുമാനുൽ ഖുർആൻ* മാസിക ഉപഭൂഖണ്ഡത്തിലെ മുസ്‌ലിം ബുദ്ധിജീവികളുടെ മനസ്സിൽ വമ്പിച്ച സ്വാധീനം നേടി. നാൽപതുകളുടെ തുടക്കം മുതൽ മൗലാനാ മൗദൂദിയുടെ കൃതികൾ അറബി, ഇംഗ്ലീഷ് തുടങ്ങിയ മുഖ്യ വിദേശ ഭാഷകളിലേക്ക് വിവർത്തനം ചെയ്തു തുടങ്ങിയതോടെ അദ്ദേഹത്തിന്റെ ആശയങ്ങൾ ഉപഭൂഖണ്ഡത്തിന്റെ അതിർത്തികൾക്കപ്പുറം ഒട്ടനേകം ജനമനസ്സുകളെ ആകർഷിച്ചു. നിര്യാതനാവുമ്പോഴേക്കും അദ്ദേഹം, ഇക്കാലഘട്ടത്തിൽ ഏറ്റവുമധികം വായനക്കാരുള്ള മുസ്‌ലിം ഗ്രന്ഥകാരനായി മാറിക്കഴിഞ്ഞിരുന്നു എന്ന് പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. ആധുനിക ഇസ്‌ലാമിക നവോത്ഥാനത്തിനും ചിന്തക്കും പ്രവർത്തനങ്ങൾക്കും അമൂല്യവും അനർഘവുമായ സംഭാവനകളർപ്പിച്ച പണ്ഡിതൻ!

മൗലാനാ മൗദൂദിയെ സംബന്ധിച്ചിടത്തോളം ഇസ്‌ലാം ബുദ്ധിപരമായ വ്യാപാരം മാത്രമായിരുന്നില്ല. ഇസ്‌ലാമിനൊത്ത് ജീവിക്കാനും ഇസ്‌ലാമിന് വേണ്ടി ജീവിക്കാനും അദ്ദേഹം പരമാവധി ശ്രമിച്ചു. ഇരുപതുകളുടെ മധ്യത്തിലായിരിക്കെത്തന്നെ തന്റെ സർവകഴിവുകളും ഇസ്‌ലാമികാധ്യാപനങ്ങളെ വിശദീകരിക്കാനും വ്യാഖ്യാനിക്കാനുമായി സമർപ്പിക്കാൻ അദ്ദേഹം തീരുമാനിച്ചുകഴിഞ്ഞിരുന്നു. മാത്രമല്ല, ഇസ്‌ലാമികാധ്യാപനങ്ങളെ പ്രായോഗിക യാഥാർഥ്യങ്ങളായി പരിവർത്തിപ്പിക്കാൻ തന്റെ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം നിശ്ചയിച്ചു. ഇസ്‌ലാം ചില വിശ്വാസപ്രമാണങ്ങളുടെയും ആചാരരീതികളുടെയും സംഹിത മാത്രമല്ലെന്നും മറിച്ച്, ഒരു ജീവിത വ്യവസ്ഥയാണെന്നും അദ്ദേഹം സർവശക്തിയും ഉപയോഗിച്ച് പ്രഖ്യാപിച്ചുകൊണ്ടിരുന്നു. ദൈവിക വെളിപാടിലാണതിന്റെ വേരുകൾ; ദൈവബോധമാണതിൽ വ്യാപിച്ചിറങ്ങിയ ആത്മാവ്. ദൈവേച്ഛക്ക് വഴങ്ങലും നൻമയുടെ പ്രയോഗവത്കരണവുമാണതിന്റെ ലക്ഷ്യം. ഈ ജീവിതരീതി പിന്തുടരാൻ ഒരു മുസ്‌ലിം ബാധ്യസ്ഥനാണ്. വാചാ-

കർമണാ അതവൻ പ്രയോഗത്തിൽ കൊണ്ടുവന്നേ പറ്റൂ. ഭൂമുഖത്തതിനെ നിലനിർത്താൻ അവർ പണിയെടുത്തേ മതിയാവൂ- അദ്ദേഹം വിശ്വസിച്ചു. തദാവശ്യാർഥം, തന്റെ വൈജ്ഞാനിക സംഭാവനകൾക്കു പുറമേ, 1941-ൽ ജമാഅത്തെ ഇസ്ലാമി എന്ന സംഘടനക്ക് അദ്ദേഹം രൂപം നൽകി. അന്ന് മുതൽ 1972 വരെ അദ്ദേഹം തന്നെയായിരുന്നു അതിന്റെ നായകൻ. ആരോഗ്യപരമായ കാരണങ്ങളാൽ നായകസ്ഥാനം ഒഴിഞ്ഞ ശേഷവും, ജമാഅത്തെ ഇസ്ലാമിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർക്കു മാത്രമല്ല, അതുമായി ബന്ധമൊന്നുമില്ലാത്ത ലോകത്തിന്റെ നാനാഭാഗത്തുമുള്ള മുസ്ലിം സ്ത്രീപുരുഷൻമാർക്കും മാർഗദർശനവും പ്രചോദനവും ആവേശവുമായിരുന്നു മൗദൂദി. കൂടുതൽ കൂടുതലാളുകൾ, വിശിഷ്യാ മുസ്ലിം യുവജനങ്ങൾ, മൗദൂദിയെ അംഗീകരിക്കാനും, അദ്ദേഹം വ്യക്തവും ശക്തവുമായ ഭാഷയിൽ ഉദ്ഘോഷണം ചെയ്ത ഇസ്ലാമിക കാഴ്ചപ്പാട് തിരിച്ചറിഞ്ഞ് ഉൾക്കൊള്ളാനും മുന്നോട്ടുവന്നുകൊണ്ടിരുന്നു.

അതോടെ മൗലാനാ മൗദൂദി ഒരു അക്കാദമിഷ്യൻ മാത്രമല്ലാതായി. താൻ സമർപ്പിച്ച ഇസ്ലാമിക കാഴ്ചപ്പാട് പ്രയോഗവത്കരണത്തിനുള്ള നിരന്തരമായ സമരത്തിലേർപ്പെട്ട ഒരു കർമയോദ്ധാവായി അദ്ദേഹം. ഈ സമരത്തിനിടയിൽ അദ്ദേഹത്തിന്റെ മിന്നുന്ന പല സ്വഭാവവിശേഷങ്ങളും ലോകം കണ്ടു. മഹാമനസ്കതയും സഹിഷ്ണുതയും ക്ഷമയും അവയിൽ എടുത്തുപറയേണ്ടവയാണ്. രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെട്ടതിനാൽ, പ്രത്യേകിച്ചും 1948 മുതൽ, പാക്കിസ്താൻ ഭരണകൂടത്തിന്റെ കൈകളാൽ അദ്ദേഹത്തിന് ഏറെ മർദനങ്ങളേൽക്കേണ്ടിവന്നു. അദ്ദേഹം നായകനായ പ്രസ്ഥാനത്തിന്റെ യഥാർഥ സ്വഭാവവും ലക്ഷ്യവും മനസ്സിലാക്കുന്നതിൽ ആ ഭരണാധികാരികൾ പരാജയപ്പെട്ടു. അബൂഹനീഫ, അഹ്മദുബ്നു ഹൻബൽ, ഇബ്നുതൈമിയ്യ, ശൈഖ് അഹ്മദ് സർഹിന്ദി, സയ്യിദ് ഖുത്വുബ് തുടങ്ങിയ ഗതകാല പണ്ഡിതരെപ്പോലെ മൗദൂദിക്കും പലതവണ തടവറ വീടായി. 1953-ൽ തലനാരിഴക്കാണ് അദ്ദേഹം തൂക്കുമരത്തിൽനിന്ന് രക്ഷപ്പെട്ടത്. 1963-ൽ അദ്ദേഹം ഒരക്രമിയുടെ വെടിയുണ്ടയെയും അതിജീവിച്ചു. പീഡനങ്ങളെ നേരിടുന്നതിൽ അദ്ദേഹം അസാമാന്യമായ അന്തസ്സും ഐതിഹാസികമായ മനക്കരുത്തും പ്രദർശിപ്പിച്ചു. അത് അദ്ദേഹത്തിന് മിത്രങ്ങളുടെ മാത്രമല്ല ശത്രുക്കളുടെയും സ്നേഹാദരവുകൾ നേടിക്കൊടുത്തു.

ബൃഹത്തായ ഒരു പ്രസ്ഥാനത്തിന്റെ നായകൻ എന്ന നിലയിൽ തന്റെ ചുമലിൽ വൻഭാരങ്ങളുണ്ടായിരിക്കെത്തന്നെ ഗ്രന്ഥരചനക്ക് അദ്ദേഹം സമയം കണ്ടെത്തി എന്നത് എടുത്തുപറയേണ്ടതാണ്. ആ രചനകളാകട്ടെ ഗണത്തിൽ മാത്രമല്ല ഗുണത്തിലും മികച്ചുനിന്നു. അദ്ദേഹത്തിന്റെ 'മാഗ്നം ഓപസ്' ആയി ഗണിക്കപ്പെടുന്ന ഖുർആൻ വ്യാഖ്യാനഗ്രന്ഥം തന്റെ നിസ്തുലമായ ആഖ്യാനശൈലിയുടെയും വൈജ്ഞാനികമായ

ആഴത്തിന്റെയും ധൈഷണികമായ ഉജ്ജ്വലതയുടെയും മികച്ച ദൃഷ്ടാന്തമത്രേ. ആധുനിക മനുഷ്യന്റെ പ്രശ്നങ്ങൾക്ക് പരിഹാരമായി ഇസ്‌ലാമിനെ എടുത്തുകാണിക്കുന്നതിൽ മൗദൂദി പ്രകടിപ്പിച്ച നൈപുണ്യമാണ് അദ്ദേഹത്തിന്റെ മുഖ്യ സവിശേഷത. ഇസ്‌ലാമിക വിഷയങ്ങളിലുള്ള അഗാധമായ പാണ്ഡിത്യത്തോടൊപ്പം ആധുനിക മനുഷ്യന്റെ പ്രായോഗിക പ്രശ്നങ്ങളെ സംബന്ധിച്ച തികഞ്ഞ ധാരണയും അദ്ദേഹത്തിനുണ്ടായിരുന്നു എന്നതാണിതിന് കാരണം.

ആധുനികതയുടെ വെല്ലുവിളികൾ നേരിടുമ്പോൾ അദ്ദേഹം അതിയാഥാസ്ഥിതികതയുടെ കാർക്കശ്യം കാണിച്ചില്ല. ആധുനിക മനസ്സുകളിൽ ആഴത്തിൽ വേരൂന്നിയ ആശയങ്ങൾ, അവ ഇക്കാലത്തെ ഫാഷനാണ് എന്നതിനാലോ, ലോകനായകൻമാരായി കരുതപ്പെടുന്ന ജനതകൾക്കിടയിൽ അവയ്ക്ക് ആദരണീയ സ്ഥാനമുണ്ട് എന്നതിനാലോ അദ്ദേഹത്തെ സംഭ്രമിപ്പിച്ചുമില്ല. മനുഷ്യസമൂഹത്തിന്റെ പരിചയസമ്പത്തിൽനിന്ന് ആരോഗ്യകരവും പ്രയോജനപ്രദവുമായ അംശങ്ങൾ ആവശ്യാനുസാരം സ്വായത്തമാക്കാനും അവയെ, ഇസ്‌ലാമിക പ്രത്യയശാസ്ത്രം പ്രതിനിധാനം ചെയ്യുന്ന ജീവിതലക്ഷ്യങ്ങളുടെ സാക്ഷാത്കാരത്തിന് വേണ്ടവിധം പ്രയോജനപ്പെടുത്താനും അദ്ദേഹം മുസ്‌ലിംകളോടാവശ്യപ്പെട്ടു. മൗദൂദിയുടെ ഈ നിലപാടാണ് പലരെയും അദ്ദേഹത്തിലേക്കടുപ്പിച്ചത്. പലരെയും അകറ്റിയതും അതുതന്നെ. വിശേഷിച്ചും, തീവ്രയാഥാസ്ഥിതികരെയും മുസ്‌ലിംസമൂഹത്തിലെ അമിതമായി പാശ്ചാത്യവത്കരിക്കപ്പെട്ടവരെയും.

മൗദൂദിയുടെ മറ്റൊരു വിഖ്യാത കൃതിയാണ് *രിസാലെ ദീനിയ്യാത്ത്*. ഇസ്‌ലാമിന്റെ അടിസ്ഥാന സങ്കൽപങ്ങളെയും തത്ത്വങ്ങളെയും കുറിച്ചുള്ള പ്രാഥമിക പഠനമാണത്. സാധാരണവായനക്കാർക്ക്, വിശിഷ്യാ യുവാക്കൾക്ക് ഇസ്‌ലാമിന്റെ അർഥവും സന്ദേശവും സംബന്ധിച്ച് ഋജുവും ലളിതവും സുഗ്രഹവുമായ ഒരു വ്യാഖ്യാനം ഈ കൃതി നൽകുന്നു. സംഭ്രമജനകമായ സങ്കീർണതകളും തർക്കശാസ്ത്രത്തിലെ വക്രോക്തികളുംകൊണ്ട് സമ്പന്നവും എന്നാൽ അനുവാചകനെ വിശ്വാസത്തിന്റെ ചൈതന്യവുമായി നേരിട്ട് ബന്ധിപ്പിക്കാൻ ഒട്ടും സഹായകമല്ലാത്തതുമായ മതതത്ത്വശാസ്ത്രഗ്രന്ഥങ്ങളുടെ കണ്ണുതള്ളിക്കുന്ന ശൈലിയല്ല ഈ കൃതിയുടെത്.

തുലോം ഭിന്നമായ ഒരു കൃതിയാണിത്. ഇസ്‌ലാമിക തത്ത്വങ്ങളുടെ ലളിതമായ വിവരണം അത് അനുവാചകന് നൽകുന്നു – ജീവിതത്തോടുള്ള അതിന്റെ സമീപനം, വിശ്വാസകാര്യങ്ങൾ, ആരാധനാകാര്യങ്ങൾ, ജീവിതദർശനം എല്ലാം. ഖുർആന്റെ വ്യാഖ്യാനരീതിയുമായി താദാത്മ്യം പ്രാപിച്ച ഒരാഖ്യാനശൈലി. ഇസ്‌ലാമിന്റെ അടിസ്ഥാനാധ്യാപനങ്ങളുടെ രത്നച്ചുരുക്കം. മുഖ്യമായും സാമാന്യജനങ്ങളെയും വിദ്യാർഥികളെയും ഉദ്ദേശിച്ച് രചിച്ചതാകയാൽ സങ്കീർണമായ തത്ത്വശാസ്ത്ര സമസ്യ

കൾകൊണ്ട് അനുവാചകനെ പ്രയാസപ്പെടുത്തുന്ന ഒന്നും ഇതിലില്ല. രചയിതാവിന്റെ ഭാഷയും ശൈലിയും സ്ഫുടവും ഋജുവും ലളിതവു മത്രേ. *രിസാലെ ദീനിയ്യാത്ത്* എന്ന ശീർഷകത്തിൽ 1932-ൽ ഉർദുഭാഷ യിലെഴുതിയ മൂലഗ്രന്ഥം ഉയർന്ന ക്ലാസുകളിലെ വിദ്യാർഥികളെയും സാമാന്യജനങ്ങളെയും ഉദ്ദേശിച്ച് തയ്യാറാക്കിയതാണ്. അത് ഉദ്ദിഷ്ട ലക്ഷ്യം നിറവേറ്റുകതന്നെ ചെയ്തു. ഇന്തോ-പാകിസ്താൻ ഉപഭൂഖ ണ്ഡത്തിലെ മിക്ക വിദ്യാലയങ്ങളിലും ഈ കൃതി മതപാഠപുസ്തക മായി നിശ്ചയിക്കപ്പെട്ടു. ഇംഗ്ലീഷ്, അറബി, ഹിന്ദി, പേർഷ്യൻ, ജർമൻ, ഫ്രഞ്ച്, ഇറ്റാലിയൻ, ടർക്കിഷ്, പോർച്ചുഗീസ്, സ്വാഹിലി, ഇന്തോനേ ഷ്യൻ, ജാപ്പനീസ്, മലയാളം, തമിഴ്, പുഷ്തു, ബംഗാളി, ഗുജറാത്തി, സിന്ധി തുടങ്ങിയ നിരവധി ഭാഷകളിലേക്ക് ഈ കൃതി വിവർത്തനം ചെയ്യപ്പെടുകയുണ്ടായി.

1940-ലാണ് പ്രഥമ ഇംഗ്ലീഷ് പരിഭാഷ വെളിച്ചംകണ്ടത്. ഡോ. അബ്ദുൽ ഗനി ആയിരുന്നു പരിഭാഷകൻ. അതിന്റെ അസംഖ്യം പതി പ്പുകൾ പുറത്തിറങ്ങി. ഒന്നിലധികം കാരണങ്ങളാൽ ഒരു പുതിയ ഇംഗ്ലീഷ് പരിഭാഷയുടെ ആവശ്യം അനുഭവപ്പെട്ടു. പ്രഥമ ഇംഗ്ലീഷ് പരി ഭാഷക്ക് കുറേയേറെ പോരായ്മകളുണ്ടായിരുന്നു. കൂടാതെ, മൂലകൃതി തന്നെ, 1940-കളിൽ സുപ്രധാനമായ പല മാറ്റങ്ങളോടും അനുബന്ധ ങ്ങളോടും കൂടി പരിഷ്കരിക്കപ്പെടുകയുണ്ടായി. ഈ പരിഷ്കരിച്ച പതി പ്പിന്റെ (പരിഷ്കരിച്ച 16-ാം പതിപ്പ്) ഒരു പുതിയ ഇംഗ്ലീഷ് പരിഭാഷ തയ്യാറാക്കാനുള്ള ചുമതല എന്നിൽ വന്നുചേർന്നു. 1950 മധ്യത്തോടെ ഞാനതു പൂർത്തിയാക്കി. പ്രഥമ പരിഭാഷ മുമ്പിൽ വെച്ചിരുന്നെങ്കിലും അതിൽനിന്ന് വളരെ കുറച്ച് ഖണ്ഡികകൾ മാത്രമേ ഈ പുതിയ പരി ഭാഷയിൽ ചേർത്തിട്ടുള്ളൂ. വാസ്തവത്തിൽ മൂലഗ്രന്ഥത്തിന്റെ ഒരു പദാ നുപദ പരിഭാഷക്ക് ഞാൻ മുതിർന്നിട്ടില്ല. സാധ്യമായേടത്തോളം മൂല ഗ്രന്ഥം അപ്പടി വിവർത്തനം ചെയ്യാൻ ആത്മാർഥമായ ശ്രമം നടത്തി യിട്ടുണ്ടെങ്കിലും, മൂലഗ്രന്ഥത്തിലെ ആശയങ്ങളുടെ കൂടുതൽ ഫലപ്ര ദമായ സംവേദനത്തിന് ആവശ്യമെന്ന് തോന്നിയ സന്ദർഭങ്ങളിൽ ആ ശ്രമം ഉപേക്ഷിക്കുകയായിരുന്നു. 1959-ൽ എന്റെ ഇംഗ്ലീഷ് പരിഭാഷ പരിശോധിക്കാൻ മൂലഗ്രന്ഥകാരൻ സൻമനസ്സ് കാണിച്ചു. അദ്ദേഹ ത്തിന്റെ അംഗീകാരത്തോടെ ഈ വിവർത്തനം പൊതുജനസമക്ഷം സമർപ്പിതമായി.

1959-ൽ പുറത്തിറങ്ങിയ പ്രഥമ പതിപ്പ് കഴിഞ്ഞ രണ്ട് ദശകങ്ങളി ലായി, പലതവണ പുനഃപ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. സംവത്സരങ്ങൾ കടന്നുപോകവെ, എന്റെ പരിഭാഷക്ക് ഇനിയും പരിഷ്കരണങ്ങൾ വേണ്ട തുണ്ടെന്ന് തോന്നി. 1968 മുതൽ 78 വരെയുള്ള യു.കെ.യിലെ എന്റെ ദീർഘവാസം, വിദ്യാർഥിജീവിത കാലത്ത് വിവർത്തനം ചെയ്ത ഈ കൃതിയെ കൂടുതൽ പഠനവിധേയമാക്കാൻ അവസരമേകി. ഇപ്പോൾ,

ആ വിവർത്തനത്തിന്റെ പരിഷ്കരിച്ച പതിപ്പ് ലണ്ടനിലെ ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസിദ്ധീകരിച്ചിരിക്കുകയാണ്. ഈ കൃതി പരിഷ്കരിക്കുന്നതിന് വിലപ്പെട്ട സഹായങ്ങൾ നൽകിയതിന് Middle East Educationന്റെ പത്രാധിപരും The Times Higher Education Supplement ന്റെ മുൻ വിദേശപത്രാധിപരും എന്റെ സുഹൃത്തുമായ പോൾ മൂർമാനോട് എനിക്ക് നന്ദിയുണ്ട്. പ്രഥമ പരിഭാഷ തയ്യാറാക്കുന്നതിൽ എന്നെ സഹായിച്ച ഖാജാ അബ്ദുൽ വാഹിദ്, അൻസാർ അഅ്സം എന്നിവരോടുള്ള കൃതജ്ഞതയും ഞാനിവിടെ രേഖപ്പെടുത്തട്ടെ. പക്ഷേ, മൗലാനാ മൗദൂദിയോടുള്ള വമ്പിച്ച കടപ്പാട് രേഖപ്പെടുത്താൻ എന്റെ തൂലിക അശക്തമാണ്. അദ്ദേഹത്തിന്റെ ആശയങ്ങളും ഉദാത്തമായ ജീവിതമാതൃകയും അത്രയും ശക്തിയായ സ്വാധീനമാണ് എന്റെ ജീവിതത്തിൽ, എന്റെ വളർച്ചയുടെ ഓരോ വിതാനത്തിലും ചെലുത്തിയിട്ടുള്ളത്. അദ്ദേഹം അനശ്വര ജീവിതത്തിലേക്ക് യാത്ര പറഞ്ഞുപോയത് എന്തുമാത്രം അഗാധമായ ശൂന്യതയാണ് എന്നിൽ സൃഷ്ടിച്ചതെന്ന് പറയുക വയ്യ. സർവശക്തൻ അദ്ദേഹത്തെ അനുഗ്രഹിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ദൗത്യം ഏറ്റെടുത്തു നടത്താൻ അദ്ദേഹത്തിന്റെ അനുയായികൾക്ക് - അക്കൂട്ടത്തിലൊരാളായതിൽ ഞാൻ അഭിമാനം കൊള്ളുന്നു- അല്ലാഹു ഉതവി നൽകുകയും ചെയ്യുമാറാകട്ടെ. പരശ്ശതം മനുഷ്യരുടെ ജീവിതത്തിൽ വിപ്ലവം സൃഷ്ടിക്കുകയും അവരെ ഇസ്‌ലാമിന്റെ രാജപാതയിലേക്ക് ആനയിക്കുകയും ചെയ്ത കൃതികളിലൊന്നാണ് *രിസാലെ ദീനിയ്യാത്ത്*. വിവിധ ലോകഭാഷകളിലായി പത്തു ലക്ഷത്തിൽപരം പ്രതികൾ പ്രസിദ്ധീകരിക്കപ്പെട്ട കൃതി. ഈ കൃതിയുടെ പ്രസിദ്ധീകരണത്തിൽ ഭാഗഭാക്കാകുവാൻ സാധിച്ചു എന്നത് അതുല്യമായ ഒരു ബഹുമതിയായി ഞാൻ കരുതുന്നു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോളിസി സ്റ്റഡീസ്,
ഇസ്‌ലാമാബാദ്, പാകിസ്താൻ

**ഖുർശിദ് അഹ്മദ്**

**1400 മുഹർറം 1**
**1979 നവംബർ 20**

ഒന്ന്

# ഇസ്‌ലാം

●

മിക്ക ലോകമതങ്ങളും ഒന്നുകിൽ ആ മതത്തിന്റെ സ്ഥാപകന്റെയോ അല്ലെങ്കിൽ അതുദ്ഭവിച്ച സമുദായത്തിന്റെയോ പേരിലാണറിയപ്പെടുന്നത്. ഉദാഹരണമായി, ക്രിസ്തുമതം എന്ന പേര് യേശുക്രിസ്തുവിൽനിന്ന് ലഭിച്ചതാണ്. ബുദ്ധമതമാകട്ടെ, അതിന്റെ സ്ഥാപകനായ മഹാത്മാബുദ്ധനിൽനിന്നും. സൗരാഷ്ട്ര മതം എന്ന പേര് അതിന്റെ സ്ഥാപകനായ സൗരാഷ്ട്രരെ (Zoraster) സൂചിപ്പിക്കുന്നു. യഹൂദമതം ആ പേരുള്ള ഗോത്രത്തിലാണുദ്ഭവിച്ചത്. മിക്ക മതങ്ങളുടെയും നാമകരണത്തിനടിസ്ഥാനം ഇതുതന്നെ. എന്നാൽ, ഇസ്‌ലാം മതം ഈ പൊതു തത്ത്വത്തിനപവാദമത്രേ. 'ഇസ്‌ലാം' എന്ന പേര് ഒരു പ്രത്യേക വ്യക്തിയിൽനിന്നോ സമുദായത്തിൽനിന്നോ ഉദ്ഭവിച്ചതല്ല. ആ നാമം വെളിപ്പെടുത്തുന്നത് ഒരു സവിശേഷഗുണത്തെയാണ്. ഇസ്‌ലാം ഒരു വ്യക്തിയുടെ സൃഷ്ടിയോ ഒരു സമുദായത്തിന്റെ കുത്തകയോ അല്ലെന്ന് അതിന്റെ നാമം വ്യക്തമാക്കുന്നു. വ്യക്തി, നാമം, ജനത എന്നിവയോട് അതിന് പ്രത്യേക ബന്ധമൊന്നുമില്ല. ഇസ്‌ലാം എന്ന സവിശേഷ ഗുണം മനുഷ്യരിൽ സംജാതമാക്കുകയാണതിന്റെ ലക്ഷ്യം. ഗതകാല ജനസമൂഹങ്ങളിലെ സത്യസന്ധരും സുകൃതികളുമായ ഏതൊക്കെ ആളുകളിൽ പ്രസ്തുത ഗുണം ഉണ്ടായിരുന്നുവോ അവരെല്ലാം 'മുസ്‌ലിം'കളായിരുന്നു. ഇന്നും അവരാണ് 'മുസ്‌ലിം'കൾ. എന്നും അവർ തന്നെയായിരിക്കും 'മുസ്‌ലിം'കൾ.

## 'ഇസ്‌ലാമി'ന്റെ അർഥം

'ഇസ്‌ലാം' എന്നത് ഒരു അറബി ശബ്ദമാണ്. അനുസരണം, കീഴ്വണക്കം, സമ്പൂർണ സമർപ്പണം എന്നെല്ലാം അതിനർഥമുണ്ട്. മറ്റൊരു വിധം പറഞ്ഞാൽ, 'ഇസ്‌ലാം' എന്നാൽ ദൈവത്തെ അനുസരിക്കലും അവന് കീഴ്വണങ്ങലും അവനിൽ സർവസ്വം സമർപ്പിക്കലുമാണ്. 'ഇസ്‌ലാം' എന്ന പേരിന്റെ പൊരുളും അതത്രേ. ('ഇസ്‌ലാം' എന്ന പദത്തിന് സമാധാനം

എന്നും അർഥമുണ്ട്. ദൈവത്തിന് സ്വയം സമർപ്പിക്കുക വഴി ഒരാൾക്ക് ശാരീരികവും മാനസികവുമായി സമാധാനം ലഭ്യമാകുന്നു എന്നർഥം. അനുസരണനിഷ്ഠമായ അത്തരമൊരു ജീവിതം മനഃശാന്തി കൈവരുത്തുകയും അതുവഴി സമൂഹത്തിലുടനീളം സമാധാനം സ്ഥാപിക്കുകയും ചെയ്യുന്നു.)

## ഇസ്ലാമിന്റെ യാഥാർഥ്യം

പ്രാപഞ്ചിക വസ്തുക്കളെല്ലാം ചില നിയമങ്ങൾക്ക് വിധേയമാണെന്ന് കാണാം. സൂര്യ-ചന്ദ്ര-നക്ഷത്രഗോളങ്ങളെല്ലാം ഭദ്രമായ ചില നിയമങ്ങളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ആ നിയമങ്ങൾക്കെതിരെ അണു അളവും ചലിക്കുവാനവക്ക് സാധ്യമല്ല. ഭൂമി, ഒരു നിശ്ചിതവേഗത്തിലാണ് കറങ്ങുന്നത്. അതിന്റെ നിശ്ചിത വേഗത്തിലോ സമയത്തിലോ പഥത്തിലോ ഒരു മാറ്റവും സംഭവിക്കുന്നില്ല. വായുവും വെള്ളവും വെളിച്ചവും ഊഷ്മാവുമെല്ലാം ഇപ്രകാരം ചില നിയമവ്യവസ്ഥകൾക്കധീനമാണ്. ധാതുവർഗങ്ങൾ, സസ്യലതാദികൾ, ജന്തുജാലങ്ങൾ എന്നിവ ഉണ്ടാവുകയും വളരുകയും ചെറുതാവുകയും വലുതാവുകയും ജീവിക്കുകയും മരിക്കുകയും ചെയ്യുന്നത് അവക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള നിയമങ്ങൾക്കൊത്ത് മാത്രം. ഇനി, മനുഷ്യനോ? അവനും ചില പ്രകൃതി നിയമങ്ങൾക്ക് വിധേയനാണ്. അവൻ ജനിക്കുന്നതും വളരുന്നതും ശ്വസിക്കുന്നതും ആഹാരപാനീയങ്ങൾ കഴിക്കുന്നതും ചൂടും വെളിച്ചവും കരസ്ഥമാക്കുന്നതും മനുഷ്യജീവിതത്തിനാധാരമായ നിയമവ്യവസ്ഥകളനുസരിച്ചാണ്. അവന്റെ ഹൃദയമിടിപ്പുകളും ശ്വാസത്തുടിപ്പുകളും രക്തചംക്രമണവുമെല്ലാം അതതിന്റെ നിയമമനുസരിച്ചുമാത്രം. അവന്റെ മസ്തിഷ്കവും ദഹനേന്ദ്രിയവും നാഡീവ്യൂഹവും കൈകാലുകളും പഞ്ചേന്ദ്രിയങ്ങളും എന്നുവേണ്ട ശരീരത്തിലെ ഓരോ കോശവും അതതിന് നിശ്ചയിക്കപ്പെട്ട ജോലികൾ മാത്രമാണ് നിർവഹിക്കുന്നത്.

വാനലോകത്തിലെ വൻഗോളങ്ങൾ മുതൽ ഭൂമിയിലെ പരമാണുവരെയുള്ള സർവവും അലംഘനീയമായ ചില നിയമങ്ങൾക്ക് വിധേയമാണ് എന്ന് ചുരുക്കം. ആ നിയമങ്ങൾ മഹാനായ ഒരു പരാശക്തി നിർമിച്ചതാണ്. ആ പരാശക്തിയെയാണ് പ്രപഞ്ചമഖിലവും അതിലെ സമസ്ത സൃഷ്ടിജാലങ്ങളും അനുസരിക്കുന്നത്. കാരണം, അവൻ നിർമിച്ച നിയമങ്ങൾക്കാണ് അവയെല്ലാം കീഴ്പ്പെട്ടിരിക്കുന്നത്. ഈ അർഥത്തിൽ, സമസ്ത ലോകത്തിന്റെയും മതം ഇസ്ലാമാണ്. കാരണം, ഇസ്ലാം എന്നാൽ ദൈവത്തെ അനുസരിക്കലും അവന് കീഴ്വണങ്ങലുമാണ്. അപ്പോൾ സൂര്യ-ചന്ദ്ര-നക്ഷത്രാദിഗോളങ്ങൾ മുസ്ലിംകളാണ്; ഭൂമി മുസ്ലിമാണ്; വായുവും വെള്ളവും പ്രകാശവും മുസ്ലിംകളാണ്; കല്ലുകളും മരങ്ങളും മൃഗങ്ങളും മുസ്ലിംകളാണ്; ദൈവത്തെ അറിയാത്തവനും ദൈവനിഷേധിയും ദൈവേതരശക്തികളെ പൂജിക്കുന്നവനും ദൈവത്തിൽ അന്യരെ പങ്കാളികളാക്കുന്നവനുമെല്ലാം മുസ്ലിം തന്നെയാണ്. കാരണം, പ്രകൃത്യാ മുസ്ലിമാണവൻ. അവന്റെ ജനനവും ജീവിതവും മരണവുമെല്ലാം തന്നെ ദൈവിക നിയമങ്ങൾക്ക് വിധേയ

മാണ്. അവന്റെ സർവാംഗങ്ങളുടെയും സർവകോശങ്ങളുടെയും മതം ഇസ്‌ലാമാണ്. കാരണം, അവയെല്ലാം ദൈവികനിയമമനുസരിച്ചാണ് ഉണ്ടാവുകയും വളരുകയും ചലിക്കുകയും ചെയ്യുന്നത്. എന്തിനേറെ, അവിവേകത്താൽ, ദൈവനിഷേധമോ ബഹുദൈവവിശ്വാസമോ പ്രഖ്യാപിക്കുന്ന സ്വന്തം നാവുപോലും മുസ്‌ലിമാണ്. ദൈവേതരൻമാരുടെ മുമ്പിൽ അവൻ നിർബന്ധപൂർവം കുനിക്കുന്ന സ്വന്തം ശിരസ്സും അജ്ഞതയാൽ അവരോടുള്ള സ്നേഹഭക്തിബഹുമാനങ്ങൾ നിറഞ്ഞുതുളുമ്പുന്ന അവന്റെ മനസ്സും മുസ്‌ലിമാണ്. കാരണം, അവയൊക്കെയും പ്രവർത്തിക്കുന്നത് ദൈവിക നിയമങ്ങൾക്കനുസരിച്ചാണ്. അവയുടെ ഓരോ ചലനവും ദൈവിക വ്യവസ്ഥകൾക്ക് വിധേയവുമാണ്.

ഇത് മനുഷ്യാവസ്ഥയുടെ ഒരു വശം. ഇതിനൊരു മറുവശമുണ്ട്. മനുഷ്യൻ ഇതര സൃഷ്ടിജാലങ്ങളെപ്പോലെയല്ല. വിശേഷബുദ്ധിയാൽ അനുഗൃഹീതനാണവൻ. അവന് ചിന്താശക്തിയും ഗ്രാഹ്യശക്തിയുമുണ്ട്. അഭിപ്രായപ്രകടന ശേഷിയുണ്ട്. ഒരു കാര്യം സ്വീകരിപ്പാനും മറ്റൊന്ന് തിരസ്കരിക്കാനും അവന് കഴിയും. ഒന്നിനെ ഇഷ്ടപ്പെടാനും മറ്റൊന്നിനെ വെറുക്കാനുമാവും. ഒരു ജീവിതപദ്ധതി സ്വയം നിർമിക്കുകയോ മറ്റൊരാൾ നിർമിച്ചത് സ്വീകരിക്കുകയോ ചെയ്യാൻ കഴിയും. ഈ മേഖലകളിൽ മനുഷ്യൻ, ഇതര വസ്തുക്കളെപ്പോലെ ഒരു നിശ്ചിത നിയമവ്യവസ്ഥക്ക് വിധേയനല്ല. ആശയം, അഭിപ്രായം, കർമം എന്നിവയിൽ അവന് തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യമുണ്ട്. ഒന്നാമത്തെ അവസ്ഥയിൽ അവൻ ഇതര സൃഷ്ടിജാലങ്ങളെപ്പോലെ ജൻമനാ 'മുസ്‌ലിം' ആണെങ്കിൽ രണ്ടാമത്തേതിൽ 'മുസ്‌ലിം' ആകലും ആകാതിരിക്കലും അവന്റെ അധികാരപരിധിയിൽ പെട്ടതാണ്.

ഈ അധികാരത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യനെ രണ്ട് തരമായി തിരിക്കാം. ഒരു മനുഷ്യൻ തന്റെ സ്രഷ്ടാവിനെ തിരിച്ചറിയുകയും അവനെ സ്വന്തം നാഥനും യജമാനനും ആയി സ്വീകരിക്കുകയും ചെയ്തവനാണ്. സ്വാധികാരമുള്ള പ്രശ്നങ്ങളിൽപ്പോലും അവൻ യജമാന ഹിതം മാനിക്കുന്നു. ഈ മനുഷ്യൻ പൂർണ മുസ്‌ലിമാണ്. അവന്റെ 'ഇസ്‌ലാം' പൂർണമായിക്കഴിഞ്ഞു. അവന്റെ ജീവിതം അടിമുടി 'മുസ്‌ലിം' ആണ്. അറിവോ ബോധമോ ഇല്ലാതെ, നിർബന്ധിതനായി കീഴ്പെട്ടിരുന്ന അതേ നാഥന് ഇപ്പോൾ അറിവോടും ബോധത്തോടും കൂടി വഴിപ്പെട്ടിരിക്കുകയാണവൻ. ഉദ്ദേശ്യരഹിതമായി അനുസരിച്ചിരുന്ന ദൈവത്തെ ഇപ്പോഴവൻ ഉദ്ദേശ്യപൂർവം അനുസരിക്കുന്നു. ഇപ്പോഴവന്റെ ജ്ഞാനം യഥാർഥമാണ്. കാരണം, അറിവിനും ജ്ഞാനസമ്പാദനത്തിനുമുള്ള ശക്തി പ്രദാനം ചെയ്ത ദൈവത്തെ അവൻ അറിഞ്ഞുകഴിഞ്ഞു. ഇപ്പോഴവന്റെ ചിന്തയും അഭിപ്രായവും ശരിയാണ്. കാരണം, ചിന്താശക്തിയും ഗ്രാഹ്യശക്തിയും അഭിപ്രായപ്രകടനശേഷിയും പ്രദാനംചെയ്ത ദൈവത്തെ അനുസരിക്കാൻ അവൻ സ്വമേധയാ ആലോചിച്ചു തീരുമാനിച്ചിരിക്കുന്നു. ഇപ്പോഴവന്റെ നാവ് സത്യമാണ് പറയുന്നത്. കാരണം, അതിന് സംസാരശേഷി നൽകിയ ദൈവത്തെ

പ്പറ്റിയാണ് അത് മൊഴിയുന്നത്. അവന്റെ മുഴുവൻ ജീവിതത്തിലും സത്യവും സൻമാർഗവുമാണുള്ളത്. കാരണം, അവൻ തനിക്കധികാരമുള്ളതിലും ഇല്ലാത്തതിലും ദൈവികനിയമങ്ങളാണനുസരിക്കുന്നത്. ഇപ്പോൾ സമസ്ത ലോകത്തോടും അവൻ ബന്ധം സ്ഥാപിച്ചുകഴിഞ്ഞു. കാരണം, പ്രാപഞ്ചിക വസ്തുക്കളഖിലവും അനുസരിക്കുകയും സേവിക്കുകയും ചെയ്യുന്ന അതേ ദൈവത്തെ തന്നെയാണ് അവനും അനുസരിക്കുകയും സേവിക്കുകയും ചെയ്യുന്നത്. ഇപ്പോഴവൻ ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധി(ഖലീഫ)യാണ്. മുഴുലോകവും അവന്റേതും അവൻ ദൈവത്തിന്റേതുമാണ്.

## ദൈവനിഷേധത്തിന്റെ യാഥാർഥ്യം

ഇപ്പറഞ്ഞ മനുഷ്യനിൽനിന്ന് വ്യത്യസ്തനായി ഇതാ മറ്റൊരാൾ: അവൻ മുസ്‌ലിമായി ജനിച്ചു; അറിവും ബോധവുമില്ലാതെ മുസ്‌ലിമായിത്തന്നെ തുടർന്നു. പക്ഷേ, സ്വന്തം ബുദ്ധിയും ജ്ഞാനവുമുപയോഗിച്ച് അവൻ ദൈവത്തെ അറിഞ്ഞില്ല; തനിക്ക് അധികാരവും സ്വാതന്ത്ര്യവുമുള്ള കാര്യങ്ങളിൽ ദൈവത്തെ അനുസരിക്കാൻ ഇഷ്ടപ്പെട്ടില്ല. ഇവൻ ദൈവനിഷേധി(കാഫിർ) ആണ്. 'കുഫ്ർ' എന്ന പദത്തിന്റെ അർഥം 'ഒളിപ്പിക്കുക', 'മറയിടുക' എന്നൊക്കെയാകുന്നു. ഈ മനുഷ്യൻ സ്വന്തം പ്രകൃതിയുടെ മേൽ അവിവേകമാകുന്ന മറ ഇട്ടിരിക്കുകയാണ്. അതുകൊണ്ടാണ് അവനെ 'കാഫിർ' എന്നു പറയുന്നത്. സത്യത്തിൽ ഇസ്‌ലാമിക പ്രകൃതിയോടെയാണവൻ ജനിച്ചത്. അവന്റെ ശരീരത്തിലെ സർവകോശങ്ങളും പ്രവർത്തിക്കുന്നത് ഇസ്‌ലാമിന്റെ പ്രകൃതിയിലാണ്. അവന്റെ ചുറ്റിലുമുള്ള സമസ്ത ലോകവും ചലിക്കുന്നത് ഇസ്‌ലാമിന്റെ പ്രകൃതിയിലാണ്. പക്ഷേ, അവന്റെ ബുദ്ധിയുടെ മേൽ മറ വീണിരിക്കുന്നു. സമസ്തലോകത്തിന്റെയും തന്റെ തന്നെയും പ്രകൃതി അവന് അജ്ഞാതമായിപ്പോയിരിക്കുന്നു. അതിനാലവൻ ആ പ്രകൃതിക്കെതിരായി ചിന്തിക്കുന്നു; അതിനെതിരായി ചലിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു.

## നിഷേധത്തിന്റെ കെടുതികൾ

ദൈവനിഷേധം ഒരജ്ഞതയാണ്. എന്നല്ല, സാക്ഷാൽ അജ്ഞത അതു തന്നെയാണ്. മനുഷ്യൻ സ്വന്തം സ്രഷ്ടാവായ ദൈവത്തെ അറിയാതിരിക്കുക എന്നതിനെക്കാൾ കടുത്ത അജ്ഞത മറ്റെന്തുണ്ട്? പ്രപഞ്ചമാകുന്ന ഈ പടുകൂറ്റൻ യന്ത്രശാല രാപ്പകൽ ചലിച്ചുകൊണ്ടിരിക്കുന്നത് ഒരാൾ കാണുന്നു. പക്ഷേ, അത് നിർമിച്ച് നിയന്ത്രിച്ച് നടത്തുന്നതാരെന്ന് അവനറിഞ്ഞുകൂടാ! ധാതുലവണങ്ങളും രാസവസ്തുക്കളും ചേർത്ത് മനുഷ്യൻ എന്ന നിസ്തുലവും അദ്ഭുതകരവുമായ ഒരു സൃഷ്ടിയെ വാർത്തെടുത്ത അതിനിപുണനായ ശിൽപി ആരാണെന്നവനറിയില്ല! അവന്റെ മുമ്പിൽ അന്യാദൃശമായ ആസൂത്രണത്തിന്റെയും ഗണിതവിദ്യയുടെയും രസതന്ത്രത്തിന്റെയും പരിപൂർണത സ്ഫുരിച്ചുനിൽക്കുന്ന വൈവിധ്യ സുന്ദരമായ നിരവധി വസ്തുക്കളുണ്ട്. കണിശമായ യുക്തിയും അമ്പരപ്പിക്കുന്ന സാമർഥ്യവും

തെളിഞ്ഞുനിൽക്കുന്ന പണിത്തരങ്ങളുമുണ്ട്. എന്നിട്ടും അവനറിയുന്നില്ല, ഇവക്കു പിന്നിൽ പ്രവർത്തിക്കുന്ന സർവജ്ഞനും സർവശക്തനും സമർഥനും യുക്തിമാനുമായ ശക്തിയേതെന്ന്! അറിവിന്റെ ഈ ആദ്യാക്ഷരം പോലും സ്വായത്തമാക്കിയിട്ടില്ലാത്ത ഇത്തരം ഒരു വ്യക്തിക്ക് യഥാർഥ ജ്ഞാനത്തിന്റെ കവാടം തുറക്കപ്പെടുന്നതെങ്ങനെ? ഈ മട്ടിലുള്ളൊരാൾ, എത്ര ഗാഢമായാലോചിച്ചാലും എത്ര തലപുകഞ്ഞാലോചിച്ചാലും ജ്ഞാനത്തിന്റെ ഋജുവും സന്ദേഹരഹിതവുമായ ഉറച്ച മാർഗം ഒരു രംഗത്തും കണ്ടെത്തുകയില്ല. കാരണം, തുടക്കത്തിൽ തന്നെ അജ്ഞതയാകുന്ന അന്ധകാരമാണയാൾ കാണുക. ഒടുക്കവും വ്യത്യസ്തമായിരിക്കുകയില്ല.

ദൈവനിഷേധം(കുഫ്ർ) ഒരു അക്രമമാണ്. എന്നല്ല, ഏറ്റവും വലിയ അക്രമം കുഫ്റാണ്. അക്രമം എന്നാലെന്തെന്ന് നമുക്കറിയാം. ഒരു വസ്തുവെ സ്വന്തം പ്രകൃതിക്കും സ്വഭാവത്തിനും വിരുദ്ധമായി ഉപയോഗിക്കുന്നതാണ് അക്രമം. പ്രാപഞ്ചിക വസ്തുക്കളഖിലവും ദൈവത്തിന്റെ ആജ്ഞാനുവർത്തികളാണെന്നും അവയുടെ പ്രകൃതി തന്നെ 'ഇസ്‌ലാം' ആണെന്നും മുമ്പു പറഞ്ഞുവല്ലോ. മനുഷ്യശരീരവും അതിലെ സർവാംഗങ്ങളും ഇതേ പ്രകൃതിയനുസരിച്ചാണ് ചലിക്കുന്നത്. അവക്കുമേൽ ആധിപത്യം പുലർത്താനുള്ള പരിമിതമായ സ്വാതന്ത്ര്യം ദൈവം മനുഷ്യന് നൽകിയിട്ടുണ്ടെന്നത് ശരിയാണ്. പക്ഷേ, അവ ദൈവഹിതത്തിനൊത്തുപയോഗിക്കണമെന്നതാണ് അവയുടെ പ്രകൃതി ആവശ്യപ്പെടുന്നത്. പക്ഷേ, ഒരു നിഷേധി, അവ സ്വന്തം പ്രകൃതിക്കെതിരായാണുപയോഗിക്കുക. അവൻ സ്വശിരസ്സ് അന്യരുടെ മുമ്പിൽ കുനിക്കുന്നു. യഥാർഥത്തിലത് ദൈവത്തിന്റെ ദാസനാണ്. അന്യരോടുള്ള സ്നേഹാദരവുകളാകുന്ന വിഗ്രഹങ്ങളെ അവൻ സ്വമനസ്സിൽ പ്രതിഷ്ഠിക്കുന്നു. പ്രകൃത്യാ ദൈവത്തോടുള്ള ഭയഭക്തിബഹുമാനങ്ങൾ മാത്രം നിറഞ്ഞു നിൽക്കേണ്ടതാണാ മനസ്സ്. സ്വന്തം അവയവങ്ങളും സ്വന്തം നിയന്ത്രണത്തിലുള്ള മറ്റു വസ്തുക്കളെയും അവൻ ദൈവേച്ഛക്കെതിരായി ഉപയോഗപ്പെടുത്തുന്നു. സത്യത്തിൽ അവയുടെ പ്രകൃതി ആഗ്രഹിക്കുന്നത് അവ ദൈവഹിതത്തിനൊത്ത് ഉപയോഗിക്കപ്പെടണമെന്നാണ്. ഈ മനുഷ്യൻ സർവവസ്തുക്കളോടും അക്രമം കാണിക്കുകയാണ്; സ്വന്തം അസ്തിത്വത്തോടു പോലും. ഇയാളെക്കാൾ വലിയ മറ്റൊരക്രമിയാര്?

ദൈവനിഷേധം അക്രമം മാത്രമല്ല, ധിക്കാരവും കൂടിയാണ്. രാജ്യദ്രോഹവും നന്ദികേടുമാണത്. ആലോചിച്ചു നോക്കുക: മനുഷ്യന്റെ വശം സ്വന്തമായി എന്താണുള്ളത്? അവന്റെ മസ്തിഷ്കം സൃഷ്ടിച്ചതാരാണ്? അവനോ അതോ, ദൈവമോ? ഹൃദയം, നേത്രം, നാവ് തുടങ്ങിയ അവയവങ്ങൾ ആരുടെ സൃഷ്ടിയാണ്? അവന്റെ തന്നെയോ അതോ ദൈവത്തിന്റേതോ? മനുഷ്യന്റെ ചുറ്റിലും അസംഖ്യം വസ്തുക്കൾ! ആ വസ്തുക്കൾ അവന്റെ ഉപയോഗത്തിന് പാകത്തിൽ! അവ ഉപയോഗിക്കാനുള്ള ശക്തിയും യുക്തിയുമുണ്ട് മനുഷ്യന്! ഇതൊക്കെ സൃഷ്ടിച്ചൊരുക്കിയത് മനുഷ്യൻ തന്നെയോ

അതോ ദൈവമോ? സകല വസ്തുക്കളും ദൈവത്തിന്റേതാണ്; അവനാണ വയുടെ സ്രഷ്ടാവ്; അവൻ മാത്രമാണവയുടെ ഉടമ; അവൻ നൽകിയതു കൊണ്ട് മാത്രമാണ് അവ മനുഷ്യന് ലഭിച്ചത് - ഇതെല്ലാം ആരും സമ്മതി ക്കുന്ന സത്യങ്ങളാണ്. സത്യം ഇതാണെങ്കിൽ, ദൈവം നൽകിയ മസ്തിഷ്കം ഉപയോഗിച്ച് ദൈവത്തിനെതിരിൽ ചിന്തിക്കുന്നതും ദൈവം നൽകിയ ഹൃദ യത്തിൽ ദൈവവിരുദ്ധാശയങ്ങൾ പുലർത്തുന്നതും ദൈവമരുളിയ പഞ്ചേ ന്ദ്രിയങ്ങൾ ദൈവാഭീഷ്ടത്തിനെതിരായി ഉപയോഗിക്കുന്നതും ധിക്കാരവും നന്ദികേടും ദൈവദ്രോഹവുമല്ലെങ്കിൽ മറ്റെന്താണ്? ഒരു ഭൃത്യൻ യജമാനന്റെ ചോറും തിന്ന് അയാളോട് ധിക്കാരം കാണിച്ചാൽ നാമവനെ നന്ദികെട്ടവ നെന്ന് വിളിക്കും. ഒരുദ്യോഗസ്ഥൻ സ്വന്തം അധികാരങ്ങൾ ഭരണകൂടത്തി നെതിരെ ഉപയോഗിക്കുന്നപക്ഷം നാമവനെ രാജ്യദ്രോഹി എന്നു വിളിക്കും. ഒരാൾ തനിക്കുപകാരം ചെയ്തവനെ വഞ്ചിക്കുന്ന പക്ഷം നാമവനെ നന്ദി യില്ലാത്തവനെന്നും വഞ്ചകനെന്നും വിളിക്കും.

എന്നാൽ, മനുഷ്യൻ മനുഷ്യനോട് നന്ദികേടും വഞ്ചനയും ധിക്കാരവും ചെയ്യുക എന്ന് പറയുന്നതിൽ എന്തർഥമാണുള്ളത്? ഒരു മനുഷ്യന് ആഹാരം നൽകാൻ മറ്റൊരു മനുഷ്യന് കഴിയുന്നതെങ്ങനെ? യഥാർഥത്തിൽ ആഹാരം നൽകുന്നത് ദൈവമല്ലേ? ഉദ്യോഗസ്ഥരുടെ അധികാരങ്ങൾ എവിടെനിന്ന് വന്നു? ആധിപത്യവും അധികാരവും നൽകുന്നത് ദൈവമല്ലേ? ഒരാൾ അപ രന് നൻമ ചെയ്യുന്നതെങ്ങനെ? എല്ലാം ദൈവദത്തമല്ലേ? മനുഷ്യന്റെ ഏറ്റവും വലിയ കടപ്പാട് സ്വന്തം മാതാപിതാക്കളോടാണല്ലോ. എന്നാൽ, മാതാപി താക്കളുടെ ഹൃദയങ്ങളിൽ സന്താനവാത്സല്യമുണ്ടാക്കിയതാരാണ്? മാതാ വിന്റെ മുലപ്പാൽ ആരുടെ സൃഷ്ടിയാണ്? താൻ പണിപ്പെട്ടുണ്ടാക്കിയ സമ്പാദ്യം, പ്രയോജനരഹിതമായ ഒരു മാംസപിണ്ഡം മാത്രമായ തന്റെ സന്താനത്തിനായി സസന്തോഷം വ്യയം ചെയ്യാനുള്ള മനസ്ഥിതി പിതൃ ഹൃദയത്തിൽ ആരാണ് സൃഷ്ടിച്ചത്? ആ മാംസപിണ്ഡത്തെ തീറ്റിപ്പോറ്റി വളർത്താനും അവന് ശിക്ഷണ സംസ്കരണങ്ങൾ നൽകാനുമായി സ്വന്തം ധനവും സമയവും സുഖഭോഗങ്ങളും ബലിയർപ്പിക്കാനുള്ള പ്രേരകശക്തി പിതാക്കളിൽ സൃഷ്ടിച്ചതാരാണ്? 'ദൈവം' എന്നേ മറുപടിയുള്ളൂ. അപ്പോൾ മനുഷ്യന്റെ സാക്ഷാൽ ഗുണകാംക്ഷിയും യഥാർഥ രാജാവും ദൈവമാണ്; സർവോപരി അവന്റെ സംരക്ഷകനും. ആ ദൈവത്തെ നിഷേധിക്കുകയും അവനെ ദൈവമായി അംഗീകരിക്കാതിരിക്കുകയും ചെയ്യുന്ന മനുഷ്യൻ എത്ര കടുത്ത ധിക്കാരിയും രാജ്യദ്രോഹിയുമാണ്! ആ ദൈവത്തെ അനുസരിക്കാ തിരിക്കുന്നതും അവന്റെ ദാസനായി വർത്തിക്കാതിരിക്കുന്നതും എന്തു മാത്രം വഞ്ചനയും നന്ദികേടുമാണ്!

എന്നാൽ, ദൈവനിഷേധം ദൈവത്തിന് വല്ല ഹാനിയും വരുത്തിക്കളയു മെന്ന് കരുതരുത്. മഹാരാജാവാണ് ദൈവം. അവന്റെ ഭരണാതിർത്തിയുടെ ആദിയും അന്ത്യവും നമുക്കിതുവരെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. അതി ശക്തനാണ് ദൈവം. കോടിക്കണക്കായ വാനഗോളങ്ങളെ സ്വന്തം ആജ്ഞ

യനുസരിച്ച് പന്തുപോലെ കറക്കിക്കൊണ്ടിരിക്കുന്ന മഹാശക്തിമാൻ. പ്രപഞ്ചത്തിലുള്ള സകലതും അവന്റെ സ്വത്താണ്. അവയുടെ അവകാശത്തിൽ മറ്റൊന്നിനും ഓഹരിയില്ല. അതിബൃഹത്തും നിസ്സീമവുമാണത്. പ്രപഞ്ചത്തിലെ സർവ വസ്തുക്കളും ആശ്രയിക്കുന്ന മഹാസമ്രാട്ടാണവൻ. അവന് മറ്റാരെയും ആശ്രയിക്കേണ്ട ആവശ്യമില്ല. സർവത്ര സ്വതന്ത്രനാണവൻ. അങ്ങനെയുള്ള ഒരു മഹാരാജാവിന് മനുഷ്യൻ അവനെ സ്വീകരിക്കുന്നതുകൊണ്ട് വല്ല ലാഭമോ തിരസ്കരിക്കുന്നതുകൊണ്ട് വല്ല നഷ്ടമോ സംഭവിക്കുമോ? അതിനുമാത്രം മനുഷ്യാസ്തിത്വത്തിന് എന്ത് സ്ഥാനമാണുള്ളത്? മനുഷ്യന്റെ കൃതഘ്നതയും ധിക്കാരവും വഴി ദൈവത്തിന് ഒരു ഹാനിയും ഏൽപിക്കുക സാധ്യമല്ല. മറിച്ച്, അതുവഴി മനുഷ്യൻ സ്വന്തം നാശത്തിനുള്ള സാമഗ്രികൾ സ്വയം ഒരുക്കുക മാത്രമാണ് ചെയ്യുന്നത്.

മനുഷ്യൻ തീർത്തും പരാജിതനും നഷ്ടപ്പെട്ടവനും ആയിത്തീരുക എന്നതാണ് ദൈവനിഷേധത്തിന്റെയും ദൈവധിക്കാരത്തിന്റെയും അനിവാര്യ ഫലം. അവനൊരിക്കലും ജ്ഞാനത്തിന്റെ നേർവഴി ലഭിക്കില്ല. സ്വന്തം സ്രഷ്ടാവിനെപ്പോലും അറിയാനുതകാത്ത ജ്ഞാനം മറ്റെന്ത് അറിവാണ് നേടിക്കൊടുക്കുക? അവന്റെ ബുദ്ധി സദാ വളഞ്ഞവഴിക്കേ ചരിക്കൂ. സ്വന്തം സ്രഷ്ടാവിനെ തിരിച്ചറിയുന്നതിൽ പിഴച്ചുപോയ ബുദ്ധി മറ്റെന്തിലാണ് നേർവഴി നടക്കുക? ജീവിതത്തിലെ സകല ഏർപ്പാടുകളിലും അവന് പിഴവ് പിണഞ്ഞുകൊണ്ടിരിക്കും; ധാർമികവും നാഗരികവും സാംസർഗികവും സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ മേഖലകളെല്ലാം നാശോൻമുഖമായിരിക്കും. ലോകത്തവൻ നാശവും കുഴപ്പവും പരത്തും; രക്തപ്പുഴകളൊഴുക്കും. അന്യരോട് അക്രമം പ്രവർത്തിക്കും; അപരന്റെ അവകാശങ്ങളപഹരിക്കും. ദുഷിച്ച ആശയങ്ങളും ദുഷ്ചെയ്തികളും വഴി സ്വജീവിതത്തെത്തന്നെ ദുഷ്കരവും നരകതുല്യവുമാക്കും. ഇനിയവൻ പാരത്രിക ലോകത്തെത്തിയാലോ? അവന്റെ അക്രമങ്ങൾക്കിരയായ സർവ വസ്തുക്കളും അവനെതിരിൽ അന്യായം ബോധിപ്പിക്കും. അവന്റെ മസ്തിഷ്കവും ഹൃദയവും കണ്ണുകളും കാതുകളും കൈകാലുകളും മാത്രമല്ല, ഓരോ രോമവും ദൈവസന്നിധിയിൽ ആവലാതി ബോധിപ്പിക്കും- നിന്റെ കൽപന ലംഘിക്കുകയും നിന്നെ ധിക്കരിക്കുകയും ചെയ്യാൻ ഈ അക്രമി ഞങ്ങളെ ബലാൽക്കാരം ഉപയോഗിക്കുകയായിരുന്നുവെന്ന്! ദൈവത്തെ ധിക്കരിച്ചുകൊണ്ട് അവൻ നടക്കുകയും നിവസിക്കുകയും ചെയ്ത ഭൂമിയും നിയമവിരുദ്ധമായി കഴിച്ച ആഹാരവും നിഷിദ്ധ മാർഗത്തിൽ സമ്പാദിക്കുകയും ചെലവഴിക്കുകയും ചെയ്ത ധനവും അന്യായമായി കൈവശപ്പെടുത്തി ഉപയോഗിച്ച മറ്റു വസ്തുക്കളും ദൈവസന്നിധിയിൽ അവനെതിരെ പരാതി പറയും. നീതിമാനായ ദൈവം പരാതിക്കാരുടെ സങ്കടപരിഹാരത്തിനായി കുറ്റവാളികൾക്ക് കഠിനവും നിന്ദ്യവുമായ ശിക്ഷ നൽകുകയും ചെയ്യും.

## ഇസ്‌ലാമിന്റെ സദ്ഫലങ്ങൾ

ദൈവനിഷേധത്തിന്റെ ദോഷഫലങ്ങളാണ് ഇതുവരെ പറഞ്ഞത്. ഇനി,

ഇസ്‌ലാമികമാർഗം ഉളവാക്കുന്ന സദ്ഫലങ്ങൾ പരിശോധിക്കാം. പ്രപഞ്ചത്തിലുടനീളം ദിവ്യത്വത്തിന്റെ തെളിവുകൾ വ്യാപിച്ചുകിടക്കുന്നുണ്ടെന്ന് മുമ്പ് ഗ്രഹിച്ചുവല്ലോ. സുഭദ്രമായ ഒരു വ്യവസ്ഥയിൽ, സുശക്തമായ നിയമങ്ങൾക്കു കീഴിൽ ചലിച്ചുകൊണ്ടിരിക്കുന്ന അതിമഹത്തായ ഈ പ്രപഞ്ചം നിർമിച്ച് നടത്തുന്നത് അജയ്യനായ ഒരധിപനാണെന്നും അവന്റെ ആധിപത്യത്തിനെതിരെ തലപൊക്കാൻ ഒന്നിനും സാധ്യമല്ലെന്നും ഉള്ളതിന് സകല പ്രാപഞ്ചികവസ്തുക്കളും സാക്ഷ്യം വഹിക്കുന്നുണ്ട്. പ്രപഞ്ചത്തിന്റെതുപോലെത്തന്നെ ദൈവത്തെ അനുസരിക്കുക എന്നതാണ് മനുഷ്യപ്രകൃതിയും. ബോധപൂർവമല്ലാതെത്തന്നെ അവൻ സദാ ദൈവത്തെ അനുസരിച്ചുകൊണ്ടിരിക്കുന്നു. കാരണം, ദൈവത്തിന്റെ പ്രകൃതിനിയമങ്ങൾ ലംഘിച്ചുകൊണ്ട് അവനിവിടെ ജീവിച്ചിരിക്കുക സാധ്യമല്ല.

ദൈവം മനുഷ്യന് ജ്ഞാന സമ്പാദനശേഷി നൽകി; ആലോചനശക്തിയും ഗ്രഹണശേഷിയും നൽകി; സത്യാസത്യ വിവേചനത്തിനുള്ള കഴിവേകി. അതോടൊപ്പം അവന് സ്വാതന്ത്ര്യവും പ്രദാനം ചെയ്തു. ഈ സ്വാതന്ത്ര്യദാനത്തിന്റെ സാക്ഷാൽ ഉദ്ദേശ്യം മനുഷ്യനെ പരീക്ഷിക്കലാണ് - അവന്റെ ജ്ഞാനത്തെയും ബുദ്ധിയെയും വിവേചനശക്തിയെയും പരീക്ഷിക്കൽ. അവന് ലഭിച്ച സ്വാതന്ത്ര്യം എങ്ങനെ ഉപയോഗിക്കുന്നു എന്ന് പരിശോധിക്കൽ. ഈ പരീക്ഷയിൽ ഏതെങ്കിലുമൊരു മാർഗം തന്നെ സ്വീകരിക്കാൻ മനുഷ്യൻ നിർബന്ധിക്കപ്പെടുന്നില്ല. അങ്ങനെ നിർബന്ധിക്കുന്നപക്ഷം പരീക്ഷയുടെ ഉദ്ദേശ്യം തന്നെ വിഫലമായിപ്പോകും. ചോദ്യക്കടലാസു കൊടുത്ത ശേഷം ഒരു നിശ്ചിത ഉത്തരം തന്നെയെഴുതാൻ വിദ്യാർഥികളെ നിർബന്ധിക്കുന്നപക്ഷം പിന്നെയെന്തിനാണ് പരീക്ഷ? ഏതുത്തരവുമെഴുതാൻ സ്വാതന്ത്ര്യം ഉണ്ടെങ്കിലേ അവരുടെ ശരിയായ യോഗ്യത കണ്ടെത്താനാവൂ. ശരിയുത്തരമെഴുതുന്നവർ വിജയിക്കും. അവർക്കു മുമ്പിൽ പുരോഗതിയുടെ കവാടം തുറന്നുകിട്ടും. തെറ്റായ ഉത്തരമെഴുതിയവർ തോൽക്കും. സ്വന്തം അപ്രാപ്തിയും അയോഗ്യതയും ഭാവി പുരോഗതിയുടെ പാത അവർക്കു മുമ്പിൽ അടച്ചുകളയും.

ഒരു വ്യക്തി തന്റെയും പ്രപഞ്ചത്തിന്റെയും പ്രകൃതി അറിയുന്നില്ല. സ്വന്തം സ്രഷ്ടാവിനെയും അവന്റെ ഗുണഗണങ്ങളെയും ശരിയായി മനസ്സിലാക്കുന്നില്ല. തനിക്കു ലഭിച്ച പരിമിതമായ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തി അയാൾ നിയമലംഘനം നടത്തുകയും ധിക്കാരം കാണിക്കുകയും ചെയ്യുന്നു. ഈ മനുഷ്യൻ പരീക്ഷയിൽ തോറ്റവനാണ്. ജ്ഞാനം, ബുദ്ധി, വിവേചനശക്തി, കർത്തവ്യബോധം എന്നിവയിലെ പരീക്ഷയിലയാൾ തോറ്റമ്പിയിരിക്കുന്നു. താനൊരു തരംതാണ മനുഷ്യനാണെന്നും ഒന്നിനും കൊള്ളാത്തവനാണെന്നും സ്വയം തെളിയിച്ചിരിക്കുന്നു. അതിനാൽ, മേൽചൊന്ന വിധത്തിലുള്ള പരിണാമമേ അയാളർഹിക്കുന്നുള്ളൂ.

ഇനി മറ്റൊരു വ്യക്തി - പരീക്ഷ ജയിച്ചവൻ. അയാൾ തന്റെ ജ്ഞാനവും ബുദ്ധിയും ശരിക്കുപയോഗിച്ച് ദൈവത്തെ അറിഞ്ഞു; അംഗീകരിച്ചു.

അതിനയാൾ നിർബന്ധിതനായിരുന്നില്ല. നൻമ തിൻമകളെ വേർതിരിക്കുന്നതിൽ പിഴവ് പറ്റാതെ, തന്റെ സ്വതന്ത്രമായ തെരഞ്ഞെടുപ്പിലൂടെ അയാൾ നൻമയെ ഇഷ്ടപ്പെട്ടു. തിൻമ സ്വീകരിക്കാനയാൾക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. പക്ഷേ, ചെയ്തില്ല. അയാൾ സ്വന്തം പ്രകൃതി ശരിക്ക് മനസ്സിലാക്കി; തന്റെ ദൈവത്തെ തിരിച്ചറിഞ്ഞു. നിയമം ലംഘിക്കാനയാൾക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. പക്ഷേ, ദൈവാനുസരണമാണയാൾ തെരഞ്ഞെടുത്തത്. ഈ മനുഷ്യൻ പരീക്ഷയിൽ ജയിച്ചു. എന്തുകൊണ്ട്? അയാൾ തന്റെ ബുദ്ധി ശരിക്കുപയോഗിച്ചു; കണ്ണുകൾകൊണ്ട് നല്ലവണ്ണം കണ്ടു; കാതുകൾകൊണ്ട് നന്നായി കേട്ടു; മസ്തിഷ്കംകൊണ്ട് ശരിയായ അഭിപ്രായം രൂപവത്കരിച്ചു; സത്യം സ്വീകരിക്കുമെന്ന് മനസ്സുകൊണ്ട് തീരുമാനിച്ചു; സത്യം തിരിച്ചറിഞ്ഞുകൊണ്ട് താൻ സത്യബോധമുള്ളവനാണെന്ന് കാണിച്ചു; സത്യത്തിനു മുമ്പിൽ തലകുനിച്ചുകൊണ്ട് താൻ സത്യത്തിന്റെ സേവകനാണെന്ന് തെളിയിച്ചു. അങ്ങനെ അയാൾ പരീക്ഷ ജയിച്ചു. ഇത്തരം സദ്ഗുണങ്ങളുള്ള വ്യക്തികൾ ഇഹത്തിലും പരത്തിലും വിജയം പ്രാപിക്കുക തന്നെചെയ്യും - തീർച്ച.

ഈ മനുഷ്യൻ ജ്ഞാന കർമങ്ങളുടെ ഏത് മേഖലയിലും ശരിയായ വഴിയിലേ സഞ്ചരിക്കൂ. കാരണം, സ്രഷ്ടാവിനെ തിരിച്ചറിയുകയും അവന്റെ ഗുണങ്ങൾ മനസ്സിലാക്കുകയും ചെയ്ത വ്യക്തി ജ്ഞാനത്തിന്റെ ആദിയുമന്ത്യവും ശരിക്ക് ഗ്രഹിച്ചവനാണ്. അത്തരം വ്യക്തിക്ക് ഒരിക്കലും പിഴവ് പറ്റില്ല. അയാളുടെ ആദ്യ കാൽവെപ്പ് തന്നെ സൻമാർഗത്തിലാണ്. തന്റെ അന്ത്യ ലക്ഷ്യത്തെക്കുറിച്ചും ഉറച്ച ബോധമുണ്ടയാൾക്ക്. അയാൾ ഒരു തത്ത്വാന്വേഷിയെപ്പോലെ പ്രപഞ്ചരഹസ്യങ്ങളറിയാൻ പരിശ്രമിക്കും. പക്ഷേ, അയാൾ ഒരവിശ്വാസിയെപ്പോലെ ഊഹാപോഹങ്ങളിലും അനുമാനങ്ങളിലും ചെന്നുടക്കില്ല. അയാൾ പ്രകൃതിശാസ്ത്രം വഴി പ്രാപഞ്ചിക നിയമങ്ങൾ പഠിക്കാൻ പരിശ്രമിക്കും; പ്രപഞ്ചത്തിലന്തർഭവിച്ചു കിടക്കുന്ന രഹസ്യങ്ങൾ പുറത്തെടുക്കും; മനുഷ്യനിൽ ദൈവം നിക്ഷേപിച്ചുവെച്ച ശക്തിവിശേഷങ്ങൾ അന്വേഷിച്ച് കണ്ടെത്തും; ആകാശ ഭൂമികളിലെ സർവ വസ്തുക്കളും എങ്ങനെ യഥാവിധി ഉപയോഗപ്പെടുത്താമെന്ന് കണ്ടുപിടിക്കും; എന്നാൽ, അപ്പോഴൊക്കെ ശാസ്ത്രജ്ഞാനത്തെ ദുരുപയോഗം ചെയ്യുന്നതിൽനിന്നും ദൈവബോധം അയാളെ തടയും. "ഞാൻ ഇക്കാണുന്ന വസ്തുക്കളുടെയെല്ലാം ഉടമയാണ്; പ്രകൃതിയെ ഞാൻ കീഴടക്കിക്കഴിഞ്ഞു; ഞാൻ പ്രകൃതിശാസ്ത്രത്തെ എന്റെ സ്വാർഥത്തിനായി യഥേഷ്ടം ഉപയോഗിക്കും; ലോകത്തെ ഞാൻ അട്ടിമറിക്കും; കൊള്ളയും കൊലയും രക്തച്ചൊരിച്ചിലും വഴി എന്റെ അധികാരാധിപത്യം ഞാൻ ലോകമാകെ സ്ഥാപിക്കും" എന്നിങ്ങനെയുള്ള തെറ്റുധാരണയൊന്നും അയാൾക്കുണ്ടാവില്ല. ഇത് ദൈവനിഷേധിയായ ഒരു ശാസ്ത്രജ്ഞന്റെ മാത്രം വീരവാദങ്ങളാണ്.[1] ശാസ്ത്രീയ ഗവേഷണങ്ങളിൽ പുരോഗമിക്കുന്തോറും മുസ്ലിം ശാസ്ത്രജ്ഞന്റെ ദൈവവിശ്വാസം ദൃഢതരമായിക്കൊണ്ടേയിരിക്കും. അത്രയുമയാൾ ദൈവത്തോട്

നന്ദിയുള്ളവനുമായിരിക്കും. സ്വനാഥൻ തന്റെ കഴിവും ജ്ഞാനവും വർധിപ്പിക്കുന്നതിന്റെ തോതനുസരിച്ച് താൻ സമൂഹത്തിന്റെ ക്ഷേമൈശ്വര്യങ്ങൾക്കായി പരമാവധി പരിശ്രമിക്കേണ്ടതുണ്ടെന്നായിരിക്കും അയാളുടെ വിശ്വാസം. ദൈവം തനിക്കരുളിയ അനുഗ്രഹങ്ങൾക്കുള്ള നന്ദിപ്രകാശനം അതൊന്നു മാത്രമാണെന്നയാൾ കരുതും.

അപ്രകാരംതന്നെ ചരിത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രമീമാംസ, നിയമം തുടങ്ങിയ മേഖലകളിൽ നടത്തുന്ന പഠന-ഗവേഷണ- നിരീക്ഷണങ്ങളിലും ഒരു മുസ്‌ലിം ഒരിക്കലും നിഷേധിയുടെ പിറകിലായിരിക്കില്ല. പക്ഷേ, ഇരുവരുടെയും വീക്ഷണങ്ങളിൽ വലിയ അന്തരം കാണും. ശാസ്ത്രപഠനം നടത്തുന്ന മുസ്‌ലിമിന് ശരിയായ വീക്ഷണവും പവിത്രമായ ഉദ്ദേശ്യവും ഉണ്ടായിരിക്കും. തൻമൂലം അയാൾ ശരിയായ നിഗമനങ്ങളിലെത്തിച്ചേരുന്നു; ചരിത്രം പഠിക്കുമ്പോൾ മനുഷ്യരാശിയുടെ ഭൂതകാലാനുഭവങ്ങളിൽനിന്ന് പാഠമുൾക്കൊള്ളുന്നു. ജനസമൂഹങ്ങളുടെ ഉത്ഥാന-പതനങ്ങൾക്ക് ഹേതുവായി വർത്തിച്ച ഘടകങ്ങളും അവരുടെ സംസ്കാര-നാഗരികതകളിലന്തർഭവിച്ച ജനോപകാരപ്രദമായ കാര്യങ്ങളും അയാൾ ചികഞ്ഞെടുക്കും. എന്നിട്ട് ഉത്കൃഷ്ടവിഭാഗങ്ങളിൽ കണ്ടെത്തിയ ഗുണവിശേഷങ്ങളുപയോഗപ്പെടുത്തുകയും ദുഷിച്ച സമൂഹങ്ങളുടെ തകർച്ചക്ക് നിദാനമായിത്തീർന്ന തിൻമകളെ തിരസ്കരിക്കുകയും ചെയ്യും. സാമ്പത്തിക രംഗത്തയാൾ ഏതാനും വ്യക്തികൾക്ക് മാത്രം ലാഭം നേടിക്കൊടുക്കുകയും നിരവധി പേർക്ക് നഷ്ടം വരുത്തിവെക്കുകയും ചെയ്യുന്ന വ്യവസ്ഥകൾക്ക് പകരം മനുഷ്യരാശിക്കൊരുപോലെ ഗുണപ്രദമായ ധനാഗമനവ്യയ രീതി ആവിഷ്കരിക്കും. രാഷ്ട്രീയമേഖലയിൽ അയാളുടെ മുഴുശ്രദ്ധയും, ലോകത്ത് ശാന്തിയും സമാധാനവും നൻമയും നീതിയും വിളയാടാനുതകുന്ന ഭരണവ്യവസ്ഥ സ്ഥാപിക്കുന്നതിലായിരിക്കും. ഒരു വ്യക്തിയോ കക്ഷിയോ ദൈവദാസൻമാരെ സ്വന്തം ദാസൻമാരാക്കി മാറ്റാതിരിക്കാൻ അയാൾ ശ്രദ്ധിക്കും. ഭരണത്തെയും അതിന്റെ മുഴുവൻ സ്വാധീനശക്തിയെയും ദൈവത്തിന്റെ അനാമത്തായി മാത്രമേ അയാൾ ഗണിക്കൂ. മാത്രമല്ല, അവയെ ദൈവദാസൻമാരുടെ ക്ഷേമൈശ്വര്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ പരമാവധി പരിശ്രമിക്കുകയും ചെയ്യും. നിയമം കൈകാര്യംചെയ്യുമ്പോൾ ജനങ്ങൾക്ക് സമ്പൂർണനീതി കൈവരുത്തലായിരിക്കും അയാളുടെ ലക്ഷ്യം- അർഹരായവർക്ക് സ്വന്തം അവകാശങ്ങൾ നീതിപൂർവം ലഭ്യമാക്കുകയും ആരും അനീതിക്ക് വിധേയരാവാതിരിക്കുകയും ചെയ്യുന്ന നിയമവ്യവസ്ഥ.

മുസ്‌ലിമിന്റെ സ്വഭാവത്തിൽ ദൈവഭക്തിയും സത്യസന്ധതയും സൻമാർഗ നിഷ്ഠയും ഉണ്ടായിരിക്കും. സർവതിന്റെയും ഉടമ ദൈവമാണ്; തന്റെയും മറ്റുള്ളവരുടെയും പക്കലുള്ളതെല്ലാം ദൈവദത്തമാണ്; താൻ ഒന്നിന്റെയും ഉടമയല്ല- സ്വശരീരത്തിന്റെ പോലും. സകലതും ദൈവത്തിന്റെ അനാമത്താണ്; അവ കൈകാര്യം ചെയ്യാൻ തനിക്ക് നൽകപ്പെട്ട അധികാര സ്വാതന്ത്ര്യങ്ങളെ താൻ ദൈവഹിതത്തിനൊത്ത് മാത്രം കൈകാര്യം ചെയ്യേണ്ട

തുണ്ട്; ഒരുനാൾ ഈ അനാമത്ത് ദൈവം തിരിച്ചുവാങ്ങും; അന്ന് ഓരോ വസ്തുവിന്റെയും കണക്ക് താൻ ബോധിപ്പിക്കേണ്ടിവരും- ഈ ബോധം ഓരോ മുസ്ലിമിന്റെയും മനസ്സിൽ സജീവമായിരിക്കും.

ഈ ബോധത്തോടെ ജീവിതം നയിക്കുന്ന മനുഷ്യന്റെ സ്വഭാവ ഗുണങ്ങൾ എന്തുമാത്രം ഉത്കൃഷ്ടമായിരിക്കും! അയാളുടെ മനസ്സ് ദുർവിചാരങ്ങളിൽനിന്ന് മുക്തമായിരിക്കും; ദുഷ്ചിന്തകൾ അയാളുടെ മസ്തിഷ്കത്തിനന്യമായിരിക്കും; തന്റെ കണ്ണുകളെ തിൻമകളിൽനിന്നയാൾ തിരിച്ചുകളയും; സഭ്യേതരമായവയിൽനിന്ന് കാതുകളടക്കും. അയാളുടെ നാവ് അസത്യം ഉരിയാടുകയില്ല. സ്വന്തം ആമാശയത്തിൽ നിഷിദ്ധമായ ഭക്ഷണം നിറക്കുന്നതിലും അയാൾക്കിഷ്ടം വിശന്നിരിക്കുന്നതായിരിക്കും. അയാളുടെ കരങ്ങൾ, ന്യായമില്ലാതെ, അന്യർക്ക് നേരെ ഉയരുകയില്ല; കാലുകൾ തെറ്റായ വഴിയിൽ ചരിക്കുകയുമില്ല; സ്വന്തം ശിരസ്സിനെ, അത് ഛേദിക്കപ്പെടുമെന്ന് വന്നാൽപോലും, അന്യരുടെ മുമ്പിലയാൾ കുനിക്കുകയില്ല. അക്രമവും അനീതിയും വഴി തന്റെ ഒരാശയും ആവശ്യവും പൂർത്തീകരിക്കുകയില്ല. നൻമയുടെയും ശ്രേഷ്ഠതയുടെയും മൂർത്തിയായിരിക്കുമയാൾ. അയാൾക്ക് സത്യം, സർവതിലും വിലപ്പെട്ടതായിരിക്കും. അതിനുവേണ്ടി തന്റെ മുഴുവൻ ആശകളുമയാൾ ബലിയർപ്പിക്കും. സകല ലാഭങ്ങളും പരിത്യജിക്കും - സ്വദേഹത്തെപ്പോലും! വല്ല ലാഭവും പ്രതീക്ഷിച്ചോ നഷ്ടം ഭയന്നോ അസത്യവുമായി അശേഷം അയാൾ സഹകരിക്കുകയില്ല. വിജയം അത്തരക്കാർക്ക് മാത്രം അർഹതപ്പെട്ടതാണ്.

ഈ മനുഷ്യനെക്കാൾ ശ്രേഷ്ഠനും മാന്യനുമായ മറ്റൊരാൾ ഉണ്ടാവില്ല. കാരണമുണ്ട്. അയാളുടെ ശിരസ്സ് ദൈവത്തിന്റെയല്ലാതെ മറ്റാരുടെ മുമ്പിലും കുനിയുന്നില്ല. അയാളുടെ കൈകൾ ദൈവേതരൻമാരുടെ മുമ്പിലേക്ക് നീളുന്നില്ല. അപ്പോൾ പിന്നെ, അയാളെ ഹീനത്വം ബാധിക്കുന്നതെങ്ങനെ? ഈ മനുഷ്യനെക്കാൾ ശക്തനായ മറ്റൊരാളും ഉണ്ടാവില്ല. കാരണം, അയാൾക്ക് ദൈവത്തെയൊഴിച്ച് മറ്റാരെയും ഭയമില്ല. ദൈവത്തിങ്കൽനിന്നല്ലാതെ അനുഗ്രഹമോ ഔദാര്യമോ അയാളാശിക്കുന്നില്ല. ഈ മട്ടിലുള്ള ഒരാളെ സത്യത്തിൽനിന്ന് വ്യതിചലിപ്പിക്കാൻ കഴിയുന്ന ശക്തിയേതുണ്ട്? അയാളുടെ വിശ്വാസം വിലയ്ക്കുവാങ്ങാൻ ഏത് സമ്പത്തിനാണ് സാധ്യമാവുക.

ഈ വിശ്വാസിയെക്കാൾ ഐശ്വര്യവാനായി മറ്റൊരാളും ഭൂമുഖത്തുണ്ടാവില്ല. കാരണം, അയാൾ ആഡംബരപ്രിയനല്ല; ദേഹേച്ഛകളുടെ അടിമയല്ല. ദുരയും അത്യാർത്തിയുമുള്ളവനല്ല; ന്യായവും നിയമവിധേയവുമായ അധ്വാനഫലത്തിൽ സംതൃപ്തനാണയാൾ. നിഷിദ്ധമാർഗത്തിലും നിയമവിരുദ്ധമായും സ്വരൂപിച്ച സമ്പത്തിനോട് നിന്ദയും വെറുപ്പും മാത്രമേ അയാൾക്കുണ്ടാകൂ. അയാളത് അവജ്ഞാപൂർവം തിരസ്കരിക്കും. മനഃശാന്തിയും സംതൃപ്തിയുമാകുന്ന സമ്പത്തിനെക്കാൾ അമൂല്യമായ മറ്റെന്ത് സ്വത്താണ് മനുഷ്യന് ലഭിക്കാനുള്ളത്?

ഈ മനുഷ്യനെക്കാൾ ഉത്തമനായ ഒരു സുഹൃത്തോ കൂട്ടുകാരനോ

ഉണ്ടാവില്ല. കാരണം, അയാൾ എല്ലാവരുടെയും അവകാശം വകവെച്ചു കൊടുക്കുന്നു; ആരുടെയും അവകാശം അപഹരിക്കുന്നില്ല. സർവജനങ്ങ ളോടും നൻമചെയ്യുന്നു. ആരോടും തിൻമചെയ്യുന്നില്ല. സർവജനങ്ങളുടെയും ക്ഷേമൈശ്വര്യങ്ങൾക്കായി പ്രവർത്തിക്കുന്നു. എന്നാൽ, അതിന് ഒരു പ്രതി ഫലവുമാഗ്രഹിക്കുന്നില്ല. ജനഹൃദയങ്ങൾ സ്വയം അയാളിലേക്കാകർഷിക്ക പ്പെടുന്നു. അയാളെ സ്നേഹിക്കാനും ബഹുമാനിക്കാനും സകലരും നിർബ ന്ധിതരായിത്തീരുകയും ചെയ്യുന്നു.

ഈ മനുഷ്യനെക്കാൾ സർവസമ്മതനും വിശ്വസ്തനുമായി മറ്റൊരുത്ത നുണ്ടാവില്ല. കാരണം, അയാൾ വിശ്വാസവഞ്ചന ചെയ്യുകയില്ല; സത്യം മുറു കെപ്പിടിക്കും; വാഗ്ദത്തം പാലിക്കും; എന്തിനും യോഗ്യനായിരിക്കും; മറ്റു ള്ളവർ തന്നെ കണ്ടാലുമില്ലെങ്കിലും ദൈവം കാണുന്നുണ്ടെന്ന ബോധത്താ ലയാൾ സർവരംഗത്തും സത്യസന്ധത പുലർത്തും. ഈ മട്ടിലുള്ള ഒരാളെ ആരാണ് വിശ്വസിക്കാതിരിക്കുക? ഒരു മുസ്‌ലിമിന്റെ സ്വഭാവചര്യകൾ പഠി ക്കുന്നപക്ഷം അയാൾ നീചനും ഹീനനും പരാജിതനും അന്യർക്കധീനനും ആയിരിക്കുക ഒരിക്കലും സാധ്യമല്ലെന്ന് വ്യക്തമാകും. അയാളെപ്പോഴും ജേതാവും അധികാരിയും ഉന്നതനും തന്നെ ആയിരിക്കും. കാരണം, അവ നിലുളവാക്കുന്ന ശ്രേഷ്ഠഗുണങ്ങളെ അതിജയിക്കാൻ ഒരു ശക്തിക്കും സാധ്യമാവില്ല.

ഇങ്ങനെ, ഈ ലോകത്ത് മാന്യതയോടും ശ്രേഷ്ഠഗുണങ്ങളോടും കൂടി ജീവിതം നയിച്ചശേഷം അവൻ സ്വനാഥനായ പ്രപഞ്ച സ്രഷ്ടാവിന്റെ തിരു സന്നിധിയിൽ ഹാജരാവുന്നു. അപ്പോൾ ദൈവം തന്റെ സ്നേഹാനുഗ്രഹ ങ്ങളും കരുണാകടാക്ഷങ്ങളും അവന്റെ മേൽ വർഷിക്കുന്നു. കാരണം, ദൈവം അവനെയേൽപിച്ച അനാമത്ത് വരുത്തിവെച്ച ഉത്തരവാദിത്വങ്ങൾ അയാൾ കൃത്യമായി നിറവേറ്റിയിരിക്കുന്നു. ദൈവത്തിന്റെ സകല പരീക്ഷ കളും നൂറുശതമാനം മാർക്കോടെ അയാൾ വിജയിച്ചിരിക്കുന്നു. ഇതത്രേ, ശാശ്വത വിജയം. ഇഹലോകം തൊട്ട് പരലോകം വരെ തുടർന്നുപോകുന്ന, അനന്തമായ, മഹത്തരമായ വിജയം.

ഇതാണിസ്‌ലാം -പ്രകൃതി മതം. ഈ മതം ഒരു പ്രത്യേക സമുദായ ത്തോടോ രാജ്യത്തോടോ മാത്രമായി ബന്ധപ്പെട്ടതല്ല. എല്ലാ കാലത്തും എല്ലാ രാജ്യത്തും എല്ലാ സമുദായങ്ങളിലും കഴിഞ്ഞുപോയ ദൈവഭക്തരും സത്യസന്ധരുമായ എല്ലാ സജ്ജനങ്ങളുടെയും മതമായിരുന്നു ഇത്. ചിലരുടെ ഭാഷയിൽ അതിന്റെ പേർ 'ഇസ്‌ലാം' എന്നായിരുന്നിരിക്കാം. മറ്റു പേരുകളിലും അതറിയപ്പെട്ടിരിക്കാം. ഏതായാലും അവരെല്ലാം 'മുസ്‌ലിം'കൾ തന്നെയായിരുന്നു.

## കുറിപ്പുകൾ

1. ഈ ദുഃസ്ഥിതിയാണ് ഇന്ന് ആധുനിക മനുഷ്യനെ നേരിട്ടിരിക്കുന്നത്. ഡോ. ജോഡ് പറ യുന്നു: "ശാസ്ത്രം ദിവ്യസമാനമായ കഴിവുകൾ നമുക്ക് പ്രദാനം ചെയ്തിരിക്കുന്നു. എങ്കിലും

അവ പ്രയോജനപ്പെടുത്തുന്നതിൽ സ്കൂൾ കുട്ടികളുടെയും അപരിഷ്കൃതരുടെയും മനോഭാവമാണ് നാം പ്രദർശിപ്പിക്കുന്നത്." പ്രമുഖ ദാർശനികനായ ബർട്രണ്ട് റസ്സൽ എഴുതുന്നു: "കുറേക്കൂടി തെളിച്ചുപറഞ്ഞാൽ, ഉപാധികൾക്കുവേണ്ടി മനുഷ്യസാമർഥ്യവും ലക്ഷ്യങ്ങൾക്കുവേണ്ടി മനുഷ്യവിഡ്ഢിത്തവും തമ്മിൽ നടക്കുന്ന ഒരു പന്തയത്തിന്റെ നടുക്കാണ് നാം ഇന്നുള്ളത്. വിവരക്കേടും കാര്യക്ഷമതയില്ലായ്മയും കൊണ്ടാണ് മനുഷ്യൻ ഇന്നുവരെ അതിജീവിച്ചിട്ടുള്ളത്. ജ്ഞാനവും കാര്യക്ഷമതയും വിഡ്ഢിത്തവും ഒന്നുചേർന്നതോടെ ഭാവി കൂടുതൽ സംശയാസ്പദമായിരിക്കയാണ്. ജ്ഞാനം ശക്തിയാണ്. നന്മക്കെന്നപോലെ തിൻമക്കുമുള്ള ശക്തി. ജ്ഞാനം കൂടുന്നതിനനുസരിച്ച് മനുഷ്യന് തന്റേടം കൂടാത്തപക്ഷം ജ്ഞാനവർധന യഥാർഥത്തിൽ സന്താപവർധനയായിരിക്കും." (Impact of Science on Society pp. 120-121)

മറ്റൊരു പ്രമുഖ ചിന്തകൻ ഈ വിരോധാഭാസത്തെ വിവരിക്കുന്നത് കാണുക: "വായുവിൽ പറവകളെപ്പോലെ പറക്കാനും വെള്ളത്തിൽ മത്സ്യത്തെപ്പോലെ നീന്താനും നാം പഠിച്ചിരിക്കുന്നു. ഭൂമിയിൽ മനുഷ്യനെപ്പോലെ ജീവിക്കാൻ മാത്രം നമുക്കറിഞ്ഞുകൂടാ." (Quoted by Joad in Counter Attack From the East p. 28)

രണ്ട്

# വിശ്വാസവും അനുസരണവും

●

'ഇസ്‌ലാം' എന്നത് ലോകനാഥനായ ദൈവത്തെ അനുസരിക്കുന്നതിന്റെ പേരാണെന്ന് കഴിഞ്ഞ അധ്യായത്തിൽനിന്ന് ഗ്രഹിച്ചുവല്ലോ. ഇനി പറയുന്നത്, അനുസരണത്തിന് അറിവിന്റെയും ദൃഢവിശ്വാസത്തിന്റെയും ആവശ്യകതയെക്കുറിച്ചാണ്. മനുഷ്യൻ ചില സംഗതികൾ അറിയുകയും ആ അറിവ് ദൃഢവിശ്വാസമായി മാറുകയും ചെയ്യാത്ത കാലത്തോളം അവന് ദൈവത്തെ അനുസരിക്കുക സാധ്യമല്ല. ഒന്നാമതായി, ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ച് മനുഷ്യന് പൂർണമായ ഉറപ്പുണ്ടായിരിക്കണം. ദൈവം ഉണ്ടെന്നുള്ള വിശ്വാസം തന്നെ ഇല്ലാത്തവന് ദൈവത്തെ അനുസരിക്കാനാവില്ലല്ലോ. അതോടൊപ്പം ദൈവിക സത്തയുടെ ഗുണങ്ങളെക്കുറിച്ചുള്ള അറിവും വേണം. ദൈവം ഏകനാണെന്നും അവന് തുല്യമായി ഒന്നുമില്ലെന്നും അറിയാത്ത ഒരാൾ അന്യരുടെ മുമ്പിൽ തലകുനിക്കുകയും കൈനീട്ടുകയും ചെയ്യുക സ്വാഭാവികം. അതുപോലെത്തന്നെ ദൈവം എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണെന്ന് ഒരാൾക്കറിയില്ലെങ്കിൽ ദൈവിക നിയമങ്ങൾ ലംഘിക്കുന്നതിൽനിന്ന് സ്വയം തടയാൻ അയാൾക്കെങ്ങനെ കഴിയും? ദൈവികഗുണങ്ങളെക്കുറിച്ചുള്ള ശരിയായ അറിവിന്റെ അഭാവത്തിൽ ഇസ്‌ലാം നിഷ്കർഷിക്കുന്ന ആദർശപരവും കർമപരവുമായ സത്പഥത്തിൽ ചരിക്കാൻ മനുഷ്യന് സാധ്യമാവില്ല. ഇസ്‌ലാം വിഭാവന ചെയ്യുന്ന വിശിഷ്ടഗുണങ്ങൾ അയാളിൽ ഉളവാകുകയുമില്ല. എന്നാൽ, പ്രസ്തുത അറിവ് കേവലമായ അറിവ് മാത്രമായാൽ പോരാ. മറിച്ച്, അതിനെതിരായ ചിന്തകളിൽനിന്ന് മനസ്സും അതിന് വിരുദ്ധമായ കർമങ്ങളിൽനിന്ന് ജീവിതവും മുക്തമാകത്തക്കവണ്ണം അത് ഉറച്ചവിശ്വാസമായി മാറണം.

പിന്നീട്, ദൈവാഭീഷ്ടമനുസരിച്ച് ജീവിതം നയിക്കാനുള്ള മാർഗമേതെന്നറിയണം. ദൈവത്തിന്റെ ഹിതാഹിതങ്ങളറിയണം. ദൈവം ഇഷ്ടപ്പെടുന്നതും വെറുക്കുന്നതുമെന്തൊക്കെയെന്ന് മനസ്സിലാക്കണം. ഈ അറിവ്, ദൈവിക നിയമവ്യവസ്ഥകളെക്കുറിച്ചുള്ള പൂർണജ്ഞാനത്തിൽനിന്നേ

ലഭിക്കൂ. ആ വ്യവസ്ഥകൾ ദൈവത്തിന്റേത് തന്നെയാണെന്നും അവ പിന്തുടരുന്നതിലൂടെ മാത്രമേ ദൈവപ്രീതി ലഭിക്കൂ എന്നുമുള്ള ദൃഢവിശ്വാസവും വേണം. കാരണം, ദൈവികനിയമങ്ങളെക്കുറിച്ച് അജ്ഞനായ ഒരാൾ ഏത് നിയമങ്ങളാണനുസരിക്കുക? ഇനി, അറിവുണ്ടെങ്കിൽത്തന്നെ ദൃഢവിശ്വാസമില്ലെങ്കിലോ? അല്ലെങ്കിൽ, ദൈവിക നിയമവ്യവസ്ഥകളെപ്പോലെ മറ്റു നിയമവ്യവസ്ഥകളും ശരിയായിരിക്കാമെന്നവൻ വിചാരിക്കുന്നുണ്ടെങ്കിലോ? ഒരിക്കലുമവന് ദൈവിക നിയമവ്യവസ്ഥയെ കൃത്യമായോ പൂർണമായോ അനുസരിക്കാനാവില്ല.

ഈ അറിവിനും ദൃഢവിശ്വാസത്തിനും ശേഷം വേണ്ടത് ദൈവധിക്കാരത്തിന്റെ ഭവിഷ്യത്തിനെക്കുറിച്ചും ദൈവാനുസരണത്തിന്റെ സദ്ഫലത്തെക്കുറിച്ചുമുള്ള അറിവാണ്. പരലോകജീവിതത്തെയും ദൈവസന്നിധിയിൽ ഹാജരാകുന്നതിനെയും കുറിച്ചും അവിടത്തെ രക്ഷാശിക്ഷകളെപ്പറ്റിയും പൂർണമായ അറിവും അതിൽ ഉറച്ച വിശ്വാസവും ഉണ്ടായിരിക്കണം. പരലോക ജീവിതത്തെക്കുറിച്ച് അജ്ഞനായ ഒരാൾ അനുസരണത്തിന്റെയും ധിക്കാരത്തിന്റെയും ഫലത്തിൽ എന്ത് വ്യത്യാസമാണ് കാണുക? അനുസരിച്ചവനും ധിക്കരിച്ചവനും അവന്റെ കണ്ണിൽ സമം. ഇരുവരും നശിച്ച് മണ്ണായിപ്പോവുകയാണ്. എന്നിരിക്കെ, ദൈവാനുസരണത്തിന്റെ നിബന്ധനകളും അതു വരുത്തിവെക്കുന്ന പ്രയാസങ്ങളും സഹിക്കാൻ അയാൾ തയ്യാറാകുമോ? ഇഹലോകത്ത് കഷ്ടനഷ്ടങ്ങൾ ഏറ്റുവാങ്ങിക്കൊണ്ട് അയാൾ പാപങ്ങളും കുറ്റകൃത്യങ്ങളും വെടിയുമെന്ന് പ്രതീക്ഷിക്കാമോ? ഈ അവസ്ഥയിൽ മനുഷ്യൻ ദൈവിക നിയമങ്ങളോട് കൂറുള്ളവനാവുകയില്ല. ഇനിയൊരാൾക്ക് പരലോകത്തെക്കുറിച്ചും ദൈവത്തിന്റെ കോടതിയെക്കുറിച്ചും അറിവുണ്ട്. പക്ഷേ, അവയിൽ ദൃഢവിശ്വാസമില്ലെങ്കിലോ? ദൈവാനുസരണത്തിൽ അടിയുറച്ചുനിൽക്കാനാവില്ല. സംശയവും സന്ദേഹവും മനുഷ്യനെ ഒന്നിലും ഉറപ്പിച്ചുനിർത്തുകയില്ല. ഒരു പ്രവൃത്തി ഫലപ്രദമെന്നുറപ്പുണ്ടെങ്കിലേ നിങ്ങളത് മനസ്സിരുത്തി ചെയ്യുകയുള്ളൂ. അതുപോലെ ദോഷകരമാണെന്ന ദൃഢവിശ്വാസമുണ്ടെങ്കിലേ നിങ്ങൾക്കത് സ്വമേധയാ വർജിക്കാനാവൂ. അതിനാൽ, ഒരു മാർഗം അവലംബിക്കാൻ അതവലംബിച്ചാലുണ്ടാകുന്ന പരിണാമത്തെയും അന്ത്യഫലത്തെയും കുറിച്ചുള്ള അറിവ് ഒഴിച്ചുകൂടാത്തതാണ്. ആ അറിവ് ദൃഢവിശ്വാസമായി രൂപാന്തരം പ്രാപിക്കുകയും വേണം.

## 'വിശ്വാസ'ത്തിന്റെ അർഥം

'അറിവ്', 'ദൃഢവിശ്വാസം' എന്നീ പദങ്ങളുടെ അറബി ശബ്ദമത്രെ 'ഈമാൻ' (വിശ്വാസം). ശരിയായി അറിയുകയും ബോധപൂർവം അംഗീകരിക്കുകയും ചെയ്യുക എന്നാണ് 'ഈമാൻ' എന്ന പദത്തിന്റെ പൂർണമായ അർഥം. അങ്ങനെ ചെയ്യുന്നവനെ 'മുഅ്മിൻ' എന്നും പറയുന്നു. ദൈവത്തിന്റെ ഏകതയും അവന്റെ സത്താഗുണങ്ങളും നിയമവ്യവസ്ഥയും രക്ഷാശിക്ഷകളും അറിഞ്ഞ് അവയിൽ ദൃഢമായി വിശ്വസിക്കുന്നവനാണ് മുഅ്മിൻ

(വിശ്വാസി). മനുഷ്യൻ 'മുസ്‌ലിം' (ദൈവത്തെ മാത്രം അനുസരിച്ച് ജീവിക്കുന്നവൻ)ആയിത്തീരുക എന്നതാണ് 'ഈമാ'ന്റെ ഫലം.

'ഈമാൻ' ഇല്ലാതെ ആർക്കും മുസ്‌ലിമാവുക സാധ്യമല്ലെന്ന് ഈ വിശദീകരണം വ്യക്തമാക്കുന്നു. സസ്യങ്ങൾക്ക് അവയുടെ വിത്തുമായുള്ള ബന്ധമാണ് ഈമാന് ഇസ്‌ലാമുമായുള്ളത്. വിത്തില്ലാതെ സസ്യമുണ്ടാകാത്തതുപോലെ ഈമാനില്ലാതെ ഇസ്‌ലാമുമില്ല. പാകിയ വിത്ത്, മണ്ണിന്റെ പുഷ്ടിക്കുറവോ കാലാവസ്ഥയുടെ പ്രാതികൂല്യമോ മൂലം, നന്നായി വളർന്നില്ലെന്നുവരാം. അതുപോലെ ഈമാന്റെ ബലഹീനതയോ ശിക്ഷണ-പരിശീലനങ്ങളുടെ പോരായ്മയോ കൂട്ടുകെട്ടുകളുടെ ദുഃസ്വാധീനമോ മൂലം ഒരാൾ പൂർണനും പക്വനുമായ മുസ്‌ലിം ആകാതെയുമിരിക്കാം.

ഈമാന്റെയും ഇസ്‌ലാമിന്റെയും അടിസ്ഥാനത്തിൽ മനുഷ്യരെ നാലായി തരം തിരിക്കാം:

1. ദൃഢമായി വിശ്വസിക്കുകയും ആ വിശ്വാസത്താൽ പ്രചോദിതരായി ദൈവകൽപനകൾ പൂർണമായി ശിരസാവഹിക്കുകയും ചെയ്യുന്നവർ. ദൈവം വെറുക്കുന്ന കാര്യങ്ങളിൽനിന്ന് അവർ അഗ്നിയിൽ നിന്നെന്നപോലെ വിട്ടുനിൽക്കും. ദൈവമിഷ്ടപ്പെടുന്ന കാര്യങ്ങൾക്കായി, ധനസമ്പാദനാർഥം സാവേശം പ്രവർത്തിക്കുന്നപോലെ അധ്വാനിക്കും. ഇവരത്രേ സാക്ഷാൽ മുസ്‌ലിംകൾ.

2. വിശ്വാസികളെങ്കിലും, ദൈവത്തിന് സമ്പൂർണമായി സമർപ്പിക്കാൻ സ്വയം പ്രേരിപ്പിക്കാൻ മാത്രം വിശ്വാസത്തിന് ശക്തിയില്ലാത്തവർ. ഇവരുടെ പദവി അൽപം താഴെയാണെങ്കിലും മുസ്‌ലിംകൾതന്നെ. ഇവർ നിയമലംഘകരും അതിനുള്ള ശിക്ഷക്ക് അർഹരുമാണ്. പക്ഷേ, അവരുടെ സ്ഥിതി രാജ്യദ്രോഹികളുടേതോ ധിക്കാരികളുടേതോ അല്ല; വെറും കുറ്റവാളികളുടേത് മാത്രമാണ്. കാരണം, അവർ രാജാവിനെ സമ്മതിക്കുകയും രാജനിയമങ്ങളെ നിയമമായി അംഗീകരിക്കുകയും ചെയ്യുന്നുണ്ട്.

3. വിശ്വാസം തീരെയില്ലെങ്കിലും പുറമേ, ദൈവികനിയമങ്ങൾ അനുസരിക്കുന്നവർ. ഇവർ സത്യത്തിൽ, രാജ്യദ്രോഹികളാണ്. ഇവരുടെ പുറംപൂച്ച് യഥാർഥത്തിൽ ദൈവത്തോടുള്ള അനുസരണമല്ല. അതിനാൽത്തന്നെ, പരിഗണിക്കപ്പെടേണ്ടതുമല്ല. രാജാവിനെ രാജാവായും രാജകീയ നിയമങ്ങളെ യഥാർഥ നിയമങ്ങളായും അംഗീകരിക്കാത്തവരെപ്പോലെയാണിവർ. പുറമേ, രാജനിയമങ്ങളനുസരിക്കുന്നുണ്ടെങ്കിലും അവർ രാജാവിന് കീഴ്പ്പെട്ടവരും രാജകീയ നിയമങ്ങളോട് കൂറുള്ളവരും ആണെന്ന് പറയുക വയ്യ. ഏതുനിലക്കും രാജ്യദ്രോഹികളുടെ കൂട്ടത്തിലാണവരുടെ സ്ഥാനം.

4. വിശ്വാസം ഒട്ടുമില്ലാത്തതോടൊപ്പം ദുർമാർഗികളും ദുരാചാരികളുമായവർ. ഏറ്റവും താണപടിയിലാണിവർ. കാരണം, ഇവർ ധിക്കാരികളും രാജ്യദ്രോഹികളുമായതോടൊപ്പം ദുർവൃത്തരും നാശകാരികളുംകൂടിയാണ്.

ഈ വിഭജനത്തിൽനിന്ന് ഒരു കാര്യം വ്യക്തമാകുന്നു: മനുഷ്യന്റെ വിജയസൗഭാഗ്യങ്ങൾ നിലകൊള്ളുന്നത് ഈമാനെ ആശ്രയിച്ചാണ്; ഇസ്‌ലാം- അത്

പൂർണമോ അപൂർണമോ ആകട്ടെ- ഈമാനാകുന്ന വിത്തിൽനിന്നേ മുള ച്ചുവരൂ. ഈമാൻ ഇല്ലാത്തിടത്ത് ഇസ്‌ലാമും ഉണ്ടാകില്ല - പകരം 'കുഫ്ർ' ആണുണ്ടാവുക. അതിന്റെ മറ്റൊരു പേരാണ് 'ബഗാവത്ത്'. രാജ്യദ്രോഹം, ധിക്കാരം, നിയമലംഘനം എന്നൊക്കെയാണിതിനർഥം. അതു ചിലപ്പോൾ ഗുരുതരമാകും - മറ്റു ചിലപ്പോൾ നിസ്സാരവും. അത് മാത്രമാണ് വ്യത്യാസം.

## ജ്ഞാനലബ്ധിയുടെ മാർഗങ്ങൾ

അനുസരണത്തിന് വിശ്വാസം അത്യന്താപേക്ഷിതമാണ്. വിശ്വാസത്തിന് ജ്ഞാനവും - ദൈവികഗുണങ്ങളെയും ദൈവിക വ്യവസ്ഥയെയും പരലോക ജീവിതത്തെയും കുറിച്ചുള്ള ജ്ഞാനം; ദൃഢവിശ്വാസത്തിലേക്ക് നയിക്കുന്ന യഥാർഥ ജ്ഞാനം. ഈ ജ്ഞാനം എവിടെനിന്ന്, എങ്ങനെ ലഭിക്കും? ഇതാണ് അടുത്ത ചർച്ചാവിഷയം.

അതിമഹത്തായ ഈ പ്രപഞ്ചം ഒരു സ്രഷ്ടാവിന്റെ സൃഷ്ടിയാണ്; അവൻതന്നെയാണ് അത് നിയന്ത്രിച്ചുനടത്തുന്നത്. ഈ സത്യത്തിന് സാക്ഷി നിൽക്കുന്ന ദൈവിക ദൃഷ്ടാന്തങ്ങൾ ഈ പ്രപഞ്ചത്തിലെങ്ങും വ്യാപിച്ചുകിട പ്പുണ്ട്. ഇക്കാര്യങ്ങളെല്ലാം മുമ്പ് വിവരിച്ചുവല്ലോ. പ്രസ്തുത ദൃഷ്ടാന്തങ്ങ ളിൽ സർവ ദൈവിക ഗുണങ്ങളും പ്രകടമായി കാണാം. യുക്തി, ശക്തി, നൈപുണ്യം, ജ്ഞാനം, കാരുണ്യം, സുരക്ഷ, സർവാധിപത്യം തുടങ്ങി എല്ലാം. എന്നാൽ, ഈദൃശ കാര്യങ്ങൾ വീക്ഷിച്ച് ഗ്രഹിക്കുന്നതിൽ മനുഷ്യ ബുദ്ധിക്ക് ഏറക്കുറെ പിഴവ് പറ്റിയിരിക്കുന്നു. പ്രസ്തുത ദൃഷ്ടാന്തങ്ങളെല്ലാം മുമ്പിലുണ്ടായിട്ടും ചിലർ ദൈവം രണ്ടുണ്ടെന്നും മറ്റു ചിലർ മൂന്നുണ്ടെന്നും വേറെ ചിലർ നിരവധിയുണ്ടെന്നും വാദിച്ചുകളഞ്ഞു. നാലാമതൊരു കൂട്ടർ ദിവ്യത്വത്തെ പലതായി ഭാഗിച്ചു. മഴക്കൊരു ദൈവം, കാറ്റിനൊരു ദൈവം, അഗ്നിക്കൊരു ദൈവം എന്നിങ്ങനെ. പ്രസ്തുത ദൈവങ്ങൾക്കെല്ലാം നേതാ വായി ഒരു വലിയ ദൈവവും. ഇവ്വിധം ദൈവത്തെയും അവന്റെ ഗുണങ്ങ ളെയും ഗ്രഹിക്കുന്നതിൽ മനുഷ്യബുദ്ധിക്ക് പിഴവ് പറ്റിപ്പോയിട്ടുണ്ട്. അവ യെല്ലാം സവിസ്തരം പ്രതിപാദിക്കാൻ ഇവിടെ സന്ദർഭമില്ല.

മരണാനന്തര ജീവിതത്തെക്കുറിച്ച കാഴ്ചപ്പാടിലും ജനങ്ങൾക്ക് തെറ്റു പറ്റി. മരണത്തോടെ മനുഷ്യൻ മണ്ണായിപ്പോകുന്നു; പിന്നെ മറ്റൊരു ജീവിത മേയില്ല -ചിലർ വാദിച്ചു. മനുഷ്യൻ തന്റെ കർമഫലങ്ങൾ അനുഭവിക്കാ നായി പുനർജൻമമെടുത്ത് ഈ ലോകത്തേക്ക് തന്നെ വീണ്ടും വീണ്ടും തിരി ച്ചുവരുന്നുവെന്നാണ് മറ്റു ചിലരുടെ വാദം.

ദൈവഹിതത്തിനൊത്ത് ജീവിക്കാനാവശ്യമായ നിയമങ്ങൾ മനുഷ്യന് സ്വന്തം യുക്തിയുപയോഗിച്ച് നിർമിക്കാമോ? വളരെ ദുഷ്കരമായ ഒരു ജോലി യാണത്. മനുഷ്യബുദ്ധി തീർത്തും കുറ്റമറ്റതും അവന്റെ വൈജ്ഞാനിക സിദ്ധി അപാരവും ആണെന്ന് സങ്കൽപിക്കുക. അതുപയോഗിച്ച് നിരവധി സംവത്സരങ്ങളിലെ പരീക്ഷണനിരീക്ഷണങ്ങൾക്കു ശേഷം തദിഷയത്തിൽ ഏതാണ്ടൊരഭിപ്രായം രൂപവത്കരിക്കാൻ അവന് കഴിഞ്ഞേക്കും. എന്നാൽ,

അപ്പോഴും താൻ പൂർണമായും സത്യം കണ്ടെത്തിക്കഴിഞ്ഞുവെന്ന് ഉറപ്പിക്കാൻ അവനാവില്ല. ഒരു മാർഗദർശനവും നൽകാതെ മനുഷ്യനെ സ്വതന്ത്രനായി വിട്ടശേഷം അവനോട് സ്വന്തം ബുദ്ധിയും കഴിവുമുപയോഗിച്ച് സത്യം കണ്ടുപിടിക്കാനാവശ്യപ്പെടുക, കണ്ടുപിടിച്ചവരെ ജേതാക്കളായും അല്ലാത്തവരെ തോറ്റവരായും ഗണിക്കുക -ഇതാണ് മനുഷ്യബുദ്ധിയുടെ മേൽ നടത്താവുന്ന സമ്പൂർണ പരീക്ഷ. എന്നാൽ, കരുണാമയനായ ദൈവം സ്വദാസൻമാരെ അത്തരം അതികഠിനമായ ഒരു പരീക്ഷക്ക് വിധേയനാക്കുന്നില്ല. മറിച്ച്, തന്റെ കാരുണ്യാതിരേകത്താൽ, അവൻ, മനുഷ്യരിൽനിന്നൊരു വിഭാഗത്തെ പ്രത്യേകം തെരഞ്ഞെടുത്ത് തന്റെ ഗുണങ്ങളെ സംബന്ധിച്ച ശരിയായ ജ്ഞാനം അവർക്ക് നൽകി. തന്റെ ഹിതത്തിനൊത്ത് ജീവിതം നയിക്കാനുള്ള മാർഗമേതെന്ന് അവരെ അറിയിച്ചു. പരലോക ജീവിതത്തെക്കുറിച്ചുള്ള യഥാർഥ വിവരങ്ങൾ അവർക്കു നൽകി. എന്നിട്ട് അവരോട് മറ്റു ജനങ്ങൾക്ക് അവ എത്തിച്ചുകൊടുക്കണമെന്ന് നിർദേശിച്ചു. അവരാണ് ദൈവത്തിന്റെ പ്രവാചകൻമാർ. അവർക്ക് ആ ജ്ഞാനം നൽകിയ രീതിയെ ദിവ്യബോധനം(വഹ്‌യ്)എന്ന് പറയുന്നു. അവർക്ക് നൽകിയ ഗ്രന്ഥത്തെ ദൈവഗ്രന്ഥം (കിതാബുല്ലാഹി)എന്നോ ദൈവവാക്യം(കലാമുല്ലാഹി) എന്നോ വിളിക്കുന്നു. ഇതോടെ, മനുഷ്യബുദ്ധിയും വിവേകവും മറ്റൊരു വിധത്തിലുള്ള പരീക്ഷക്ക് വിധേയമാക്കപ്പെടുകയായി. പ്രവാചകൻമാരുടെ ഉത്കൃഷ്ട ജീവിതം കണ്ടും, അവരുടെ ഉദാത്തമാതൃക പഠിച്ചും മനുഷ്യർ അദ്ദേഹത്തെ പ്രവാചകനായി വിശ്വസിക്കുന്നുണ്ടോ ഇല്ലേ എന്നതാണാ പരീക്ഷ. അവൻ സത്യസന്ധനും സത്യസേവകനുമാണെങ്കിൽ സത്യത്തെയും സത്യം ഉദ്ബോധിപ്പിക്കുന്നവരെയും സ്വീകരിച്ച് പരീക്ഷ ജയിക്കും. സ്വീകരിക്കുന്നില്ലെങ്കിൽ അതിന്റെ അർഥം സ്വന്തം ഗ്രഹണശേഷി അവൻ പാഴാക്കിക്കളഞ്ഞുവെന്ന് മാത്രം. ആ നിഷേധം അവനെ പരീക്ഷയിൽ പരാജിതനാക്കുന്നു. മാത്രമല്ല, ദൈവത്തെയും ദൈവിക നിയമവ്യവസ്ഥയെയും കുറിച്ചുള്ള യഥാർഥ ജ്ഞാനം കരഗതമാക്കാൻ ഒരിക്കലും അവന് സാധിച്ചില്ലെന്നും വരും.

## അദൃശ്യ കാര്യങ്ങളിലുള്ള വിശ്വാസം

നമുക്കൊരു കാര്യം അറിയില്ലെങ്കിലെന്താണ് ചെയ്യുക? അറിവുള്ളവരെ സമീപിക്കും; അവരുടെ നിർദേശം സ്വീകരിക്കും. രോഗം ബാധിച്ചാലോ? സ്വയം ചികിത്സിക്കുന്നതിനുപകരം ഒരു ഡോക്ടറെ സമീപിക്കും. ഡോക്ടറുടെ യോഗ്യതയും പ്രശസ്തിയും പരിചയവും മൂലം ആ ഡോക്ടർക്ക് നമ്മെ ചികിത്സിക്കാനുള്ള കഴിവുണ്ടെന്ന് നാം വിശ്വസിക്കുന്നു. ആ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് അയാൾ കുറിച്ചുതരുന്ന മരുന്ന് കഴിക്കുന്നതും ഉപേക്ഷിക്കാൻ പറഞ്ഞവ വർജിക്കുന്നതും. നിയമപ്രശ്നങ്ങളിൽ ഉപദേശം തേടാൻ നാമൊരു വക്കീലിനെ സമീപിക്കുകയും അയാൾ പറയുന്നത് വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യും. വിദ്യാസമ്പാദനത്തിൽ

ഗുരുനാഥനെ വിശ്വസിക്കുന്നു; അദ്ദേഹം പഠിപ്പിച്ചുതരുന്നത് അപ്പടി അംഗീകരിക്കുന്നു. യാത്രയിൽ വഴിയറിയാതെ വന്നാൽ, അറിവുള്ളവരെ നാം വിശ്വസിക്കുകയും അവർ കാണിച്ചുതരുന്ന വഴിക്ക് യാത്ര തുടരുകയും ചെയ്യുന്നു. ചുരുക്കത്തിൽ, ലൗകിക കാര്യങ്ങളിൽ അറിവ് നേടാൻ അറിവുള്ളവരെ വിശ്വസിക്കാനും അനുസരിക്കാനും നാം നിർബന്ധിതരാണ്. ഇതിനാണ് അദൃശ്യകാര്യങ്ങളിലുള്ള വിശ്വാസം എന്ന് പറയുന്നത്.

അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുക എന്നതിന്റെ അർഥം നമുക്കറിവില്ലാത്ത കാര്യങ്ങൾ അറിവുള്ളവരിൽനിന്ന് പഠിക്കുകയും അതിൽ ഉറച്ചുവിശ്വസിക്കുകയും ചെയ്യുക എന്നത്രേ. പ്രപഞ്ചനാഥനായ ദൈവത്തെയും അവന്റെ ഗുണങ്ങളെയും കുറിച്ച് നമുക്കറിവില്ല; ദൈവത്തിന്റെ മലക്കുകൾ ദൈവനിയമങ്ങൾക്ക് വഴിപ്പെട്ട് ലോക കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു എന്ന് നമുക്കറിവില്ല. അവർ നമ്മെ വലയം ചെയ്തിരിക്കയാണെന്നും നമുക്കറിഞ്ഞുകൂടാ. ദൈവഹിതത്തിനൊത്ത് ജീവിക്കാനുള്ള സത്യമാർഗമേതെന്ന കാര്യവും നമുക്കജ്ഞാതമാണ്. പരലോക ജീവിതത്തെക്കുറിച്ചും നമുക്ക് വേണ്ടത്ര ജ്ഞാനമില്ല. അതിനാൽ, പ്രസ്തുത സംഗതികൾ അറിയുന്ന ഒരാളെ കണ്ടുപിടിക്കേണ്ടത് ആവശ്യമായി വരുന്നു. ഒരാളുടെ സൻമാർഗനിഷ്ഠയും സത്യസന്ധതയും ദൈവഭക്തിയും ജീവിത വിശുദ്ധിയും യുക്തിയുക്തമായ സംസാരവും കണ്ട്, അയാൾ പറയുന്നത് സത്യവും വിശ്വസനീയവുമാണെന്ന് സമ്മതിക്കുന്നുവെങ്കിൽ നാം വിശ്വസിക്കുന്നത് അദൃശ്യകാര്യങ്ങളിലാണ്. ദൈവത്തെ അനുസരിക്കാനും ദൈവഹിതത്തിനൊത്ത് ജീവിക്കാനും അദൃശ്യകാര്യങ്ങളിലുള്ള അറിവും വിശ്വാസവും ഒഴിച്ചുകൂടാത്തതാണ്. ഈ അറിവ് പ്രവാചകൻമാരിൽനിന്നേ ലഭിക്കൂ.

## മൂന്ന്

# പ്രവാചകത്വം

●

കഴിഞ്ഞ അധ്യായത്തിൽ മൂന്ന് കാര്യങ്ങളാണ് വിവരിച്ചത്. ഒന്ന്: ദൈവത്തെ അനുസരിച്ച് ജീവിക്കാൻ ദൈവത്തിന്റെ സത്ത, ഗുണങ്ങൾ, ദൈവികമാർഗം, പരലോകത്തിലെ രക്ഷാശിക്ഷകൾ എന്നിവ സംബന്ധിച്ച് ശരിയായ ജ്ഞാനവും അതിൽ വിശ്വാസവും ഉണ്ടായിരിക്കണം. രണ്ട്: പ്രസ്തുത ജ്ഞാനം സ്വപരിശ്രമത്താൽ സ്വായത്തമാക്കുക എന്ന കഠിന പരീക്ഷണത്തിന് ദൈവം മനുഷ്യനെ വിധേയമാക്കിയില്ല. മറിച്ച്, അത് ദിവ്യബോധനം വഴി ചില ശ്രേഷ്ഠവ്യക്തികൾക്ക് (പ്രവാചകൻമാർക്ക്) നൽകുകയും മറ്റുള്ളവർക്കത് എത്തിച്ചുകൊടുക്കാൻ പ്രവാചകൻമാരോട് ആജ്ഞാപിക്കുകയുമാണ് ചെയ്തത്. മൂന്ന്: ജനങ്ങളുടെ ചുമതല ആ പ്രവാചകനെ തിരിച്ചറിയുക എന്നതാണ്. കണിശമായ പരിശോധനകൾക്കുശേഷം ഒരാൾ സത്യസന്ധനായ പ്രവാചകനാണെന്ന് ബോധ്യപ്പെട്ടുകഴിഞ്ഞാൽ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹം കൈക്കൊണ്ട മാർഗം തെല്ലും പിഴക്കാതെ അനുധാവനം ചെയ്യുകയുമാണ് വേണ്ടത്.

എന്നാൽ, പ്രവാചകൻമാരെ തിരിച്ചറിയാനെന്താണ് വഴി?

## പ്രവാചകത്വത്തിന്റെ യാഥാർഥ്യം

മനുഷ്യനാവശ്യമുള്ള വസ്തുക്കളെല്ലാം ദൈവമിവിടെ ഒരുക്കിവെച്ചിട്ടുണ്ടെന്ന് കാണാം. ജനിക്കുന്ന ഒരു കുഞ്ഞിനെ നോക്കൂ: എന്തൊക്കെ സാമഗ്രികളുമായാണ് അവനീ ലോകത്തേക്ക് വരുന്നത്. കാണാൻ കണ്ണ്, കേൾക്കാൻ കാത്, ശ്വസനത്തിന് മൂക്ക്, സ്പർശനശക്തിക്ക് ചർമം, നടക്കാൻ കാലുകൾ, പണിയെടുക്കാൻ കൈകൾ, ചിന്തിക്കാൻ മസ്തിഷ്കം – അങ്ങനെയെന്തെല്ലാം! ഇവയെല്ലാം മുൻകൂട്ടിത്തന്നെ കുഞ്ഞിന്റെ കൊച്ചുശരീരത്തിൽ സജ്ജമാക്കപ്പെട്ടിരിക്കുന്നു. ഈ ലോകത്ത് എത്തിച്ചേർന്നശേഷം ജീവിക്കാൻ വേണ്ട സാമഗ്രികളും സുസജ്ജം. വായു, വെളിച്ചം, ചൂട്, വെള്ളം, ഭൂമി എന്നിവക്കു പുറമേ, മാതാവിന്റെ മാറിടത്തിൽ പാൽ. മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും മാത്രമല്ല, അന്യരുടെപോലും സ്നേഹവാത്സല്യങ്ങൾ;

ലാളനകൾ. അങ്ങനെ ആ കുഞ്ഞ് വളരുന്തോറും അവന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള സകല വസ്തുക്കളും പടിപടിയായി അവന് ലഭിച്ചുകൊണ്ടിരിക്കുന്നു - ആകാശ ഭൂമികളിലെ സകല ശക്തികളും അവനെ വളർത്തുന്നതിൽ ബദ്ധശ്രദ്ധരായതുപോലെ!

മാത്രമല്ല, സകലവിധ കഴിവുകളും മനുഷ്യന് നൽകപ്പെട്ടിരിക്കുന്നു. കായബലം, ബുദ്ധി, ഗ്രഹണശക്തി, സംസാരശേഷി തുടങ്ങി നിരവധി കഴിവുകൾ. ഇക്കാര്യത്തിൽ ദൈവം വിസ്മയാവഹമായ ഒരു വ്യവസ്ഥ ഉണ്ടാക്കിയതായി കാണാം. കഴിവുകൾ എല്ലാവരിലും ഒരേ അനുപാതത്തിലല്ല! ആയിരുന്നെങ്കിൽ മനുഷ്യർ പരസ്പരം ആശ്രയിക്കുകയോ വിലവെക്കുകയോ ചെയ്യുമായിരുന്നില്ല. മനുഷ്യരാശിയുടെ പൊതുവായ ആവശ്യം മുൻനിർത്തി കഴിവുകളെല്ലാം മനുഷ്യർക്കുതന്നെ നൽകിയ ദൈവം ഓരോരുത്തർക്കും നൽകിയ കഴിവിന്റെ തോതിലും അനുപാതത്തിലും ഭേദം കൽപിച്ചു. ചിലർക്ക് കായബലം കൂടുതൽ നൽകിയപ്പോൾ മറ്റു ചിലർക്ക് കലാവാസനയും തൊഴിൽ നൈപുണ്യവുമാണ് പ്രദാനം ചെയ്തത്. ചിലർക്ക് ബുദ്ധിശക്തി കൂടുതൽ; മറ്റു ചിലരിൽ നേതൃത്വ വാസനയും. ഭരണശേഷിയാണ് ചിലരിൽ മുഴച്ചുനിൽക്കുന്നത്. അസാമാന്യമായ വാചാലതയാണ് ചിലരുടെ സവിശേഷതയെങ്കിൽ മറ്റു ചിലർ കൃതഹസ്തരായ എഴുത്തുകാരാണ്. ഗണിതശാസ്ത്രത്തിലെ അതിദുഷ്കരമായ വിഷമപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ മിടുക്കരാണ് ചിലർ. മറ്റു ചിലർ ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾകൊണ്ട് ലോകത്തെ വിസ്മയിപ്പിക്കുന്നു. പ്രകൃത്യാതന്നെ നിയമത്തിൽ തൽപരരാണ് ഒരു കൂട്ടർ. മറ്റുള്ളവർ വർഷങ്ങളോളം ചിന്തിച്ചിട്ടും പിടികിട്ടാത്ത പോയന്റുകളിൽ അവരുടെ ചിന്ത നിഷ്പ്രയാസം ചെന്നെത്തുന്നു. ഇതെല്ലാം ദൈവത്തിന്റെ മഹത്തായ യുക്തിയുടെ ഫലമത്രേ. ഈ കഴിവുകളൊന്നും വ്യക്തികൾ സ്വയം സൃഷ്ടിക്കുന്നവയല്ല. പരിശീലനംകൊണ്ട് സ്വായത്തമാവുന്നതുമല്ല. ജൻമസിദ്ധമാണവ. ദൈവം സ്വന്തം യുക്തിക്കും ഉദ്ദേശ്യത്തിനുമൊത്ത് ഓരോരുത്തർക്കും നൽകിയിട്ടുള്ളവ.

ദൈവം കഴിവുകൾ ദാനം ചെയ്ത രീതി പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. സാമൂഹിക ജീവിതത്തിൽ കൂടുതലാവശ്യമായ കഴിവുകൾ കൂടുതലാളുകൾക്കും ആവശ്യം കുറവുള്ളവ കുറഞ്ഞ ആളുകൾക്ക് മാത്രമായും നൽകുകയാണ് ചെയ്തിരിക്കുന്നത്. യോദ്ധാക്കൾ, കർഷകർ, ആശാരിമാർ തുടങ്ങിയവർ ധാരാളമുണ്ട്. വൈജ്ഞാനിക സിദ്ധി, രാജ്യതന്ത്രജ്ഞത, സേനാനായകത്വം തുടങ്ങിയവകൊണ്ടനുഗൃഹീതരായവർ കുറവായേ കാണൂ. ഒരു പ്രത്യേക കലയിൽ അസാധാരണ നൈപുണ്യമുള്ളവർ അതിലും കുറവായിരിക്കും. കാരണം, അത്തരം ഒരു വ്യക്തിയുടെ സംഭാവനകൾ നൂറ്റാണ്ടുകളോളം അത്തരത്തിലുള്ള മറ്റൊരു വിദഗ്ധന്റെ ആവശ്യമില്ലാതാക്കുന്നു.

ഇവിടെ ഒരു ചോദ്യമുയരുന്നു. ജീവിതവിജയത്തിന്, കുറേ എഞ്ചിനീയർമാരും ശാസ്ത്രജ്ഞൻമാരും തത്ത്വജ്ഞാനികളും നിയമപടുക്കളും

രാഷ്ട്രമീമാംസകരും തൊഴിൽവിദഗ്ധരും മാത്രം മതിയോ? മറ്റാവശ്യങ്ങളൊന്നുമില്ലേ മനുഷ്യന്? മനുഷ്യന് ദൈവമാർഗം കാണിച്ചുകൊടുക്കാൻ കഴിവുള്ള ചിലരും വേണ്ടതില്ലേ? ഈ ലോകത്ത് എന്തൊക്കെയുണ്ടെന്നും അവ എങ്ങനെ ഉപയോഗപ്പെടുത്തണമെന്നും കാണിച്ചുകൊടുക്കാനാളുണ്ട്. എന്നാൽ, താൻ ആർക്കുവേണ്ടിയാണ്? പ്രാപഞ്ചിക വസ്തുക്കളെല്ലാം തനിക്ക് നൽകിയതാരാണ്? അത് നൽകിയവന്റെ ഹിതത്തിനൊത്ത് ജീവിക്കേണ്ടതെങ്ങനെ? ജീവിതവിജയം കരഗതമാക്കാനുള്ള മാർഗമേത്? ഇത്യാദി കാര്യങ്ങൾ മനുഷ്യനെ പഠിപ്പിക്കാനും വേണ്ടേ ആരെങ്കിലും? വേണമെന്നതിൽ ഒട്ടും സംശയമില്ല. സത്യത്തിൽ അവയാണ് എല്ലാറ്റിലും പ്രധാനം. നമ്മുടെ അതിനിസ്സാരമായ ആവശ്യങ്ങൾപോലും പൂർത്തീകരിക്കാൻ വേണ്ട സകല ഏർപ്പാടുകളും ചെയ്ത ദൈവം, സുപ്രധാനമായ ഈ ആവശ്യത്തിൽ അശ്രദ്ധ കാണിച്ചു എന്ന് പറഞ്ഞാൽ നമ്മുടെ ബുദ്ധി അംഗീകരിക്കുമോ? ഇല്ല; ദൈവം അതിൽ അശ്രദ്ധ കാണിച്ചിട്ടേയില്ല. തൊഴിലുകളിലും കലാശാസ്ത്രങ്ങളിലും വിദഗ്ധരെ സൃഷ്ടിച്ചതുപോലെ, തന്നെയും തന്റെ ഗുണങ്ങളെയും അറിയുന്ന നിപുണൻമാരെയും ദൈവം സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് ദൈവം നേരിട്ട് ജ്ഞാനം പകർന്നുകൊടുത്തു- മതപരവും ധാർമികവും സദാചാരപരവുമായ ജ്ഞാനം. അത് മറ്റു ജനങ്ങൾക്ക് പകർന്നുകൊടുക്കുക എന്ന മഹാസേവനത്തിനായി അവരെ ചുമതലപ്പെടുത്തി നിയമിച്ചു. ഈ മഹാത്മാക്കൾക്കാണ് പ്രവാചകൻ(നബി), ദൈവദൂതൻ(റസൂൽ) എന്നൊക്കെ പറയുന്നത്.

## പ്രവാചകനെ എങ്ങനെ തിരിച്ചറിയാം?

കാവ്യപ്രതിഭയുള്ള ഒരാളുടെ സംസാരം കേട്ടാൽ അതയാളുടെ ജൻമസിദ്ധമായ കഴിവാണെന്ന് മനസ്സിലാകും. എത്ര തന്നെ ശ്രമിച്ചാലും അയാളുടേത് പോലുള്ള കവിത രചിക്കാൻ മറ്റുള്ളവർക്കാവില്ല. അതുപോലെ പ്രസംഗം, എഴുത്ത്, ശാസ്ത്രീയ ഗവേഷണം തുടങ്ങിയ കാര്യങ്ങളിൽ ജൻമവാസനയുള്ളവരെയും അവരുടെ പ്രവൃത്തികളുടെ സവിശേഷതകളിൽനിന്ന് തിരിച്ചറിയാം. കാരണം, അവർ സ്വന്തം ജോലികളിൽ അനന്യസാധാരണമായ യോഗ്യത തെളിയിച്ചിരിക്കും. ഇതുപോലെയാണ് പ്രവാചകനും. അന്യർക്ക് ഊഹിക്കാൻപോലും കഴിയാത്ത കാര്യങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ നിഷ്പ്രയാസം തെളിയും. അന്യരുടെ ദൃഷ്ടിയിൽപ്പെടാത്ത സൂക്ഷ്മമായ സംഗതികളിൽ ദൃഷ്ടികൾ പതിയും. അദ്ദേഹം പറയുന്ന കാര്യങ്ങൾ നമ്മുടെ ബുദ്ധി അംഗീകരിക്കും. എന്നല്ല, അതാണ് ശരിയെന്ന് ബുദ്ധി സാക്ഷ്യപ്പെടുത്തും. അദ്ദേഹത്തിന്റെ ഓരോ വാക്കിന്റെയും സത്യാവസ്ഥ ദൈനംദിനാനുഭവങ്ങളും പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളും വഴി തെളിഞ്ഞുകൊണ്ടേയിരിക്കും. എന്നാൽ, എത്ര ശ്രമിച്ചാലും അത്തരം ഒരു വാക്കുപോലും നമുക്ക് പറയാനാവില്ല. അദ്ദേഹത്തിന്റെ പ്രകൃതി പരിശുദ്ധമായിരിക്കും. തൻമൂലം സകല ഏർപ്പാടുകളിലും ഋജുവും ശ്രേഷ്ഠവും സംശയരഹിതവുമായ മാർഗങ്ങളേ കൈക്കൊള്ളൂ. ചീത്ത വാക്കോ ദുഷ്പ്രവൃത്തിയോ അദ്ദേഹ

ത്തിൽനിന്നൊരിക്കലും പുറത്തുവരില്ല. സത്യവും സൽക്കർമങ്ങളും മറ്റുള്ള വരോടുപദേശിക്കുന്നതോടൊപ്പം സ്വയം പ്രാവർത്തികമാക്കുകയും ചെയ്യും. വാക്കിനെതിരായി പ്രവർത്തിച്ചതിന് ഉദാഹരണങ്ങൾ കാണില്ല, അദ്ദേഹ ത്തിന്റെ ജീവിതത്തിൽ; വാക്കിലോ പ്രവൃത്തിയിലോ സ്വാർഥതയുടെ നിഴ ലാട്ടംപോലും ദൃശ്യമാവില്ല. അന്യജീവനുതകാൻ സ്വജീവിതത്തിലദ്ദേഹം കഷ്ടനഷ്ടങ്ങൾ സഹിക്കും. മാത്രമല്ല, സ്വന്തം ഗുണത്തിനായി അന്യർക്ക് ഹാനിവരുത്തുകയുമില്ല. സത്യസന്ധത, ശ്രേഷ്ഠചിന്ത, സൻമാർഗനിഷ്ഠ, പരിശുദ്ധി തുടങ്ങിയ ഉത്കൃഷ്ടഗുണങ്ങൾക്ക് മാതൃകയായിരിക്കുമദ്ദേഹം. എത്ര തന്നെ പരിശോധിച്ചാലും അദ്ദേഹത്തിന്റെ ജീവിതത്തിലൊരു ന്യൂനത കണ്ടുപിടിക്കുക അസാധ്യമായിരിക്കും. പ്രവാചകനെ തിരിച്ചറിയാൻ സഹാ യിക്കുന്ന സംഗതികളാണിവ.

## പ്രവാചകനെ അനുസരിക്കൽ

ഒരു വ്യക്തി പ്രവാചകനാണെന്ന് ബോധ്യമായിക്കഴിഞ്ഞാൽ അദ്ദേഹ ത്തിന്റെ വാക്കുകൾ സ്വീകരിക്കുകയും പ്രവൃത്തികളെ അവലംബിക്കുകയും ചെയ്യേണ്ടതാവശ്യമാണ്. ഒരു വ്യക്തി ദൈവത്തിന്റെ പ്രവാചകനാണെന്ന് സമ്മതിക്കുകയും അതേസമയം അയാളുടെ വാക്കും പ്രവൃത്തിയും തിര സ്കരിക്കുകയും ചെയ്യുക എന്നത് യുക്തിവിരുദ്ധമത്രേ. കാരണം, ഒരാൾ പ്രവാചകനാണ് എന്ന് സമ്മതിക്കുന്നതിന്റെ അർഥം അയാളുടെ പ്രസ്താ വനകൾ ദൈവത്തിങ്കൽനിന്ന് ലഭിച്ചതും പ്രവൃത്തികൾ ദൈവാഭീഷ്ടമനു സരിച്ചുള്ളതുമാണെന്ന് നാം സമ്മതിക്കുന്നു എന്നാണ്. അതിൽപ്പിന്നെ, അദ്ദേ ഹത്തിനെതിരിൽ നാം പറയുന്നതും പ്രവർത്തിക്കുന്നതും യഥാർഥത്തിൽ ദൈവവിരുദ്ധമായി ഭവിക്കും. ദൈവവിരുദ്ധമായതൊന്നും സത്യമായിരിക്കില്ല. അതിനാൽ, ഒരു വ്യക്തിയെ പ്രവാചകനായി സമ്മതിച്ചു കഴിഞ്ഞാൽ പിന്നെ, അദ്ദേഹത്തിന്റെ വാക്കുകൾ അക്ഷരംപ്രതി സ്വീകരിക്കാനും ആജ്ഞകൾ ശിരസാവഹിക്കാനും നാം നിർബന്ധിതരാണ് -അവയിലടങ്ങിയ തത്ത്വങ്ങളും യുക്തികളും ഫലങ്ങളും നമുക്ക് മനസ്സിലായാലും ഇല്ലെങ്കിലും. ഒരു കാര്യം പ്രവാചകന്റേതാണ് എന്നതു തന്നെ അത് സത്യമാണെന്നതിന് തെളിവാണ്. സകല യുക്തികളും നൻമകളും അതിലന്തർഭവിച്ചിരിക്കുമെന്ന് കരുതാനും അതു തന്നെ മതി. ഒരു കാര്യത്തിന്റെ യുക്തിയോ ഫലമോ നമുക്കറിയാനാ വുന്നില്ല എന്നതിന്റെ അർഥം അത് മുഴുക്കെ ദോഷമാണ് എന്നല്ല. അത് മനസ്സിലാക്കുന്നതിൽ നമുക്ക് പിഴവ് പറ്റിയിട്ടുണ്ട് എന്ന് മാത്രമാണ്. ഒരു വിഷയത്തിൽ പൂർണവൈദഗ്ധ്യം ഇല്ലാത്ത ഒരാൾക്ക് അതിലെ അതിസൂ ക്ഷ്മമായ സംഗതികൾ ഗ്രഹിക്കാൻ കഴിഞ്ഞുകൊള്ളണമെന്നില്ലല്ലോ. എന്നാൽ, ആ വിഷയത്തിൽ പൂർണ വിദഗ്ധനായ ഒരാൾ പറയുന്നത്, തനി ക്കതിലുള്ള യുക്തി പിടികിട്ടിയില്ല എന്ന ഏക കാരണത്താൽ തള്ളിക്കള യുന്നവർ എത്ര വലിയ വിഡ്ഢികളാണ്. ലോകത്തിലെ സകല ജോലിക്കും അതിൽ വിദഗ്ധരായവർ വേണം. ഒരു വിദഗ്ധനെ കണ്ടെത്തിയാൽ പിന്നെ അവനിൽ നാം പൂർണവിശ്വാസം അർപ്പിക്കുന്നു. അതിൽപ്പിന്നെ, മറ്റാരും

അവന്റെ പ്രവൃത്തികളിലിടപെടില്ല. കാരണം, എല്ലാവരും എല്ലാറ്റിലും ഒരു പോലെ വിദഗ്ധരായിരിക്കില്ലല്ലോ. അത്തരമൊരു വിദഗ്ധനെ കണ്ടെത്താനാണ് നാം സ്വന്തം ബുദ്ധിയും സാമർഥ്യവുമുപയോഗിക്കേണ്ടത്. കണ്ടെത്തിയ വ്യക്തി വിദഗ്ധനാണെന്ന് ബോധ്യം വന്നുകഴിഞ്ഞാൽ പിന്നെ അയാളിൽ പൂർണമായി വിശ്വാസമർപ്പിക്കണം. അതിനുശേഷം അവന്റെ പ്രവൃത്തികളിൽ കൈകടത്തുന്നതും ഓരോ കാര്യത്തിന്റെയും തത്ത്വവും യുക്തിയും പഠിപ്പിച്ചുതരാത്തപക്ഷം സ്വീകരിക്കുകയില്ലെന്ന് ശഠിക്കുന്നതും ബുദ്ധിയല്ല. ഒരു വക്കീലിന് കേസ് ഏൽപിച്ചുകൊടുത്ത ശേഷം അദ്ദേഹത്തോട് ഇത്തരം വാദങ്ങൾ ഉന്നയിച്ചാൽ അയാൾ നിങ്ങളെ പിടിച്ച് പുറത്താക്കും. ഒരു ഡോക്ടറോട് ചികിത്സയുടെ യുക്തിയും തെളിവും ചോദിച്ചു തുടങ്ങിയാൽ അയാൾ നിങ്ങളുടെ ചികിത്സതന്നെ വേണ്ടെന്നു വെക്കും. ദൈവത്തെക്കുറിച്ച് യഥാർഥജ്ഞാനം കരസ്ഥമാക്കുകയാണ് നമ്മുടെ ആവശ്യം. ദൈവഹിതത്തിനൊത്ത് ജീവിക്കാൻ പറ്റിയ മാർഗമേതെന്നും അറിയണം. ഇത് സ്വയം അറിയാനുതകുന്ന ഉപകരണമൊന്നും നമ്മുടെ പക്കലില്ല. അതിനാൽ, നാം ദൈവത്തിന്റെ പ്രവാചകനെ കണ്ടെത്തേണ്ടിയിരിക്കുന്നു. ഈ അന്വേഷണത്തിൽ നമ്മുടെ മുഴുവൻ കഴിവും സാമർഥ്യവും വിനിയോഗിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ, വല്ല കപടനെയും പ്രവാചകനെന്ന് തെറ്റിദ്ധരിച്ചുപോകും. ആപത്കരമായ വഴിയിൽ ചെന്നുപെടുകയാവും അതിന്റെ ഫലം. എന്നാൽ, സമഗ്രമായ അന്വേഷണപഠനങ്ങൾക്കുശേഷം ഒരാൾ സത്യപ്രവാചകനാണെന്ന് ബോധ്യപ്പെട്ടുകഴിഞ്ഞാൽ, അദ്ദേഹത്തിൽ പൂർണമായി വിശ്വസിക്കുകയും അദ്ദേഹത്തിന്റെ കൽപനകൾ കണിശമായി അനുസരിക്കുകയും ചെയ്തേ പറ്റൂ.

## പ്രവാചകനിൽ വിശ്വസിക്കുന്നതെന്തിന്?

ഇസ്‌ലാമിക ദർശനം ദൈവത്തിങ്കൽനിന്ന് ദൈവത്തിന്റെ പ്രവാചകൻമാർ മുഖേന ലഭിച്ചതാണ്. ഇത് ഗ്രഹിച്ചാൽ പിന്നെ, പ്രവാചകനിൽ വിശ്വസിക്കുകയും അദ്ദേഹത്തെ അനുസരിക്കുകയും അനുഗമിക്കുകയും ചെയ്യേണ്ടത് എല്ലാ മനുഷ്യരുടെയും ബാധ്യതയായിത്തീരുന്നു. പ്രവാചകന്റെ മാർഗം വിട്ട് സ്വബുദ്ധിയെ അവലംബമാക്കി മറ്റു വല്ല മാർഗവും നിർമിക്കുന്നവൻ വഴിപിഴച്ചവനാണെന്ന കാര്യത്തിൽ സംശയമേതുമില്ല.

ഈ വിഷയത്തിൽ ജനങ്ങൾ രസാവഹമായ പല അബദ്ധങ്ങളും ചെയ്യുന്നുണ്ട്. ചിലർ പ്രവാചകന്റെ സത്യസന്ധത സമ്മതിക്കുന്നു. പക്ഷേ, അദ്ദേഹത്തെ വിശ്വസിക്കുകയോ അനുഗമിക്കുകയോ ചെയ്യുന്നില്ല. ഇവർ നിഷേധികൾ മാത്രമല്ല വിഡ്ഢികൾ കൂടിയാണ്. കാരണം, സത്യവാനെന്ന് സമ്മതിച്ചശേഷം പ്രവാചകനെ അനുഗമിക്കാതിരിക്കുന്നതിന്റെ അർഥം മനുഷ്യൻ മനഃപൂർവം വ്യാജം പിൻപറ്റുന്നുവെന്നാണ്. ഇതിൽപ്പരം വിഡ്ഢിത്തം മറ്റെന്തുണ്ട്?

ചിലർ പറയുന്നത്, തങ്ങൾക്ക് പ്രവാചകനെ അനുസരിക്കേണ്ടതില്ലെന്നും

സത്യമാർഗം തങ്ങൾക്ക് സ്വയം കണ്ടുപിടിക്കാൻ കഴിയുമെന്നുമാണ്. ഈ വാദവും തെറ്റാണ്. നിങ്ങൾ ഗണിതശാസ്ത്രം പഠിച്ചിരിക്കുമല്ലോ. രണ്ടു ബിന്ദുക്കൾക്കിടയിൽ നേർരേഖ ഒന്നുമാത്രമേ ഉണ്ടാകൂ. മറ്റു രേഖകൾ ഒന്നുകിൽ വളഞ്ഞതോ അല്ലെങ്കിൽ ബിന്ദുക്കളെ പരസ്പരം ബന്ധിപ്പിക്കാത്തതോ ആയിരിക്കും. സത്യമാർഗത്തിന്റെ സ്ഥിതിയും ഇതുതന്നെ. ഇസ്‌ലാമിന്റെ ഭാഷയിൽ അതിനെ 'സ്വിറാത്വുൽ മുസ്തഖീം' എന്നു വിളിക്കുന്നു. അത് മനുഷ്യനിൽ നിന്നാരംഭിച്ച് ദൈവത്തിലവസാനിക്കുന്നു. ശാസ്ത്രപ്രകാരം മനുഷ്യന് ദൈവത്തിലേക്കുള്ള മാർഗവും ഒന്നുമാത്രമേ ഉണ്ടാകൂ. അതൊഴിച്ചുള്ളവ വളവുള്ളതോ ദൈവസന്നിധിവരെ എത്താത്തതോ ആയിരിക്കും. ആ നേർമാർഗമാണ് പ്രവാചകൻമാർ കാണിച്ചുതന്നത്. അതിനാൽ, പ്രവാചകൻ കാണിച്ചുതന്ന മാർഗം വിട്ട് മറ്റു മാർഗങ്ങൾ തേടുന്നവർ ഒന്നുകിൽ ദൈവസന്നിധിയിലെത്തുകയില്ല, അല്ലെങ്കിൽ വളഞ്ഞ വഴിക്കേ എത്തൂ. ദൈവസന്നിധിയിലെത്താതിരുന്നാൽ അവൻ നശിച്ചതുതന്നെ. വളഞ്ഞ വഴിക്ക് വരുന്നവരാകട്ടെ തനി വിഡ്ഢികളും. വിശേഷ ബുദ്ധിയില്ലാത്ത മൃഗങ്ങൾപോലും ഒരിടത്തുനിന്ന് മറ്റൊരിടത്തെത്താൻ നേർവഴിയേ തെരഞ്ഞെടുക്കൂ. വളഞ്ഞ വഴിക്ക് അവ പോവില്ല. ആ നിലക്ക് ദൈവത്തിന്റെ ഒരുത്തമ ദാസൻ, നേർമാർഗം കാണിച്ചുകൊടുക്കുമ്പോൾ "നീ കാണിച്ചുതരുന്ന മാർഗത്തിലൂടെ ഞാനില്ല; വളഞ്ഞ മാർഗത്തിൽത്തന്നെ തെണ്ടിത്തിരിഞ്ഞ് ഞാൻ സ്വയം ലക്ഷ്യത്തിലെത്തിക്കൊള്ളാം" എന്നു പറയുന്നുവെങ്കിൽ അയാളെപ്പറ്റി നിങ്ങൾക്കെന്ത് തോന്നുന്നു?

അൽപം കൂടി ആഴത്തിൽ ചിന്തിക്കുന്ന പക്ഷം, പ്രവാചകമാർഗം നിരസിക്കുന്നവർക്ക് ദൈവത്തിലേക്കെത്താൻ ഒരു മാർഗവും - വളഞ്ഞതോ നേർക്കുള്ളതോ - ലഭിക്കില്ലെന്ന് ബോധ്യമാവും. കാരണം, സത്യസന്ധനും നിസ്വാർഥിയുമായ ഒരാളെ നിരസിക്കുന്നവന് എന്തോ കുഴപ്പമുണ്ട് എന്നാണർഥം. സത്യത്തിന് നേരെ കണ്ണടക്കാൻ പ്രേരിപ്പിക്കുന്ന എന്തോ ഒന്ന്. അത് അവന്റെ ചിന്താശക്തിയുടെ അപൂർണതയാവാം; അഹങ്കാരമാവാം; സത്യവും നൻമയും സ്വീകരിക്കാൻ തയ്യാറില്ലാത്തവിധം ദുഷിച്ചുപോയ പ്രകൃതമാവാം; പൂർവികരിലുള്ള അന്ധമായ വിശ്വാസമാകാം; പൂർവികാചാരങ്ങൾക്ക് പകരം മറ്റൊന്നും സ്വീകരിക്കാൻ തയ്യാറില്ലാത്തതാവാം. ഇതൊന്നുമല്ലെങ്കിൽ അവൻ ദേഹേച്ഛകളുടെ അടിമയായതുകൊണ്ടാവാം. പ്രവാചകനെ അംഗീകരിച്ചുകഴിഞ്ഞാൽ പിന്നെ പാപങ്ങളും ദുർവൃത്തികളും ചെയ്യാനുള്ള സ്വാതന്ത്ര്യം നഷ്ടപ്പെട്ടുപോകുമെന്ന് അവൻ ഭയപ്പെടുന്നുണ്ടാവണം. ഈ കുഴപ്പങ്ങളിലൊന്നെങ്കിലുമുള്ള വ്യക്തിക്ക് ഒരിക്കലും ദൈവിക മാർഗദർശനം ലഭിക്കില്ല. ഇപ്പറഞ്ഞതൊന്നും ഇല്ലാത്ത, സത്യസന്ധനും നിഷ്പക്ഷനുമായ ഒരു സത്യാന്വേഷി പ്രവാചകന്റെ ശിക്ഷണങ്ങൾ നിരസിക്കുക എന്നത് തീർത്തും അസംഭവ്യമത്രേ.

പ്രശ്നത്തിന് ഗൗരവാവഹമായ മറ്റൊരു വശമുണ്ട്. സത്യപ്രവാചകൻ ദൈവനിയുക്തനാണ്. പ്രവാചകനെ വിശ്വസിക്കുകയും അനുസരിക്കുകയും

വേണമെന്നത് ദൈവശാസനയാണ്. അപ്പോൾ പ്രവാചകനിരാസം ദൈവ ധിക്കാരമാണ്. ഒരു രാജ്യത്തിലെ പൗരൻമാർ ഭരണകൂടം നിശ്ചയിക്കുന്ന ഉദ്യോഗസ്ഥനെ അനുസരിക്കാൻ ബാധ്യസ്ഥരാണ്. ഉദ്യോഗസ്ഥനെ ധിക്ക രിക്കുന്നതിന്റെ അർഥം ഭരണകൂടത്തെ ധിക്കരിക്കുക എന്നാണ്. ഭരണകൂ ടത്തെ അംഗീകരിക്കുകയും അത് നിയമിക്കുന്ന ഉദ്യോഗസ്ഥനെ നിരാകരി ക്കുകയും ചെയ്യുക എന്നത് പരസ്പരവിരുദ്ധമാണ്. അതുപോലെ ദൈവം മുഴുവൻ മനുഷ്യരുടെയും രാജാവാണ്. അതിനാൽ, മനുഷ്യരുടെ മാർഗദർശ നത്തിനായി രാജാവ് നിയമിച്ച വ്യക്തിയെ അംഗീകരിക്കുകയും അനുഗമി ക്കുകയും ചെയ്യേണ്ടത് സർവമനുഷ്യരുടെയും ബാധ്യതയാണ്. പ്രവാചകനെ തിരസ്കരിക്കുന്നവർ ദൈവത്തിൽ വിശ്വസിച്ചാലും 'കാഫിർ' തന്നെ.

## പ്രവാചകത്വം -സംക്ഷിപ്ത ചരിത്രം

പ്രവാചകത്വ പരമ്പര എങ്ങനെ ആരംഭിച്ചു? ക്രമപ്രവൃദ്ധമായി അതെ ങ്ങനെ അന്ത്യപ്രവാചകനിലെത്തി? ഇതാണ് ഇനിയത്തെ ചർച്ച.

ദൈവം ആദ്യമായി ഒരു മനുഷ്യനെ സൃഷ്ടിച്ചു. അവനിൽനിന്നുതന്നെ അവന്റെ ഇണയെയും. അവരിൽനിന്നാണ് മനുഷ്യവംശം ഭൂമുഖത്താകെ വ്യാപിച്ചത്. ഈ ലോകത്ത് ജാതരായ മനുഷ്യരെല്ലാം പ്രസ്തുത ദമ്പതിമാ രുടെ സന്താനങ്ങളാണ്.[1] മനുഷ്യസമുദായത്തിന്റെ ആരംഭം ഒരു മനുഷ്യ നിൽനിന്നാണെന്ന് സകല സമുദായങ്ങളുടെയും മതപരവും ചരിത്രപരവു മായ ഇതിഹാസങ്ങൾ ഐകകണ്ഠ്യേന സമ്മതിക്കുന്നു. ഭൂഗോളത്തിന്റെ വിവിധ ഭാഗങ്ങളിൽ, ഒരേസമയം, വെവ്വേറെ മനുഷ്യർ ഉണ്ടായിത്തീർന്ന തായി ശാസ്ത്രഗവേഷണങ്ങളും തെളിയിച്ചിട്ടില്ല. എന്നല്ല, ഭൂമിയുടെ നാനാ ഭാഗങ്ങളിൽ കാണപ്പെടുന്ന മനുഷ്യരെല്ലാം ഒരേ മനുഷ്യനിൽനിന്ന് ഉദ്ഭവി ച്ചതായിരിക്കാം എന്നാണ് ശാസ്ത്രജ്ഞരിൽ ഏറിയപങ്കും അഭിപ്രായപ്പെ ടുന്നത്.

ആ പ്രഥമ മനുഷ്യന്റെ പേർ ആദം എന്നായിരുന്നു. അദ്ദേഹത്തെ ദൈവം പ്രഥമ പ്രവാചകൻ കൂടിയായി നിശ്ചയിച്ചു. തന്റെ സന്താനങ്ങൾക്ക് ഇസ്‌ലാം പഠിപ്പിച്ചുകൊടുക്കാൻ അദ്ദേഹത്തോട് ആജ്ഞാപിക്കുകയും ചെയ്തു. "നിങ്ങളുടെ ദൈവം ഏകനാണ്; സമസ്തലോകത്തിന്റെയും ദൈവം; അവനെ മാത്രം ആരാധിക്കുക; അവന്റെ മാത്രം ദാസൻമാരാവുക; അവനോട് മാത്രം സഹായമർഥിക്കുക; അവന്റെ ഹിതത്തിനൊത്ത് മാത്രം ജീവിക്കുക; നീതിയും സത്യവും പാലിക്കുക -എന്നാൽ നിങ്ങൾക്ക് മഹത്തായ പ്രതി ഫലം ലഭിക്കും. ഇനി, ദൈവധിക്കാരികളായി പിന്തിരിയുകയാണെങ്കിലോ, അവന്റെ കഠിനശിക്ഷക്ക് നിങ്ങൾ പാത്രമാവുകയും ചെയ്യും"- ഈ സന്ദേശം സ്വന്തം സന്താനങ്ങൾക്ക് നൽകാനാണ് ദൈവം ആദമിനോട് കൽപിച്ചത്.

ആദമിന്റെ സന്താനങ്ങളിലെ സജ്ജനങ്ങൾ പിതാവ് നിർദേശിച്ചുകൊ ടുത്ത സൻമാർഗത്തിലൂടെ ചരിച്ചുപോന്നു. ദുഷ്ടജനങ്ങൾ അത് കൈവിട്ടു കളഞ്ഞു. അവർ തന്നിഷ്ടപ്രകാരം ജീവിച്ചു തുടങ്ങി. കാലാന്തരേണ

പലവിധത്തിലുള്ള ദുരാചാരങ്ങളും അവരിലുദ്ഭവിച്ചു. ചിലർ സൂര്യ-ചന്ദ്ര-നക്ഷത്രങ്ങളെയും മറ്റു ചിലർ മരങ്ങൾ, മൃഗങ്ങൾ, നദികൾ എന്നിവയെയും പൂജിച്ചുതുടങ്ങി. വായു, വെള്ളം, അഗ്നി, രോഗം, ആരോഗ്യം തുടങ്ങിയവയും ആരാധനാപാത്രങ്ങളായി. പ്രകൃതിയിലെ ഓരോ തരം അനുഗ്രഹങ്ങൾക്കും പ്രത്യേകം പ്രത്യേകം ദൈവങ്ങളായി. സകല ദൈവങ്ങളുടെയും പ്രീതി സമ്പാദിക്കാനായി എല്ലാറ്റിനെയും പൂജിച്ചു. ഇങ്ങനെ, ബഹുദൈവാരാധനയുടെയും ബിംബാരാധനയുടെയും നിരവധി രൂപങ്ങൾ ഉദ്ഭവിച്ചു. നിരവധി മതങ്ങൾ രൂപംകൊണ്ടു എന്നതായിരുന്നു ഫലം.

ആദം സന്തതികൾ ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ വ്യാപിക്കുകയും വിവിധ സമുദായങ്ങളും രാഷ്ട്രങ്ങളുമായി രൂപാന്തരപ്പെടുകയും ചെയ്ത കാലഘട്ടമായിരുന്നു അത്. ഓരോ സമുദായവും ഓരോ പ്രത്യേക മതം നിർമിച്ചു. ഓരോ സമുദായത്തിന്റെയും ആചാര സമ്പ്രദായങ്ങളും വിഭിന്നമായിരുന്നു. ഏകനായ ദൈവത്തെ അവർ മറന്നു; ഒപ്പം ആദം പഠിപ്പിച്ച കാര്യങ്ങളും. ജീവിതം ഓരോരുത്തരുടെയും ഇഷ്ടാനുസാരമായി. നാനാതരം ദുർവൃത്തികളും ദുരാചാരങ്ങളും അവരിൽ വളർന്നുവന്നു. അന്ധവിശ്വാസങ്ങളും ഊഹാപോഹങ്ങളും അരങ്ങു തകർത്തു. നൻമ-തിൻമകളെ വേർതിരിക്കുന്നതിൽ പിണഞ്ഞ അബദ്ധങ്ങൾ മൂലം ധർമം അധർമമായും മറിച്ചും അവർ തെറ്റിദ്ധരിച്ചു.[2]

ഈ പരിതഃസ്ഥിതിയിൽ, ദൈവം, ഓരോ സമുദായത്തിലേക്കും ഇസ്‌ലാമിക പ്രബോധനാർഥം പ്രവാചകൻമാരെ അയക്കാൻ തുടങ്ങി. തങ്ങളുടെ സമുദായം വിസ്മരിച്ചുകളഞ്ഞ കാര്യങ്ങൾ പ്രവാചകൻമാർ അവരെ അനുസ്മരിപ്പിച്ചു. ഏകദൈവത്തെ മാത്രം ആരാധിക്കാൻ അവർ ജനങ്ങളെ ഉദ്ബോധിപ്പിച്ചു. ബഹുദൈവവിശ്വാസത്തിൽനിന്നും ബിംബാരാധനയിൽനിന്നും ജനങ്ങളെ പിന്തിരിപ്പിച്ചു. മൂഢമായ ആചാര സമ്പ്രദായങ്ങൾക്കറുതി വരുത്തി. ദൈവഹിതത്തിനൊത്ത് ജീവിതം നയിക്കാനുള്ള ഉത്തമമാർഗം കാണിച്ചുകൊടുത്തു. ശരിയായ നിയമങ്ങൾ നൽകുകയും അവ അനുസരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ഇന്ത്യ, ചൈന, ഇറാൻ, ഇറാഖ്, ഈജിപ്ത്, ആഫ്രിക്ക, യൂറോപ്പ് തുടങ്ങി ഭൂഗോളത്തിന്റെ നാനാദിക്കിലും ഇങ്ങനെ പ്രവാചകൻമാർ നിയുക്തരായിരുന്നു. അവരുടെയെല്ലാം മതം ഒന്നായിരുന്നു. നമ്മുടെ ഭാഷയിൽ 'ഇസ്‌ലാം' എന്ന് വിളിക്കുന്ന അതേ മതം.[3]

എന്നാൽ, പ്രവാചകൻമാരുടെ ശിക്ഷണരീതികളും നിയമവ്യവസ്ഥകളും, തമ്മിൽ തമ്മിൽ അൽപാൽപം വ്യത്യാസമുണ്ടായിരുന്നു. ഓരോ ജനതയുടെയും സാംസ്കാരികവും നാഗരികവുമായ നിലവാരം കണക്കിലെടുത്താണ് പ്രവാചകൻമാർ പ്രവർത്തിച്ചത്. സാംസ്കാരിക- നാഗരിക-ബൗദ്ധിക രംഗങ്ങളിൽ മനുഷ്യർ പ്രഥമ പടിയിലായിരുന്നപ്പോൾ അവർക്ക് ലഘുവായ ശിക്ഷണ-നിർദേശങ്ങൾ മതിയായിരുന്നു. എന്നാൽ, പുരോഗതി പ്രാപിച്ചു വരുംതോറും ശിക്ഷണങ്ങളും ആചാരമുറകളും വിപുലപ്പെടുത്തിക്കൊണ്ടിരുന്നു. ഈ വ്യത്യാസങ്ങൾ പക്ഷേ, ബാഹ്യതലത്തിൽ മാത്രമായിരുന്നു.

ആത്മാവ് എപ്പോഴും, എല്ലായിടത്തും ഒന്നുതന്നെ- ഏകദൈവ സിദ്ധാന്തം, സത്യസന്ധത, ആത്മാർഥത, പാരത്രികവിശ്വാസം തുടങ്ങിയവ. ഈ മൗലിക കാര്യങ്ങൾ എല്ലാ പ്രവാചകൻമാരുടെയും ശിക്ഷണങ്ങളുടെ ജീവനായിരുന്നു.

പ്രവാചകൻമാരോടുള്ള ജനങ്ങളുടെ പെരുമാറ്റം അതിവിചിത്രമായിരുന്നു. ജനങ്ങളവരെ പലവിധത്തിൽ ഉപദ്രവിച്ചു. അവരുടെ സന്ദേശം നിഷേധിച്ചു. ചിലരെ കൊന്നു. ചിലരെ നാട്ടിൽനിന്നാട്ടിയോടിച്ചു. ആയുഷ്കാലമത്രയും പ്രബോധനം ചെയ്തിട്ടും ചിലർക്ക് അഞ്ചോ പത്തോ അനുയായികളിലേറെ ലഭിച്ചില്ല. എന്നാൽ, ഇത്തരം പ്രതിബന്ധങ്ങൾ അവർക്ക് വിലങ്ങായില്ല. സ്വന്തം ജോലി അവർ മുടങ്ങാതെ തുടർന്നു. ഒടുവിൽ അവരുടെ പ്രയത്നങ്ങൾ ഫലം കണ്ടു തുടങ്ങി. വൻസമുദായങ്ങളും പ്രബല രാഷ്ട്രങ്ങളും അവരുടെ അനുയായികളായി. അതിൽപ്പിന്നെ, പൈശാചിക ശക്തികൾ മറ്റു വഴികളന്വേഷിച്ചു. പ്രവാചകൻമാരുടെ കാലശേഷം, അവരുടെ അധ്യാപനങ്ങളെ അനുയായികൾ രൂപഭേദം വരുത്തി. ദൈവികഗ്രന്ഥങ്ങളിൽ സ്വന്തം ആശയങ്ങൾ കുത്തിത്തിരുകി. ആരാധനക്ക് നവീനരൂപങ്ങളാവിഷ്കരിച്ചു. ചിലർ പ്രവാചകൻമാരെത്തന്നെ പൂജിച്ചു തുടങ്ങി. മറ്റു ചിലർ പ്രവാചകൻ ദൈവാവതാരമാണെന്ന് വാദിച്ചു. ദൈവപുത്രനായിക്കരുതിയവർ വേറെ. പ്രവാചകൻ ദൈവാധികാരത്തിൽ പങ്കുപറ്റുന്നുവെന്ന് മറ്റു ചിലർ. ചുരുക്കത്തിൽ, ആയുഷ്കാലമത്രയും വിഗ്രഹപൂജക്കെതിരെ പൊരുതിയവരെത്തന്നെ ജനങ്ങൾ വിഗ്രഹങ്ങളാക്കി. എന്തൊരു വിരോധാഭാസം! പ്രവാചകൻമാർ നൽകിപ്പോയ കർമപദ്ധതിയും അവർ ദുഷിപ്പിച്ചു കളഞ്ഞു. പലതരം മൂഢാചാരങ്ങളും ദുർനടപടികളും അതിലവർ കടത്തിക്കൂട്ടി; കെട്ടുകഥകളും വ്യാജേതിഹാസങ്ങളും കലർത്തിക്കൂട്ടി; മനുഷ്യനിർമിത നിയമങ്ങൾ കൂട്ടിച്ചേർത്തു. ഫലമോ, ഏതാനും നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ പ്രവാചകന്റെ സാക്ഷാൽ അധ്യാപനങ്ങൾ തിരിച്ചറിയാൻ കഴിയാത്തവിധം വ്യാജവുമായി കലർന്നുപോയി. സത്യമറിയാൻ ഒരു മാർഗവുമില്ലാതായിത്തീർന്നു.[4] സ്വീകാര്യമായി ഒന്നും ശേഷിക്കാത്ത വിധം പ്രവാചകൻമാരുടെ ജീവിതകഥകൾപോലും ഇതിഹാസങ്ങളുടെ ഭാവനയിലലിഞ്ഞുചേർന്നു. എങ്കിലും പ്രവാചകയത്നങ്ങൾ തീർത്തും നിഷ്ഫലമായിപ്പോയില്ല. പല രൂപത്തിൽ മലിനമായിട്ടും സത്യം ചെറിയ തോതിലെങ്കിലും ജനസമൂഹങ്ങളിലവശേഷിച്ചു. ദൈവത്തെയും മരണാനന്തരജീവിതത്തെയും കുറിച്ച ബോധം രൂപഭേദങ്ങളോടെയാണെങ്കിലും എല്ലാ സമുദായങ്ങളിലും നിലനിന്നു. നൻമ, സത്യം, സദാചാരം, സൽസ്വഭാവം എന്നീ സദ്ഗുണങ്ങൾ ലോകം പൊതുവേ അംഗീകരിച്ചു. ദേശ-വർഗ-ഭാഷാഭേദങ്ങൾക്കതീതമായി മനുഷ്യവംശത്തിന് പൊതുവേ സ്വീകാര്യമായ ഒരു മതത്തിന്റെ പ്രചാരണം സാധ്യമാകത്തക്ക വിധം പ്രവാചകൻമാർ സ്വസമുദായത്തെ പ്രത്യേകം സജ്ജമാക്കി.

ആരംഭത്തിൽ ഓരോ സമുദായത്തിലും പ്രത്യേകം പ്രത്യേകം പ്രവാചകൻമാർ വന്നുകൊണ്ടിരുന്നുവെന്ന് മുമ്പ് പറഞ്ഞുവല്ലോ. അവരിലോരോരുത്തരുടെയും ശിക്ഷണങ്ങൾ അവരവരുടെ സമുദായത്തിൽ പരിമിത

മായിരുന്നു. കാരണം, അന്ന് സമൂഹങ്ങൾ ഒറ്റപ്പെട്ടാണ് ജീവിച്ചിരുന്നത്. ഇന്നു കാണുന്ന അടുപ്പവും ബന്ധവും അന്നുണ്ടായിരുന്നില്ല. ഓരോ സമുദായവും സ്വന്തം ദേശപരിധിക്കുള്ളിൽ ബന്ധിതരായിരുന്നു. തൻമൂലം എല്ലാവർക്കും ബാധകമാകുന്ന ഒരു മതം എല്ലാ സമൂഹങ്ങളിലും പ്രചരിപ്പിക്കുക എളുപ്പ മായിരുന്നില്ല. കൂടാതെ, സമുദായങ്ങളുടെ അവസ്ഥകൾ ഒന്നിനൊന്ന് വ്യത്യ സ്തമായിരുന്നു. ജനങ്ങളിൽ പ്രകടമായ ദൂഷ്യങ്ങളാകട്ടെ ഭിന്നസ്വഭാവത്തി ലുള്ളതും. അജ്ഞതയാണെങ്കിലോ, വ്യാപകവും. അതിനാൽ, പ്രവാച കൻമാർ ഓരോ സമുദായത്തിനും പ്രത്യേകം പ്രത്യേകമായി ശിക്ഷണങ്ങൾ നൽകി. പ്രവാചകൻമാരുടെ ജോലി ദുഷ്കരമായിരുന്നു. തെറ്റായ വിശ്വാസ ങ്ങൾക്കു പകരം പുതിയവ പഠിപ്പിക്കണം; പ്രാകൃതനിയമങ്ങളുടെ സ്ഥാനത്ത് ഉത്കൃഷ്ടമായവ സ്ഥാപിക്കണം; കൊച്ചു കുട്ടികളെന്നപോലെ ജനങ്ങളെ പടിപടിയായി സംസ്കരിച്ചു വളർത്തണം. ഇവ്വിധം ജനങ്ങളെ സംസ്കരി ക്കാൻ എത്ര സഹസ്രാബ്ദങ്ങൾ വിനിയോഗിക്കേണ്ടി വന്നു എന്ന് ദൈവ ത്തിനേ അറിയൂ! എങ്കിലും മനുഷ്യസമൂഹം ക്രമപ്രവൃദ്ധമായി നാഗരിക പുരോഗതി കൈവരിച്ചു. അത് ശൈശവം വിട്ട് യൗവനത്തിലേക്ക് കടന്നു; വ്യവസായ- വ്യാപാര- തൊഴിൽ രംഗങ്ങളിലുണ്ടായ പുരോഗതിയോടൊപ്പം സമൂഹങ്ങൾ തമ്മിൽ കൂടുതൽ അടുത്ത് ബന്ധപ്പെട്ടു തുടങ്ങി. കടൽ വഴിയും കരവഴിയും വൻകരകൾ തമ്മിൽ ഗതാഗത ബന്ധങ്ങൾ സ്ഥാപിതമായി. മിക്ക സമൂഹങ്ങളിലും കൈയെഴുത്ത് പ്രചരിച്ചു. അത് വിജ്ഞാന-കലാ-ശാസ്ത്ര ങ്ങളുടെ പ്രചാരണത്തിന് വഴിവച്ചു. അതോടെ സമൂഹങ്ങൾ തമ്മിൽ ആശയ വിനിമയം ആരംഭിക്കുകയും ചെയ്തു. വൻ സാമ്രാജ്യങ്ങൾ സ്ഥാപിക്കപ്പെ ട്ടതോടെ വിവിധ പ്രദേശങ്ങളും സമുദായങ്ങളും ഒരേ രാഷ്ട്രീയവ്യവസ്ഥക്ക് കീഴിലായി. ഇങ്ങനെ ജനസമൂഹങ്ങൾക്കിടയിൽ മുമ്പുണ്ടായിരുന്ന അകൽച്ചയും അന്യത്വവും കുറഞ്ഞു. അങ്ങനെ മുഴുവൻ ലോകത്തിനുമായി ഒരേക ജീവിതവ്യവസ്ഥ നൽകാനുള്ള സാഹചര്യം സംജാതമാവുകയായി രുന്നു.

ഏകദേശം 2500 സംവത്സരങ്ങൾക്ക് മുമ്പുതന്നെ ഒരു പൊതു മതത്തെ സ്വയം സ്വീകരിക്കാൻ കഴിയുംവിധം മനുഷ്യന്റെ മനോഘടന വികാസം പ്രാപിച്ചു കഴിഞ്ഞിരുന്നു. ബുദ്ധമതം ഒരു ധാർമികസംഹിത മാത്രമായിരുന്നു. ഒരപൂർണ മതം. എന്നിട്ടുമത് ഇന്ത്യയുടെ അതിരുകൾ കടന്ന് ഒരു വശത്ത് ജപ്പാനിലും മങ്കോളിയയിലും മറുവശത്ത് അഫ്ഗാനിസ്താനിലും ബുഖാറ യിലും മറ്റും പ്രചരിച്ചു. അതിന്റെ പ്രചാരകൻമാർ വിദൂരദേശങ്ങളിലെത്തി ച്ചേർന്നു. അൽപ ശതകങ്ങൾക്കുശേഷം ക്രിസ്തുമതം പിറന്നു. ഈസ ഇസ്ലാമും കൊണ്ടാണ് വന്നിരുന്നത്. അദ്ദേഹത്തിനുശേഷം നിർമിക്കപ്പെ ട്ടതാണ് ക്രിസ്തുമതം. അതും ഒരപൂർണ മതമാണ്. ആ മതത്തെ ക്രിസ്ത്യാ നികൾ ലോകത്തിന്റെ പലഭാഗത്തും പ്രചരിപ്പിച്ചു. ഇതെല്ലാം തെളിയിക്കു ന്നത് മനുഷ്യസമൂഹം ഒരു ലോകമതത്തെ പ്രതീക്ഷിക്കുകയായിരുന്നു വെന്നാണ്. സത്യവും സമ്പൂർണവുമായ ഒരു മതം കിട്ടാതെ വന്നപ്പോൾ

കിട്ടിയതിനെ അവരെതിരേറ്റു- അവ അപക്വവും അപൂർണവും ആയിരുന്നിട്ടു കൂടി.

## മുഹമ്മദ്നബിയുടെ പ്രവാചകത്വം

ഈ ഘട്ടത്തിലാണ് അഖില ലോകത്തിനും മുഴുവൻ മനുഷ്യസമൂഹ ങ്ങൾക്കുമായി ഒരു പ്രവാചകൻ - മുഹമ്മദ്നബി അറേബ്യയിൽ നിയോഗി തനായത്. സമ്പൂർണമായ ഒരിസ്ലാം ദൈവം അദ്ദേഹത്തിന് നൽകി. അത് ലോകത്തുടനീളം പ്രചരിപ്പിക്കുക എന്ന മഹത്തായ ദൗത്യം അദ്ദേഹത്തെ ഏൽപിക്കുകയും ചെയ്തു. അറേബ്യയുടെ ഭൂമിശാസ്ത്രം പഠിച്ചുനോക്കൂ. സർവലോകത്തിനുമുള്ള ഒരു ദൗത്യത്തിന്റെ കേന്ദ്രമായിരിക്കാൻ അതിനെ ക്കാൾ അനുയോജ്യമായ മറ്റൊരു പ്രദേശവുമില്ലെന്ന് കാണാം. ഈ രാജ്യ ത്തിന്റെ കിടപ്പ് ഏഷ്യയുടെയും ആഫ്രിക്കയുടെയും മധ്യത്തിലാണ്. യൂറോപ്പും സമീപത്തുതന്നെയുണ്ട്. വിശിഷ്യാ, അക്കാലത്ത് നാഗരികപു രോഗതി കൈവരിച്ച യൂറോപ്യൻ സമൂഹങ്ങളിലധികവും നിവസിച്ചിരുന്നത് യൂറോപ്പിന്റെ തെക്കുഭാഗത്തായിരുന്നു. ആ ഭാഗം അറേബ്യയോട് അടു ത്താണ്. ഇന്ത്യയും അറേബ്യയും തമ്മിലുള്ള അതേ ദൂരത്തിൽ.

ഇനി, അറേബ്യയുടെ ചരിത്രം പരിശോധിച്ചുനോക്കുക. മുഹമ്മദ്നബി യുടെ പ്രവാചകത്വത്തിന് അറേബ്യൻജനതയോളം യോജിച്ച മറ്റൊരു ജന പദം അന്നുണ്ടായിരുന്നില്ലെന്ന് കാണാം. പേരുകേട്ട മറ്റു സമുദായങ്ങളെല്ലാം ശക്തി ക്ഷയിച്ച് ജീവച്ഛവങ്ങളായി തീർന്ന കാലം. അറബികളാവട്ടെ, നവ ചൈതന്യമാർജിച്ച ജീവൽസമുദായമായിരുന്നു. ഇതര സമുദായങ്ങളിലെ ധാർമികതത്ത്വങ്ങൾ, നാഗരിക പുരോഗതിയുടെ കുത്തൊഴുക്കിൽ ഒലിച്ചു പോയിരുന്നു. എന്നാൽ, അറബികളെ സുഖലോലുപരും അലസരും ഹീനരു മാക്കിത്തീർക്കുന്ന ഒരു നാഗരികതയും അന്ന് രൂപം പ്രാപിച്ചിരുന്നില്ല. നാഗ രിക പുരോഗതി കൈവരിച്ച സമൂഹങ്ങളിൽ അന്ന് കാണപ്പെട്ടിരുന്ന തിൻമ കളിൽനിന്ന് മുക്തരായിരുന്നു അവർ. മാനുഷിക ഗുണങ്ങൾ മിക്കതും അവ രിലുണ്ടായിരുന്നു. അവർ ധീരൻമാരും നിർഭീതരുമായിരുന്നു; ഉദാരരും കരാർ പാലിക്കുന്നവരുമായിരുന്നു; സ്വതന്ത്ര ചിന്താഗതിക്കാരായിരുന്നു; സ്വാതന്ത്ര്യ പ്രേമികളായിരുന്നു; ആരുടെയും അടിമകളായിരുന്നില്ല. മാനം കാക്കാൻ ജീവൻപോലും ബലിയർപ്പിക്കുമായിരുന്നു; ലളിതജീവിതമാണവർ നയിച്ചത്. ആഡംബരം അവർക്കിഷ്ടമായിരുന്നില്ല. എന്നാൽ, അവർക്ക് ചില ദുർഗു ണങ്ങളും ഉണ്ടായിരുന്നു എന്നതിൽ തർക്കമില്ല. എന്നാലത് തങ്ങളെ സംസ് കാരം പഠിപ്പിക്കുന്ന ഒരു പ്രവാചകനോ പരിഷ്കർത്താവോ 2500 വർഷ മായി ഉടലെടുക്കാത്തതിന്റെ ഫലമായിരുന്നു.[5] നൂറ്റാണ്ടുകളായി മരുഭൂമിയിൽ സ്വതന്ത്രജീവിതം നയിച്ചതിന്റെ ഫലമായി അജ്ഞത വ്യാപകമായിരുന്നു അവരിൽ. ഒരു സാധാരണ മനുഷ്യന് അവരെ സംസ്കരിച്ചെടുക്കാനാകുമാ യിരുന്നില്ല. എന്നിരുന്നാലും, ലോകത്ത് മഹത്തായ ഒരു വിപ്ലവം സൃഷ്ടി ക്കാനുള്ള കഴിവ് അവർക്കുണ്ടായിരുന്നു -അതിന് മഹാനായ ഒരു മനുഷ്യൻ

അവരെ സംസ്കരിച്ചെടുക്കണം; അയാളുടെ ഉന്നതമായ ആശയങ്ങൾ ഉത്കൃഷ്ടമായ ഒരു ലക്ഷ്യത്തിലേക്കവരെ നയിക്കണം.

ഇനി, അറബിഭാഷയുടെ കാര്യമെടുക്കുക. ഏറ്റവും ഉന്നതമായ ആശയങ്ങൾ പ്രകടിപ്പിക്കാനും ദൈവിക ജ്ഞാനത്തിലെ അതിസൂക്ഷ്മമായ സംഗതികൾ വിവരിക്കാനും അറബിയെക്കാളനുയോജ്യമായ മറ്റൊരു ഭാഷയില്ല. ജനമനസ്സുകളെ ഹഠാദാകർഷിക്കുന്ന ശൈലിയുമുണ്ടതിന്. ധാരാളം ആശയങ്ങളുൾക്കൊള്ളിക്കാൻ ഏതാനും പദങ്ങൾ മതി. അസ്ത്രം കണക്കെ ഹൃദയത്തിലേക്ക് തുളച്ചുകയറുന്ന ശക്തി ആ ഭാഷക്കുണ്ട്. കാതുകൾക്ക് ഇത്രയേറെ മധുരം പകരുന്ന ഭാഷയും വേറെയില്ല. അതിന്റെ രാഗത്തിലുൻമത്തനായി മനുഷ്യൻ സ്വയം മറന്ന് ആടിത്തുടങ്ങും. വിശുദ്ധ ഖുർആൻ പോലുള്ള ഒരു മഹദ്ഗ്രന്ഥത്തിന് ഇത്തരമൊരു ഭാഷ തന്നെയാണ് ആവശ്യം. ചുരുക്കത്തിൽ, മനുഷ്യരാശിക്കൊന്നായി ഒരു പ്രവാചകനെ നിയോഗിക്കാൻ അറേബ്യ തെരഞ്ഞെടുത്തത് ദൈവത്തിന്റെ മഹത്തായ യുക്തിയായിരുന്നു!

## മുഹമ്മദ്നബിയുടെ പ്രവാചകത്വം -തെളിവുകൾ

ആയിരത്തഞ്ഞൂറ് സംവത്സരങ്ങൾക്കപ്പുറത്തേക്കൊന്ന് തിരിഞ്ഞുനോക്കുക. അന്ന് ലോകത്ത് ടെലിഗ്രാഫും ടെലിഫോണുമില്ല. തീവണ്ടിയും മോട്ടോർകാറുമില്ല. പ്രസ്സില്ല, പത്രങ്ങളില്ല. പുസ്തകങ്ങളുമില്ല. ഇന്നുള്ള യാത്രാസൗകര്യങ്ങളില്ല. ഇക്കാരണങ്ങളാൽ, അറേബ്യ ഇതര നാടുകളിൽനിന്ന് ഒറ്റപ്പെട്ടു കിടന്ന ഒരു രാജ്യമായിരുന്നു. ചുറ്റുമുള്ള ഇറാൻ, റോം, ഈജിപ്ത് എന്നിവിടങ്ങളിൽ വിജ്ഞാന കലാശാസ്ത്രങ്ങൾ അൽപാൽപമായി പ്രചരിച്ചിരുന്നു. പക്ഷേ, കണ്ണെത്താത്ത മണൽക്കാടുകൾ അറേബ്യയെ ആ രാജ്യങ്ങളിൽനിന്നെല്ലാം വേർപെടുത്തി നിർത്തി. അറേബ്യൻ വ്യാപാരികൾ മാസങ്ങളോളം മരുഭൂമി താണ്ടി ആ രാജ്യങ്ങളിലെത്തിപ്പെട്ടിരുന്നു. പക്ഷേ, ആ ബന്ധം വ്യാപാരത്തിൽ മാത്രമൊതുങ്ങി. അറേബ്യയിലാകട്ടെ, നാഗരികത വികാസം പ്രാപിച്ചിരുന്നില്ല. അവിടെ പാഠശാലകളോ ഗ്രന്ഥാലയങ്ങളോ ഉണ്ടായിരുന്നില്ല. വിദ്യാഭ്യാസം പ്രചാരം നേടിയിരുന്നില്ല. എഴുതാനും വായിക്കാനുമറിയുന്നവർ വിരലിലെണ്ണാവുന്നവർ മാത്രം. അവർക്കാകട്ടെ, അക്കാലത്തെ വിജ്ഞാന കലാശാസ്ത്രങ്ങളിൽ പരിചയം ഉണ്ടായിരുന്നുമില്ല. വ്യവസ്ഥാപിത ഭരണമോ നിയമവ്യവസ്ഥയോ അവിടെ ഇല്ലായിരുന്നു. ഓരോ ഗോത്രവും സ്വന്തം നിലക്ക് സ്വാധികാരികൾ. കൊള്ളയും കവർച്ചയും സർവത്ര. കലഹവും കൊലയും സർവസാധാരണം. മനുഷ്യജീവന് വില നഷ്ടപ്പെട്ട കാലം. ശക്തർ അശക്തരെ കൊന്ന് കൊള്ളയടിച്ചു.[6] വ്യഭിചാരം, മദ്യപാനം, ചൂതുകളി എന്നിവ സാർവത്രികം. നഗ്നത പരസ്യമായി പ്രദർശിപ്പിക്കുന്നതിൽ ആർക്കും ഒരു സങ്കോചവുമുണ്ടായിരുന്നില്ല. സ്ത്രീകൾപോലും പരിശുദ്ധ കഅ്ബയെ നഗ്നരായി പ്രദക്ഷിണം ചെയ്തിരുന്നു. നിയമവിരുദ്ധം, നിയമവിധേയം എന്നിങ്ങനെയുള്ള വിവേചനം അവർക്കന്യമായിരുന്നു. ഒരു നിയന്ത്രണത്തിനും വിധേയരാകാൻ

അവർ തയ്യാറുണ്ടായിരുന്നില്ല. അത്ര ശക്തമായിരുന്നു അവരുടെ സ്വാതന്ത്ര്യ ബോധം. ഒരു വിധികർത്താവിനെയും അനുസരിക്കാൻ അവർ സന്നദ്ധരായില്ല. ശിലാ പ്രതിമകളായിരുന്നു അവരുടെ ദൈവങ്ങൾ. വഴിയിൽ കണ്ട ഭംഗിയും മിനുസവുമുള്ള ഏത് ശിലയും അവർക്ക് ദൈവമായിരുന്നു. ആരുടെ മുമ്പിലും കുനിയാത്ത ആ ശിരസ്സുകൾ ശിലകൾക്കു മുമ്പിൽ യഥേഷ്ടം കുനിഞ്ഞു! ആ ശിലകൾ തങ്ങളുടെ ആവശ്യങ്ങളെല്ലാം നിർവഹിക്കുമെന്നവർ വിശ്വസിച്ചു!

ഇമ്മട്ടിലുള്ള ഒരു സമൂഹത്തിൽ, ഇതുപോലുള്ള ഒരു സാഹചര്യത്തിൽ ഒരാൾ ജനിക്കുന്നു. ശൈശവത്തിൽത്തന്നെ മാതാപിതാക്കൾ അദ്ദേഹത്തെ വിട്ടുപോയി. അൽപം കഴിഞ്ഞ് പിതാമഹനും. ആ പ്രായത്തിൽ ലഭിക്കേണ്ട ഏറ്റവും കുറഞ്ഞ സംരക്ഷണം പോലും നൽകാനാളില്ല. വിവേകം വന്ന പ്രായത്തിൽ അറബി ബാലൻമാരോടൊപ്പം ആടു മേയ്ക്കാൻ പോവുന്നു. യുവത്വം പ്രാപിച്ചപ്പോൾ വ്യാപാരത്തിലേർപ്പെടുന്നു. അദ്ദേഹം നിൽക്കുന്നതും ഇരിക്കുന്നതും നടക്കുന്നതും മേൽ വിവരിച്ച തരക്കാരായ അറബികളുടെ കൂടെയാണ്. വിദ്യാഭ്യാസം പേരിനു പോലും അദ്ദേഹത്തിന് ലഭിച്ചിട്ടില്ല. എഴുതാനോ വായിക്കാനോ അറിയില്ല. എന്നാൽ, അദ്ദേഹത്തിന്റെ സ്വഭാവവും മനോഗതിയും മറ്റുള്ളവരുടേതിൽനിന്ന് തികച്ചും ഭിന്നമാണ്. അദ്ദേഹം ആരോടും കളവുപറയുന്നില്ല. സഭ്യേതര വാക്കുകളുപയോഗിക്കുന്നില്ല. സംസാരത്തിൽ കാഠിന്യമോ പാരുഷ്യമോ ഇല്ല. മധുരവും വിനയാന്വിതവുമായ ഭാഷണം. ആ മാധുര്യത്താൽ ജനങ്ങൾ അദ്ദേഹത്തിലാകൃഷ്ടരാവുന്നു. അന്യരുടെതായതൊന്നും അദ്ദേഹം തെറ്റായ വഴിക്ക് സ്വന്തമാക്കുന്നില്ല. വിശ്വസ്തതയാൽ, ജനങ്ങൾ വിലപ്പെട്ട വസ്തുക്കൾ സൂക്ഷിക്കാനേൽപിക്കുന്നത് അദ്ദേഹത്തെയാണ്. അദ്ദേഹം അവ സ്വന്തം ജീവനെയെന്നോണം സൂക്ഷിക്കുന്നു. അദ്ദേഹത്തിന്റെ സത്യസന്ധത സർവരും അംഗീകരിക്കുന്നു. അവരദ്ദേഹത്തെ 'വിശ്വസ്തൻ' (അൽഅമീൻ) എന്ന് വിളിക്കുന്നു. ലജ്ജയും സങ്കോചവും അദ്ദേഹത്തിന്റെ പ്രകൃതിയായിരുന്നു. ബോധംവെച്ചശേഷം നഗ്നനായി ആരുമദ്ദേഹത്തെ കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ സദാചാരനിഷ്ഠ കണിശമായിരുന്നു. ഒരന്യസ്ത്രീയെ അദ്ദേഹം കണ്ണുയർത്തി നോക്കിയിട്ടില്ല. പരിശുദ്ധവും നിർമലവുമായ ആ പ്രകൃതി സകല വിധ അധർമങ്ങളെയും വെറുത്തു. മൂഢരും മലിനഹൃദയരും പോക്കിരികളുമായ ജനങ്ങളുമായുള്ള സഹവാസം ആ സ്വഭാവങ്ങൾ ഉൾക്കൊള്ളാൻ ഒരിക്കലും ഇടയാക്കിയില്ല. അദ്ദേഹത്തിന്റെ സർവകർമങ്ങളിലും വൃത്തിയും വെടിപ്പും തെളിഞ്ഞുനിന്നു. സമൂഹം നടത്തുന്ന കൊള്ളയും കൊലയും കണ്ട് ആ മനസ്സ് വ്യഥ പൂണ്ടു. അതിനാൽ, കലഹക്കാർക്കിടയിൽ സന്ധിയും സൗഹൃദവുമുണ്ടാക്കാൻ അദ്ദേഹം പരിശ്രമിക്കുന്നു. അദ്ദേഹത്തിന്റെ ഹൃദയം അങ്ങേയറ്റം അലിവുള്ളതാണ്. അന്യരുടെ ദുഃഖം അദ്ദേഹത്തെയും ദുഃഖിപ്പിക്കുന്നു; അനാഥകളെയും വിധവകളെയും അദ്ദേഹം സഹായിക്കുന്നു. വിശക്കുന്നവർക്കാഹാരം നൽകുന്നു. യാത്രക്കാരെ സഹായിക്കുന്നു. അദ്ദേഹത്തിൽനിന്ന് ആർക്കും

ഒരു ദ്രോഹവും നേരിടുന്നില്ല. ബിംബപൂജകരോടൊപ്പം കഴിഞ്ഞിട്ടും ബിംബ ങ്ങളെയദ്ദേഹം കഠിനമായി വെറുക്കുന്നു. ഒരിക്കലുമൊരു സൃഷ്ടിയുടെ മുമ്പി ലദ്ദേഹം തല കുനിക്കുന്നില്ല. ആകാശഭൂമികളിലുള്ള വസ്തുക്കളൊന്നും പൂജയർഹിക്കുന്നില്ല എന്ന ആശയം അദ്ദേഹത്തിന്റെ അന്തരാളത്തിൽനിന്ന് സ്വയം പുറത്തുവരുന്നു. ദൈവം ഒന്നുമാത്രമേ ഉണ്ടാകാവൂ; ഒന്നുമാത്രമേ യുള്ളൂ എന്ന് അദ്ദേഹത്തിന്റെ മനസ്സ് സ്വയം പറയുന്നു. അങ്ങനെ ആ മനു ഷ്യൻ മൂഢരായ ആ ജനങ്ങൾക്കിടയിൽ വേർതിരിഞ്ഞ് കാണപ്പെടുന്നു. ചരൽക്കൂനയിലെ രത്നംപോലെ; കൊടുംതമസ്സിലൊരു ഭാസുര ദീപം പോലെ!

നാൽപതു വയസ്സാകുവോളം അദ്ദേഹം ഈ വിശിഷ്ടവും വിശുദ്ധവു മായ ജീവിതം നയിക്കുന്നു. പാവനവും മാന്യവും ഉത്കൃഷ്ടവുമായ ജീവിതം. ആ ഘട്ടത്തിൽ, തനിക്ക് ചുറ്റും വ്യാപിച്ചിരിക്കുന്ന ഘനാന്ധകാരം അദ്ദേ ഹത്തെ പരിഭ്രാന്ത ചിത്തനാക്കുന്നു. അജ്ഞതയും അധർമവും അരാജക ത്വവും ബഹുദൈവത്വവുമാകുന്ന അന്ധകാരങ്ങൾ. ഒടുവിലദ്ദേഹം അന്ധ കാരങ്ങളുടെ ഈ പാരാവാരത്തിൽനിന്ന് മോചനം ആഗ്രഹിക്കുന്നു. കാരണം, അവിടെ തന്റെ പ്രകൃതിക്കിണങ്ങുന്നതായി ഒന്നുമില്ല. അങ്ങനെ, അദ്ദേഹം ദൂരെ ഒരു പർവതത്തിലെ ഗുഹയുടെ ശാന്തമായ ഏകാന്തതയിൽ പല ദിവ സങ്ങൾ കഴിച്ചുകൂട്ടുന്നു. വ്രതശുദ്ധി വരുത്തുന്നു. മനസ്സിനും മസ്തിഷ്ക ത്തിനും ഏറെയേറെ നൈർമല്യം കൈവരുത്തുന്നു. ദീർഘമായ ധ്യാന ത്തിലും ചിന്തയിലും മുഴുകിയ ദിനരാത്രങ്ങൾ. ചുറ്റും വ്യാപിച്ചുകിടക്കുന്ന അന്ധകാരം നീക്കംചെയ്യാനുതകുന്ന ഒരു കൈത്തിരി അക്ഷമയോടെ അദ്ദേഹം പരതുന്നു. നാശഗർത്തത്തിലാണ്ടുപോയ, ദുഷിച്ച ആ ലോകത്തെ അപ്പാടെ പുതുക്കിപ്പണിയാനുതകുന്ന ഒരു ശക്തി തനിക്ക് കൈവന്നെങ്കി ലെന്നാശിക്കുന്നു- പരിശുദ്ധവും ശാന്തിപൂർണവുമായ ഒരു നവലോകം പടുത്തുയർത്താനുതകുന്ന ഒരു ശക്തിവിശേഷം!

പെട്ടെന്നതാ, അദ്ദേഹത്തിന്റെ സ്ഥിതിയിൽ വമ്പിച്ച മാറ്റം. താൻ തേടി ക്കൊണ്ടിരുന്ന വെളിച്ചം പൊടുന്നനെ മനസ്സിൽ പ്രത്യക്ഷമായ പോലെ. മുമ്പൊരിക്കലും തോന്നാത്ത ഒരു ശക്തി തന്നിൽ വന്ന് നിറയും പോലെ. ഗുഹയുടെ ഏകാന്തത വിട്ട് അദ്ദേഹം പുറത്ത് വരുന്നു. സ്വന്തം സമുദായ ത്തിന്റെ അടുക്കൽ ചെന്ന് ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു: നിങ്ങളാരാധി ക്കുന്ന ഈ പ്രതിമകൾ തീർത്തും നിഷ്പ്രയോജനമാണ്. സൂര്യ-ചന്ദ്ര-ന ക്ഷത്രാദികളും ആകാശഭൂമികളിലെ സകല ചരാചരങ്ങളും ദൈവത്തിന്റെ സൃഷ്ടികൾ മാത്രം. അതേ ദൈവമാണ് നിങ്ങളുടെയും സ്രഷ്ടാവ്- നിങ്ങൾക്ക് ആഹാരം തരുന്നതവനാണ്. നിങ്ങളെ ജീവിപ്പിക്കുന്നതും മരിപ്പി ക്കുന്നതുമവനാണ്. അതുകൊണ്ടവനെ മാത്രം ആരാധിക്കുക. ആവശ്യങ്ങൾ അവന് മാത്രം സമർപ്പിക്കുക; സഹായം അവനോട് മാത്രം തേടുക. നിങ്ങൾ ചെയ്തുകൂട്ടുന്ന മോഷണവും കവർച്ചയും മദ്യപാനവും ചൂതാട്ടവും വ്യഭി ചാരവുമെല്ലാം വൻകുറ്റങ്ങളാണ്. ദൈവം തീരെ ഇഷ്ടപ്പെടാത്തവ. അതു

കൊണ്ടവയെല്ലാം ത്യജിക്കുവിൻ. സത്യം മാത്രം പറയുക. നീതി പുലർത്തുക. അന്യരുടെ ജീവനും ധനവുമപഹരിക്കരുത്. ഇടപാടുകളിൽ സത്യസന്ധത പാലിക്കുക. നിങ്ങളെല്ലാം മനുഷ്യരാണ്; മനുഷ്യരോ സമൻമാരും. വംശം, ഗോത്രം, ദേശം, ഭാഷ, വർണം, രൂപം, വേഷം, സമ്പത്ത് എന്നിവയിലൊന്നും ഒരു മാഹാത്മ്യവുമില്ല. ദൈവഭക്തി, സത്യസന്ധത, സൽക്കർമം, വിശുദ്ധ ജീവിതം -ഇവയാണ് മാഹാത്മ്യത്തിന്റെ മാനദണ്ഡം. മരണാനന്തരം നിങ്ങൾക്കെല്ലാം ദൈവസന്നിധിയിൽ ഹാജരാകേണ്ടതുണ്ട്. നീതിമാനായ ദൈവത്തിന്റെ സന്നിധിയിൽ ശിപാർശയോ കൈക്കൂലിയോ നടക്കുകയില്ല. ആരുടെയും ഗോത്രമാഹാത്മ്യം ഗുണം ചെയ്യില്ല. സത്യവിശ്വാസവും സൽക്കർമവും മാത്രമാണവിടെ പ്രയോജനപ്പെടുക. ആ അമൂല്യ സമ്പത്ത് കൈവശമുള്ളവർ സ്വർഗം പൂകും. ഇല്ലാത്തവർ നരകത്തിലും.

ഇതായിരുന്നു അദ്ദേഹം നൽകിയ ഉപദേശത്തിന്റെ ചുരുക്കം. പക്ഷേ, വിഡ്ഢികളായ ജനങ്ങൾ അവരുടെ യഥാർഥ ഗുണകാംക്ഷിയായ ആ ഉത്തമ പുരുഷനെ പലവിധത്തിൽ ദ്രോഹിക്കുകയാണ് ചെയ്തത്. തങ്ങളുടെ പൂർവികാചാരങ്ങളെ ആക്ഷേപിച്ചു, മുൻഗാമികളെ തള്ളിപ്പറഞ്ഞു തുടങ്ങിയവയായിരുന്നു അവരദ്ദേഹത്തിൽ കണ്ട കുറ്റം. ആ കുറ്റത്തിന്റെ പേരിൽ അവരദ്ദേഹത്തെ ശകാരിച്ചു. കല്ലെറിഞ്ഞു. കഠിനമായി മർദിച്ചു. ദേഹോപദ്രവമേൽപിച്ചു. അവസാനം വധിക്കാൻ പോലും ഗൂഢാലോചന നടത്തി. പതിമൂന്ന് സംവത്സരങ്ങൾ അവരദ്ദേഹത്തെ നിരന്തരം ക്രൂരമായി ആക്രമിച്ചുകൊണ്ടിരുന്നു. ഗത്യന്തരമില്ലാതെ സ്വദേശം വെടിയാൻ പോലും അദ്ദേഹം നിർബന്ധിതനായി. എന്നിട്ടുമവർ അടങ്ങിയിരുന്നില്ല. അദ്ദേഹം എത്തിച്ചേർന്ന പ്രദേശത്തും വർഷങ്ങളോളം അവരദ്ദേഹത്തെ പലവിധത്തിൽ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു.

ഈ കഷ്ടതകളെല്ലാം ആ മഹാനുഭാവൻ എന്തിനാണ് സഹിച്ചത്? ലോകത്തിന് സത്യത്തിന്റെ നേർമാർഗം കാണിച്ചുകൊടുക്കാനാഗ്രഹിച്ചതുകൊണ്ടു മാത്രം. ഈ പുതിയ ആശയങ്ങളുപേക്ഷിക്കാൻ തയ്യാറാകുന്നപക്ഷം തങ്ങളുടെ നേതൃത്വം തന്നെ അദ്ദേഹത്തിന് നൽകാനവർ തയ്യാറായിരുന്നു. സമ്പത്തിന്റെ കൂമ്പാരം അദ്ദേഹത്തിന്റെ പാദങ്ങളിലർപ്പിക്കാനവർ ഒരുക്കമായിരുന്നു.[7] പക്ഷേ, അദ്ദേഹം അതെല്ലാം തീരെ അവഗണിച്ചു. തന്റെ കർത്തവ്യ നിർവഹണത്തിൽ പതറാതെ നിലകൊണ്ടു. ഒരാൾ സ്വാർഥലാഭങ്ങൾക്കു വേണ്ടിയല്ലാതെ, അന്യരുടെ നന്മയും ക്ഷേമവും മാത്രം മുൻനിർത്തി നാനാതരം കഷ്ടപ്പാടുകൾ പേറുക! ഏതൊരു ജനത്തിനുവേണ്ടി അദ്ദേഹമിത് ചെയ്യുന്നുവോ ആ ജനം കല്ലെറിയുമ്പോൾ അവരുടെ നന്മക്കുവേണ്ടി പ്രാർഥിക്കുക! ഇതിലുമുത്കൃഷ്ടവും ഉദാത്തവുമായ ആത്മാർഥതയും ഗുണകാംക്ഷയും നമുക്ക് വിഭാവന ചെയ്യാനാകുമോ?

ഇനിയും ചിന്തിച്ചു നോക്കുക! ആ മനുഷ്യൻ ഗുഹയിലെ ഏകാന്തവാസം വിട്ട് പുറത്തു വരുന്നു- ഒരു പുതിയ സന്ദേശവുമായി. അതോടെ എത്ര വമ്പിച്ച മാറ്റമാണദ്ദേഹത്തിൽ സംഭവിക്കുന്നത്! ഇപ്പോഴദ്ദേഹം ഉരുവിടുന്ന

വാക്കുകൾ സാഹിത്യസമ്പന്നമാണ്; അർഥഗംഭീരമാണ്. ഇത്തരം വാക്കുകൾ മുമ്പാരും പറഞ്ഞിട്ടില്ല. പിന്നീടും പറഞ്ഞിട്ടില്ല. സ്വന്തം കാവ്യപ്രതിഭയിലും പ്രസംഗവൈഭവത്തിലും സാഹിത്യപ്രൗഢിയിലും അഭിമാനിച്ചിരുന്നവരാണ് അറബികൾ. എന്നാൽ, താനുരിയാടുന്നതു പോലുള്ള ഒരു വാക്യമെങ്കിലും നിർമിക്കാൻ ആ നിരക്ഷരൻ അവരെയൊന്നടങ്കം വെല്ലുവിളിച്ചു. പക്ഷേ, സ്വന്തം പരാജയം സമ്മതിച്ച് അവർ അദ്ദേഹത്തിന്റെ മുമ്പിൽ തല കുനിക്കുകയായിരുന്നു. എന്തിനേറെ, അദ്ദേഹത്തിന്റെ തന്നെ മറ്റു വചനങ്ങളും പ്രഭാഷണങ്ങളും ആ പ്രത്യേക വാക്യങ്ങളുടെ ഗാംഭീര്യവും അർഥപുഷ്ടിയും സൗന്ദര്യവും സ്ഫുരിപ്പിക്കുന്നവയായിരുന്നില്ല. അദ്ദേഹത്തിന്റെ സ്വന്തം വചനങ്ങളെ, ആ പ്രത്യേക വചനങ്ങളോട് ഇന്നും താരതമ്യപ്പെടുത്തി നോക്കൂ- അവ തമ്മിൽ വ്യക്തമായ അന്തരം കാണാം.

ഒരു വിദ്യയും അഭ്യസിച്ചിട്ടില്ലാത്ത, മരുഭൂവാസിയായ ആ മനുഷ്യൻ പറയാൻ തുടങ്ങിയ സാരഗർഭവും അർഥസമ്പുഷ്ടവുമായ വാക്യങ്ങൾ മുമ്പാരും പറഞ്ഞവയല്ല. ഇന്നാർക്കെങ്കിലും പറയുക സാധ്യവുമല്ല. അദ്ദേഹം തന്നെയും, നാൽപതു വയസ്സിന് മുമ്പ്, അത്തരമൊരു വാക്കും ഉച്ചരിച്ചിട്ടുമില്ല. എന്തെല്ലാം വിഷയങ്ങളാണതിൽ കൈകാര്യം ചെയ്യപ്പെട്ടത്! സാന്മാർഗികവും ധാർമികവും സാംസ്കാരികവും സാംസർഗികവും സാമ്പത്തികവും രാഷ്ട്രീയവുമായ വൈവിധ്യമാർന്ന വിഷയങ്ങൾ! എന്നല്ല, മനുഷ്യജീവിതത്തിലെ സകല പ്രശ്നങ്ങളും സംബന്ധിച്ച് നിസ്തുലമായ നിയമങ്ങൾ നിരക്ഷരനായ ആ മനുഷ്യന്റെ നാവിൽനിന്നുതിർന്നു വീണു. അവയുടെ യുക്തിരഹസ്യങ്ങൾ ചുരുളഴിക്കാൻ മഹാ പണ്ഡിതരുടെയും ബുദ്ധിജീവികളുടെയും സംവത്സരങ്ങൾ നീണ്ട ചിന്തയും ഗവേഷണവും വേണ്ടിവന്നു. ലോകം ഗവേഷണ-പഠനങ്ങളിൽ പുരോഗമിക്കുന്തോറും അവയിലടങ്ങിയ യുക്തിയും തത്ത്വവും കൂടുതൽ കൂടുതലായി വെളിപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. ആയിരത്തിമുന്നൂറിൽപ്പരം[8] സംവത്സരങ്ങൾ കൊഴിഞ്ഞുവീണെങ്കിലും അദ്ദേഹം കൊണ്ടുവന്ന നിയമങ്ങളിൽ മാറ്റത്തിരുത്തലുകൾക്ക് പഴുതേതും കാണുന്നില്ല. പല നിയമസംഹിതകളും ആയിരം തവണ നിർമിക്കപ്പെടുകയും തിരുത്തപ്പെടുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ഓരോ പരീക്ഷണവും പരാജയമായിരുന്നു. എന്നാൽ, നാമമാത്ര വിദ്യാഭ്യാസം പോലും സിദ്ധിക്കാത്ത ആ മനുഷ്യൻ പരസഹായം കൂടാതെ നടപ്പാക്കിയ നിയമത്തിന്റെ ഒരു വകുപ്പു പോലും മാറ്റേണ്ടതായി വന്നിട്ടില്ല!

ഇരുപത്തിമൂന്നു വർഷത്തെ കാലഘട്ടത്തിൽ, അദ്ദേഹം സ്വന്തം സ്വഭാവമേന്മയുടെ ബലത്താൽ ബദ്ധവൈരികളെപ്പോലും ആത്മ മിത്രങ്ങളാക്കി മാറ്റി; എതിരാളികളെ അനുകൂലികളും. എതിർക്കാൻ കച്ചകെട്ടി രംഗത്തു വന്ന വൻശക്തികൾപോലും തോൽവി സമ്മതിച്ച് അദ്ദേഹത്തിന്റെ കാൽക്കൽ വീണു. ഒടുവിലദ്ദേഹം വിജയം നേടി. അപ്പോഴുമദ്ദേഹം ശത്രുക്കളോട് പ്രതികാരം ചെയ്തില്ല. ആരോടും അക്രമം പ്രവർത്തിച്ചുമില്ല. സ്വന്തം പിതൃവ്യനെ വധിച്ച്, കരളെടുത്ത് ചവച്ചുതുപ്പിയവർക്ക് പോലും അദ്ദേഹം മാപ്പു

നൽകി.[9] തന്നെ കല്ലെറിയുകയും ബഹിഷ്കരിക്കുകയും ആട്ടിയോടിക്കുകയും ചെയ്തവർക്കും വിജയാനന്തരം പൊറുത്തുകൊടുത്തു. ആരെയുമദ്ദേഹം വഞ്ചിച്ചില്ല; ഉടമ്പടികളൊന്നും ലംഘിച്ചില്ല. യുദ്ധത്തിൽ പ്പോലും അക്രമം കാണിച്ചില്ല. ബദ്ധവൈരികൾക്കു കൂടി അദ്ദേഹത്തിനുമേൽ അത്തരമൊരാരോപണം ഉന്നയിക്കാനായില്ല. ഇതേ സത്യസന്ധതയും ധർമനിഷ്ഠയുംകൊണ്ടാണ് മുഴുവൻ അറബികളുടെയും ഹൃദയത്തെയദ്ദേഹം മിനുസപ്പെടുത്തിയത്. പിന്നീട് അതേ ഗുണങ്ങളുടെ പിൻബലത്താൽ, സർവദുർഗുണങ്ങളുടെയും കലവറയായിരുന്ന ആ അറബികളെ, അവരകപ്പെട്ടു കിടന്ന അജ്ഞതാന്ധകാരത്തിൽനിന്നദ്ദേഹം മോചിപ്പിക്കുകയും ചെയ്തു. ഒരു പരിഷ്കൃത സമൂഹമാക്കി അവരെയദ്ദേഹം വാർത്തെടുത്തു. ഒരു വ്യവസ്ഥക്കും വഴങ്ങാതിരുന്ന അറബികളെ ലോകചരിത്രത്തിലുദാഹരണമില്ലാത്ത നിയമപാലകരാക്കിത്തീർത്തു. ഒരു ഭരണരീതിക്കും വിധേയമാകാൻ തയ്യാറില്ലാതിരുന്ന അവരെ പ്രൗഢമായ ഒരു ഭരണത്തിന്റെ അനുസരണമുള്ള പ്രജകളാക്കി മാറ്റി. ധാർമിക-സദാചാര ഗുണങ്ങളുടെ സ്പർശമേൽക്കാത്ത അവരെ അത്യുത്കൃഷ്ട ഗുണങ്ങളുടെ കേദാരമാക്കിത്തീർത്തു. ഇന്ന് അവരുടെ ചരിത്രം വായിക്കുന്നവർ വിസ്മയസ്തബ്ധരായിപ്പോകുന്നു. അധഃപതനത്തിന്റെ ആഴത്തിൽ കിടന്ന ഒരു ജനത ഒരു മനുഷ്യന്റെ ശ്രമഫലമായി, ലോകത്തിലെ അജയ്യശക്തിയാവുക- അതോ, വെറും ഇരുപത്തിമൂന്ന് സംവത്സരംകൊണ്ട്! തുടർന്നവർ ലോകത്തിലെ അന്നത്തെ വൻ ശക്തികളെയെല്ലാം ഹ്രസ്വകാലംകൊണ്ട് തകർത്തുകളഞ്ഞു. ലോകത്തിനവർ ധർമവും സദാചാരവും മനുഷ്യത്വവും പഠിപ്പിച്ചുകൊടുത്തു. ഇസ്‌ലാമിന്റെ ശിക്ഷണവും അധ്യാപനങ്ങളും കൈകളിലേന്തി ആഫ്രിക്കയിലും യൂറോപ്പിലുമവർ വിജയഭേരി മുഴക്കി.[10]

ഇതുവരെ പറഞ്ഞത് അദ്ദേഹം അറബികളിൽ കൈവരിച്ച നേട്ടങ്ങളെക്കുറിച്ചാണ്. എന്നാൽ, ഇതിലേറെ വിസ്മയാവഹമാണ് അദ്ദേഹത്തിന്റെ ആശയങ്ങൾ ലോകമാകെ ഉളവാക്കിയ ഫലങ്ങൾ. ലോകത്തിന്റെ ചിന്താഗതിയിലും ആചാരങ്ങളിലും നിയമസംഹിതകളിലും അദ്ദേഹം വമ്പിച്ച വിപ്ലവം സൃഷ്ടിച്ചു. അദ്ദേഹത്തെ നേതാവും മാർഗദർശിയുമായംഗീകരിച്ചവർ മാത്രമല്ല, എതിർത്തവരും, ബദ്ധവൈരികൾപോലും, ആ സ്വാധീനത്തിൽനിന്നൊഴിവായില്ല എന്നതാണദ്ഭുതം. ലോകം മറന്നുപോയ ഏകദൈവ വിശ്വാസത്തിന്റെ ശക്തനായ വക്താവായി അദ്ദേഹം രംഗത്തുവന്നതോടെ, ബഹുദൈവ വിശ്വാസത്തിലും വിഗ്രഹപൂജയിലുമധിഷ്ഠിതമായ മതങ്ങൾ പോലും അതിന്റെ വാഹകരാകാൻ നിർബന്ധിതരായി. അദ്ദേഹത്തിന്റെ ധാർമിക സദാചാര സിദ്ധാന്തങ്ങൾ അങ്ങേയറ്റം പ്രായോഗികമായിരുന്നു. തദ്ഫലമായി അത് അന്യസദാചാര സംഹിതകളിൽ വൻ സ്വാധീനം ചെലുത്തി. ഇന്നും ചെലുത്തിക്കൊണ്ടിരിക്കുന്നു. നിയമം, രാജ്യതന്ത്രം, സംസ്കാരം, നാഗരികത, ശാസ്ത്രീയചിന്ത തുടങ്ങിയ മേഖലകളിലദ്ദേഹം നിർദേശിച്ച തത്ത്വങ്ങൾ തികച്ചും ശരിയും പരിപക്വവുമായിരുന്നു. തന്നിമിത്തം എതിരാളികൾ

പോലും അവ മെല്ലെ മെല്ലെ പകർത്തിയെടുക്കാൻ തുടങ്ങി. ഇന്നും പകർത്തി ക്കൊണ്ടിരിക്കുന്നു.[11]

അജ്ഞരായ ഒരു സമൂഹത്തിൽ, അന്ധകാരാവൃതമായ ഒരു പ്രദേശ ത്താണ് ഈ മനുഷ്യന്റെ ജനനം. നാൽപതു വയസ്സുവരെ ഇടയവൃത്തിയും വ്യാപാരവുമല്ലാതൊന്നുമദ്ദേഹം ചെയ്തിട്ടില്ല. വിദ്യാഭ്യാസമോ ശിക്ഷണമോ ലഭിച്ചിട്ടില്ല. അമ്മട്ടിലുള്ള ഒരു മനുഷ്യന് നാൽപത് തികഞ്ഞപ്പോഴേക്കും എവിടെനിന്നാണ് പൊടുന്നനെ ഈ കഴിവുകളത്രയും സിദ്ധിച്ചത്? എവിടെ നിന്നാണദ്ദേഹത്തിന് ജ്ഞാനം ലഭിച്ചത്? ഭരണാധിപൻ, സൈന്യനായകൻ, പരിഷ്കർത്താവ്, രാജ്യതന്ത്രജ്ഞൻ, നിയമജ്ഞൻ, തത്ത്വജ്ഞാനി എന്നീ നിലകളിലെല്ലാം അദ്ദേഹം അദ്വിതീയനായിരുന്നു. അതേസമയം തന്നെ അദ്ദേഹം നിശയുടെ നീണ്ടയാമങ്ങൾ ദൈവാരാധനയിൽ മുഴുകുന്നു. ഭാര്യാ സന്താനങ്ങളോടുള്ള കടമ നിർവഹിക്കുന്നു. അഗതികൾക്കും അശര ണർക്കും സേവനം ചെയ്യുന്നു.[12] ഭരണാധികാരം കൈയിൽ വന്നിട്ടും വെറു മൊരു ദരിദ്രനെപ്പോലെ ജീവിക്കുന്നു. പനയോലകൊണ്ടുണ്ടാക്കിയ പരുപ രുത്ത പായയിലുറങ്ങുന്നു. പരുക്കൻ വസ്ത്രങ്ങൾ ധരിക്കുന്നു. ലളിതമായ ആഹാരം മാത്രം കഴിക്കുന്നു. ചിലപ്പോൾ പട്ടിണി കിടക്കുകയും ചെയ്യുന്നു.

ഈ യോഗ്യതകളെല്ലാം അണിനിരത്തിക്കൊണ്ട്, താൻ ഒരമാനുഷനാ ണെന്ന് അദ്ദേഹം വാദിച്ചു എന്നു വെക്കുക. എങ്കിൽ ആർക്കാണ് അത് ഖണ്ഡിക്കാൻ കഴിയുക? എന്നാൽ സത്യസന്ധനായ ആ മനുഷ്യൻ എന്താണ് പറഞ്ഞതെന്നോ? ഒന്നും തന്റേതല്ലെന്ന്! എല്ലാം ദൈവത്തിന്റേതാണെന്ന്! ഞാൻ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്ന ഈ നിസ്തുല വാക്യങ്ങൾ- ഏതൊന്നിന് തുല്യമായി ഒരു വാക്യമെങ്കിലും രചിക്കുന്നതിൽ ലോകം പരാ ജയപ്പെട്ടുവോ ആ വാക്യങ്ങൾ- ഞാൻ സ്വയം രചിച്ചവയല്ല; എന്റെ പ്രതിഭ യുടെ ഫലമല്ല; അവ ദൈവത്തിന്റെ വാക്യങ്ങളാണ്. അവയുടെ പേരിലുള്ള സർവ ബഹുമതിയും ദൈവത്തിനാണ്. ഞാൻ ചെയ്യുന്ന കാര്യങ്ങളാകട്ടെ, എന്റെ സ്വന്തം യുക്തിയുടെയും പ്രാപ്തിയുടെയും ഫലമല്ല. ദൈവനിർദേശം അനുസരിച്ചുള്ളവ മാത്രമാണ്. ചിന്തിച്ചു നോക്കുക: ഇത്രയും സത്യസ ന്ധനായ മനുഷ്യൻ പ്രവാചകനാണ് എന്ന കാര്യം എങ്ങനെ നിഷേധിക്കും? അദ്ദേഹത്തിന്റെ യോഗ്യതകളും കഴിവുകളും കർമങ്ങളും മുൻനിർത്തി തത്തു ല്യനായ മറ്റൊരു വ്യക്തിയെ ലോക ചരിത്രത്തിൽ കണ്ടെത്താനാവുമോ?[13] ഇത്രയൊക്കെ യോഗ്യതകളുണ്ടായിട്ടും അതിൽ അഹങ്കരിക്കുകയോ അതിന്റെ ബഹുമതി സ്വയം അവകാശപ്പെടുകയോ ചെയ്യുന്നതിന് പകരം അവ തനിക്ക് പ്രദാനം ചെയ്ത ദൈവത്തിന്റേതാണെന്ന് തുറന്ന് പ്രഖ്യാപി ക്കുകയാണ് അദ്ദേഹം. എന്നിരിക്കെ, അദ്ദേഹത്തിൽ വിശ്വസിക്കാതിരിക്കാൻ എന്തുകാരണമാണുള്ളത്? സ്വന്തം യോഗ്യതകളെപ്പറ്റി 'ഇതെല്ലാം ദൈവദ ത്തമാണ്' എന്ന് അദ്ദേഹം പറയുമ്പോൾ 'അല്ല, ഇതെല്ലാം നിന്റെ തല യിൽനിന്ന് തന്നെ ഉദ്ഭവിച്ചതാണ്' എന്ന് നാമെന്തിന് പറയണം? കപടന്മാർ അന്യരുടെ യോഗ്യതകൾ പോലും സ്വന്തമാക്കിത്തീർക്കാനാണ് ശ്രമിക്കുക.

എന്നാൽ, അദ്ദേഹമാകട്ടെ, തന്റേതെന്ന് നിഷ്പ്രയാസം വാദിക്കാവുന്ന യോഗ്യതകൾ പോലും സ്വന്തമെന്നവകാശപ്പെടുന്നില്ല. പ്രസ്തുത യോഗ്യതകൾ അദ്ദേഹത്തിന് ലഭിക്കുന്ന മാർഗത്തെപ്പറ്റി മറ്റാർക്കുമറിഞ്ഞുകൂടാ. തദടിസ്ഥാനത്തിൽ ഒരമാനുഷനാണെന്ന് വാദിച്ചാൽ പോലും ആരെതിർക്കാൻ? എന്നിട്ടും അതദ്ദേഹം പറയുന്നില്ലെങ്കിൽ അദ്ദേഹത്തെക്കാൾ വലിയ സത്യവാൻ മറ്റാരാണ്?

ഇദ്ദേഹമത്രേ, നമ്മുടെ നേതാവ്. സർവലോകത്തിനുമുള്ള പ്രവാചകനായ മുഹമ്മദ് മുസ്ത്വഫാ തിരുമേനി(സ). അദ്ദേഹത്തിന്റെ പ്രവാചകത്വത്തിനുള്ള തെളിവ് അദ്ദേഹത്തിന്റെ സത്യനിഷ്ഠയാണ്. അദ്ദേഹത്തിന്റെ മഹത്കൃത്യങ്ങൾക്കും സ്വഭാവമേന്മക്കും ജീവിത വിശുദ്ധിക്കും ചരിത്രം സാക്ഷിയാണ്. ഹൃദയശുദ്ധിയോടും സത്യസന്ധതയോടും നീതിബോധത്തോടും കൂടി ആ ചരിത്രം പഠിക്കുന്ന ഏത് നിഷ്പക്ഷനും അദ്ദേഹം ഒരു പ്രവാചകൻ തന്നെയെന്ന് സമ്മതിക്കും. അദ്ദേഹം ലോകസമക്ഷം സമർപ്പിച്ച ദൈവവാക്യങ്ങളുടെ സമാഹാരമാണ് പരിശുദ്ധ ഖുർആൻ. തുറന്ന ഹൃദയത്തോടെ, ബോധപൂർവം ആ ഗ്രന്ഥം പാരായണം ചെയ്യുന്ന ആരും അത് നിസ്സംശയം ഒരു ദൈവിക ഗ്രന്ഥമാണെന്ന് പറയാൻ നിർബന്ധിതനാവും. അത്തരമൊരു ഗ്രന്ഥം രചിക്കുക മനുഷ്യ കഴിവിനതീതമാണെന്നും അയാളംഗീകരിക്കേണ്ടിവരും.

## പ്രവാചകത്വ പരിസമാപ്തി-തെളിവുകൾ

ഇന്ന് ഇസ്‌ലാമിനെ യഥാവിധി അറിയാനുള്ള ഏകമാർഗം വിശുദ്ധ ഖുർആനും പ്രവാചക ചര്യയുമാണ്. മുഹമ്മദ്നബി മുഴുവൻ മനുഷ്യർക്കുമുള്ള പ്രവാചകനാണ്. അദ്ദേഹത്തോടുകൂടി പ്രവാചകത്വ പരമ്പര ദൈവം എന്നന്നേക്കുമായി അവസാനിപ്പിച്ചിരിക്കുന്നു. ദൈവം തന്റെ ദാസന്മാർക്ക് നൽകാനുദ്ദേശിച്ചിരുന്ന സകല നിർദേശങ്ങളും അന്ത്യപ്രവാചകൻ വഴി നൽകിക്കഴിഞ്ഞിരിക്കുന്നു. ഈ പ്രവാചകനിൽ വിശ്വസിക്കുകയും അദ്ദേഹത്തെ അനുഗമിക്കുകയും ചെയ്യേണ്ടത് സത്യാന്വേഷികളും യഥാർഥ ദൈവദാസന്മാരായിരിക്കാൻ ഉദ്ദേശിക്കുന്നവരുമായ എല്ലാവർക്കും നിർബന്ധമാണ്.

'പ്രവാചകത്വത്തിന്റെ യാഥാർഥ്യം' എന്ന ശീർഷകത്തിൽ മുമ്പ് നിങ്ങൾ ചില കാര്യങ്ങൾ ഗ്രഹിച്ചുവല്ലോ. അക്കാര്യങ്ങൾ മുമ്പിൽവെച്ച് ചിന്തിച്ചാൽ പ്രവാചകൻ ദിനംപ്രതി ജനിക്കയില്ലെന്നും ഓരോ സമുദായത്തിലും എപ്പോഴും പ്രവാചകൻമാർ വരേണ്ട ആവശ്യമില്ലെന്നും മനസ്സിലാക്കാം. ഒരു പ്രവാചകന്റെ ജീവിതം അദ്ദേഹത്തിന്റെ അധ്യാപനങ്ങളുടെ ജീവിക്കുന്ന മാതൃകയായിരിക്കും. ആ അധ്യാപനങ്ങൾ നിലനിൽക്കുന്ന കാലത്തോളം പ്രവാചകൻ ജീവിച്ചിരിക്കുന്നു എന്നതാണ് ഫലം. ഈ അടിസ്ഥാനത്തിൽ, മുഹമ്മദ് നബിയുടെ മുൻഗാമികളായ പ്രവാചകന്മാരാരും ജീവിച്ചിരിപ്പില്ല. അവരുടെ അധ്യാപനങ്ങൾ യഥാർഥ രൂപത്തിൽ നിലവിലില്ല എന്നതു തന്നെ കാരണം. അവരുടെ അനുയായികൾ അവയുടെ രൂപം മാറ്റിക്കളഞ്ഞിരി

ക്കുന്നു. അവർ കൊണ്ടുവന്ന ദൈവ ഗ്രന്ഥങ്ങളിലൊന്നുപോലും യഥാർഥ രൂപത്തിലിന്നില്ല. ആ പ്രവാചകന്മാരുടെ അനുയായികൾക്കുപോലും അങ്ങ നെയുണ്ടെന്ന് വാദമില്ല. സ്വന്തം പ്രവാചകന്മാരുടെ ജീവിതചര്യകൾ പോലും അവർ മറന്നു. മുൻ പ്രവാചകന്മാരിൽ ഒരാളുടെയും യഥാർഥവും വിശ്വാസ യോഗ്യവുമായ ജീവിതചര്യ ഇന്നെവിടെയും ലഭ്യമല്ല. എവിടെ, എപ്പോൾ ജനിച്ചു; എന്തൊക്കെ പ്രവർത്തിച്ചു; എങ്ങനെ ജീവിച്ചു; എന്തെല്ലാം നിർദേ ശിച്ചു; എന്തെല്ലാം നിരോധിച്ചു-ഇതൊന്നും അവരെ സംബന്ധിച്ച് ഉറപ്പിച്ചു പറയുക സാധ്യമല്ല. എന്നാൽ, മുഹമ്മദ്നബി ഇന്നും ജീവിച്ചിരിപ്പുണ്ട്! കാരണം, അദ്ദേഹത്തിന്റെ ശിക്ഷണ നിർദേശങ്ങളും ജീവിതചര്യകളും ഇന്നും നിലനിൽക്കുന്നു. അദ്ദേഹം കൊണ്ടുവന്ന വിശുദ്ധ ഖുർആൻ അതിന്റെ യഥാർഥ അക്ഷരങ്ങളോടെ ഇന്നുമുണ്ട്. അതിലൊരു മാറ്റവും സംഭ വിച്ചിട്ടില്ല. പ്രവാചകന്റെ വാക്കും പ്രവൃത്തിയും ചര്യയുമെല്ലാം സുരക്ഷിത മായിരിക്കുന്നുണ്ട്. ആയിരത്തിമുന്നൂറിൽപ്പരം സംവത്സരങ്ങൾക്കു ശേഷവും നാം തിരുമേനിയെ നേരിൽ കാണുന്നതു പോലെ, അവയുടെ തെളിഞ്ഞ ചിത്രം ചരിത്രത്തിൽ രേഖപ്പെട്ടു കിടപ്പുണ്ട്. മുഹമ്മദ്നബിയുടെ ജീവിതം രേഖപ്പെടുത്തിയ അത്ര സുരക്ഷിതമായും സൂക്ഷ്മമായും മറ്റൊരു മഹാപു രുഷന്റെയും ജീവിതം ചരിത്രം രേഖപ്പെടുത്തിയിട്ടില്ല. ജീവിതത്തിലെ ഏതു സന്ദർഭത്തിനും ഏത് പ്രശ്നത്തിനും തിരുമേനിയുടെ ജീവിതത്തിൽനിന്ന് നമുക്കൊരു മാതൃക ലഭിക്കും. മുഹമ്മദ്നബിക്ക് ശേഷം മറ്റൊരു പ്രവാച കൻ ആവശ്യമില്ലെന്നതിന് ഈ തെളിവുകൾ തന്നെ ധാരാളമാണ്.

ഒരു പ്രവാചകനുശേഷം മറ്റൊരു പ്രവാചകന്റെ ആഗമനത്തിന് മൂന്നി ലൊരു കാരണം ഉണ്ടാവാതെ വയ്യ. ഒന്ന്: ആദ്യ പ്രവാചകന്റെ അധ്യാപന ങ്ങൾ നാമാവശേഷമായിപ്പോവുകയും അവയെ പുനർജീവിപ്പിക്കേണ്ട ആവശ്യം നേരിടുകയും ചെയ്യുക. രണ്ട്: ആദ്യ പ്രവാചകന്റെ ശിക്ഷണം അപൂർണമാവുകയും അതിനാൽ അതിൽ ഭേദഗതിയോ കൂട്ടിച്ചേർക്കലോ നടത്തേണ്ടതായി വരികയും ചെയ്യുക. മൂന്ന്: ആദ്യ പ്രവാചകന്റെ ശിക്ഷണ ങ്ങൾ ഒരു പ്രത്യേക സമുദായത്തിന് മാത്രമായിരിക്കുകയും അതിനാൽ മറ്റു സമുദായങ്ങൾക്ക് വേറെ പ്രവാചകൻ ആവശ്യമായി വരികയും ചെയ്യുക.[14] ഈ മൂന്നു കാരണങ്ങളിലൊന്നുപോലും ഇപ്പോഴവശേഷിക്കുന്നില്ല.

ഒന്നാമതായി, മുഹമ്മദ്നബിയുടെ അധ്യാപനങ്ങൾ ഇന്നും സുരക്ഷി തവും സജീവവുമായി നിലനിൽക്കുന്നുണ്ട്. അദ്ദേഹത്തിന്റെ മൗലിക വിശ്വാ സകർമങ്ങളെന്തൊക്കെയായിരുന്നു? നിർദേശങ്ങളെന്തായിരുന്നു? അദ്ദേഹം നടപ്പാക്കിയ ജീവിത രീതിയേത്? നശിപ്പിച്ചവയേത്? തുടങ്ങിയ കാര്യങ്ങൾ ഏതവസരത്തിലും നിഷ്പ്രയാസം മനസ്സിലാക്കുന്നതിനുള്ള മാർഗങ്ങൾ സുര ക്ഷിതമായി നിലവിലുണ്ട്. ആ നിലക്ക് തദ്വിഷയകമായി മറ്റൊരു പ്രവാച കന്റെ ആവശ്യം നേരിടുന്നില്ല. രണ്ടാമതായി, മുഹമ്മദ്നബി മുഖേന ലോക ത്തിന് ഇസ്ലാമിന്റെ പരിപൂർണ ശിക്ഷണം നൽകപ്പെട്ടിരിക്കുന്നു. ഇനിയ തിൽ വല്ലതും കൂട്ടുകയോ കുറക്കുകയോ ചെയ്യേണ്ടതില്ല. ഭേദഗതിയും

ആവശ്യമില്ല. മറ്റൊരു പ്രവാചകൻ വന്ന് പരിഹരിക്കേണ്ട ഒരു ന്യൂനതയും അതിനില്ല. അതിനാൽ, രണ്ടാമത്തെ കാരണവും നിലവിലില്ല.[15] മൂന്നാമതായി, തിരുമേനി ഒരു പ്രത്യേക സമുദായത്തിനോ രാഷ്ട്രത്തിനോ മാത്രമല്ല, സർവ ലോകത്തിനുമുള്ള പ്രവാചകനായിട്ടാണ് നിയോഗിതനായത്. സകല മനുഷ്യർക്കും അദ്ദേഹത്തിന്റെ ശിക്ഷണംതന്നെ ധാരാളം മതി. അതിനാൽ, ഇനി ഒരു സമുദായത്തിനോ രാജ്യത്തിനോ വേണ്ടി ഒരു പ്രവാചകൻ വരേണ്ട ആവശ്യം അവശേഷിക്കുന്നില്ല. തന്മൂലം മൂന്നാമത്തെ കാരണത്തിനും പ്രസക്തിയില്ല.

ഇതുകൊണ്ടാണ് മുഹമ്മദ്നബിയെ വിശുദ്ധഖുർആൻ 'ഖാത്തമുന്നബിയ്യീൻ'എന്ന് വിശേഷിപ്പിച്ചിട്ടുള്ളത്. 'പ്രവാചകത്വ പരമ്പര അവസാനിപ്പിച്ചവൻ' എന്നാണതിനർഥം.[16] ഇനി, മുഹമ്മദ്നബിയുടെ മാർഗം സ്വയം പിന്തുടരുകയും ലോകത്തെ അതിലേക്ക് ക്ഷണിക്കുകയും ചെയ്യുന്ന ഒരു ജനതയാണാവശ്യം. മുഹമ്മദ്നബി കൊണ്ടുവന്ന നിയമങ്ങൾ നടപ്പാക്കുന്ന ഒരു വ്യവസ്ഥ സ്ഥാപിക്കുന്നതിനായി സർവവിധ ത്യാഗങ്ങളും വരിക്കാൻ സന്നദ്ധതയുള്ള ഒരു ജനത.

## കുറിപ്പുകൾ

1. വളരെ പ്രധാനവും വിപ്ലവാത്മകവുമായ ഒരാശയമാണിത്. ഏകമാനവതയും മനുഷ്യസമത്വവുമാണ് അതിന്റെ യുക്തിപരമായ നേട്ടം. വർണ-വർഗ-ദേശ-ഭാഷാദി ഭിന്നതകളെ ആധാരമാക്കി മനുഷ്യർക്കിടയിൽ വിവേചനം കൽപിക്കുന്നത് വിഡ്ഢിത്തമാണ്. ദേശീയത്വവും സങ്കുചിതവർഗീയത്വവും രക്തക്കൊതിപൂണ്ട വിരോധമനോഭാവവും ലോകത്തെ വെട്ടിമുറിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് മാനുഷികൈക്യത്തിന്റേതായ ഈ സിദ്ധാന്തം ഭാവിയെ സംബന്ധിച്ചിടത്തോളം ശക്തമായൊരു ആശാകിരണമാണ്. - *ഖുർശിദ് അഹ്മദ്*
2. മതചരിത്രത്തെക്കുറിച്ച ഈ വീക്ഷണഗതി നിലവിലിരിക്കുന്ന 'മതപരിണാമവാദ'ത്തിന് കടകവിരുദ്ധമാണ്. പ്രസ്തുത വാദപ്രകാരം പ്രകൃതിപൂജയാണ് മതപരിണാമത്തിലെ ആദ്യ ദശ. പുരാതന സമുദായങ്ങളുടെ പ്രകൃതിപൂജയെക്കുറിക്കുന്ന ചരിത്രവസ്തുതകൾ ഒരു നിശ്ചിത പരിധിവരെ മാത്രമേ അവർ പരിശോധിക്കുന്നുള്ളൂ. അതാകട്ടെ, മാറ്റത്തിരുത്തലുകൾക്കും കൈകടത്തലുകൾക്കും വിധേയവുമാണ്. അതിപുരാതനമായ രൂപങ്ങൾ പരിശോധിക്കാൻ അവർ ഒരുമ്പെടാറില്ല. ഏകദൈവസിദ്ധാന്തം(തൗഹീദ്) ആയിരുന്നു അതിപുരാതനമായ ആരാധനാക്രമം എന്ന വാദത്തെ ബലപ്പെടുത്തുന്നതാണ് പിൽക്കാല ശാസ്ത്ര നിഗമനങ്ങൾ. ഏകദൈവസിദ്ധാന്തത്തിൽനിന്ന് തെറ്റിത്തെറിച്ചുപോയവയാണ് മറ്റെല്ലാ രൂപഭേദങ്ങളും. ഇതേപ്പറ്റി കൂടുതലറിയാനാഗ്രഹിക്കുന്നവർ *The Origin and Growth of Religion* എന്ന പേരിൽ എച്ച്.ജെ. റോസ്(ലണ്ടൻ, മെത്ത്വൻ) ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത Prof. W. Schmidt ന്റെ വിലപ്പെട്ട ഗവേഷണ പ്രബന്ധം നോക്കുക. -*ഖുർശിദ് അഹ്മദ്*
3. ഇസ്‌ലാമിന്റെ ആരംഭം മുഹമ്മദ് നബി(സ) മുതൽക്കാണെന്ന് പൊതുവിൽ, വിശിഷ്യാ പാശ്ചാത്യ എഴുത്തുകാർക്കിടയിൽ ഒരു തെറ്റുധാരണയുണ്ട്. തിരുമേനിയെ ഇസ്‌ലാമിന്റെ ആദ്യസ്ഥാപകനെന്നുകൂടി ചിലർ വിശേഷിപ്പിക്കുന്നു. വാസ്തവത്തിൽ സത്യത്തിന് നേരെയുള്ള കൊഞ്ഞനം മാത്രമാണിത്. ദൈവത്തിന്റെ യഥാർഥ പ്രവാചകൻമാരുടെയെല്ലാം മതം ഇസ്‌ലാം ആയിരുന്നു. ദൈവത്തിങ്കൽനിന്നുള്ള സന്ദേശത്തിന്റെ വാഹകർ മാത്രമായിരുന്ന സത്യപ്രവാചകർ മുഖേന മനുഷ്യവംശത്തിന് നൽകപ്പെട്ട ദിവ്യവെളിപാടാണ് ഇസ്‌ലാം. -*ഖുർശിദ് അഹ്മദ്*
4. എല്ലാ പ്രവാചകൻമാരുടെയും അനുയായികൾ ഈ രീതിയിലാണ് തങ്ങളുടെ സാക്ഷാൽ മതം(ഇസ്‌ലാം) ദുഷിപ്പിച്ച് ഇന്ന് വിവിധ നാമങ്ങളിൽ അറിയപ്പെടുന്ന മതങ്ങൾ നിർമിച്ചത്.

ഉദാഹരണമായി, ഈസാ(അ)യുടെ മതം ഇസ്‌ലാം ആയിരുന്നു. പക്ഷേ, അദ്ദേഹത്തിനു ശേഷം അനുയായികൾ അദ്ദേഹത്തെത്തന്നെ ആരാധിച്ചു. അദ്ദേഹത്തിന്റെ ശിക്ഷണങ്ങളിൽ പലതും കൂട്ടിക്കലർത്തി ഇന്ന് ക്രിസ്തുമതം എന്ന പേരിലറിയപ്പെടുന്ന മതം നിർമിക്കുകയും ചെയ്തു.

5. ഇബ്റാഹീംനബി(അ), ഇസ്മാഈൽനബി(അ) എന്നിവരുടെ കാലം മുഹമ്മദ്നബി(സ)ക്ക് 2500 വർഷം മുമ്പാണ്. ഈ നീണ്ട കാലഘട്ടത്തിനിടക്ക് അറേബ്യയിൽ ഒരു പ്രവാചകൻ വന്നിട്ടില്ല.

6. ' The Arab Civilization' എന്ന കൃതിയിൽ(പുറം 10) പ്രൊഫ. ജോസഫ് ഹെൽ (Joseph Hell) എഴുതുന്നു: "ഇത്തരം വഴക്കുകൾ ദേശീയമായ ഐക്യബോധം തകർക്കുകയും അപരിഹാര്യമായ സ്വജനപക്ഷപാതം അവരിൽ വളർത്തിവിടുകയും ചെയ്തു. തങ്ങൾ സ്വയം സമ്പൂർണരാണെന്ന് ഓരോ ഗോത്രവും കരുതി. മറ്റുള്ളവർ തങ്ങൾക്ക് കൊല്ലാനും കൊള്ളയടിക്കാനും കവർച്ച ചെയ്യാനുമുള്ള നിയമാനുസൃത ഇരകളാണെന്നും."

7. സത്യമാർഗത്തിൽ എതിർപ്പിന്റെ കൊടുങ്കാറ്റുകൾ തന്നെ നേരിടേണ്ടിവന്നു, പ്രവാചകന്. അദ്ദേഹം അതെല്ലാം പുഞ്ചിരിയോടെ നേരിട്ടു. പ്രീണനങ്ങൾക്കോ പ്രലോഭനങ്ങൾക്കോ വഴങ്ങാതെ അദ്ദേഹം തന്റെ മാർഗത്തിൽ ഉറച്ചുനിന്നു. ഭീഷണികൾ നബിയെ ഭയപ്പെടുത്താൻ പോന്നതല്ല എന്നുകണ്ട അറബികൾ ഒടുവിൽ മറ്റൊരടവ് പ്രയോഗിച്ചു. അതും, പക്ഷേ, പരാജയത്തിലാണ് കലാശിച്ചത്.

ഖുറൈശി പ്രമുഖരടങ്ങുന്ന ഒരു നിവേദക സംഘം നബിയുടെ അടുത്തുവന്നു. ഭാവിക്കാൻ കഴിയുന്ന എല്ലാ ഐഹിക പ്രതാപവും അവർ നബിക്ക് വെച്ചുനീട്ടി, അദ്ദേഹത്തെ വശത്താക്കാൻ വേണ്ടി. അവർ പറഞ്ഞു: "ധനമാണ് നിനക്കാവശ്യമെങ്കിൽ നിനക്കിഷ്ടമുള്ളത്ര ധനം ഞങ്ങൾ തരാം. സ്ഥാനമാനമാണ് മോഹിക്കുന്നതെങ്കിൽ ഞങ്ങൾ നിന്നെ രാജാവായി വാഴിക്കാം. സൗന്ദര്യത്തിലാണ് കണ്ണെങ്കിൽ നീ തെരഞ്ഞെടുക്കുന്ന സൗന്ദര്യധാമത്തെ നിനക്ക് വേളി കഴിക്കാം."

നബിയെ വല്ലവിധേനയും ദൗത്യനിർവഹണത്തിൽനിന്ന് പിന്തിരിപ്പിക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം. ആരെയും എളുപ്പത്തിൽ വശീകരിക്കാൻ പോന്ന പ്രലോഭനങ്ങൾ. പക്ഷേ, പ്രവാചകന്റെ ദൃഷ്ടിയിൽ അവയെത്ര തുച്ഛം! ഒരു സ്ഫോടനം പോലെ അദ്ദേഹത്തിന്റെ മറുപടി വന്നു: "കൊള്ളമുതലോ അധികാരമോ എനിക്കുവേണ്ട! ജനങ്ങൾക്ക് മുന്നറിയിപ്പുകാരനായിട്ടാണ് ദൈവമെന്നെ നിയോഗിച്ചത്. അവന്റെ സന്ദേശം നിങ്ങൾക്കെത്തിക്കുകയാണ് ഞാൻ. അത് സ്വീകരിച്ചാൽ നിങ്ങൾക്കീ ലോകത്ത് സൗഖ്യവും സമാധാനവും നേടാം. പരലോകത്ത് ശാശ്വത സുഖവും. സ്വീകരിക്കാത്ത പക്ഷം നമുക്കിടയിൽ ദൈവം തന്നെ തീർപ്പുകൽപിച്ചുകൊള്ളും."

മറ്റൊരിക്കൽ നാട്ടു മൂപ്പന്മാരുടെ നിർബന്ധത്തിന് വഴങ്ങി ദൗത്യമുപേക്ഷിക്കാൻ തന്നോടാവശ്യപ്പെട്ട സ്വന്തം പിതൃവ്യനോടദ്ദേഹം പറഞ്ഞു: "പിതൃവ്യാ! വലതുകൈയിൽ സൂര്യനെയും ഇടതു കൈയിൽ ചന്ദ്രനെയും അവർ വെച്ചുതന്നാലും ഈ കൃത്യത്തിൽനിന്ന് ഞാൻ വിരമിക്കുന്നതല്ല. ഒന്നുകിൽ പ്രസ്തുത ശ്രമം സഫലമായി ദൈവപ്രീതി നേടുക. അല്ലെങ്കിൽ ആ മാർഗത്തിലായിക്കൊണ്ട് നശിക്കുക. രണ്ടിലൊന്ന് സംഭവിക്കുന്നതുവരെ ഞാനിത് തുടരും." പ്രവാചകന്റെ നിസ്തുലമായ നിശ്ചയദാർഢ്യവും ആദർശനിഷ്ഠയുമാണ് നാമിവിടെ കാണുന്നത്. -*ഖുർശിദ് അഹ്മദ്*

8. 1932-ലാണ് ഈ ഗ്രന്ഥം രചിച്ചത്.

9. ഉഹുദ് യുദ്ധത്തിൽ, അറബി ഗോത്രത്തലവനായ അബൂസുഫ്യാന്റെ ഭാര്യ ഹിന്ദ് നബിയുടെ പിതൃവ്യൻ ഹംസ(റ)യുടെ കരൾ കടിച്ച് ചവച്ച് അരിശം തീർത്ത സംഭവം.

10. ജഅ്ഫറുബ്നു അബീത്വാലിബിന്റെ ചരിത്രപ്രസിദ്ധമായ പ്രസംഗം ഇത്തരുണത്തിൽ പ്രസ്താവ്യമാണ്. ബഹുദൈവാരാധകരുടെ മർദനം സഹിക്കവെയ്യാതായപ്പോൾ അയൽരാജ്യമായ അബിസീനിയയിലേക്ക്(ഇന്നത്തെ എത്യോപ്യ) കുടിയേറാൻ അനുചരന്മാരിൽ ചിലരോട് നബി(സ) ആവശ്യപ്പെടുകയുണ്ടായി. അങ്ങനെ ഒരു വിഭാഗം അബിസീനിയയിലേക്ക് പോയി. നബിക്കും അനുയായികൾക്കുമെതിരിൽ എന്തു കടുംകൈയും ചെയ്യാൻ മടിക്കാതിരുന്ന മക്കാ പ്രമാണിമാർ വെറുതെയിരുന്നില്ല. അവർ അഭയാർഥികളെ അനുഗമിച്ചു. അബിസീനി

യൻ രാജാവായ നജ്ജാശിയോട് (നേഗസ്) അവരെ ബലാൽക്കാരം മടക്കിയയക്കാൻ ആവശ്യപ്പെട്ടു. നബി തുടങ്ങിവെച്ച മഹത്തായ വിപ്ലവത്തിലേക്ക് വെളിച്ചംവീശിക്കൊണ്ട് നജ്ജാശിയുടെ കൊട്ടാരത്തിൽ അഭയാർഥികളിലൊരാളായ ജഅ്ഫർ ഒരു പ്രസംഗം ചെയ്തു. അതിന്റെ രത്നച്ചുരുക്കമാണ് ചുവടെ:

"അല്ലയോ രാജാവേ, ഞങ്ങൾ വിഗ്രഹപൂജകരായ ഒരു ജനതയായിരുന്നു. ഞങ്ങൾ ശവം തീനികളായിരുന്നു. ഹീനമായതെന്തും ചെയ്യുമായിരുന്നു. ബന്ധുക്കളോടുള്ള ബാധ്യത ഞങ്ങൾ നിറവേറ്റിയില്ല. അയൽവാസികളോട് നിന്ദ്യമായി വർത്തിച്ചു. ദുർബലന്റെ ചെലവിൽ ശക്തർ തടിച്ചുകൊഴുത്തു. അവസാനം ഞങ്ങളെ സമുദ്ധരിക്കാൻ ദൈവം ഒരു പ്രവാചകനെ നിയോഗിച്ചു. അദ്ദേഹത്തിന്റെ സത്യസന്ധത, അന്തസ്സ്, ആർജവം, ദീനാനുകമ്പ തുടങ്ങിയ ഗുണങ്ങൾ ഞങ്ങൾക്ക് സുപരിചിതങ്ങളാണ്. അദ്ദേഹം ഞങ്ങളെ ദൈവാരാധനയിലേക്ക് ക്ഷണിച്ചു. വിഗ്രഹാരാധന വിലക്കി. സത്യമേ പറയാവൂ എന്നും കരാർ പാലിക്കണമെന്നും രക്തബന്ധം മാനിക്കണമെന്നും അയൽക്കാർക്ക് ഗുണം ചെയ്യണമെന്നും അദ്ദേഹം ഞങ്ങളെ ഉപദേശിച്ചു. അശ്ലീലം വർജിക്കണമെന്നും രക്തച്ചൊരിച്ചിൽ നിർത്തണമെന്നും അദ്ദേഹം ഞങ്ങളോടാജ്ഞാപിച്ചു. എല്ലാവിധ ആഭാസങ്ങളും അദ്ദേഹം നിഷിദ്ധമാക്കി. കളവ്പറയൽ, അനാഥകളുടെ ധനം അപഹരിക്കൽ, പതിവ്രതകളിൽ വ്യഭിചാരക്കുറ്റം ചുമത്തൽ ആദിയായവയെല്ലാം. ആകയാൽ ഞങ്ങളദ്ദേഹത്തെ വിശ്വസിച്ചു; അദ്ദേഹത്തെ പിന്തുടർന്നു; അദ്ദേഹം പറഞ്ഞ പ്രകാരം നടക്കുകയും ചെയ്തു." -ഖുർശിദ് അഹ്മദ്

11. ആർതർ ലെനാർഡ് പറയുന്നു: "സത്യത്തിൽ, ഇസ്‌ലാം മഹത്തായ ഒരു കൃത്യമാണ് നിർവഹിച്ചത്. മനുഷ്യ ചരിത്രത്തിൽ, മായ്ച്ചുകളയാനാവാത്ത ഒരു സ്ഥാനം അത് നേടിയെടുത്തിരിക്കുന്നു. ലോകം ഇനിയും വളർന്നുകഴിയുമ്പോൾ മാത്രമേ ഇസ്‌ലാമിന്റെ സ്ഥാനം പൂർണമായി അംഗീകരിക്കപ്പെടുകയുള്ളൂ." ഒരു മുൻനിര ശാസ്ത്രജ്ഞനായ ജോൺ ദെവൻപോട്ടിന്റെ നിരീക്ഷണം കാണുക: "ഊർജതന്ത്രം, ജ്യോതിഃശാസ്ത്രം, തത്ത്വശാസ്ത്രം, ഗണിതശാസ്ത്രം തുടങ്ങി പത്താം ശതകം മുതൽ യൂറോപ്പിൽ പുഷ്ടിപ്രാപിച്ചുവന്ന വിജ്ഞാനശാഖകളെല്ലാംതന്നെ, മൗലികമായി, അറേബ്യൻ ചിന്താധാരകളിൽനിന്ന് ഉരുത്തിരിഞ്ഞുവന്നവയാണെന്ന് സമ്മതിച്ചേ പറ്റൂ. സ്പെയ്നിലെ അറബികൾ യൂറോപ്യൻ തത്ത്വചിന്തയുടെ പിതാക്കളായി ഗണിക്കപ്പെടേണ്ടതുമാണ്."

Quoted by A. Karim in *ISLAM's CONTRIBUTION TO SCIENCE AND CIVILIZATION.*

വിഖ്യാത ബ്രിട്ടീഷ് ചിന്തകനായ ബർട്രന്റ് റസ്സൽ ഇപ്രകാരം എഴുതി: "കിഴക്കിന്റെ അധീശത്വം സൈനിക മേഖലയിൽ മാത്രമായിരുന്നില്ല. ശാസ്ത്രം, തത്ത്വചിന്ത, കവിത, കലകൾ-എല്ലാം മുഹമ്മദീയരുടെ ലോകത്ത് പുഷ്ടിപ്രാപിച്ചു. അന്ന് യൂറോപ്പ് അജ്ഞതയിലാണ്ടു കിടക്കുകയായിരുന്നു. പക്ഷേ, യൂറോപ്പുകാർ മാപ്പർഹിക്കാത്ത ഔദ്ധത്യത്തോടെ ആ കാലഘട്ടത്തെ 'ഇരുണ്ട യുഗം' എന്നു വിളിച്ചു. എന്നാൽ, ഇരുട്ട് യൂറോപ്പിൽ മാത്രമായിരുന്നു-തീർച്ചയായും, ക്രിസ്ത്യൻ യൂറോപ്പിൽ മാത്രം. കാരണം, അന്ന് മുഹമ്മദീയരുടെ ആധിപത്യത്തിലായിരുന്ന സ്പെയിനിൽ ഉജ്ജ്വലമായ ഒരു നാഗരികത നിലനിന്നിരുന്നു." *PAKISTAN QUARTERLY-Vol. IV. No. 3.*

വിഖ്യാത ചരിത്രകാരനായ റോബർട്ട് ബ്രിഫോൾട്ട് തന്റെ *THE MAKING OF HISTORY* എന്ന ഗ്രന്ഥത്തിൽ പറയുന്നു: "അറബികളില്ലായിരുന്നെങ്കിൽ തങ്ങളുടെ മുൻകാലാവസ്ഥകൾ അതിജയിക്കാൻ സഹായിച്ച ഗുണങ്ങളുൾക്കൊള്ളാൻ യൂറോപ്യൻ നാഗരികതക്ക് മിക്കവാറും കഴിയുമായിരുന്നില്ല. കാരണമുണ്ട്: ഇസ്‌ലാമിക നാഗരികത കടന്നുചെല്ലാത്ത ഒരു മേഖലയും കണ്ടെത്തുക സാധ്യമല്ലെങ്കിലും ആധുനിക യുഗത്തിന്റെ നിർണായക ശക്തിയും മാനവിക നേട്ടങ്ങളുടെ മുഖ്യസ്രോതസ്സുമായ ശാസ്ത്രീയ ചിന്തയുടെയും പ്രകൃതിശാസ്ത്രശാഖകളുടെയും മേഖലയിൽ അത് ചെലുത്തിയ സ്വാധീനം മറ്റൊന്നിലും അത്ര പ്രകടമല്ല എന്നു വേണം കരുതാൻ. 'സയൻസ്' എന്ന് നാം വിളിക്കുന്നത് ഒരു പുതിയ അന്വേഷണ ചൈതന്യത്തിന്റെ ഫലമായിരുന്നു-ഗവേഷണത്തിന്റെ പുതിയ രീതികൾ, പരീക്ഷണത്തിന്റെയും നിരീക്ഷണത്തിന്റെയും പരിമാണത്തിന്റെയുമായ പുതിയ പുതിയ ശൈലികൾ; ഗണിതശാസ്ത്രത്തിൽ ഗ്രീക്കുകാർക്കുപോലുമജ്ഞാതമായ രൂപത്തിലുള്ള പുതിയ കാൽവെപ്പുകൾക്കായുള്ള അന്വേഷണത്വര. ആ ചൈതന്യവും ആ രീതികളും യൂറോപ്യർക്ക് പരിചയപ്പെടുത്തിയത് അറബികളാണ്."

പ്രോഗ്രസ്സീവ് എജ്യുക്കേഷൻ അസോസിയേഷന്റെ സ്ഥാപകനായ സ്റ്റാൻവുഡ് കോബ് പറയുന്നു: "യൂറോപ്പിലുണ്ടായ വൈജ്ഞാനിക നവോത്ഥാനത്തിന്റെ യഥാർഥ കാരണം ഇസ്‌ലാം ആയിരുന്നു."(*Quoted by Robert. L. Gullick Jr. in 'Mohammad the Educator*) -ഖുർശിദ് അഹ്മദ്

12. പ്രവാചകനൊരിക്കൽ പറഞ്ഞു: "കടക്കാരനായി മരണമടയാനിടയുള്ള, അല്ലെങ്കിൽ, മരണശേഷം ബന്ധുക്കളെ നിരാലംബനാക്കിയേക്കാവുന്ന വല്ലവരുമുണ്ടെങ്കിൽ എന്നെ സമീപിക്കട്ടെ. അവരുടെയെല്ലാം രക്ഷാകർത്താവാണ് ഞാൻ." തിരുദൂതരുടെ ജീവിതം ഇതിന് ഉത്തമ സാക്ഷിയത്രെ. -ഖുർശിദ് അഹ്മദ്

13. ലോകത്തിലെ നൂറു മഹാന്മാരെ *The Hundreds* എന്ന ഗ്രന്ഥത്തിലൂടെ പരിചയപ്പെടുത്തിയ മൈക്കൽ എച്ച്. ഹാർട്ട് പ്രഥമ സ്ഥാനം നൽകിയത് മുഹമ്മദ്നബിക്കാണെന്നോർക്കുക. -പ്രസാധകർ

14. ഒരു പ്രവാചകന്റെ സാന്നിധ്യത്തിൽ അയാളുടെ സഹായത്തിനായി മറ്റൊരു പ്രവാചകനെ നിയോഗിക്കുകയെന്ന നാലാമതൊരു രൂപവും സാധ്യമാണ്. പക്ഷേ, ഞാനത് വിട്ടുകളയാൻ കാരണം, വിശുദ്ധ ഖുർആനിൽ അതിനു രണ്ടുദാഹരണങ്ങളേയുള്ളൂ എന്നതാണ്. സഹായികളായ പ്രവാചകന്മാരെ നിയോഗിക്കൽ അല്ലാഹുവിന്റെ ഒരു പൊതു നിയമമാണെന്ന് ആ രണ്ടുദാഹരണങ്ങൾകൊണ്ട് മാത്രം തെളിയുകയില്ല. -ഗ്രന്ഥകാരൻ

15. പുതിയൊരു ദൗത്യത്തിന് ഒരു നിശ്ചിതകാലം കഴിഞ്ഞാൽ മതി എന്ന് ചിലർ പറയുന്നു. പതിമൂന്നു നൂറ്റാണ്ടുകൾക്കു മുമ്പ് അവതരിച്ച ഒരു മതം അപ്രായോഗികവും കാലഹരണപ്പെട്ടതും പുതുയുഗത്തിന്റെ ആവശ്യങ്ങൾ നിർവഹിക്കാൻ അപ്രാപ്തവുമായിരിക്കുമെന്നാണവരുടെ വാദം. തികച്ചും അടിസ്ഥാന രഹിതമാണിത്. കാരണങ്ങൾ പറയാം:
    1. ഇസ്‌ലാമിക ശിക്ഷണങ്ങൾ ശാശ്വതമാണ്. കാരണം, ഭൂത-ഭാവി-വർത്തമാനങ്ങളറിയുന്ന ദൈവമാണ് അവ അവതരിപ്പിച്ചത്. ഭാവിയുടെ അവ്യക്തമായ കവാടത്തിലേക്കെത്തിനോക്കാൻ പരിമിതികളുള്ള മനുഷ്യദൃഷ്ടിക്കേ കഴിയാതുള്ളു. സ്ഥലകാല പരിമിതികൾക്കതീതനായ ദൈവം അങ്ങനെയല്ല.
    2. ഇസ്‌ലാം മനുഷ്യപ്രകൃതിയിലധിഷ്ഠിതമാണ്. മനുഷ്യപ്രകൃതിക്കാകട്ടെ മാറ്റമില്ല. പൗരാണിക മനുഷ്യന്റെ അതേ മൂശയിൽത്തന്നെയാണ് മനുഷ്യരെല്ലാം വാർക്കപ്പെട്ടിരിക്കുന്നത്. മനുഷ്യന്റെ മൗലിക പ്രകൃതിക്ക് മാറ്റമില്ല.
    3. മനുഷ്യജീവിതത്തിൽ ശാശ്വതികതയുടെയും മാറ്റത്തിന്റെയും ഘടകങ്ങൾക്കിടയിൽ സുന്ദരമായ ഒരു സമീകരണമുണ്ട്. എല്ലാം ശാശ്വതമല്ല. എല്ലാം മാറ്റത്തിന് വിധേയവുമല്ല. അടിസ്ഥാന പ്രമാണങ്ങളും മൗലികമൂല്യങ്ങളും മാറ്റത്തെ സ്വീകരിക്കുകയില്ല. ബാഹ്യരൂപങ്ങളാണ് കാലത്തിനനുസരിച്ച് മാറുന്നത്. പരിഗണനീയമായ ചില തത്ത്വങ്ങളുടെ വെളിച്ചത്തിൽ മാറ്റിയിട്ടുള്ളതും അവതന്നെ. ശാശ്വതികത, മാറ്റം- ഇവ രണ്ടിന്റെയും ആവശ്യങ്ങൾ ഇസ്‌ലാം നിവർത്തിച്ചിട്ടുണ്ട്. ഇസ്‌ലാമിന്റെ ശാശ്വത തത്ത്വങ്ങളാണ് ഖുർആനിലും സുന്നത്തിലുമുള്ളത്. അതത് കാലത്തെ ആവശ്യങ്ങളനുസരിച്ച് അവ പ്രയോഗിക്കപ്പെടുന്നത് ഇജ്തിഹാദിലൂടെയാണ്. ജീവിതത്തിന്റെ മൗലിക തത്ത്വങ്ങൾക്കും ശാശ്വത മൂല്യങ്ങൾക്കും അനുസ്യൂതമായി മനുഷ്യസമൂഹത്തിന്റെ ശാശ്വതമായ വികാസത്തിനനുരൂപമായ അവികലമായൊരു വ്യവസ്ഥ കെട്ടിപ്പടുത്ത ഏകമതം ഇസ്‌ലാമത്രേ.
    4. ശാസ്ത്രീയമായി നോക്കിയാലും ഭൂമിയിൽ മനുഷ്യോൽപത്തി ഉദ്ഘാടനം ചെയ്തുവെച്ച അതേയുഗത്തിലാണ് മനുഷ്യൻ ഇന്നും ജീവിക്കുന്നത്. മനുഷ്യ ജീവിതത്തിന്റെ പ്രസ്തുത തലത്തിൽ പറയത്തക്ക ഒരു മാറ്റവും സംഭവിച്ചിട്ടില്ല. നാഗരികതകൾ ഉദ്ഭവിക്കുകയും അസ്തമിക്കുകയും ചെയ്തു. സംസ്കാരങ്ങൾ നാമ്പെടുക്കുകയും ചരമമടയുകയും ചെയ്തു. സാമ്രാജ്യങ്ങൾ ജന്മമെടുക്കുകയും ചാമ്പലാവുകയും ചെയ്തു. എങ്കിലും, കാലം പ്രാപഞ്ചിക പരിണാമത്തിന്റെ മഹത്തായ ശൃംഖലയിൽ പതിവിൻപടി നിലകൊള്ളുന്നു. അതിനാൽ നൂറ്റാണ്ടുകൾക്കു മുമ്പ് നൽകപ്പെട്ടൊരു നിയമ സംഹിത കാലം ചെല്ലുന്തോറും അപ്രായോഗികമായിത്തീരും എന്ന വാദം അടിസ്ഥാനരഹിതവും അബദ്ധജടിലവുമാണ്.

16. നബി(സ)പറയുന്നു: "എനിക്കുശേഷം ഇനിയൊരു പ്രവാചകൻ ഉണ്ടാകുന്നതല്ല." മറ്റൊരിക്കൽ അദ്ദേഹം പറഞ്ഞു: "എന്റെയും എനിക്ക് മുമ്പുള്ളവരുടെയും ഉപമയിതാണ്: ഒരാൾ

ഒരു മന്ദിരം പണിതു. അതിനെ സുന്ദരവും സുഭഗവുമാക്കി. പക്ഷേ, ഒരു മൂലക്കല്ലിന്റെ സ്ഥാനം ഒഴിവാക്കിവെച്ചു. ജനങ്ങൾ അതിനെ പ്രദക്ഷിണം വെക്കുകയും അതിന്റെ മനോഹാരിതയിൽ അദ്ഭുതം കൂറുകയും ചെയ്തു. എന്തുകൊണ്ട് ഒരു കല്ലുകൂടി വെച്ചില്ല എന്നവർ ചോദിച്ചു. ആ കല്ല് ഞാനാകുന്നു. ഞാനത്രേ, അന്ത്യപ്രവാചകൻ." (ബുഖാരി, മുസ്ലിം).
*-ഖുർശിദ് അഹ്മദ്*

## നാല്

# വിശ്വാസകാര്യങ്ങൾ

●

വിശ്വാസകാര്യങ്ങളിലേക്ക് കടക്കുന്നതിനു മുമ്പായി കഴിഞ്ഞ അധ്യായങ്ങ ളിൽ പ്രതിപാദിച്ച കാര്യങ്ങൾ ഒന്നുകൂടി പരിശോധിക്കാം.

1. 'ഇസ്‌ലാമിന്റെ അർഥം ദൈവത്തിനുള്ള അനുസരണം, കീഴ്വണക്കം എന്നൊക്കെയാണ്. ദൈവത്തിന്റെ സത്ത, ഗുണങ്ങൾ, ദൈവമാർഗം, പര ലോകം എന്നിവയെക്കുറിച്ച് ശരിയായ ജ്ഞാനമില്ലാതെ 'ഇസ്‌ലാം' ഉൾക്കൊ ള്ളാനാവില്ല. ഈ ജ്ഞാനം ദൈവത്തിന്റെ പ്രവാചകന്മാർ മുഖേന മാത്രമേ ലഭിക്കൂ. അപ്പോൾ, 'ഇസ്‌ലാമി'ന്റെ ശരിയായ നിർവചനം 'പ്രവാചകാധ്യാ പനങ്ങളിൽ വിശ്വസിച്ചുകൊണ്ടും പ്രവാചക മാതൃക പിൻപറ്റിക്കൊണ്ടും ദൈവദാസനായി ജീവിക്കുക' എന്നായിത്തീരുന്നു. പ്രവാചകന്റെ സഹായ മില്ലാതെ നേരിട്ട് ദൈവത്തെ അനുസരിക്കുന്നു എന്ന് വാദിക്കുന്നവൻ ഒരി ക്കലും മുസ്‌ലിമല്ല.

2. മുൻകാലങ്ങളിൽ ഓരോ സമുദായത്തിലും വെവ്വേറെ പ്രവാചകന്മാർ വന്നുകൊണ്ടിരുന്നു-ഒരേ സമുദായത്തിൽത്തന്നെ ഒരാൾക്കുശേഷം മറ്റൊ രാൾ എന്ന നിലയിൽ. അക്കാലത്ത്, ഓരോ സമുദായത്തെ സംബന്ധിച്ചും 'ഇസ്‌ലാം' എന്നത് അതത് സമുദായത്തിലെ പ്രവാചകന്മാർ അവരിൽ പ്രബോധനം ചെയ്ത മതത്തിന്റെ പേരായിരുന്നു. ഇസ്‌ലാമിന്റെ മൗലിക തത്ത്വങ്ങൾ എല്ലാ കാലത്തും എല്ലാ രാജ്യത്തും ഒന്നുതന്നെ ആയിരുന്നു വെങ്കിലും നിയമവ്യവസ്ഥകളും ആരാധനാമാർഗങ്ങളും[1] വിഭിന്നങ്ങളായി രുന്നു. അതിനാൽ, ഒരു സമുദായത്തിന് ആ സമുദായത്തിലേക്ക് നിയോഗി തരായ പ്രവാചകന്മാരിൽ മാത്രമേ വിശ്വസിക്കേണ്ടിയിരുന്നുള്ളൂ. ഇതര സമു ദായങ്ങളിലെ പ്രവാചകന്മാരെ അനുഗമിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല.

3. മുഹമ്മദ്നബി(സ), എല്ലാ മനുഷ്യസമൂഹങ്ങൾക്കുമുള്ള പ്രവാചക നായി നിയോഗിക്കപ്പെടുകയും അദ്ദേഹം മുഖേന ഇസ്‌ലാം പൂർത്തീകരി ക്കപ്പെടുകയും ചെയ്തു. അതോടൊപ്പം ലോകത്തിന് മുഴുവനുമായി ഒരേ 'ശരീഅത്ത്' നൽകപ്പെടുകയും ചെയ്തു. മുഹമ്മദ്നബിയുടെ ദൗത്യം ഒരു പ്രത്യേക സമുദായത്തിനോ ഒരു പ്രത്യേക രാജ്യത്തിനോ ഉള്ളതല്ല. ഒരു

പ്രത്യേക കാലത്തേക്ക് മാത്രവുമല്ല. മറിച്ച്, മുഴുവൻ മനുഷ്യവംശത്തിനുമുള്ള താണ്; എല്ലാ കാലത്തേക്കുമുള്ളതാണ്. മുൻ പ്രവാചകന്മാർ കൊണ്ടുവന്ന ശരീഅത്തുകളെല്ലാം തിരുമേനിയുടെ ആഗമനത്തോടെ ദുർബലപ്പെട്ടു. ഇനി ലോകാവസാനം വരെ മറ്റൊരു പ്രവാചകൻ വരില്ല. ദൈവത്തിങ്കൽനിന്ന് മറ്റൊരു ജീവിത പദ്ധതി അവതരിക്കയുമില്ല. അതിനാൽ, ഇപ്പോൾ 'ഇസ്‌ലാം' എന്നത് മുഹമ്മദ്നബി കൊണ്ടുവന്ന ദീനിന്റെ മാത്രം പേരാണ്. മുഹമ്മദ് നബിയുടെ പ്രവാചകത്വം അംഗീകരിക്കുകയും അദ്ദേഹം നിർദേശിച്ച കാര്യ ങ്ങളിലെല്ലാം വിശ്വസിക്കുകയും, അദ്ദേഹത്തിന്റെ ആജ്ഞകൾ ദൈവത്തി ന്റേതാണെന്ന് സമ്മതിച്ച് അവയെ സർവാത്മനാ അനുസരിക്കുകയും ചെയ്യു ന്നതിനാണ് ഇന്ന് 'ഇസ്‌ലാം' എന്ന് പറയുന്നത്. മുസ്‌ലിമാകാൻ നിർബന്ധ പൂർവം വിശ്വസിക്കേണ്ടതോ, വിശ്വസിക്കാതിരുന്നാൽ കാഫിറായിപ്പോകു മെന്ന് ഭയക്കേണ്ടതോ ആയ ഒരു പ്രവാചകനും ഇനി വരാനില്ല.

ഇത്രയും കാര്യങ്ങളാണ് മുൻ അധ്യായത്തിൽ പ്രതിപാദിച്ചത്. ഇനി, മുഹ മ്മദ്നബി വിശ്വസിക്കാനാവശ്യപ്പെട്ട കാര്യങ്ങളെന്തെന്നും അവ എത്രമാത്രം യുക്തിഭദ്രമാണെന്നും അന്വേഷിക്കാം.

## ദൈവത്തിലുള്ള വിശ്വാസം

മുഹമ്മദ്നബി(സ)യുടെ പ്രഥമവും മൗലികവുമായ അധ്യാപനം 'ലാ ഇലാഹ ഇല്ലല്ലാഹു' എന്നതത്രെ. അല്ലാഹുവല്ലാതെ വേറെ ഒരിലാഹുമില്ല എന്നാണീ വാക്യത്തിനർഥം. ഇസ്‌ലാമിന്റെ അടിസ്ഥാനമാണീ വാക്യം. ഒരു മുസ്‌ലിമിനെ അവിശ്വാസിയിൽനിന്നും ബഹുദൈവ വിശ്വാസിയിൽനിന്നും നാസ്തികനിൽനിന്നും വേർതിരിച്ചുനിർത്തുന്നത് ഈ വാക്യമാണ്. ഈ വാക്യം സമ്മതിക്കുന്നവരും നിഷേധിക്കുന്നവരും തമ്മിൽ ഭീമമായ വ്യത്യാസം ഉണ്ടായിത്തീരുന്നു. അത് സമ്മതിക്കുന്നവർ ഒരു വിഭാഗവും നിഷേധിക്കുന്നവർ മറ്റൊരു വിഭാഗവുമായിമാറുന്നു. അത് സ്വീകരിക്കുന്ന വർക്ക് ഇഹ-പരലോകങ്ങളിൽ വിജയവും മോക്ഷവുമുണ്ട്. തിരസ്കരിക്കു ന്നവർക്കാകട്ടെ പരാജയവും ഹീനത്വവും മാത്രവും.

മനുഷ്യർക്കിടയിൽ സംജാതമാകുന്ന ഈ വൻ അന്തരം 'ലാം', 'അലിഫ്', 'ഹാ' എന്നീ അക്ഷരങ്ങൾ കൂടിച്ചേർന്ന ഒരു പദം ഉച്ചരിക്കുന്നതിന്റെ മാത്രം ഫലമല്ല. 'ക്വനീൻ' എന്ന പദം ലക്ഷം തവണ ഉരുവിട്ടാലും പനി വിട്ടുമാറ ണമെങ്കിൽ അത് സേവിക്കുക തന്നെ വേണമല്ലോ. അതുപോലെ "ലാ ഇലാഹ ഇല്ലല്ലാഹു"എന്ന് ഉരുവിടുന്നതുകൊണ്ട് മാത്രം ഫലമൊന്നുമില്ല. താനുച്ചരിക്കുന്നതിന്റെ അർഥവും അതുവഴി താൻ സ്വയം സമ്മതിക്കുന്ന സംഗതികളുടെ ഗൗരവവും തന്നിൽ വന്നുചേരുന്ന ബാധ്യതകളുടെ ഭാരവും സംബന്ധിച്ച് തികഞ്ഞ ബോധമുണ്ടെങ്കിലേ അതുകൊണ്ട് ഫലമുള്ളൂ. ഈ വാക്യം സ്വീകരിക്കുന്നവരും തിരസ്കരിക്കുന്നവരും തമ്മിൽ അന്തരമുണ്ടാ കാനും വേണം ചില കാര്യങ്ങൾ: ഉച്ചരിക്കുന്ന വാക്യത്തിന്റെ അർഥം ഹൃദയ ത്തിൽ വേരൂന്നണം; അതിൽ ദൃഢവിശ്വാസമുണ്ടായിരിക്കണം; വിരുദ്ധ

വിശ്വാസങ്ങളിൽനിന്ന് മുക്തമാവുകയും വേണം. 'അഗ്നി കരിക്കുന്നതാണ്', 'വിഷം മാരകമാണ്' തുടങ്ങിയ ആശയങ്ങൾ നമ്മുടെ മനസ്സിലുണ്ടാക്കുന്ന തുപോലുള്ള ഒരു വികാരമെങ്കിലും പ്രസ്തുത വാക്യത്തിനുമുണ്ടാകണം. അഗ്നിയുടെ പ്രകൃതിയെക്കുറിച്ച വിശ്വാസം അടുപ്പിൽ കൈയിടുന്നതിൽനിന്ന് നമ്മെ തടയുന്നു; വിഷത്തിന്റെ സ്വഭാവത്തിലുള്ള വിശ്വാസം അത് കഴിക്കു ന്നതിൽനിന്ന് നമ്മെ വിലക്കുന്നു. അതുപോലെ 'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന വിശുദ്ധ വാക്യത്തിലുള്ള വിശ്വാസം ബഹുദൈവത്വം, അവിശ്വാസം, നാസ്തികത തുടങ്ങിയവയുടെ അതിനിസ്സാരമായ അംശങ്ങളിൽനിന്ന് പോലും നമ്മെ ശുദ്ധീകരിക്കേണ്ടതാണ്.

## വിശുദ്ധ വാക്യത്തിന്റെ അർഥം

ആദ്യമായി 'ഇലാഹ്' എന്ന പദം എടുക്കുക. 'ഇബാദത്തിനർഹനായ വൻ' എന്നാണതിനർഥം. സർവോപരിയായ പ്രതാപ ശക്തിയുടെയും ഔന്ന ത്യത്തിന്റെയും അടിസ്ഥാനത്തിൽ ആരാധിക്കപ്പെടാനും അനുസരിക്കപ്പെ ടാനും അടിമവൃത്തി ചെയ്യപ്പെടാനും ഭയഭക്തി ബഹുമാനങ്ങളോടെ ശിരസ്സു കൾ കുനിക്കപ്പെടാനും അർഹതയുള്ളവൻ എന്ന് സാരം. മനുഷ്യബുദ്ധിയെ അമ്പരപ്പിക്കത്തക്കവിധം വിപുലമായ ശക്തിമാഹാത്മ്യമുള്ളവൻ എന്ന അർഥവും 'ഇലാഹ്' എന്ന പദം ഉൾക്കൊള്ളുന്നു. ലോകത്തിലെ സകല വസ്തുക്കളും ആശ്രയിക്കുന്നവനും സകലരും സഹായമർഥിക്കുന്നവനും അതോടൊപ്പം ആരുടെയും ആശ്രയം ആവശ്യമില്ലാത്തവനും ആയ ശക്തി എന്ന ആശയവും 'ഇലാഹി'ലടങ്ങിയിട്ടുണ്ട്. അദൃശ്യൻ എന്ന അർഥവും അതിലന്തർഭവിച്ചു കിടക്കുന്നു. മനുഷ്യേന്ദ്രിയങ്ങൾക്ക് കാണാൻ കഴിയാത്ത വിധം കഴിവുകൾ ഗോപ്യമായിരിക്കുന്നവനെയും 'ഇലാഹ്' എന്നു പറയും. പേർഷ്യനിൽ 'ഖുദാ' എന്നും ഹിന്ദിയിൽ 'ദേവത' എന്നും ഇംഗ്ലീഷിൽ 'ഗോഡ്'എന്നും പറയുന്നതിന്റെ അർഥവും ഏതാണ്ട് ഇതു തന്നെ. ലോക ത്തിലെ ഇതര ഭാഷകളിലും ഈ ആശയം ധ്വനിപ്പിക്കാൻ പ്രത്യേകം വാക്കു കളുണ്ട്.[2]

'അല്ലാഹു' എന്ന പദം ഏകദൈവത്തിനുള്ള പ്രത്യേക നാമമാണ്. അപ്പോൾ 'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന വാക്യത്തിന്റെ അർഥം അല്ലാഹു എന്ന പേരോടുകൂടിയ ഏകദൈവമൊഴിച്ച് വേറൊരു 'ഇലാഹില്ല' എന്നായി. അതായത്, പൂജക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല. ആരാധന, അടിമ വൃത്തി, അനുസരണം എന്നീ രൂപത്തിലും തലകുനിക്കപ്പെടാൻ അർഹനായി അവനല്ലാതെ മറ്റാരുമില്ല. ഉടമസ്ഥനും വിധികർത്താവും അവൻ മാത്രമാണ്. സകല വസ്തുക്കളും അവന്റെ ആശ്രിതരാണ്. സകലരും അവനോട് മാത്രം സഹായമർഥിക്കാൻ നിർബന്ധിതരാണ്. അവൻ അദൃശ്യനാണ്. ഇതൊക്കെ യാണതുകൊണ്ടുള്ള വിവക്ഷ.

## വിശുദ്ധ വാക്യത്തിന്റെ പൊരുൾ

വിശുദ്ധ വാക്യത്തിലെ പദങ്ങളുടെ അർഥം മാത്രമാണിപ്പറഞ്ഞത്. ഇനി

അതിന്റെ പൊരുളെന്താണെന്ന് പരിശോധിക്കാം. പുരാതന ചരിത്രവും പൗരാണിക ജനതതികളുടെ സ്മാരക ചിഹ്നങ്ങളും നമ്മെ പഠിപ്പിക്കുന്ന ഒരു വസ്തുതയുണ്ട്: മനുഷ്യൻ എക്കാലത്തും ദൈവത്തിൽ വിശ്വസിച്ച് അതിനെ ആരാധിച്ചിരുന്നുവെന്നതാണത്. ഇന്ന് ജീവിക്കുന്ന പരിഷ്കൃതരും അപരിഷ്കൃതരുമായ സമുദായങ്ങളൊക്കെയും ഏതോ രീതിയിൽ ദൈവവിശ്വാസികളും ദൈവത്തെ ആരാധിക്കുന്നവരുമാണ്. ഇത് ദൈവത്തെക്കുറിച്ചുള്ള ചിന്ത മനുഷ്യപ്രകൃതിയിൽ നിലീനമായ ഒന്നാണെന്ന് വ്യക്തമാക്കുന്നു. ഒരു ശക്തിയെ ദൈവമായി സ്വീകരിച്ച് അതിനെ ആരാധിക്കാൻ നിർബന്ധിക്കുന്ന ഒരു പ്രേരക ശക്തി മനുഷ്യനിൽ പ്രകൃത്യാ തന്നെയുണ്ട്. എന്താണ് ഈ പ്രേരകശക്തി? സ്വന്തം അസ്തിത്വത്തെയും മറ്റു മനുഷ്യരുടെ പരിതഃസ്ഥിതികളെയും സുസൂക്ഷ്മം പഠിച്ചാൽ ആ ചോദ്യത്തിനുത്തരം കാണാം.

മനുഷ്യൻ യഥാർഥത്തിൽ ഒരടിമയായിട്ടാണ് ജനിക്കുന്നത്. അവൻ പ്രകൃത്യാതന്നെ ബലഹീനനും ആശ്രിതനുമാണ്. തന്റെ അസ്തിത്വം നിലനിർത്തിപ്പോരാൻ ആവശ്യമായ നിരവധി വസ്തുക്കളുണ്ട്. എന്നാൽ, അവയൊന്നും അവനധീനമല്ല. അവ സ്വയം അവന് ലഭിക്കുകയാണ്; അതുപോലെ അവനിൽനിന്ന് അപഹരിക്കപ്പെടുകയും. അവനുപകാരപ്രദമായ എത്രയോ വസ്തുക്കളുണ്ട്. അവ കരസ്ഥമാക്കാൻ അവൻ ഉദ്ദേശിക്കുന്നു; അവ ചിലപ്പോൾ അവന് ലഭിക്കുന്നു. മറ്റു ചിലപ്പോൾ നിഷേധിക്കപ്പെടുന്നു. കാരണം, അവ തീർത്തും അവന്റെ അധികാരത്തിലല്ല.

അവന് ദോഷവും നഷ്ടവും വരുത്തുന്ന ചില കാര്യങ്ങളുണ്ട്. അവന്റെ ജീവിത സമ്പാദ്യം മുഴുവൻ നിമിഷനേരംകൊണ്ട് നശിപ്പിക്കാൻ കരുത്തുള്ളവ; അവന്റെ ആശകളും പ്രതീക്ഷകളും അവ തകർത്തുകളയുന്നു. അവനെ രോഗത്തിലും ആപത്തുകളിലുമകപ്പെടുത്തുന്നു. അവയെ തടുക്കണമെന്നവനാഗ്രഹമുണ്ട്. പക്ഷേ, എപ്പോഴുമത് സാധിക്കുന്നില്ല. തന്മൂലം അവയൊന്നും തന്റെ അധികാര പരിധിയിലോ കഴിവിലോ പെട്ടതല്ലെന്ന ഒരു ധാരണ അവനിൽ വേരൂന്നുന്നു.

ചില വസ്തുക്കൾ അവനെ വിഹ്വലനും പരാജിത മനസ്കനുമാക്കുന്നു. ഉത്തുംഗമായ പർവതങ്ങൾ, വൻ നദികൾ, ഭീമാകാരന്മാരായ ജന്തുക്കൾ, കൊടുങ്കാറ്റ്, പ്രളയം, ഭൂകമ്പം, മേഘഗർജനം, കരാളമായ അന്ധകാരം, കണ്ണഞ്ചിക്കുന്ന മിന്നൽപ്പിണരുകൾ, തോരാത്ത പേമാരി, ജ്വലിക്കുന്ന സൂര്യഗോളം, പ്രഭ വിതറുന്ന ചന്ദ്രൻ, മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ- അങ്ങനെയെത്രയോ പ്രാപഞ്ചിക വസ്തുക്കൾ അവൻ കാണുന്നു. തന്നെക്കാൾ എത്രയോ അധികം വലുപ്പവും ശക്തിയും പ്രതാപവുമുള്ളവ. അവയുടെ മുമ്പിൽ താൻ കേവലം അശക്തനും നിസ്സാരനുമാണെന്ന തോന്നൽ അവനിൽ ശക്തിപ്രാപിക്കുന്നു. താൻ അടിമയും ആശ്രിതനുമാണെന്ന ബോധം മനസ്സിലുറക്കുന്നു. അതോടെ, ഈ പ്രതിഭാസങ്ങളുടെയെല്ലാം ഉടമസ്ഥത വഹിക്കുന്ന ആ മഹാശക്തിയെക്കുറിച്ച് അവൻ ചിന്തിച്ചു തുടങ്ങുന്നു. അതിന്റെ മാഹാത്മ്യങ്ങളെക്കുറിച്ച ബോധം, കീഴ്‌വണക്കത്തോടെ അതിന്റെ മുമ്പിൽ തലകുനിക്കാൻ

അവനെ നിർബന്ധിതനാക്കുന്നു. അതിന്റെ അജയ്യശക്തിയെക്കുറിച്ച ധാരണ, അതിന്റെ മുമ്പിൽ സ്വന്തം നിസ്സഹായാവസ്ഥ പ്രകടിപ്പിക്കാൻ അവനെ പ്രേരിപ്പിക്കുന്നു. തനിക്ക് നന്മ ചെയ്യുന്ന ശക്തികളെക്കുറിച്ച ചിന്ത അവയോട് സഹായമർഥിക്കാൻ അവനെ ഉത്സുകനാക്കുന്നു. തനിക്ക് നാശനഷ്ടമേൽപിക്കുന്ന ശക്തികളെക്കുറിച്ച അറിവ് അവയുടെ കോപത്തിൽനിന്ന് രക്ഷ പ്രാപിക്കുന്നതിനുള്ള മാർഗങ്ങൾ തേടാൻ അവനെ ഉദ്യുക്തനാക്കുന്നു.

മനുഷ്യൻ അജ്ഞതയുടെ താഴേ പടിയിലായിരിക്കുമ്പോൾ ശക്തിയും പ്രതാപവുമുള്ളതായോ ഗുണദോഷങ്ങൾ ചെയ്യാൻ പ്രാപ്തിയുള്ളതായോ അവന് തോന്നുന്ന വസ്തുക്കളെ ദൈവമെന്ന് ധരിക്കുന്നു. അങ്ങനെ, പ്രാപഞ്ചിക പ്രതിഭാസങ്ങളിൽ മിക്കതിനെയും അവൻ പൂജിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. എന്നാൽ, ജ്ഞാനമാകുന്ന പ്രകാശം വ്യാപിച്ചു തുടങ്ങുന്നതോടെ അവയെല്ലാം തന്നെപ്പോലെ അശക്തരും ആശ്രിതരും അടിമകളുമാണെന്നവൻ മനസ്സിലാക്കുന്നു. എത്ര ഭീകര ജന്തുവും ഒരു കൊതുകിനെപ്പോലെ ചത്തുപോകുന്നു. ഒരിക്കൽ കൂലം കുത്തിയൊഴുകുന്ന വൻ നദികൾ പോലും മറ്റൊരിക്കൽ വറ്റി വരണ്ടു പോകുന്നു. പർവതങ്ങളെ മനുഷ്യൻ തന്നെ ഇടിച്ച് നിരത്തുന്നു. വൃക്ഷലതാദികൾ മുളപ്പിക്കുകയെന്നത് ഭൂമിയുടെ സ്വന്തം അധികാര പരിധിയിൽ പെട്ടതല്ല. ജലത്തിന്റെ സഹകരണമില്ലെങ്കിൽ ഭൂമി നിസ്സഹായയാണ്. വെള്ളത്തിനുമില്ല സ്വേച്ഛാധികാരം. അത് കാറ്റിനെ ആശ്രയിക്കുന്നു. കാറ്റിനും സ്വാധികാരമില്ല. അതുണ്ടാവുന്നതും ഇല്ലാതാവുന്നതും മറ്റു ചിലതിനെ ആശ്രയിച്ചാണ്. സൂര്യ-ചന്ദ്ര-നക്ഷത്രാദി ഗോളങ്ങളും ചില നിയമങ്ങൾക്ക് വിധേയമാണ്. ആ നിയമങ്ങൾക്കെതിരായി ഒന്നനങ്ങാൻ പോലും അവക്കാവില്ല. ഇങ്ങനെ ചിന്തിക്കുന്ന മനുഷ്യമനസ്സ് അദൃശ്യവും രഹസ്യവുമായ ശക്തികളിലേക്ക് നീങ്ങിത്തുടങ്ങുന്നു. ഈ പ്രതിഭാസങ്ങൾക്കു പിന്നിൽ ചില അദൃശ്യ ശക്തികൾ ഒളിഞ്ഞുകിടപ്പുണ്ടെന്നും അവയാണിതെല്ലാം നിയന്ത്രിക്കുന്നതെന്നും അവർ കരുതിത്തുടങ്ങുന്നു. ഇവിടെനിന്നാണ് ദേവന്മാരുടെയും ദേവതകളുടെയും ആരംഭം. കാറ്റിനും തീയിനും വെള്ളത്തിനും രോഗത്തിനും ആരോഗ്യത്തിനും ഒക്കെ വേറെ വേറെ ദൈവങ്ങൾ. അവയുടെ സാങ്കൽപിക രൂപങ്ങൾ നിർമിച്ച് ജനം ആരാധനയും തുടങ്ങി.

ജ്ഞാനത്തിന്റെ വെളിച്ചം കുറേക്കൂടി തെളിയുമ്പോൾ പ്രാപഞ്ചിക വ്യവസ്ഥ ഒരു ഏകീകൃത നിയമത്താൽ ബന്ധിതമാണെന്ന് മനുഷ്യന് ബോധ്യമാകും. കാറ്റിന്റെ ഗതിയും മഴയുടെ വരവും ഗോളങ്ങളുടെ ഭ്രമണവും കാലാവസ്ഥയുടെ മാറ്റവുമെല്ലാം ഒരു നിശ്ചിത വ്യവസ്ഥയിലും ക്രമത്തിലുമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഓരോ പ്രവൃത്തിയും അതതിന്റെ സമയത്ത് കൃത്യമായി നടക്കുന്നു. അതിനാവശ്യമായ എല്ലാ പ്രാപഞ്ചിക ശക്തികളും പരസ്പരം സംഘടിച്ചും സഹകരിച്ചും പ്രവർത്തിക്കുന്നു. ഈ പ്രവർത്തനൈക്യത്തിനായി അവയെ സംവിധാനിച്ച നിയമം എന്തുമാത്രം ബലിഷ്ഠമായിരിക്കും! പ്രാപഞ്ചിക വ്യവസ്ഥയുടെ ഈ ഐക്യവും ഒരുമയും

കണ്ട് ചെറിയ ദൈവങ്ങളെയെല്ലാം നയിക്കുന്ന ഒരു വലിയ ദൈവം കൂടിയുണ്ടെന്ന് സമ്മതിക്കാൻ ബഹുദൈവ വിശ്വാസി നിർബന്ധിതനായിത്തീരുന്നു. കാരണം, ദൈവങ്ങൾ തമ്മിലുള്ള ഭിന്നിപ്പ് ലോകവ്യവസ്ഥയെത്തന്നെ താറുമാറാക്കുമെന്നവനറിയാം. ആ വലിയ ദൈവത്തിന് അവൻ 'അല്ലാഹു'എന്നോ 'പരമേശ്വരൻ' എന്നോ മറ്റോ പേരിട്ട് വിളിക്കുന്നു. എന്നാൽ, ആരാധനയിലും അനുസരണത്തിലും ചെറു ദൈവങ്ങൾക്കുമവൻ പങ്ക് നൽകുന്നു. ദിവ്യത്വം, ഭൂമിയിലെ ചില സമ്പ്രദായങ്ങൾ പോലുള്ള ഒന്നാണെന്നാണ് അവന്റെ ധാരണ. ഇവിടെ ഭരണത്തലവനും, കീഴിൽ മന്ത്രിമാരും, പിന്നെ സെക്രട്ടറിമാരും കീഴുദ്യോഗസ്ഥന്മാരുമൊക്കെയുണ്ടല്ലോ. ചെറു ദൈവങ്ങളെ തൃപ്തിപ്പെടുത്താതെ വലിയ ദൈവത്തിന്റെ സാമീപ്യം സിദ്ധിക്കയില്ലെന്നും അവൻ ധരിക്കുന്നു. അതിനായി അവയെ ആരാധിക്കുന്നു; അവയോട് സഹായമർഥിക്കുന്നു. അവയെ മധ്യസ്ഥരാക്കുന്നു; നേർച്ചകളും വഴിപാടുകളും കൊണ്ട് അവയെ തൃപ്തിപ്പെടുത്തുന്നു.

ജ്ഞാനത്തിന്റെ പ്രകാശം അനുക്രമം വർധിക്കുന്തോറും ദൈവങ്ങളുടെ സംഖ്യ ചുരുങ്ങിക്കൊണ്ടേ വരും. ആ വെളിച്ചത്തിൽ ചിന്തിക്കാനാരംഭിക്കുന്ന മനുഷ്യന്, അജ്ഞാനികൾ ചമച്ചുണ്ടാക്കിയ ദൈവങ്ങൾ ദൈവങ്ങളേയല്ലെന്നും തന്നെപ്പോലുള്ള അടിമകളോ തന്നെക്കാളും നിസ്സഹായരോ ആണെന്നും വ്യക്തമാവും. അങ്ങനെ അവയെ ഓരോന്നായി അവൻ കൈയൊഴിക്കും. ഒടുവിൽ ഏക ദൈവം മാത്രം അവശേഷിക്കും. ആ ഏക ദൈവത്തെക്കുറിച്ചുള്ള വിഭാവനയിൽ പിന്നെയും അജ്ഞതകൾ സ്വാധീനം ചെലുത്തിയിരിക്കും. ചിലർ ദൈവത്തിനൊരു സ്ഥൂലശരീരം സങ്കൽപിക്കും. അവനൊരിരിപ്പിടവും. അതിലിരുന്ന് അവൻ ഭരിക്കുകയാണ്! മറ്റു ചിലർ ദൈവത്തിന് ഭാര്യാ സന്താനങ്ങളെ കൽപിക്കുന്നു. ദൈവത്തിന്റേതായ ഒരു സന്താന പരമ്പരയും. ദൈവം മനുഷ്യരൂപത്തിൽ ഇടക്കിടെ ഭൂമിയിലിറങ്ങി വരുന്നുവെന്നാണ് മറ്റു ചിലരുടെ സങ്കൽപം. പ്രപഞ്ചമാകുന്ന ഈ വ്യവസായശാല നടത്തിവിട്ട് ദൈവം എവിടെയോ വിശ്രമം കൊള്ളുകയാണെന്ന് വിശ്വസിക്കുന്നവരുമുണ്ട്. ഇനിയും ചിലർ, പുണ്യവാളന്മാരുടെയും മഹാത്മാക്കളുടെയും ശിപാർശയും മാധ്യസ്ഥ്യവുമില്ലാതെ ദൈവസാമീപ്യം സാധ്യമല്ലെന്ന് തെറ്റിദ്ധരിക്കുന്നു. മറ്റു ചിലർ ദൈവത്തിന് തങ്ങളുടെ സങ്കൽപത്തിലുള്ള ഒരു രൂപം നൽകി അതിനെ പ്രതിഷ്ഠയാക്കി പൂജിക്കുന്നു. ഇങ്ങനെയെന്തെല്ലാം അജ്ഞതകൾ! ഫലമോ, അവർ പിന്നെയും ബഹുദൈവ വിശ്വാസത്തിലും അവിശ്വാസത്തിലും തന്നെ കുടുങ്ങിക്കിടക്കുന്നു.

"ലാ ഇലാഹ ഇല്ലല്ലാ"യുടെ പദവി സർവോത്കൃഷ്ടമാണ്. ദൈവം എല്ലാ കാലത്തും സ്വന്തം പ്രവാചകന്മാർക്കു നൽകിയ യഥാർഥ ജ്ഞാനമാണിത്. ഇതേ ജ്ഞാനവുംകൊണ്ടാണ് ആദിപിതാവായ ആദം(അ) ആഗതനായത്. ഇതേ ജ്ഞാനമാണ് ഇബ്റാഹീം, മൂസാ, ഈസാ(അ) തുടങ്ങിയ പ്രവാചകന്മാർക്ക് നൽകപ്പെട്ടിരുന്നത്. ഇതേ ജ്ഞാനത്തിന്റെ വെളിച്ചവുംകൊണ്ടാണ് ഒടുവിൽ മുഹമ്മദ്നബി(സ)യും ആഗതനായത്. ഇത് തനിമയാർന്ന ജ്ഞാന

മാണ്- അജ്ഞതയുടെ കലർപ്പില്ലാത്ത ജ്ഞാനം. പ്രവാചകന്മാർക്ക് നൽകപ്പെട്ട ഈ ജ്ഞാനത്തിൽനിന്നും മുഖം തിരിച്ചുകളഞ്ഞതാണ് ജനങ്ങൾ ബഹുദൈവ വിശ്വാസത്തിലും വിഗ്രഹ പൂജയിലും അവിശ്വാസത്തിലും അകപ്പെട്ടു പോയതിന്റെ ഹേതു. ഈ ചെറുവാക്യത്തിൽ എത്ര വലിയ യാഥാർഥ്യമാണന്തർഭവിച്ചിട്ടുള്ളതെന്ന് നോക്കുക:

1. ദിവ്യത്വ വിഭാവന: അതിവിശാലമായ ഈ ബ്രഹ്മാണ്ഡകടാഹത്തിന്റെ ഉദ്ഭവ-പരിണാമങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ നമ്മുടെ മസ്തിഷ്കം തളർന്നുപോകുന്നു. ഈ പ്രപഞ്ചം നമുക്കജ്ഞാതമായ കാലം മുതൽ ചലിച്ചുതുടങ്ങിയിട്ടുണ്ട്. നമുക്കജ്ഞാതമായ കാലം വരെ ചലിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഇതിൽ അറ്റമില്ലാത്ത സൃഷ്ടികൾ ജനിക്കുന്നു. അനുനിമിഷം നടന്നുകൊണ്ടിരിക്കുന്ന അദ്ഭുതങ്ങൾ മനുഷ്യബുദ്ധിയെ സംഭ്രമിപ്പിക്കുന്നു. അങ്ങനെയുള്ള ഈ പ്രപഞ്ചത്തിൽ ദൈവമായിരിക്കുന്നവന് ചില ഗുണവിശേഷങ്ങൾ കൂടിയേ തീരൂ: അവൻ സ്ഥലകാല പരിധികൾക്കതീതനും ശാശ്വതനും ആശ്രയം ആവശ്യമില്ലാത്തവനും സർവശക്തനും മഹായുക്തിമാനും ആയിരിക്കണം. അവൻ സർവത്തിലും മേലെ ആയിരിക്കണം. തന്റെ ആജ്ഞകൾ ലംഘിക്കാൻ ഒന്നിനും സാധിക്കാത്ത വിധം സീമാതീതമായ പ്രാപ്തിയുള്ളവനാകണം. സകലവിധ കഴിവുകളുടെയും ഉടമസ്ഥനായിരിക്കണം. സമസ്ത ലോകത്തിലെയും സകല ജീവജാലങ്ങൾക്കും ജീവിത സാമഗ്രികൾ എത്തിച്ചുകൊടുക്കുന്നവനായിരിക്കണം. സകല വിധ ന്യൂനതകളിൽനിന്നും പരിശുദ്ധനായിരിക്കണം. തന്റെ പ്രവൃത്തികളിൽ ഒരു സ്വാധീനവും ചെലുത്താൻ മറ്റാരെയും അനുവദിക്കാത്തവനും.

2. ഇപ്പറഞ്ഞ ദിവ്യത്വ ഗുണങ്ങളെല്ലാം ഒരു ശക്തിയിൽത്തന്നെ സമ്മേളിച്ചിരിക്കണം. രണ്ടസ്തിത്വങ്ങൾ അവ സമമായി വീതിച്ചെടുക്കുക തീരേ അസംഭവ്യമാണ്. കാരണം, എല്ലാറ്റിലും ഉപരിയായവനും എല്ലാറ്റിനും മേൽ അധികാരം നടത്തുന്നവനുമായി ഒരാളേ ഉണ്ടാകാവൂ. ദിവ്യത്വഗുണങ്ങൾ പല ദൈവങ്ങളിൽ വിഭജിക്കപ്പെടുക എന്നതും സംഭവ്യമല്ല. കാരണം, വിധികർത്താവ് ഒരുവനും സർവജ്ഞൻ മറ്റൊരുത്തനും അന്നദാതാവ് മൂന്നാമതൊരുവനും ആയാൽ ഓരോ ദൈവത്തിനും മറ്റേ ദൈവത്തെ ആശ്രയിക്കേണ്ടിവരും. ഈ ദൈവങ്ങൾ പരസ്പരം സഹകരിക്കുന്നില്ലെങ്കിൽ പ്രപഞ്ചം ഒറ്റയടിക്ക് നാശമടയുകയും ചെയ്യും. ദിവ്യത്വ ഗുണങ്ങൾ ദൈവങ്ങൾ പരസ്പരം കൈമാറുക- ഒരു ഗുണം ഒരിക്കൽ ഒരു ദൈവത്തിൽ, അതേ ഗുണം മറ്റൊരിക്കൽ മറ്റൊരു ദൈവത്തിൽ-എന്നതും അസംഭാവ്യം. കാരണം, സ്വയം നിലനിൽക്കാനാവാത്ത ദൈവം എങ്ങനെ ഈ പ്രപഞ്ചത്തെ നിലനിർത്തും? സ്വന്തം ദിവ്യത്വം അപഹരിക്കപ്പെട്ടു പോവുന്നത് തടയാൻ കെൽപില്ലാത്ത ദൈവം എങ്ങനെയാണ് ഈ പ്രപഞ്ചത്തെ സംരക്ഷിക്കുക? അതിനാൽ, ദിവ്യത്വഗുണങ്ങൾ ഒരസ്തിത്വത്തിൽ മാത്രം സമ്മേളിച്ചിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

3. ഈ ദിവ്യത്വവിഭാവന മുമ്പിൽവെച്ച് പ്രപഞ്ചത്തിലേക്കൊന്ന്

കണ്ണോടിച്ചു നോക്കൂ. പ്രപഞ്ചത്തിലെ ഏതെങ്കിലുമൊരു വസ്തു ഈ ദിവ്യത്വഗുണങ്ങൾ സ്വായത്തമാക്കിയിട്ടുണ്ടോ? ഒരിക്കലുമില്ല. പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളും പരാശ്രയം വേണ്ടവയും അന്യവസ്തുക്കളാൽ നിയന്ത്രിക്കപ്പെടുന്നവയുമാണ്. അവ ഉണ്ടാകുന്നു; നശിക്കുന്നു. ജനിക്കുന്നു; മരിക്കുന്നു. ഒന്നിന്റെയും അവസ്ഥ സുസ്ഥിരമല്ല. സ്വയം പ്രവർത്തിക്കാനുള്ള ശക്തി ഒന്നിനുമില്ല. നിശ്ചിത നിയമങ്ങൾക്കെതിരായി ചലിക്കാൻ ഒന്നിനും സാധ്യമല്ല. അവയൊന്നും ദൈവമല്ല. കാരണം, ദിവ്യത്വത്തിന്റെ കണികപോലും ഒന്നിലുമില്ല. അവക്ക് ദിവ്യത്വത്തിൽ പങ്കുമില്ല. ഇതാണ് പരിശുദ്ധ വാക്യത്തിലെ ആദ്യഭാഗമായ "ലാ ഇലാഹ"(ഒരു ദൈവവുമില്ല) എന്നതുകൊണ്ടുള്ള വിവക്ഷ.

4. ഇപ്പോൾ, പ്രപഞ്ചത്തിലെ സകല വസ്തുക്കളിൽനിന്നും ദിവ്യത്വത്തെ നിശ്ശേഷം എടുത്തുകളഞ്ഞു. ഇനി നാം സമ്മതിക്കേണ്ടത് എല്ലാറ്റിനുമുപരി ഒരസ്തിത്വമുണ്ടെന്നും ദിവ്യത്വത്തിന്റെ മുഴുവൻ ഗുണങ്ങളും അവനിൽ മാത്രം സമ്മേളിച്ചിരിക്കുന്നുവെന്നും അവനൊഴികെ വേറെ ഒരു ദൈവവുമില്ലെന്നും ആണ്. ഇതാണ് "ഇല്ലല്ലാഹു"വിലടങ്ങിയ ആശയം. ഇതത്രേ ഏറ്റവും വലിയ ജ്ഞാനം. ഗവേഷണനിരീക്ഷണങ്ങൾ ഏറെയേറെ നടത്തുന്തോറും ജ്ഞാനത്തിന്റെ ആദ്യബിന്ദുവും അന്ത്യബിന്ദുവും "ഇല്ലല്ലാഹു" എന്ന സത്യം മാത്രമാണെന്ന് നമുക്ക് ബോധ്യമാവും. പ്രപഞ്ച യാഥാർഥ്യങ്ങൾ പരിശോധിക്കുന്നതിനുള്ള ശാസ്ത്രവിജ്ഞാനീയങ്ങളിലെ ഏതു ശാഖയിൽ ഗവേഷണം നടത്തിയാലും-അത് പ്രകൃതിശാസ്ത്രമോ രസതന്ത്രമോ ജ്യോതിഃശാസ്ത്രമോ ഭൂമിശാസ്ത്രമോ ജീവശാസ്ത്രമോ ആകട്ടെ-ഗവേഷണം പുരോഗമിക്കുന്തോറും, "ലാ ഇലാഹ ഇല്ലല്ലാഹു"വിന്റെ സത്യാവസ്ഥ സൂര്യപ്രകാശം പോലെ തെളിഞ്ഞു കാണുകയും അതിലുള്ള വിശ്വാസം കൂടുതൽ ദൃഢമാവുകയും ചെയ്യും. മാത്രമല്ല, ഈ സത്യം നിഷേധിച്ചു കഴിഞ്ഞാൽ പിന്നെ, പ്രപഞ്ചത്തിലെ സകല വസ്തുക്കളും അർഥശൂന്യവും പ്രയോജനരഹിതവുമാണെന്ന് ശാസ്ത്രീയ ഗവേഷണത്തിലെ ഓരോ കാൽവെപ്പിലും ബോധ്യപ്പെടുകയും ചെയ്യും.

## ഏകദൈവ വിശ്വാസത്തിന്റെ ഫലങ്ങൾ

"ലാ ഇലാഹ ഇല്ലല്ലാ" അംഗീകരിക്കുന്നതു മൂലം ജീവിതത്തിലുണ്ടായിത്തീരുന്ന സദ്ഫലങ്ങളേവ? അത് നിഷേധിക്കുന്നതിനാൽ മനുഷ്യൻ ഇഹലോകത്തും പരലോകത്തും അധമനും പരാജിതനുമായിത്തീരുന്നതെന്തുകൊണ്ട്?

1. വിശുദ്ധ വാക്യം മനുഷ്യനെ വിശാലമനസ്കനാക്കുന്നു. കാരണം, ആകാശഭൂമികളുടെ സ്രഷ്ടാവും സർവലോകങ്ങളുടെയും ഉടമസ്ഥനും പരിപാലകനുമായ ഒരു ദൈവത്തിലാണവൻ വിശ്വസിച്ചിരിക്കുന്നത്. ഈ വിശ്വാസത്തിനു ശേഷം പ്രപഞ്ചത്തിലുള്ള ഒന്നും അവന് അന്യമായി തോന്നുകയില്ല. തന്റെയും മറ്റെല്ലാ വസ്തുക്കളുടെയും രക്ഷിതാവ് ഒരാളാണെന്നും

തങ്ങളെയെല്ലാം ഒരേ യജമാനന്റെ ദാസന്മാരും ഒരേ രാജാവിന്റെ പ്രജകളുമാണെന്നും അയാൾ മനസ്സിലാക്കുന്നു. അവന്റെ അനുഭാവവും അനുകമ്പയും സഹതാപവും സ്നേഹവും സേവനവും സങ്കുചിത വീക്ഷണത്തോടെയായിരിക്കില്ല. മറിച്ച്, താൻ വിശ്വസിക്കുന്ന ദൈവത്തിന്റേതു പോലെ നിസ്സീമവും വിശാലവുമായിരിക്കും. എന്നാൽ, കുറേ ചെറുദൈവങ്ങൾക്ക് മനുഷ്യന്റേതു പോലുള്ള പരിമിതവും അപൂർണവുമായ ഗുണങ്ങൾ സങ്കൽപിക്കുന്നവർക്ക് ആ വിശാലവീക്ഷണം ഉൾക്കൊള്ളാനാവില്ല. ഒരു ദൈവനിഷേധിക്കും അതുണ്ടാവില്ല.

2. വിശുദ്ധ വാക്യം മനുഷ്യനെ ആത്മാഭിമാനിയാക്കുന്നു. കാരണം, അവൻ വിശ്വസിച്ചിരിക്കുന്ന ദൈവം സകല ശക്തികളുടെയും ഉടമസ്ഥനാണ്. ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാണ്; ലാഭനഷ്ടങ്ങളേൽപിക്കുന്നവനാണ്. സ്വാധീനവും അധികാരവുമെല്ലാം അവന് മാത്രമാണ്. ഈ വിശ്വാസം ദൈവമൊഴിച്ചുള്ള സകല വസ്തുക്കളിൽനിന്നും അയാളെ സ്വാശ്രയനും നിർഭയനുമാക്കുന്നു. അയാളുടെ ശിരസ്സ് സൃഷ്ടികൾക്കു മുമ്പിൽ കുനിയുകയില്ല. കൈകൾ അന്യരുടെ മുമ്പിലേക്ക് നീളുകയില്ല. മനസ്സിൽ ആരോടും ഭയഭക്തിബഹുമാനങ്ങൾ നിറയുകയില്ല. എന്നാൽ, ഒരു ബഹുദൈവവിശ്വാസിയുടെയോ അവിശ്വാസിയുടെയോ നാസ്തികന്റെയോ അവസ്ഥയെന്താണ്? അവർ സൃഷ്ടികളുടെ മുമ്പിൽ തല കുനിക്കുന്നു. അവരിൽ നിന്ന് രക്ഷ പ്രതീക്ഷിക്കുന്നു. അവരുടെ കോപം ഭയപ്പെടുന്നു.

3. വിശുദ്ധ വാക്യം മനുഷ്യനെ വിനയാന്വിതനാക്കുന്നു. അഹങ്കാരം അയാളെ സ്പർശിക്കുകയേ ഇല്ല. സ്വന്തം കഴിവുകൾ അയാളെ വഞ്ചിതനാക്കുകയില്ല. തന്റെ ശക്തിയുടെയോ സമ്പത്തിന്റെയോ യോഗ്യതയുടെയോ പേരിലുള്ള നാട്യമോ അഹംഭാവമോ അയാളുടെ മനസ്സിൽ സ്ഥലം പിടിക്കില്ല. കാരണം, തന്റേതായതെല്ലാം ദൈവത്തിന്റെ ദാനമാണെന്നാണ് അയാളുടെ വിശ്വാസം. അവ നൽകിയ ദൈവം തിരിച്ചെടുക്കാനും കഴിവുള്ളവനാണെന്നയാൾക്കറിയാം. എന്നാൽ, ഒരു ദൈവനിഷേധിയുടെ സ്ഥിതിയോ? വല്ല യോഗ്യതയും കൈവന്നാലുടൻ അയാൾ അഹങ്കാരിയായി മാറുന്നു. തന്റെ ശ്രേയസ്സുകളെല്ലാം സ്വന്തം കഴിവുകൊണ്ട് നേടിയതാണെന്നയാൾ കരുതുന്നു. ബഹുദൈവവിശ്വാസത്തിന്റെ അനിവാര്യ ഫലമാണഹങ്കാരം. കാരണം, ദൈവങ്ങളും ദേവതകളുമായി അന്യർക്കില്ലാത്ത പ്രത്യേകബന്ധം തങ്ങൾക്കുണ്ടെന്ന് അവർ ഉദ്ഘോഷിക്കുന്നു!

4. വിശുദ്ധ വാക്യത്തിലുള്ള വിശ്വാസം മനുഷ്യന് ആത്മശുദ്ധി കൈവരുത്തുകയും സൽക്കർമങ്ങൾക്ക് പ്രേരണ നൽകുകയും ചെയ്യുന്നു. ജീവിത വിജയത്തിന് അവയല്ലാതെ മറ്റു പോംവഴികളില്ലെന്ന് അയാൾ മനസ്സിലാക്കുന്നു. കാരണം, താൻ വിശ്വസിക്കുന്ന ദൈവം ആരുടെയും ആശ്രയം ആവശ്യമില്ലാത്തവനാണ്, ആരോടും പ്രത്യേക ബന്ധമില്ലാത്തവനാണ്. നിഷ്പക്ഷനും നിസ്വാർഥിയുമാണ്. നീതിമാനാണ്. പരമശക്തനാണ്. ദിവ്യത്വത്തിൽ മറ്റാർക്കും ഒരു പങ്കും അനുവദിക്കാത്തവനാണ്. അതിനാൽ, ആത്മശുദ്ധിയും

സൽക്കർമവുമല്ലാതെ, തന്റെ രക്ഷക്കും വിജയത്തിനും മറ്റു വഴികളില്ല. എന്നാൽ, ബഹുദൈവവിശ്വാസികളെയും അവിശ്വാസികളെയും വ്യാജപ്രതീക്ഷകളും വ്യാമോഹങ്ങളുമാണ് നയിക്കുന്നത്. ദൈവപുത്രന്മാർ തങ്ങൾക്കായി സ്വയം ബലിയർപ്പിക്കുമെന്നാണ് ചിലരുടെ വിശ്വാസം. മറ്റു ചിലർ, തങ്ങൾ ദൈവത്തിന്റെ പ്രിയപ്പെട്ടവരും അടുത്ത ബന്ധുക്കളുമാണെന്ന് കരുതുന്നു. അതിനാൽ, ഒരിക്കലും ദൈവം തങ്ങളെ ശിക്ഷിക്കുകയില്ല. മഹാത്മാക്കൾ തങ്ങൾക്കു വേണ്ടി ദൈവത്തോട് ശിപാർശ ചെയ്യുമെന്നാണ് വേറെ ചിലരുടെ വിശ്വാസം. ദേവതകൾക്ക് ചില വഴിപാടുകൾ കൊടുത്താൽ പിന്നെ എന്തും പ്രവർത്തിക്കാനുള്ള ലൈസൻസായി എന്നാണ് വേറെ ചിലരുടെ ധാരണ. പാപങ്ങളിലും ദുഷ്കർമങ്ങളിലും അകപ്പെടുക മാത്രമാണ് ഇത്തരം വ്യാജവിശ്വാസങ്ങളുടെ ഫലം. അവ ആത്മശുദ്ധീകരണത്തിൽനിന്നും സൽക്കർമങ്ങളിൽനിന്നും ശ്രദ്ധ തിരിച്ചുവിടുകയും ചെയ്യും. നാസ്തികരാകട്ടെ, സ്വന്തം ദുഷ്കൃത്യങ്ങളെ ചോദ്യം ചെയ്യുന്ന ഒരസ്തിത്വത്തിൽ വിശ്വസിക്കുന്നേയില്ല. തന്നിമിത്തം സർവതന്ത്രസ്വതന്ത്രരാണ് തങ്ങളെന്നവർ കരുതുന്നു. ദേഹേച്ഛകളാണവരുടെ ദൈവങ്ങൾ. അവർ അവയുടെ ദാസന്മാരും.

5. വിശുദ്ധ വാക്യം മനുഷ്യന് ആശയും പ്രതീക്ഷയും നൽകുന്നു. നിരാശ അവനെ ബാധിക്കുകയേ ഇല്ല. കാരണം, പ്രപഞ്ചത്തിലെ സർവഭണ്ഡാരങ്ങളുടെയും ഉടമസ്ഥനാണ് അവൻ വിശ്വസിക്കുന്ന ദൈവം. അവൻ സർവജ്ഞനും ഔദാര്യവാനും സർവശക്തനുമാണ്. ഈ വിശ്വാസം അവന് അസാധാരണമായ മനഃശാന്തിയും സംതൃപ്തിയും പ്രദാനം ചെയ്യുന്നു. അവന്റെ ഹൃദയത്തിൽ സദാ പ്രത്യാശകളും പ്രതീക്ഷകളും നിറഞ്ഞിരിക്കും. സകല കവാടങ്ങളും കൊട്ടിയടക്കപ്പെട്ടാലും ജീവിത മാർഗങ്ങൾ ഒന്നൊന്നായി നഷ്ടപ്പെട്ടാലും ദൈവം തന്നെ കൈയൊഴിക്കില്ല. ദൈവത്തിന്റെ ഔദാര്യത്തിലും ശക്തിയിലും വിശ്വാസമർപ്പിച്ചുകൊണ്ട് പുതിയ പ്രതീക്ഷകളോടെ, പ്രത്യാശകളോടെ അയാൾ അധ്വാനിച്ചുകൊണ്ടിരിക്കും. ഈ മനഃശാന്തി പ്രദാനം ചെയ്യാൻ ദൈവവിശ്വാസത്തിനല്ലാതെ സാധ്യമല്ല. അവിശ്വാസികളാകട്ടെ അസ്വസ്ഥചിത്തരായിരിക്കും. അവർ ശരണം പ്രാപിക്കുന്നത് ബലഹീനമായ അസ്തിത്വങ്ങളിലാണ്. തന്മൂലം ആപത്തുകൾ അവരെ നിരാശയിലാഴ്ത്തും. ഫലമോ, പലപ്പോഴും ആത്മഹത്യയും.[3]

6. വിശുദ്ധ വാക്യത്തിലുള്ള വിശ്വാസം മനുഷ്യനിൽ, മനക്കരുത്ത്, ദൃഢനിശ്ചയം, സ്ഥിരചിത്തത, സഹനം, ആത്മാർപ്പണം തുടങ്ങിയ നിരവധി ഗുണങ്ങൾ ഉജ്ജീവിപ്പിക്കുന്നു. ദൈവപ്രീതി മുൻനിർത്തി മഹത്കൃത്യങ്ങൾക്കായി ഒരുങ്ങിപ്പുറപ്പെടുമ്പോൾ ദൈവത്തിന്റെ അപാരശക്തി തന്റെ പിന്നിലുണ്ടെന്ന അടിയുറച്ച വിശ്വാസം അവന്റെ മനസ്സിലുണ്ടായിരിക്കും. ഈ വിശ്വാസം പർവതസമാനമായ ഉറപ്പും സ്ഥൈര്യവും അവനിൽ സൃഷ്ടിക്കുന്നു. ഒരു ശക്തിക്കും അവനെ പിന്തിരിപ്പിക്കാൻ സാധ്യമാവില്ല. ഒരവിശ്വാസിക്ക് ഈ ശക്തി എവിടന്ന് ലഭിക്കാനാണ്?

7. വിശുദ്ധ വാക്യത്തിലുള്ള വിശ്വാസം മനുഷ്യനെ ധീരനാക്കിത്തീർക്കുന്നു.

രണ്ടു കാര്യങ്ങളാണ് മനുഷ്യനെ ഭീരുവാക്കുന്നത്. ജീവൻ, സമ്പത്ത്, ഭാര്യാസന്താനങ്ങൾ എന്നിവയോടുള്ള സ്നേഹമാണൊന്ന്. മനുഷ്യനെ മരിപ്പിക്കാൻ കഴിവുള്ള ദൈവേതര ശക്തികൾ ഉണ്ടെന്നും മനുഷ്യന് സ്വയം മരണത്തെ മറികടക്കാൻ കഴിയുമെന്നുമുള്ള വിശ്വാസമാണ് രണ്ടാമത്തേത്. ഈ രണ്ട് ധാരണകളെയും വിശുദ്ധ വാകൃത്തിലുള്ള വിശ്വാസം തിരുത്തുന്നു. വിശ്വാസിയെ സംബന്ധിച്ചിടത്തോളം തന്റെ ജീവനും ധനവും ഭാര്യാസന്താനങ്ങളും ദൈവദത്തമാണ്. ദൈവമാണവയുടെ ഉടമ. അവ ദൈവമാർഗത്തിൽ ബലി കഴിക്കാൻ അയാൾ സദാ സന്നദ്ധനായിരിക്കും. മരണഭയം, വിശ്വാസിക്ക് ഒട്ടും ഉണ്ടാവില്ല. കാരണം, വല്ല ശക്തികൾക്കോ വസ്തുക്കൾക്കോ ജന്തുക്കൾക്കോ തന്നെ കൊല്ലാൻ കഴിയുമെന്ന വിശ്വാസമയാൾക്കില്ല. അതിനുള്ള അധികാരവും കഴിവും ദൈവത്തിന് മാത്രമാണ്. ഓരോ ജീവിയുടെയും മരണത്തിന് ദൈവം നിശ്ചയിച്ച ഒരു സമയമുണ്ട്. അതിനു മുമ്പായി അതിനെ കൊല്ലാൻ ലോകത്തുള്ള മുഴുവൻ ശക്തികളും ഒന്നിച്ച് ശ്രമിച്ചാലും സാധ്യമാവില്ല. ഇതാണയാളുടെ വിശ്വാസം. വിശ്വാസികളെക്കാൾ വലിയ ധീരന്മാർ ലോകത്തില്ലാതിരിക്കുന്നത് അതുകൊണ്ടാണ്. ഖഡ്ഗങ്ങളും ഷെല്ലുകളും ബോംബുവർഷങ്ങളും അവരുടെ മുമ്പിൽ പരാജയപ്പെടുന്നു. ദൈവികമാർഗത്തിൽ, തങ്ങളെക്കാൾ പത്തിരട്ടി ശക്തിയും സംഖ്യാബലവുമുള്ള സൈനിക വ്യൂഹങ്ങളെപ്പോലും അവർ തുരത്തിയോടിക്കും. ബഹുദൈവ വിശ്വാസികൾക്കും അവിശ്വാസികൾക്കും നാസ്തികർക്കും ഈ ശക്തി എവിടന്നു കിട്ടാൻ? അവർക്ക് സ്വന്തം ജീവൻ സർവോപരി വിലപ്പെട്ടതായിരിക്കും. ശത്രുക്കളോടൊപ്പം മരണവും വരുമെന്നും ശത്രുക്കളകന്നുപോയാൽ മരണവും അകന്നുപോവുമെന്നുമാണവരുടെ വിചാരം!

8. വിശുദ്ധ വാകൃത്തിലുള്ള വിശ്വാസം ഉള്ളതിൽ തൃപ്തിപ്പെടാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. അന്യരുടെ നേരെ കൊതിയോടെ നോക്കുകയില്ല, അയാൾ. അത്യാർത്തി, അസൂയ തുടങ്ങിയ ദുഷ്ട വികാരങ്ങളിൽനിന്ന് അയാളുടെ മനസ്സ് പരിശുദ്ധമായിരിക്കും. ഒരു കാര്യം നേടാൻ നിഷിദ്ധവും നീചവുമായ മാർഗങ്ങൾ കൈക്കൊള്ളുന്നതിനെക്കുറിച്ച ചിന്തപോലും അയാളിലുദിക്കില്ല. ആഹാരം ദൈവദത്തമാണ്; അവനിച്ഛിക്കുന്ന ചിലർക്ക് അവനത് കണക്കറ്റ് നൽകും; ചിലർക്ക് കണക്കാക്കിയും. ശക്തിയും ശ്രേയസ്സും സ്ഥാനവും പദവിയും അധികാരവുമെല്ലാം ദൈവത്തിന്റെ അധീനത്തിലാണ്. തന്റെ ഇച്ഛയും യുക്തിയുമനുസരിച്ച് ദൈവമത് പ്രദാനം ചെയ്യുന്നു. പരിശ്രമിക്കുക എന്നതാണ് തന്റെ ജോലി. വിജയപരാജയങ്ങൾ ദൈവത്തിന്റെ കാരുണ്യത്തെ ആശ്രയിച്ചിരിക്കുന്നു. അവൻ നൽകാനുദ്ദേശിക്കുന്ന പക്ഷം ലോകത്തിലെ ഒരു ശക്തിക്കും അതു തടയുക സാധ്യമല്ല. തടയാനുദ്ദേശിച്ചാൽ തരാനും ആർക്കുമാവില്ല– ഇതാണ് വിശുദ്ധ വാക്യം അംഗീകരിക്കുന്ന ഒരാളുടെ വിശ്വാസം. എന്നാൽ, ബഹുദൈവവിശ്വാസികളും അവിശ്വാസികളും നാസ്തികരുമാകട്ടെ, തങ്ങളുടെ വിജയ പരാജയങ്ങൾ സ്വന്തം പരിശ്രമത്തെയും ഭൗതിക ശക്തികളെയും ആശ്രയിച്ചിരിക്കുന്നു എന്ന്

തെറ്റിദ്ധരിക്കുന്നു. തൻമൂലം അവർ വ്യാമോഹങ്ങൾക്കും അത്യാർത്തികൾക്കും വശംവദരായിത്തീരുന്നു. കാര്യം നേടാൻ കൈക്കൂലി, മുഖസ്തുതി, വഞ്ചന തുടങ്ങി ഏത് നികൃഷ്ടമാർഗവും അവർ കൈക്കൊള്ളും. അന്യരുടെ വിജയത്തിലുള്ള അസൂയ നിമിത്തം അവരുടെ മനസ്സ് സദാ പുകഞ്ഞുകൊണ്ടിരിക്കും. മറ്റുള്ളവരെ തകർക്കാൻ എത്ര നീചവും മൃഗീയവുമായ മാർഗങ്ങൾ സ്വീകരിക്കാനും അവർ മടികാണിക്കില്ല.

9. വിശുദ്ധ വാക്യത്തിലുള്ള വിശ്വാസം മനുഷ്യനെ ദൈവിക നിയമങ്ങൾക്ക് വിധേയനാക്കിത്തീർക്കുന്നു. ഇതാണ് വിശ്വാസത്തിന്റെ ഏറ്റവും മഹത്തായ ഫലം. ദൈവം എല്ലാ രഹസ്യങ്ങളും പരസ്യങ്ങളുമറിയുന്നു. അവൻ തന്നോട് സ്വന്തം ജീവനാഡിയെക്കാളടുത്താണ്. ഏകാന്തതയിലോ നിശാന്ധകാരത്തിന്റെ മറവിലോ ചെയ്യുന്ന ഏതു രഹസ്യവൃത്തിയും ദൈവമറിയുന്നു. ഹൃദയാന്തരാളത്തിലൊളിച്ചുവെക്കുന്ന വിചാര വികാരങ്ങൾ പോലും ദൈവത്തിങ്കലെത്തുന്നു. സകല സൃഷ്ടികളിൽനിന്നും മറച്ചുവെക്കാവുന്നവയിലൊന്നുപോലും ദൈവത്തിൽനിന്നൊളിപ്പിക്കാനാവില്ല. ദൈവത്തിന്റെ ഭരണാതിർത്തിയിൽനിന്ന് രക്ഷപ്പെട്ടോടുക സാധ്യമല്ല. സർവരുടെയും പിടിത്തത്തിൽനിന്ന് മോചനം നേടാം. പക്ഷേ, ദൈവത്തിന്റെ പിടിത്തത്തിൽനിന്ന് മോചനമില്ല. ഇതാണ് വിശുദ്ധ വാക്യത്തിന്റെ താൽപര്യം. ഈ വിശ്വാസം എത്രകണ്ട് ഊടുറ്റതാകുന്നുവോ അത്രകണ്ട് മനുഷ്യൻ ദൈവശാസനകളനുസരിക്കുന്നതിൽ ആവേശം കൊള്ളുന്നതാണ്. ദൈവം നിരോധിച്ച സംഗതികളോട് അടുക്കാൻ പോലും അയാൾ ധൈര്യപ്പെടുകയില്ല. നിശാന്ധകാരത്തിന്റെ ഏകാന്തതയിലും അവൻ ദൈവിക ശാസനകൾ നിർവിഘ്നം നിർവഹിക്കും. കാരണം, ഒരു നിമിഷം പോലും വിട്ടുപോകാത്ത ഒരു തരം രഹസ്യപ്പോലീസുകാരുണ്ട്, അയാളോടൊപ്പം. ഒരു നീതിന്യായക്കോടതിയെക്കുറിച്ച ഭീതി സദാ അയാളെ അലട്ടിക്കൊണ്ടിരിക്കുന്നു. ആ കോടതിയുടെ 'വാറണ്ടി'ൽനിന്ന് ഓടി രക്ഷപ്പെടുക അസാധ്യമാണെന്നയാൾക്കറിയാം. ഇക്കാരണം കൊണ്ടാണ് മുസ്‌ലിം ആകാനുള്ള ഒന്നാമത്തെ നിബന്ധന പരിശുദ്ധ വാക്യത്തിലുള്ള വിശ്വാസമാണ് എന്ന് പറയുന്നത്. 'മുസ്‌ലി'മിന്റെ അർഥം ദൈവത്തോട് പൂർണമായും അനുസരണമുള്ള അടിമ എന്നാണ്. ഏകദൈവമല്ലാതെ മറ്റൊരാരാധ്യനുമില്ല എന്ന് ദൃഢമായി വിശ്വസിക്കാത്ത കാലത്തോളം അവന് ദൈവത്തോട് അനുസരണമുള്ളവനായിത്തീരുക സാധ്യമല്ലല്ലോ.

മുഹമ്മദ്നബി(സ)യുടെ അധ്യാപനങ്ങളിൽ ഈ ഏകദൈവ വിശ്വാസം ഏറ്റവും പ്രാധാന്യമർഹിക്കുന്നതും മൗലികവുമാണ്. ഇസ്‌ലാമിന്റെ കേന്ദ്രബിന്ദുവും അച്ചുതണ്ടുമാണത്. അതിന്റെ എല്ലാ ശക്തികളുടെയും ഉറവിടവുമതാണ്. അതിന്റെ ആദർശ വിശ്വാസങ്ങളും നിയമശാസനകളും പടുക്കപ്പെട്ടിരിക്കുന്നത് ആ വിശ്വാസത്തിന്മേലാണ്. അതേ അച്ചുതണ്ടിന്മേലാണ് അവയെല്ലാം കറങ്ങുന്നത്. അതേ കേന്ദ്രബിന്ദുവിൽനിന്നാണ് അതിന് ശക്തി ലഭിക്കുന്നത്. അതിനെ തട്ടിനീക്കിയാൽ പിന്നെ 'ഇസ്‌ലാം' എന്ന ഒന്നില്ല.

## മലക്കുകളിലുള്ള വിശ്വാസം

ഏകദൈവ വിശ്വാസത്തിനു ശേഷം മുഹമ്മദ്നബി(സ) വിശ്വസിക്കാനാജ്ഞാപിച്ച രണ്ടാമത്തെ കാര്യം മലക്കുകളിലുള്ള വിശ്വാസമാണ്. ബഹുദൈവവിശ്വാസത്തിന്റെ കലർപ്പിൽനിന്ന് ഏകദൈവവിശ്വാസം സംശുദ്ധമായിത്തീരുമെന്നതാണിതിന്റെ പ്രധാനഫലം.

രണ്ടുതരം സൃഷ്ടികളെയാണ് ബഹുദൈവവിശ്വാസികൾ ദിവ്യത്വത്തിൽ പങ്കുചേർത്തിട്ടുള്ളത്. ഒന്ന്: സ്ഥൂല ശരീരങ്ങളോടുകൂടിയ സൃഷ്ടികൾ- സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, അഗ്നി, വെള്ളം, മനുഷ്യൻ മുതലായവ. രണ്ട്: ജഡാസ്തിത്വമില്ലാത്ത അദൃശ്യശക്തികൾ-കാറ്റടിപ്പിക്കുന്നവ, മഴ പെയ്യിക്കുന്നവ, പ്രകാശം നൽകുന്നവ തുടങ്ങിയവ. ആദ്യവിഭാഗത്തിൽപ്പെട്ടവ ദൃശ്യവസ്തുക്കളായതിനാൽ, അവയുടെ ദിവ്യത്വം പരിശുദ്ധ വാക്യംകൊണ്ട് തന്നെ തിരസ്കരിക്കാം. രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ടവ അദൃശ്യാസ്തിത്വങ്ങളാണ്. അത്തരം അസ്തിത്വങ്ങളെയാണ് ബഹുദൈവവിശ്വാസികൾ മിക്കവാറും പിടികൂടിയിട്ടുള്ളത്. അവയെക്കുറിച്ചാണ് അവർ ദൈവങ്ങളെന്നും ദേവതകളെന്നും ദൈവസന്താനങ്ങളെന്നും ധരിച്ചുവശായിരിക്കുന്നതും. അവയുടെ സങ്കൽപരൂപങ്ങളുണ്ടാക്കി അവർ പൂജകളും വഴിപാടുകളും നടത്തുന്നു. തന്നിമിത്തം ബഹുദൈവവിശ്വാസത്തിന്റെ ഈ രണ്ടാം ഇനത്തിൽനിന്നും ഏകദൈവസിദ്ധാന്തത്തെ പരിരക്ഷിക്കാൻ വിശ്വാസപരമായ ഒരു പ്രത്യേക സംഗതി നിർദേശിച്ചിരിക്കയാണ്.

ഈ വിഷയകമായി മുഹമ്മദ്നബി(സ)യുടെ അധ്യാപനം ഇപ്രകാരമാണ്: ദേവതകളും ദൈവങ്ങളും ദൈവസന്താനങ്ങളുമായി തെറ്റിദ്ധരിക്കപ്പെടുന്ന ഈ അദൃശ്യ പ്രതിഭാസങ്ങൾ യഥാർഥത്തിൽ ദൈവത്തിന്റെ മലക്കുകളാണ്. അവർക്ക് ദിവ്യത്വത്തിൽ ഒരു പങ്കുമില്ല. അവരെല്ലാം ദൈവത്തിന്റെ ആജ്ഞാനുവർത്തികൾ മാത്രമാണ്. ദൈവശാസനകളിൽനിന്ന് അൽപം പോലും വ്യതിചലിക്കുക അവർക്ക് സാധ്യമല്ല. അവർ മുഖേനയാണ് ദൈവം പ്രപഞ്ചമാകുന്ന തന്റെ സാമ്രാജ്യം ഭരിക്കുന്നത്. അവരാകട്ടെ ദൈവശാസനകൾ സനിഷ്കർഷം നിറവേറ്റുകയും ചെയ്യുന്നു. സ്വയം വല്ലതും ചെയ്യാനവർ ശക്തരല്ല. സ്വന്തം ശക്തിപ്രയോഗിച്ച് ദൈവസന്നിധിയിൽ വല്ലതും ആവശ്യപ്പെടാനും അവർക്ക് കഴിയില്ല. വല്ലവർക്കുംവേണ്ടി ദൈവത്തോട് ശിപാർശ ചെയ്യാനുമാവില്ല. മനുഷ്യർ അവരെ ആരാധിക്കുന്നതും അവരോട് സഹായമർഥിക്കുന്നതും എത്രയും ലജ്ജാവഹമാണ്. കാരണം, ആദ്യഘട്ടത്തിൽത്തന്നെ ദൈവം അവരെക്കൊണ്ട് മനുഷ്യപിതാവായ ആദമിന്റെ മുമ്പിൽ സാഷ്ടാംഗം നമിപ്പിക്കുകയുണ്ടായി. അവർക്ക് നൽകാത്ത ജ്ഞാനം ആദമിന് നൽകി. ഭൂമിയിലെ പ്രാതിനിധ്യം ആദമിന് നൽകി. എന്നിരിക്കെ, മലക്കുകൾ മുമ്പ് ആരുടെ മുമ്പിൽ സാഷ്ടാംഗം നമിച്ചുവോ ആ മനുഷ്യൻ ഇന്ന് അവരുടെ മുമ്പിൽ സാഷ്ടാംഗം നമിക്കുകയും ഭയഭക്തിയോടെ അവരോട് കൈനീട്ടിയിരക്കുകയുമാണെങ്കിൽ അതിൽ പരം ഹീനത്വം മറ്റെന്തുണ്ട്?

ഒരു വശത്ത് മലക്കുകളെ ആരാധിക്കുന്നതും അവരെ ദിവ്യത്വത്തിൽ

പങ്കാളികളാക്കുന്നതും തടയുമ്പോൾ മറുവശത്ത് തിരുമേനി(സ) ഇപ്രകാരം അറിയിക്കുന്നു: മലക്കുകൾ ദൈവത്തിന്റെ പ്രത്യേക സൃഷ്ടികളാണ്. അവർ പാപങ്ങളിൽനിന്ന് പരിശുദ്ധരാണ്. ദൈവ കൽപനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കാൻ കഴിയാത്ത വിധത്തിലാണ് അവരുടെ സൃഷ്ടിപ്പ്തന്നെ. അവർ സദാ ദൈവാരാധനയിലും ദാസ്യവൃത്തിയിലും നിരതരാണ്. അവരിൽനിന്ന് പ്രത്യേകം തെരഞ്ഞെടുത്ത ഒരു മലക്കുണ്ട്- ജിബ്‌രീൽ. ദൈവം പ്രവാചകന്മാർക്ക് തന്റെ നിർദേശങ്ങൾ എത്തിച്ചുകൊടുക്കുന്നത് ആ മലക്ക് മുഖേനയാണ്. മലക്കുകളിൽ ചിലർ സദാ നിങ്ങളുടെ കൂടെയുണ്ട്. നിങ്ങളുടെ സൽക്കർമങ്ങളും ദുഷ്കർമങ്ങളും രേഖപ്പെടുത്തുകയാണവരുടെ ജോലി. സകല മനുഷ്യരുടെയും ജീവിതറിക്കാഡുകൾ അവർ സൂക്ഷിക്കുന്നു. മരണാനന്തരം നിങ്ങൾ ദൈവസന്നിധിയിൽ ഹാജരാകുമ്പോൾ അവർ ആ രേഖകൾ സമർപ്പിക്കുന്നതാണ്. നിങ്ങൾ ജീവിതത്തിൽ ചെയ്ത സകല കർമങ്ങളും അതിൽ രേഖപ്പെട്ടുകിടക്കുന്നത് നിങ്ങൾക്കു കാണാം.

മലക്കുകളുടെ സത്താ യാഥാർഥ്യം നമുക്ക് അറിയിച്ചുതന്നിട്ടില്ല. ഗുണങ്ങൾ മാത്രമേ നമ്മെ പഠിപ്പിച്ചിട്ടുള്ളൂ. അവരുടെ അസ്തിത്വത്തിൽ വിശ്വസിക്കാൻ നമ്മോട് ആജ്ഞാപിച്ചിരിക്കുന്നു. മലക്കുകൾ എങ്ങനെയാണ്, എങ്ങനെയല്ല എന്നൊന്നും അറിയാനുള്ള വിശ്വാസയോഗ്യമായ ഒരു മാർഗവും നമ്മുടെ മുമ്പിലില്ല. അതിനാൽ, അവരുടെ സത്തയെക്കുറിച്ച് ഭാവനാസൃഷ്ടമായ കാര്യങ്ങൾ പറയുന്നത് വിഡ്ഢിത്തമാണ്. എന്നാൽ, അവരുടെ അസ്തിത്വത്തെ നിഷേധിക്കാനും പറ്റില്ല. അത് "കുഫ്റാ"ണ്. നിഷേധിക്കാനുള്ള ഒരു തെളിവും ആർക്കും ലഭിച്ചിട്ടില്ല. നിഷേധിക്കുന്നതിന്റെ അർഥം നബിതിരുമേനി(സ) വ്യാജനാണ് എന്നാണ്. മലക്കുകളിൽ വിശ്വസിക്കുന്നതുതന്നെ, സത്യപ്രവാചകൻ അവരെക്കുറിച്ച് അറിവ് നൽകുകയും അവരിൽ വിശ്വസിക്കാൻ ആജ്ഞാപിക്കുകയും ചെയ്തതുകൊണ്ട് മാത്രമാണ്.

## ദൈവഗ്രന്ഥങ്ങളിലുള്ള വിശ്വാസം

മുഹമ്മദ്നബി(സ) വിശ്വസിക്കാൻ നിർദേശിച്ച മൂന്നാമത്തെ കാര്യം ദൈവിക ഗ്രന്ഥങ്ങളാണ്. ദൈവം തന്റെ പ്രവാചകന്മാർക്ക് നൽകിയ വിശുദ്ധ ഗ്രന്ഥങ്ങൾ. മുഹമ്മദ്നബിക്ക് ദൈവം ഖുർആൻ അവതരിപ്പിച്ചപോലെ മുൻ പ്രവാചകന്മാർക്കും അവൻ ഗ്രന്ഥങ്ങളിറക്കിയിരുന്നു. അവയിൽ ചില ഗ്രന്ഥങ്ങളുടെ പേരുകൾ മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളൂ. ഇബ്റാഹീംനബിക്ക് നൽകിയ 'സുഹ്ഫു ഇബ്റാഹീം', മൂസാനബിക്ക് നൽകിയ 'തൗറാത്ത്', ദാവൂദ് നബിക്ക് നൽകിയ 'സബൂർ', ഈസാനബിക്ക് നൽകിയ 'ഇഞ്ചീൽ' എന്നിവ ഉദാഹരണം. (ഈ പ്രവാചകന്മാരുടെയെല്ലാം മേൽ ദൈവാനുഗ്രഹം വർഷിക്കട്ടെ). മറ്റു പ്രവാചകന്മാർക്ക് ലഭിച്ച ഗ്രന്ഥങ്ങളുടെ പേരുകൾ നമുക്കറിയില്ല. അതിനാൽ, മറ്റേതെങ്കിലും മതഗ്രന്ഥത്തെക്കുറിച്ച് അത് ദൈവത്തിന്റെയാണെന്നോ അല്ലെന്നോ തീർത്തുപറയാൻ നമുക്ക് നിവൃത്തിയില്ല. എന്നാൽ, ദൈവത്തിങ്കൽനിന്നവതീർണമായ എല്ലാ ഗ്രന്ഥങ്ങളും സത്യ

മാണെന്ന് നാം പൊതുവിൽ വിശ്വസിക്കേണ്ടതാകുന്നു.

മുൻചൊന്ന ഗ്രന്ഥങ്ങളിൽ 'സുഹ്ഫു ഇബ്റാഹീം'ഇന്ന് ലോകത്തെങ്ങും ഇല്ല. 'തൗറാത്ത്', 'സബൂർ', 'ഇഞ്ചീൽ' എന്നിവ ജൂതന്മാരുടെയും ക്രൈസ്തവരുടെയും പക്കലുണ്ടെങ്കിലും അവയൊന്നും അവയുടെ സാക്ഷാൽ രൂപത്തിലല്ല. അവയിലെ ദൈവ വാക്യങ്ങൾ മാറ്റിമറിക്കപ്പെട്ടിട്ടുണ്ടെന്നും ജനങ്ങൾ സ്വന്തം വകയായി പലതും അതിൽ കൂട്ടിച്ചേർത്തിട്ടുണ്ടെന്നും വിശുദ്ധഖുർആൻ നമുക്ക് അറിവ് തന്നിട്ടുണ്ട്.[4]

സാക്ഷാൽ ദൈവ ഗ്രന്ഥങ്ങൾ തങ്ങളുടെ കൈവശമില്ലെന്ന് ജൂതരും ക്രൈസ്തവരും തന്നെ സമ്മതിക്കുന്നുണ്ട്. മൂല ഗ്രന്ഥങ്ങളുടെ പരിഭാഷകൾ മാത്രമാണ് അവരുടെ പക്കലുള്ളത്. അതിൽത്തന്നെ പലവിധ തിരുത്തലുകളും നടന്നിട്ടുണ്ട്. ഇന്നും നടക്കുന്നു. അവ പാരായണം ചെയ്താലോ, ദൈവത്തിൽനിന്നായിരിക്കാൻ ഒരിക്കലും നിവൃത്തിയില്ലാത്ത എത്രയോ സംഗതികൾ അവയിൽ കാണാം. അതിനാൽ, ഇന്ന് അവരുടെ പക്കലുള്ള ഗ്രന്ഥങ്ങൾ യഥാർഥ ദൈവിക ഗ്രന്ഥങ്ങളല്ല. ദൈവവാക്യങ്ങളുടെയും മനുഷ്യവാക്യങ്ങളുടെയും ഒരു മിശ്രിതം മാത്രമാണവ. രണ്ടും വേർതിരിച്ചറിയാനുള്ള ഒരു മാർഗവും ഇന്നില്ല. എങ്കിൽ, മുൻഗ്രന്ഥങ്ങളിൽ വിശ്വസിക്കാൻ പ്രവാചകൻ ആജ്ഞാപിച്ചതിന്റെ വിവക്ഷയെന്തായിരിക്കും? അതിതാണ്: വിശുദ്ധഖുർആനു മുമ്പും ദൈവം തന്റെ സന്ദേശം പ്രവാചകന്മാർ മുഖേന ലോകജനതക്ക് നൽകിയിരുന്നു; അവയെല്ലാം തന്നെ പരിശുദ്ധഖുർആൻ അവതരിപ്പിച്ച അതേ ദൈവത്തിന്റെ വാക്കുകളായിരുന്നു; വിശുദ്ധഖുർആൻ മുൻ ഉദാഹരണങ്ങളില്ലാത്ത ഒരു നൂതന ഗ്രന്ഥമല്ല; മറിച്ച്, മുൻതലമുറകൾ വിസ്മരിച്ചുകളയുകയോ രൂപാന്തരം വരുത്തുകയോ മനുഷ്യാശയങ്ങളുമായി കലർത്തുകയോ ചെയ്ത ദൈവിക നിർദേശങ്ങളെ പുനർജീവിപ്പിക്കാൻ വന്ന ഗ്രന്ഥമാണ്.

## വിശുദ്ധഖുർആന്റെ സവിശേഷതകൾ

വിശുദ്ധ ഖുർആൻ അവസാനത്തെ ദൈവികഗ്രന്ഥമാണ്. മുൻവേദഗ്രന്ഥങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഖുർആന് പല സവിശേഷതകളും കാണാം:

1. മുൻഗ്രന്ഥങ്ങളിൽ മിക്കതിന്റെയും യഥാർഥ പ്രതികൾ നശിച്ചുപോയിരിക്കുന്നു. പരിഭാഷകൾ മാത്രമാണ് ഇന്ന് അവശേഷിക്കുന്നത്. എന്നാൽ, പരിശുദ്ധഖുർആൻ അതവതരിച്ച അതേ ഭാഷയിലും പദങ്ങളിലുമായി തനിമയോടെ ഇന്നും ലോകത്ത് സ്ഥിതിചെയ്യുന്നു. അതിൽ ഒരക്ഷരത്തിനു പോലും ഒരു മാറ്റവും സംഭവിച്ചിട്ടില്ല.

2. മുൻഗ്രന്ഥങ്ങളിൽ ദൈവവാക്യങ്ങൾക്കൊപ്പം ജനങ്ങൾ സ്വന്തം വാക്യങ്ങളും കൂട്ടിച്ചേർത്തു. ഒരേ ഗ്രന്ഥത്തിൽത്തന്നെ, ദൈവവാക്യങ്ങളും ജനതയുടെ ചരിത്രവും പൂർവികരുടെ കഥകളും പണ്ഡിതരുടെ വ്യാഖ്യാനങ്ങളും കർമശാസ്ത്രനിയമങ്ങളുമെല്ലാം കൂടിക്കുഴഞ്ഞു കിടക്കുകയാണ്.

അവയിൽനിന്ന് ദൈവവാക്യങ്ങൾ വേർതിരിച്ചെടുക്കുക ഒരു നിലക്കും സാധ്യമല്ല. എന്നാൽ, വിശുദ്ധഖുർആനിൽ ദൈവവാക്യങ്ങളേ ഉള്ളൂ. അന്യവാക്കുകളുടെ കലർപ്പ് പോലും അതിലില്ല. ഖുർആൻ വ്യാഖ്യാനം, നബിവചനങ്ങൾ, കർമശാസ്ത്രനിയമങ്ങൾ, നബിചരിത്രം, അനുചരന്മാരുടെ ജീവിതചര്യ, മുസ്‌ലിം ചരിത്രം എന്നീ വിഷയങ്ങളിലുള്ള രചനകളെല്ലാം പ്രത്യേകം പ്രത്യേകം ഗ്രന്ഥങ്ങളിലാണ്. അവയിലുള്ള ഒരു വാക്കുപോലും ഖുർആനുമായി കലർന്നുപോകുന്ന പ്രശ്നമില്ല.

3. വിവിധ സമുദായങ്ങളുടെ പക്കലിന്ന് കാണുന്ന മതഗ്രന്ഥങ്ങൾ ചില പ്രവാചകന്മാരോട് ചേർത്തുപറയുന്നുണ്ട്. എന്നാൽ, ആ പ്രവാചകൻ തന്നെയാണത് കൊണ്ടുവന്നതെന്ന് സ്ഥാപിക്കാൻ പറ്റുന്ന ചരിത്രപരമായ രേഖകളൊന്നും ലഭ്യമല്ല. ചില മതഗ്രന്ഥങ്ങൾ ഏത് കാലത്ത്, ഏത് പ്രവാചകന്നവതരിച്ചു എന്നുപോലും പറയുക സാധ്യമല്ല. എന്നാൽ, വിശുദ്ധഖുർആനെ മുഹമ്മദ്നബിയോട് ബന്ധിപ്പിക്കുന്നതിൽ ആരും സംശയിക്കുന്നില്ല. അതിനുള്ള ചരിത്രസാക്ഷ്യങ്ങൾ അത്രയും ശക്തവും അനിഷേധ്യവുമാണ്. ഖുർആനിലെ ഓരോ വാക്യവും എപ്പോൾ എവിടെ അവതരിച്ചു എന്നുപോലും നിഷ്പ്രയാസം അറിയാൻ കഴിയും.

4. മുൻഗ്രന്ഥങ്ങളവതരിച്ച ഭാഷകൾ വളരെക്കാലമായി മൃതഭാഷകളായിക്കിടക്കുന്നു. അവയിന്ന് ആരുടെയും സംസാരഭാഷയല്ല. അവ ഗ്രഹിക്കുന്നവർ പോലും വിരളം. അത്തരം ഭാഷകളിലുള്ള ഗ്രന്ഥങ്ങൾ ഇന്ന് സാക്ഷാൽ രൂപത്തിലുണ്ടായാൽത്തന്നെ, അവയിലെ ആശയം ഗ്രഹിച്ച് അതനുധാവനം ചെയ്യുക സാധ്യമല്ല. എന്നാൽ, ഖുർആന്റെ ഭാഷ ഇന്നും ഒരു ജീവൽഭാഷയാണ്. കോടിക്കണക്കിനാളുകളുടെ മാതൃഭാഷയുമാണത്. കൂടാതെ, അനേകകോടി അന്യഭാഷക്കാർ ആ ഭാഷ പഠിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്യുന്നു. ലോകത്തിന്റെ നാനാ ഭാഗത്തും അത് അഭ്യസിപ്പിച്ച് വരുന്നു. നിഷ്പ്രയാസം പഠിക്കാവുന്ന ഭാഷയാണത്. വല്ലവർക്കും പഠിക്കാനവസരം ലഭിച്ചില്ലെങ്കിൽത്തന്നെ, ഖുർആന്റെ ആശയം ഗ്രഹിച്ച ധാരാളം ആളുകളെ എവിടെയും കിട്ടും.

5. വിവിധ സമുദായങ്ങളുടെ മതഗ്രന്ഥങ്ങളെല്ലാം ഒരു പ്രത്യേക ജനസമൂഹത്തെയാണ് അഭിസംബോധന ചെയ്യുന്നത്. ഒരു പ്രത്യേക കാലഘട്ടത്തിന്റെ ആവശ്യങ്ങൾ നിർവഹിക്കുകയാണവ ചെയ്തത്. അവയിലടങ്ങിയ വിധിവിലക്കുകൾ ഇന്നത്തെ ചുറ്റുപാടിൽ അപ്രസക്തങ്ങളാണ്; അപ്രായോഗികവും. ഇതിൽനിന്ന്, ആ ഗ്രന്ഥങ്ങൾ ഒരു പ്രത്യേക സാഹചര്യത്തിനും നിശ്ചിത കാലഘട്ടത്തിനും മാത്രം ഉള്ളതായിരുന്നു എന്നു ഗ്രഹിക്കാം. എന്നാൽ വിശുദ്ധ ഖുർആനാകട്ടെ, മനുഷ്യനെയാണ് അഭിസംബോധന ചെയ്യുന്നത്. ഒരു പ്രത്യേക സമുദായത്തെ മാത്രം ഉദ്ദേശിച്ചുള്ളതാണ് ഖുർആൻ എന്ന് തോന്നിക്കുന്ന ഒരു വാക്കുപോലും അതിൽ കാണുകയില്ല. അതിന്റെ ശാസനകൾ ഏത് സ്ഥലത്തും ഏത് പരിതഃസ്ഥിതിയിലും പ്രായോഗികവുമാണ്. വിശുദ്ധ ഖുർആൻ മുഴുവൻ ലോകത്തിനുമുള്ള ശാശ്വത

ഗ്രന്ഥമാണ് എന്ന് ഇത് വ്യക്തമാക്കുന്നു.

6. മുൻഗ്രന്ഥങ്ങളിലെല്ലാം ധാർമികവും സദാചാരപരവുമായ ചില ഉപദേശങ്ങൾ അടങ്ങിയിട്ടുണ്ട്. സാന്മാർഗിക തത്ത്വങ്ങളുണ്ട്. ദൈവഹിതത്തിനൊത്ത് ജീവിതം നയിക്കുന്നതിനുള്ള മാർഗനിർദേശമുണ്ട്. എന്നാൽ, അവയിലൊന്നും മുഴുവൻ കാര്യങ്ങളും ഒന്നായി സമാഹരിക്കപ്പെട്ടിട്ടില്ല. ഈ സവിശേഷത വിശുദ്ധ ഖുർആനുമാത്രം അവകാശപ്പെട്ടതാണ്. ഇതര ഗ്രന്ഥങ്ങളിൽ വെവ്വേറെ കിടന്നിരുന്ന വിശിഷ്ട ഗുണങ്ങളെല്ലാം ഖുർആനിൽ ഒന്നായി ശേഖരിക്കപ്പെട്ടിരിക്കുന്നു. മുൻഗ്രന്ഥങ്ങൾ വിട്ടുകളഞ്ഞവയും ഖുർആനിലുണ്ട്.

7. മുൻഗ്രന്ഥങ്ങളിലെല്ലാം മനുഷ്യരുടെ ഇടപെടൽ മൂലം സത്യവിരുദ്ധവും യുക്തിഹീനവുമായ കാര്യങ്ങൾ കടന്നുകൂടിയിരിക്കുന്നു. പല ആശയങ്ങളും അക്രമവും അനീതിയും ആണ്. ആദർശ-വിശ്വാസ- കർമങ്ങളെ ദുഷിപ്പിക്കുന്നവയുമുണ്ട്. ചില ഗ്രന്ഥങ്ങളിൽ മ്ലേച്ഛവും സഭ്യേതരവുമായ സംഗതികൾ പോലും കാണാം. എന്നാൽ, വിശുദ്ധഖുർആൻ അത്തരം മാലിന്യങ്ങളിൽ നിന്നെല്ലാം പരിശുദ്ധമാണ്. അസത്യമോ യുക്തിവിരുദ്ധമോ ആയ ഒന്നും അതിലില്ല. അതിലുള്ള ഒരു സംഗതിയും തെളിവുകളും അനുഭവങ്ങളും വഴി തെറ്റാണെന്ന് തെളിയിക്കാനുമാവില്ല. അതിന്റെ ഒരു വിധിയിൽ പോലും അനീതിയുടെയോ അക്രമത്തിന്റെയോ കണിക പോലും കാണില്ല. മനുഷ്യനെ ദുർമാർഗത്തിലേക്ക് നയിക്കുന്ന ഒന്നുമില്ല, അതിൽ. മ്ലേച്ഛതയുടെയോ നിർലജ്ജതയുടെയോ കലർപ്പു പോലും ഇല്ല. ആദ്യന്തം ഉദാത്തമായ യുക്തികളും ഉന്നതമായ നീതി നിഷ്ഠയും ധാർമിക- സദാചാര നിർദേശങ്ങളും സർവോത്കൃഷ്ടമായ നിയമവിധികളും നിറഞ്ഞ ഒരു ഗ്രന്ഥമാണത്.

ഈ സവിശേഷതകൾ മൂലമാണ് ഖുർആനിൽ വിശ്വസിക്കാനും മറ്റു ഗ്രന്ഥങ്ങൾക്ക് പകരം ഖുർആനെ മാത്രം അനുഗമിക്കാനും മനുഷ്യരാശിയോട് ദൈവം ആജ്ഞാപിച്ചിട്ടുള്ളത്. ദൈവഹിതത്തിനൊത്ത് ജീവിക്കാനാവശ്യമായ മാർഗനിർദേശങ്ങൾ ഒന്നും വിട്ടുപോകാതെ അതിൽ പ്രതിപാദിച്ചിട്ടുണ്ട്. അതുള്ളപ്പോൾ മറ്റൊരു ഗ്രന്ഥത്തിന്റെ ആവശ്യം തന്നെ അവശേഷിക്കുന്നില്ല. വിശുദ്ധഖുർആനും ഇതര ഗ്രന്ഥങ്ങളും തമ്മിലുള്ള അന്തരം ഗ്രഹിക്കുന്നതോടെ മറ്റു ഗ്രന്ഥങ്ങളിലുള്ള വിശ്വാസവും ഖുർആനിലുള്ള വിശ്വാസവും തമ്മിലുള്ള അന്തരമെന്തെന്നും വ്യക്തമാവും. ഇതര ഗ്രന്ഥങ്ങളിലുള്ള വിശ്വാസം വെറും വിശ്വാസം മാത്രമാണ്- അവയെല്ലാം ദൈവത്തിങ്കൽനിന്നുള്ളവയായിരുന്നുവെന്നും വിശുദ്ധഖുർആന്റെ അവതരണോദ്ദേശ്യം തന്നെയായിരുന്നു അവയുടേതും എന്നുമുള്ള വിശ്വാസം. എന്നാൽ, പരിശുദ്ധ ഖുർആനിലുള്ള വിശ്വാസം ഇപ്രകാരമാണ്: അത് സാക്ഷാൽ ദൈവവാക്യമാണ്. ആദ്യന്തം സത്യമാണ്. പൂർണമായും സുരക്ഷിതമാണ്. അതിലെ വിധികളെല്ലാം അനുസരിക്കൽ നിർബന്ധമാണ്. അതിന് വിരുദ്ധമായ സകലതും തള്ളിക്കളയേണ്ടതുമാണ്.

## ദൈവദൂതന്മാരിലുള്ള വിശ്വാസം

ദൈവികഗ്രന്ഥങ്ങളിലുള്ള വിശ്വാസത്തിന് ശേഷം ദൈവത്തിന്റെ പ്രവാചകന്മാരിൽ വിശ്വസിക്കാനാണ് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നത്. എല്ലാ സമൂഹങ്ങളിലും ദൈവദൂതന്മാർ വന്നിരുന്നുവെന്നും മുഹമ്മദ്നബി(സ) പ്രബോധനം ചെയ്ത അതേ സന്ദേശമാണ് അവരും കൊണ്ടുവന്നിരുന്നത് എന്നും മുമ്പ് പറഞ്ഞുവല്ലോ. ദൈവദൂതന്മാരെല്ലാം ഒരേ ഗണത്തിൽപ്പെട്ടവരായിരുന്നു എന്നാണിതിനർഥം. അപ്പോൾ അവരിലൊരാളെ നിരാകരിക്കുന്നതിന്റെ അർഥം എല്ലാവരെയും നിരാകരിക്കുക എന്നാണ്. ഒരാളിൽ വിശ്വസിക്കുകയെന്നാൽ എല്ലാവരിലും വിശ്വസിക്കുക എന്നും. ഒരേ കാര്യം പറയുന്ന പത്തുപേരിലൊരാളെ വിശ്വസിച്ചാൽ എല്ലാവരെയും സത്യവാന്മാരായി നാം അംഗീകരിക്കുകയാണ്. അവരിലൊരാൾ വ്യാജനാണ് എന്ന് പറയുന്നതിന്റെ അർഥം എല്ലാവരും വ്യാജന്മാരാണ് എന്നും. ഇതുകൊണ്ടാണ് മുഴുവൻ പ്രവാചകന്മാരിലും വിശ്വസിക്കൽ ഇസ്‌ലാമിൽ നിർബന്ധമായിത്തീർന്നത്. ഏതെങ്കിലും ഒരു പ്രവാചകനെ നിഷേധിക്കുന്നവൻ, മറ്റെല്ലാവരിലും വിശ്വസിച്ചാലും, നിഷേധി തന്നെയാണ്.

ഭൂമിയിൽ നിയോഗിതരായ ദൈവദൂതന്മാരുടെ സംഖ്യ ഒരു ലക്ഷത്തി ഇരുപത്തിനാലായിരം ആണെന്ന് ചില ചരിത്രരേഖകളിൽ വന്നിട്ടുണ്ട്. ഭൂമുഖത്ത് ജനവാസം തുടങ്ങിയിട്ട് കാലമെത്രയോ ആയി. എത്രയോ ജനസമുദായങ്ങൾ ഇവിടെ ജീവിച്ചു മരിച്ചു. ആ നിലക്ക് ഈ സംഖ്യ ഒട്ടും കൂടുതലായി തോന്നുകയില്ല. ഈ ദൈവദൂതന്മാരിൽ ഖുർആൻ പേരെടുത്തു പറഞ്ഞവരിൽ നാം വ്യക്തമായിത്തന്നെ വിശ്വസിക്കേണ്ടതുണ്ട്. മറ്റുള്ളവരുടെ കാര്യത്തിൽ, ദൈവം സ്വന്തം ദാസന്മാരുടെ മാർഗദർശനത്തിനായി നിയോഗിച്ചവരെല്ലാം സത്യസന്ധരായിരുന്നുവെന്ന് മൊത്തത്തിൽ വിശ്വസിക്കാനേ നമ്മോട് ആജ്ഞാപിച്ചിട്ടുള്ളൂ. ഭൂഗോളത്തിന്റെ ഏതേത് ഭാഗത്തെല്ലാം പ്രവാചകൻ വന്നിട്ടുണ്ടോ അവരിലെല്ലാം നാം വിശ്വസിക്കേണ്ടതുണ്ട്. പക്ഷേ, ഒരു പ്രത്യേക വ്യക്തി പ്രവാചകനാണെന്നോ അല്ലെന്നോ തീർത്തു പറയാൻ നമുക്ക് നിവൃത്തിയില്ല. കാരണം, അയാളെക്കുറിച്ച് ഒരറിവും നമുക്ക് ലഭിച്ചിട്ടില്ല. എന്നാൽ, വിവിധ മതക്കാർ തങ്ങളുടെ മാർഗദർശകരായി അംഗീകരിച്ചുപോരുന്ന വ്യക്തികൾക്കെതിരായി വല്ലതും പറയാൻ നമുക്ക് ഒരിക്കലും അനുവാദമില്ല. കാരണം, യഥാർഥത്തിലവർ പ്രവാചകന്മാരായിരുന്നിരിക്കാം. പിന്നീട്, മൂസാനബി, ഈസാനബി(അ) തുടങ്ങിയവരുടെ കാര്യത്തിലെന്ന പോലെ, അവരുടെ അധ്യാപനങ്ങളും പിൻഗാമികൾ ദുഷിപ്പിച്ചതാവാം. അതിനാൽ, നാം അഭിപ്രായം വല്ലതും പ്രകടിപ്പിക്കുന്നുവെങ്കിൽ അവരുടെ വിശ്വാസാചാരങ്ങളെക്കുറിച്ച് മാത്രമേ ആകാവൂ. മതനേതാക്കളെക്കുറിച്ച് മൗനമവലംബിക്കണം. ഇല്ലെങ്കിൽ ചിലപ്പോൾ നാം അറിയാതെ ഭർത്സിക്കുന്നത് ഒരു യഥാർഥ പ്രവാചകനെ ആണെന്ന് വരാം.

മുഹമ്മദ്നബി(സ)യെപ്പോലെ മുൻ പ്രവാചകന്മാരും സത്യസന്ധരായിരുന്നു; ദൈവത്താൽ നിയോഗിക്കപ്പെട്ടവരായിരുന്നു; ഇസ്‌ലാമിക മാർഗം

കാണിച്ചുകൊടുത്തവരായിരുന്നു. ഇക്കാര്യങ്ങളിലൊന്നും മുഹമ്മദ്നബിയും മുൻ പ്രവാചകന്മാരും തമ്മിൽ അന്തരമൊന്നുമില്ല. എന്നാൽ, മൂന്നു കാര്യങ്ങളിൽ വ്യത്യാസമുണ്ട്:

1. മുൻ പ്രവാചകന്മാരെല്ലാം ഓരോ പ്രത്യേക സമുദായത്തിലേക്കും ഒരു നിശ്ചിത കാലത്തേക്കും മാത്രമായി നിയോഗിക്കപ്പെട്ടവരായിരുന്നു. എന്നാൽ, മുഹമ്മദ് മുഴുവൻ മനുഷ്യരാശിക്കുമായി എന്നെന്നേക്കുമുള്ള പ്രവാചകനായിട്ടാണ് ദൈവം അയച്ചത്. ഇക്കാര്യം കഴിഞ്ഞ അധ്യായത്തിൽ സവിശദം പ്രതിപാദിച്ചുവല്ലോ.

2. മുൻപ്രവാചകന്മാരുടെ ശിക്ഷണങ്ങൾ തീരേ അപ്രത്യക്ഷമായിക്കഴിഞ്ഞു. വല്ലതും ശേഷിപ്പുണ്ടെങ്കിൽത്തന്നെ അവ യഥാർഥ രൂപത്തിൽ സുരക്ഷിതമായി നിലനിൽക്കുന്നില്ല. അവരുടെ ജീവിത ചര്യകളും യഥാർഥ രൂപത്തിൽ ഇന്നെവിടെയും ലഭ്യമല്ല. അവയെല്ലാം കെട്ടുകഥകളും ഇതിഹാസങ്ങളുമായി രൂപം മാറിപ്പോയി. തന്മൂലം അവരുടെ ചര്യ പിന്തുടരുക ഇന്ന സാധ്യമാണ്. തികച്ചും വ്യത്യസ്തമാണ് മുഹമ്മദ്നബിയുടെ സ്ഥിതി. അദ്ദേഹത്തിന്റെ അധ്യാപനങ്ങളും ജീവിതചര്യയും ഉപദേശങ്ങളും പ്രവർത്തന ശൈലിയും സ്വഭാവ സവിശേഷതകളുമെല്ലാം ഇന്ന് സുരക്ഷിതമായവശേഷിക്കുന്നുണ്ട്. അദ്ദേഹത്തെക്കുറിച്ച് അറിയാനുദ്ദേശിക്കുന്ന എന്തും നമുക്കിന്ന് ലഭ്യമാണ്. തദടിസ്ഥാനത്തിൽ ഇന്ന് 'ജീവിച്ചിരിപ്പുള്ള' ഏക പ്രവാചകൻ മുഹമ്മദ്നബി(സ) മാത്രമാണ്. അദ്ദേഹത്തെ മാത്രമേ നമുക്കിന്ന് അനുഗമിക്കാൻ സാധിക്കൂ.

3. മുൻ പ്രവാചകന്മാരുടെ പ്രായോഗിക ശിക്ഷണങ്ങൾ താൽക്കാലികവും അപൂർണവുമായിരുന്നു. ഓരോ പ്രവാചകനും ശേഷം വരുന്നയാൾ മുൻഗാമിയുടെ നിയമവിധികളും കർമനിർദേശങ്ങളും പരിഷ്കരിച്ചു. ഈ പരിഷ്കരണം അക്കാലങ്ങളിൽ നിരന്തരം നടന്നിരുന്നു. ഇതുകൊണ്ടാണ് അവരുടെ ശിക്ഷണങ്ങൾക്ക് ദൈവം ശാശ്വതികത്വം നൽകാതിരുന്നത്. താരതമ്യേന പൂർണമായ ഒരു വ്യവസ്ഥ ഉണ്ടായിരിക്കെ, അപൂർണമായ മുൻവ്യവസ്ഥകൾ ആവശ്യമില്ലല്ലോ. അവസാനം മുഹമ്മദ്നബി(സ) മുഖേന എല്ലാറ്റിലും പരിപൂർണവും ശാശ്വതവുമായ ഒരിസ്‌ലാമിക വ്യവസ്ഥ നൽകപ്പെട്ടു. അതോടെ സകല മുൻകാല പ്രവാചകന്മാരുടെയും കർമമാർഗങ്ങൾ സ്വയം ദുർബലപ്പെട്ടു. കാരണം, പരിപൂർണമായതിരിക്കെ അപൂർണമായത് സ്വീകരിക്കുകയെന്നത് യുക്തിവിരുദ്ധമാണ്. ഇപ്പോൾ മുഹമ്മദ്നബി(സ)യെ അനുഗമിക്കുന്നവൻ യഥാർഥത്തിൽ മുഴുവൻ പ്രവാചകൻമാരെയുമാണനുഗമിക്കുന്നത്. കാരണം, മുൻപ്രവാചകന്മാരുടെ അധ്യാപനങ്ങളിലുണ്ടായിരുന്ന മുഴുവൻ നന്മകളും മുഹമ്മദ്നബിയുടേതിലുണ്ട്. എന്നാൽ, മുഹമ്മദ്നബിയെ വിട്ട് മുൻപ്രവാചകന്മാരിൽ വല്ലവരെയും അനുഗമിക്കുന്നവന് ഏറെ നന്മകൾ നഷ്ടപ്പെട്ടുപോകും. കാരണം, പിൽക്കാലത്ത് ലഭിച്ച നന്മകൾ മുൻ ശിക്ഷണങ്ങളിലുണ്ടാവില്ലല്ലോ.

ഇക്കാരണങ്ങളാൽ മുഹമ്മദ്നബിയെ മാത്രം അനുഗമിക്കേണ്ടത്

മനുഷ്യരാശിക്ക് നിർബന്ധമായിത്തീരുന്നു. മുസ്‌ലിമാകാൻ മുഹമ്മദ്നബിയെ സംബന്ധിച്ച് മൂന്ന് കാര്യങ്ങൾ വിശ്വസിക്കേണ്ടതുണ്ട്. ഒന്ന്: നബിതിരുമേനി ദൈവത്തിന്റെ യഥാർഥ പ്രവാചകനാണ്. രണ്ട്: അദ്ദേഹത്തിന്റെ നിർദേശങ്ങൾ ഏറ്റവും സമ്പൂർണമാണ്; അവയിൽ ഒരു പോരായ്മയുമില്ല; അവ തീർത്തും അബദ്ധ മുക്തമാണ്. മൂന്ന്: തിരുമേനി ദൈവത്തിന്റെ അവസാനത്തെ പ്രവാചകനാണ്; ഇനി, കാലാന്ത്യം വരെ ഒരു സമുദായത്തിലും ഒരു പ്രവാചകൻ വരില്ല; മുസ്‌ലിമാകാൻ വിശ്വസിക്കൽ നിർബന്ധമായതോ വിശ്വസിക്കാതിരുന്നാൽ നിഷേധിയായിപ്പോകുന്നതോ ആയ ഒരു വ്യക്തിയും ഇനിയുണ്ടാവില്ല.

## പരലോകത്തിലുള്ള വിശ്വാസം

മുഹമ്മദ്നബി(സ) വിശ്വസിക്കാൻ നിർദേശിച്ച അഞ്ചാമത്തെ സംഗതി പരലോകമാണ്. ഈ വിശ്വാസത്തിന്റെ ഭാഗമായി വരുന്ന കാര്യങ്ങളിവയാണ്:

1. ഒരു ദിവസം ദൈവം സമസ്തലോകങ്ങളെയും അതിലെ മുഴുവൻ സൃഷ്ടിജാലങ്ങളെയും നശിപ്പിക്കുന്നതാണ്. ആ ദിവസത്തിനാണ് 'യൗമുൽ ഖിയാമത്ത്' (അന്ത്യദിനം) എന്ന് പറയുന്നത്.

2. പിന്നീട് ദൈവം സകലജനങ്ങൾക്കും രണ്ടാമതൊരു ജീവിതം നൽകും. എല്ലാവരും ദൈവസന്നിധിയിൽ ഹാജരാകും. അതിനാണ് 'യൗമുൽ ഹശ്ർ' (സമ്മേളന ദിനം) എന്ന് പറയുന്നത്.

3. മനുഷ്യൻ ഇഹലോകജീവിതത്തിൽ ചെയ്ത സർവ കർമങ്ങളുടെയും പൂർണമായ രേഖ അന്ന് ദൈവസമക്ഷം സമർപ്പിക്കപ്പെടും.

4. ഓരോ വ്യക്തിയുടെയും നന്മ-തിന്മകൾ തുലനംചെയ്ത് നന്മ കനം തൂങ്ങിയവരെ ദൈവം അനുഗ്രഹിക്കുകയും തിന്മകൾ കനം കൂടിയവരെ ശിക്ഷിക്കുന്നതുമാണ്.

5. അനുഗ്രഹിക്കപ്പെടുന്നവർ സ്വർഗത്തിലേക്കും ശിക്ഷിക്കപ്പെടുന്നവർ നരകത്തിലേക്കും പോകുന്നതാണ്.

## പരലോകവിശ്വാസത്തിന്റെ ആവശ്യകത

പരലോകത്തെക്കുറിച്ച നബിതിരുമേനിയുടെ ഈ വിവരണം തന്നെയാണ് മുൻ കഴിഞ്ഞ എല്ലാ പ്രവാചകന്മാരും നൽകിയിട്ടുള്ളത്. അതിലുള്ള വിശ്വാസം മുസ്‌ലിമാകാൻ എക്കാലത്തും ഒഴിച്ചുകൂടാത്ത നിബന്ധനയായിരുന്നു. പരലോകത്തെ നിഷേധിക്കുകയോ അതിൽ സംശയിക്കുകയോ ചെയ്യുന്നവൻ 'കാഫിർ' ആണെന്ന് എല്ലാ പ്രവാചകന്മാരും പ്രഖ്യാപിച്ചിട്ടുണ്ട്. കാരണം, ഈ വിശ്വാസമില്ലെങ്കിൽ പിന്നെ ദൈവത്തിലും ദൈവദൂതന്മാരിലും ദൈവഗ്രന്ഥത്തിലുമുള്ള വിശ്വാസമെല്ലാം നിരർഥകമാണ്. മാത്രമല്ല, മനുഷ്യജീവിതംതന്നെ നാശത്തിലേക്ക് നീങ്ങുകയും ചെയ്യും. ഇത് നിഷ്പ്രയാസം ഗ്രഹിക്കാവുന്ന കാര്യമാണ്. വല്ല ജോലിയും ചെയ്യാൻ നാം ആജ്ഞാപിക്കപ്പെട്ടാൽ ആദ്യമുയരുന്ന ചോദ്യം അത് ചെയ്താലുള്ള ഗുണമെന്ത്,

ഇല്ലെങ്കിലുള്ള ദോഷമെന്ത് എന്നാണ്. ഈ ചോദ്യം എന്തുകൊണ്ടുദ്ഭവിച്ചു? ഫലമില്ലാത്ത പ്രവൃത്തികൾ അനാവശ്യവും അർഥശൂന്യവുമാണ് എന്ന് മനുഷ്യപ്രകൃതി വിധി കൽപിക്കുന്നതുകൊണ്ടാണിത്. ഒരു ഗുണവും ലഭിക്കില്ലെന്നുറപ്പുള്ള ഒരു ജോലിക്ക് വല്ലവരും ഒരുങ്ങുമോ? അതുപോലെ, ദോഷമൊന്നും വരുത്തില്ലെന്നുറപ്പുള്ള ഒരു ജോലി വർജിക്കുകയുമില്ല. സംശയത്തിന്റെയും സ്ഥിതി ഇതുതന്നെ. ഫലം സംശയാസ്പദമായ ഒരു ജോലിയിൽ മനസ്സ് ഉറച്ചുനിൽക്കുകയില്ല. ദോഷകരമെന്ന് സംശയിക്കുക മാത്രം ചെയ്യുന്ന ഒരു ജോലിയുപേക്ഷിക്കാൻ വലിയ ഉത്സാഹവും കാണിക്കില്ല. അഗ്നി കരിക്കുന്നതാണെന്ന വിശ്വാസം ശിശുക്കൾക്കില്ലാത്തതുകൊണ്ടാണ് അവരതിൽ കൈവെക്കുന്നത്. വിദ്യാഭ്യാസംകൊണ്ടുള്ള ഗുണം ഗ്രഹിക്കാൻ കുട്ടികൾ അപ്രാപ്തരായതുകൊണ്ടാണല്ലോ വിദ്യ അഭ്യസിക്കുന്നതിലവർ മടികാണിക്കുന്നത്. അതുപോലെ, ദൈവവിശ്വാസവും ദൈവഹിതത്തിനൊത്ത ജീവിതവും തീരേ നിഷ്ഫലമാണെന്നേ പരലോക നിഷേധി വിചാരിക്കയുള്ളൂ. അവനെ സംബന്ധിച്ചിടത്തോളം ദൈവാനുസരണം കൊണ്ട് വല്ല ഗുണമോ ധിക്കാരംകൊണ്ട് വല്ല ദോഷമോ വരാനില്ല. എന്നിരിക്കെ, അവനെങ്ങനെ ദൈവകൽപനകളും പ്രവാചകശാസനകളുമനുസരിക്കും? ദൈവത്തിന്റെ അസ്തിത്വം അവൻ സമ്മതിക്കുന്നുവെങ്കിൽത്തന്നെ അതുകൊണ്ട് ഫലവുമില്ല. കാരണം, പരലോകത്തിൽ വിശ്വാസമില്ലാത്തതിൽ അവൻ ദൈവാജ്ഞകളനുസരിക്കുകയോ ദൈവാഭീഷ്ടമനുസരിച്ച് ജീവിതം നയിക്കുകയോ ഇല്ല.

കാര്യം ഇവിടംകൊണ്ടവസാനിക്കുന്നില്ല. പരലോകവിശ്വാസമോ നിഷേധമോ ആണ് മനുഷ്യജീവിതത്തിന്റെ വിധി നിർണയിക്കുന്നത് എന്നുകാണാം. മുൻചൊന്നപോലെ, കർമഫലം മുൻനിർത്തിയാണ്, ഒരു കാര്യം ചെയ്യണമോ വേണ്ടയോ എന്ന് മനുഷ്യ പ്രകൃതി തീരുമാനിക്കുന്നത്. ഒരാളുടെ നോട്ടം ലൗകികമായ ലാഭനഷ്ടങ്ങളിൽ മാത്രമാണെങ്കിൽ ഇഹലോകത്ത് ലാഭം കിട്ടാത്ത ഒരു പ്രവൃത്തിയും ചെയ്യാൻ അയാൾ സന്നദ്ധനാവുകയില്ല. ഇവിടെ നഷ്ടം ഭയക്കുന്ന ഒരു ദുർവൃത്തിയും വെടിയുകയുമില്ല. മറിച്ച്, പാരത്രിക നേട്ടങ്ങളിൽ നോട്ടം വെക്കുന്നയാൾ ഇഹലോകത്തിലെ ലാഭനഷ്ടങ്ങളെ താൽക്കാലികമായേ കണക്കാക്കൂ. മാത്രമല്ല, നന്മ എത്ര വമ്പിച്ച ലൗകിക നഷ്ടം വരുത്തിവെച്ചാലും അയാൾ നന്മതന്നെ ചെയ്യും. തിന്മ എത്ര വലിയ ലാഭം നേടിക്കൊടുത്താലും അത് വർജിക്കുകയും ചെയ്യും. കാരണം, പരലോകത്തിലെ ശാശ്വതമായ ലാഭനഷ്ടങ്ങളാണയാൾ കണക്കിലെടുക്കുന്നത്. ഈ രണ്ടു വ്യക്തികൾ തമ്മിൽ എന്തൊരന്തരം! ഒരാളുടെ ദൃഷ്ടിയിൽ സൽക്കർമം ഇഹലോകത്തിലെ ക്ഷണികമായ ജീവിതത്തിൽ വല്ല സദ്ഫലവും ലഭിക്കുന്നവയാണ്. കുറച്ച് പണം, അൽപം ഭൂമി, സ്ഥാനമാനങ്ങൾ, പേരും പെരുമയും, അഭിനന്ദനവും പ്രശംസയും, അൽപം ആനന്ദവും സന്തോഷവും- ഇതൊക്കെ നേടിക്കൊടുക്കുന്ന കർമങ്ങളാണയാൾക്ക് സൽക്കർമം. ദുഷ്കർമമാകട്ടെ, ഇഹലോകത്ത് ദുഷ്ഫലമുളവാക്കുന്നവയോ

അങ്ങനെ ഭയപ്പെടാവുന്നതോ ആയ കൃത്യങ്ങളും. ഉദാഹരണമായി, ജീവനഷ്ടം, ധനനഷ്ടം, ആരോഗ്യത്തിന് ഹാനി, ദുഷ്പ്പേര്, ഭരണകൂടത്തിന്റെ ശിക്ഷാനടപടി, ദുഃഖം തുടങ്ങിയവക്ക് കാരണമാകുന്നവ. എന്നാൽ, രണ്ടാമത്തെ മനുഷ്യനെ സംബന്ധിച്ചിടത്തോളം സൽക്കർമം ദൈവമിഷ്ടപ്പെടുന്നതും ദുഷ്കർമം ദൈവം വെറുക്കുന്നതും ആണ്. സൽക്കർമം അവന് ഒരു ഐഹിക നേട്ടവും നേടിക്കൊടുത്തില്ലെങ്കിലും അവനത് സൽക്കർമമായിത്തന്നെ കരുതും– അത് എന്തെന്ത് നഷ്ടങ്ങൾ അവനേൽപിച്ചാലും ശരി. അവസാനം ദൈവം തനിക്ക് ശാശ്വതമായ പ്രതിഫലം നൽകുമെന്ന് അയാൾ ദൃഢമായി വിശ്വസിക്കും. അതുപോലെ ദുഷ്കർമം അവന് ഇഹലോകത്ത് വൻലാഭം നേടിക്കൊടുത്താലും അയാളവയെ ദുഷ്കർമം എന്നുതന്നെ കരുതും. ഇവിടത്തെ ഹ്രസ്വജീവിതത്തിൽ ആനന്ദത്തിലാറാടാൻ കഴിഞ്ഞാലും ദൈവശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ ഒരിക്കലും കഴിയില്ലെന്ന് അയാളുറച്ചു വിശ്വസിക്കുന്നു.

ഈ വ്യത്യസ്ത കാഴ്ചപ്പാടുകൾ മനുഷ്യനുമുമ്പിൽ രണ്ട് വ്യത്യസ്ത മാർഗങ്ങൾ തുറക്കുന്നു. പരലോകവിശ്വാസമില്ലാത്ത മനുഷ്യന് ഇസ്‌ലാമിക പാതയിലൂടെ ഒരടി മുന്നോട്ടു നീങ്ങാനാവില്ല. ഇസ്‌ലാം സകാത്ത് കൊടുക്കാൻ പറയുമ്പോൾ സകാത്ത് തന്റെ ധനത്തിൽ കുറവുവരുത്തും എന്നാവും അയാളുടെ പേടി. അത് പലിശക്കു കൊടുത്താൽ ദരിദ്രന്റെ വീട്ടിലെ പുൽക്കൊടിപോലും സ്വന്തമാക്കാം. എന്തു സംഭവിച്ചാലും സത്യമേ പറയാവൂ, ഒരിക്കലും കളവ് പറയരുത് എന്ന് ഇസ്‌ലാം ആജ്ഞാപിക്കുമ്പോൾ സത്യം പറഞ്ഞിട്ട് ഒരു ലാഭവുമില്ല, നഷ്ടമുണ്ട് താനും. ആ സത്യം തനിക്കുവേണ്ട എന്നാവും മറുപടി. വ്യാജമാകട്ടെ ലാഭകരമാണ്. അത് താനെന്തിന് വർജിക്കണം? ആളില്ലാത്ത വഴിയിൽവെച്ച് അയാൾക്കൊരു വിലപിടിച്ച വസ്തു വീണുകിട്ടുന്നു. 'അത് നിന്റേതല്ലെങ്കിലെടുക്കരുത്' എന്ന് ഇസ്‌ലാം അവനോട് പറയുന്നു. അവന്റെ മറുപടി: ഇത് വെറുതെ ലഭിച്ച സാധനമാണ്; ഞാനിതെന്തിനുപേക്ഷിക്കണം? ഇവിടെ ആരുമില്ല. അതുകൊണ്ട് ആരും പോലീസിലറിയിക്കില്ല; കോടതിയിൽ എതിർ സാക്ഷി പറയില്ല; എനിക്ക് ദുഷ്കീർത്തിയുണ്ടാവുകയുമില്ല. പിന്നെ ഇതെന്തുകൊണ്ട് എനിക്കനുഭവിച്ചുകൂടാ? ഒരാൾ അവന്റെ പക്കൽ ഒരു വസ്തു സൂക്ഷിക്കാനേൽപിച്ചു. ഉടനെ അയാൾ മരിച്ചുപോവുകയും ചെയ്തു. അപ്പോൾ, 'മരണപ്പെട്ടവന്റെ ധനം അയാളുടെ അവകാശികൾക്കെത്തിക്കണം' എന്ന് ഇസ്‌ലാം അവനോട് പറയുന്നു. അവന്റെ പ്രത്യുത്തരം: ഞാനതെന്തിന് കൊടുക്കണം? മരിച്ചവന്റെ പണം എന്റെ പക്കലുണ്ടെന്നതിന് എന്താണ് തെളിവ്? അവന്റെ കുടുംബങ്ങൾക്കതിനെക്കുറിച്ചറിയില്ല; അതുകൊണ്ട് എനിക്കതനുഭവിക്കാം; ഒരപകീർത്തിയും ഭയപ്പെടാനില്ല. ചുരുക്കത്തിൽ, ജീവിത യാത്രയിൽ ഇസ്‌ലാം അവന് ഒരു മാർഗം കാണിച്ചുകൊടുക്കുമ്പോൾ എതിർ ദിശയിലുള്ള മറ്റൊരു വഴിക്കാണവൻ പോവുക. ഇസ്‌ലാമിൽ ഓരോന്നിന്റെയും സ്ഥാനവും വിലയും പരലോകത്തിലെ ശാശ്വതഫലങ്ങളുടെ അടിസ്ഥാന

ത്തിലാണ്. അവനാകട്ടെ, ഇഹലോകത്തിലെ ക്ഷണിക ജീവിതത്തിൽ പ്രത്യക്ഷപ്പെടുന്ന ഫലങ്ങളുടെ അടിസ്ഥാനത്തിലും. ഇത്രയും പറഞ്ഞതിൽനിന്ന്, പരലോക വിശ്വാസമില്ലാത്തവൻ എന്തുകൊണ്ട് മുസ്‌ലിമാവുകയില്ല എന്ന് വ്യക്തം. എന്നു മാത്രമല്ല, പരലോക നിഷേധം മനുഷ്യനെ മൃഗങ്ങളെക്കാൾ താണ ജന്തുവാക്കി മാറ്റുകയും ചെയ്യും.

## പരലോകവിശ്വാസം യുക്തിയുടെ വെളിച്ചത്തിൽ

പരലോകവിശ്വാസത്തിന്റെ ആവശ്യകതയും സദ്ഫലങ്ങളുമാണ് ഇതുവരെ പറഞ്ഞത്. ഇനി, അതെപ്പറ്റി മുഹമ്മദ്നബി വിവരിച്ച കാര്യങ്ങളാണ് പ്രതിപാദിക്കുന്നത്. അവ യുക്തിയുടെ വെളിച്ചത്തിൽ ശരിയായിട്ടുള്ളവയാണോ എന്നും പരിശോധിക്കാം. പരലോകവിശ്വാസം വാസ്തവത്തിൽ, യുക്തിയെ ആസ്പദിച്ചുള്ളതല്ല. ഉറച്ച വിശ്വാസമാണതിനടിസ്ഥാനം. എന്നിരുന്നാലും, നാം ബുദ്ധിയുപയോഗിക്കുന്നപക്ഷം പരലോകത്തെക്കുറിച്ച് മുഹമ്മദ്നബി പഠിപ്പിച്ച കാര്യങ്ങളാണ് മറ്റു ചിന്താഗതികളെക്കാൾ യുക്തിനിഷ്ഠമായിട്ടുള്ളത് എന്ന് കാണാൻ കഴിയും.

മരണാനന്തര ജീവിതത്തെക്കുറിച്ച് മുഖ്യമായും മൂന്ന് ഭിന്ന വീക്ഷണങ്ങളാണുള്ളത്. ഒന്ന്: മരണാനന്തരം മനുഷ്യൻ നശിച്ച് മണ്ണായിപ്പോകുന്നു. അനന്തരം മറ്റൊരു ജീവിതമില്ല. ശാസ്ത്രീയചിന്തകർ എന്ന് വാദിക്കുന്ന നാസ്തികരുടെ അഭിപ്രായമാണിത്. രണ്ട്: മനുഷ്യൻ തന്റെ കർമഫലമനുഭവിക്കാനായി അടിക്കടി ഈ ലോകത്തേക്കുതന്നെ പുനർജനിക്കുന്നു. ദുഷ്കർമം ചെയ്തവർ അടുത്ത ജന്മത്തിൽ പൂച്ച, നായ തുടങ്ങിയ ജന്തുക്കളോ, വൃക്ഷമോ, നീചവർഗത്തിൽപ്പെട്ട മനുഷ്യരോ ആയി ജന്മമെടുക്കുന്നു. സൽക്കർമം ചെയ്തവരാകട്ടെ, ഉത്കൃഷ്ട പദവിയിലെത്തുന്നു. കെട്ടുറപ്പില്ലാത്ത ചില മതങ്ങളുടെ കാഴ്ചപ്പാടാണിത്. മൂന്ന്: ഈ ലോകം ഒരിക്കൽ നശിക്കും. വീണ്ടും ദൈവസന്നിധിയിൽ പുനർജനിക്കും. മനുഷ്യൻ ദൈവസന്നിധിയിൽ വിചാരണ ചെയ്യപ്പെടും. സജ്ജനങ്ങൾക്ക് സ്വർഗവും ദുർജനങ്ങൾക്ക് നരകവും പ്രതിഫലമായി നൽകപ്പെടും. ഇത് ലോകാരംഭം മുതൽക്കുള്ള മുഴുവൻ പ്രവാചകന്മാരുടെയും ഏകകണ്ഠമായ പ്രഖ്യാപനമാണ്.

ആദ്യവിഭാഗക്കാരുടെ വിശ്വാസം ഒന്ന് പരിചിന്തനം ചെയ്യാം. അവരുടെ ന്യായമിതാണ്: "മരണാനന്തരം വല്ലവരും ജീവിച്ചതായി ഞങ്ങൾ കണ്ടിട്ടില്ല. മരിച്ചവരെല്ലാം മണ്ണിൽ ലയിച്ചുചേരുകയാണ്. അതിനാൽ, മരണാനന്തരം ഒരു ജീവിതമില്ല." ഇതെങ്ങനെയാണ് ഒരു തെളിവാകുന്നത്? മരണാനന്തരം ആരും ജീവിച്ചതായി കാണാതിരുന്നാൽ മരണാനന്തരം എന്താകുമെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ എന്നു മാത്രമല്ലേ നന്നെക്കവിഞ്ഞാൽ പറയാനാവൂ? മരണാനന്തരം ഒന്നുമില്ലെന്ന് ഞങ്ങൾക്കറിയാം എന്ന് എങ്ങനെ പറയും? തീരേ വിമാനം കാണാത്ത ഒരു ഗ്രാമീണൻ വിമാനം എന്താണെന്നെനിക്കറിഞ്ഞുകൂടാ എന്നല്ലേ പറയാവൂ? വിമാനമേ ഇല്ല എന്നെനിക്കറിയാം എന്നു

പറയാമോ? ഒരാൾ ഒരു സാധനം കണ്ടിട്ടില്ല എന്നതിന്റെ അർഥം അങ്ങനെയൊരു സാധനമേ ഇല്ല എന്നല്ലല്ലോ. ഒരാൾക്കും അങ്ങനെ വാദിക്കാൻ സാധ്യമല്ല.

രണ്ടാമത്തെ അഭിപ്രായമനുസരിച്ച്, ഇപ്പോൾ ഒരു വ്യക്തിയെ മനുഷ്യനായിക്കാണുന്നത് മുൻജന്മത്തിൽ മൃഗമോ മറ്റോ ആയിരുന്നപ്പോൾ ചെയ്ത സുകൃതങ്ങളുടെ ഫലമായിട്ടാണ്. ഇപ്പോൾ ഒരു ജീവിയെ മൃഗമായിക്കാണുന്നത് മുൻജന്മത്തിൽ മനുഷ്യനായിരുന്നപ്പോൾ ചെയ്ത പാപങ്ങളുടെ ഫലമായും. അപ്പോഴൊരു ചോദ്യം. ആദ്യം ഈ ജീവി എന്തായിരുന്നു? മനുഷ്യനായിരുന്നുവെങ്കിൽ അതിനു മുമ്പ് മൃഗമോ വൃക്ഷമോ ആയിരിക്കണമല്ലോ. ഇനി, ആദ്യം മൃഗമോ വൃക്ഷമോ ആയിരുന്നുവെങ്കിൽ അതിനുമുമ്പ് മനുഷ്യനും ആയിരുന്നിരിക്കണം. ചുരുക്കത്തിൽ, സൃഷ്ടി ആരംഭത്തിലെന്തായിരുന്നു എന്ന് ഈ വിഭാഗക്കാർക്ക് തീരുമാനിക്കുക സാധ്യമല്ല. കാരണം, ഓരോ ജന്മവും മുൻജന്മത്തിന്റെ കർമഫലമാണെന്ന് തീരുമാനിക്കണമെങ്കിൽ ഓരോ ജന്മത്തിന്റെയും മുമ്പ് മറ്റൊരു ജന്മമുണ്ടായിരിക്കേണ്ടത് നിർബന്ധമാണ്. അതാകട്ടെ, യുക്തിക്ക് കടകവിരുദ്ധവും.

ഇനി, മൂന്നാമത്തെ ആദർശമെടുക്കാം: അതിലാദ്യത്തെ കാര്യം, ലോകത്തിനൊരന്ത്യമുണ്ടെന്നും തദനന്തരം ഇതിനെക്കാൾ ഉന്നതവും അനശ്വരവുമായ മറ്റൊരു ലോകം ദൈവം സൃഷ്ടിക്കുമെന്നുമാണ്. ഇക്കാര്യത്തിൽ ഒരു സംശയത്തിനും അവകാശമില്ല. പ്രപഞ്ചത്തെക്കുറിച്ച് കൂടുതൽ പഠിക്കുന്തോറും ഇത് നശ്വരമാണെന്നതിന് കൂടുതൽ തെളിവുകൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ പ്രവർത്തിക്കുന്ന ശക്തികൾക്കെല്ലാം പരിമിതമായ ആയുസ്സേ ഉള്ളൂ. അവ ഒരു ദിവസം അവസാനിച്ചു പോകുമെന്നത് തീർച്ചയാണ്. മുഴുവൻ പ്രകൃതിശാസ്ത്രജ്ഞന്മാരും അംഗീകരിച്ചതാണിക്കാര്യം. ഒരു ഘട്ടത്തിൽ സൂര്യൻ തണുത്ത് പ്രകാശമറ്റതായിത്തീരുമെന്നും ഗോളങ്ങൾ തമ്മിൽ കൂട്ടിയിടിച്ച് തകർന്നുപോകുമെന്നും അവർ ഉറപ്പിച്ചു പറയുന്നു.

മനുഷ്യന് പുനരുത്ഥാനമുണ്ടാകുമെന്നതാണ് രണ്ടാമത്തെ കാര്യം. ഇത് അസാധ്യമാണോ? ആണെങ്കിൽ അവനിപ്പോൾ ലഭിച്ച ജീവിതം എങ്ങനെ കിട്ടി? ഇഹലോകത്ത് മനുഷ്യനെ സൃഷ്ടിച്ച ദൈവത്തിന് പരലോകത്തും അവനെ പുനഃസൃഷ്ടിക്കാൻ കഴിയും.

മൂന്നാമത്തെ കാര്യം, മനുഷ്യകർമങ്ങളുടെ രേഖ സൂക്ഷിക്കപ്പെടുന്നുണ്ടെന്നും ദൈവസന്നിധിയിൽ അവ, മനുഷ്യനോടൊപ്പം, ഹാജരാക്കപ്പെടും എന്നുമുള്ളതാണ്. ഇതിനുള്ള തെളിവുകൾ ഇഹലോകത്തുതന്നെ ധാരാളമുണ്ട്. നമ്മുടെ ശബ്ദം വായുമണ്ഡലത്തിൽ അലകൾ സൃഷ്ടിച്ച് നശിച്ചുപോകുന്നു എന്നാണ് മുമ്പ് ധരിച്ചിരുന്നത്. എന്നാൽ, ഓരോ ശബ്ദവും ചുറ്റുമുള്ള വസ്തുക്കളിൽ അതിന്റെ ചിത്രം നിക്ഷേപിച്ചുവെക്കുന്നുണ്ടെന്നും അവ വീണ്ടും പുറത്തെടുക്കുക സാധ്യമാണെന്നുമുള്ള വസ്തുത ഇന്നാർക്കും അറിയാത്തതല്ല. ഗ്രാമഫോൺ റിക്കാർഡുകളിൽ ഈ തത്ത്വമാണ് പ്രയോഗിക്കപ്പെട്ടത്. നമ്മുടെ സകലവിധ ചലനങ്ങളും അവയുമായി വല്ലവിധേനയും

സ്പർശിക്കുന്ന വസ്തുക്കളിൽ രേഖപ്പെടുന്നുണ്ട്. ഇത് ശരിയാണെങ്കിൽ, നമ്മുടെ കർമങ്ങളുടെ രേഖകൾ സുരക്ഷിതമായി ദൈവസന്നിധിയിൽ ഹാജരാക്കപ്പെടുമെന്ന കാര്യത്തിൽ സംശയം വേണ്ട.

നാലാമത്തെ വസ്തുത വിചാരണയും പ്രതിഫലദാനവും ആണ്. ഇതിൽ എന്ത് യുക്തിഭംഗമാണുള്ളത്? മനുഷ്യ കർമങ്ങൾ ദൈവം വിചാരണ നടത്തണമെന്നും നീതിപൂർവം വിധി കൽപിക്കണമെന്നുമുള്ളത് മനുഷ്യബുദ്ധിയുടെ തന്നെ താൽപര്യമാണ്. ഇവിടെയൊരു മനുഷ്യൻ നന്മ മാത്രം പ്രവർത്തിക്കുന്നു. പക്ഷേ, അതിന്റെ ഒരു സദ്ഫലവും ഇഹലോകത്ത് അയാൾക്ക് ലഭിക്കുന്നില്ല. മറ്റൊരാൾ ആയുഷ്കാലമത്രയും ദുഷ്കർമങ്ങൾ ചെയ്യുന്നു. എന്നാൽ ഒരു നഷ്ടവും അയാൾക്ക് പറ്റുന്നില്ല. മാത്രമല്ല, സൽക്കർമം ചെയ്തതിന്റെ പേരിൽ അവർണനീയമായ കഷ്ടപ്പാടുകളും ദുരിതങ്ങളും അനുഭവിക്കേണ്ടിവരുന്ന എത്രയോ പേരുണ്ട്. ദുഷ്കൃത്യങ്ങൾ ചെയ്ത് ആജീവനാന്തം ആനന്ദതുന്ദിലരായി ജീവിക്കുന്നവരുമുണ്ട്. ഈ അനുഭവങ്ങൾ, സജ്ജനങ്ങൾക്ക് പ്രതിഫലവും ദുർജനങ്ങൾക്ക് ശിക്ഷയും എപ്പോഴെങ്കിലുമൊരിക്കൽ ലഭിക്കേണ്ടതാണെന്ന് വിശ്വസിക്കാൻ നമ്മെ നിർബന്ധിക്കുന്നു.

സ്വർഗവും നരകവുമാണ് ഒടുവിലത്തേത്. ഇവയും അസംഭവ്യമല്ല. വാനഭുവനങ്ങളെ സൃഷ്ടിച്ച ദൈവത്തിന് സ്വർഗ നരകങ്ങളുടെ സൃഷ്ടിപ്പ് മാത്രം അസാധ്യമോ? ദൈവം ജനങ്ങളെ വിചാരണ ചെയ്ത് രക്ഷാശിക്ഷകൾ നൽകും. രക്ഷ ലഭിച്ചവർക്ക് സൗഖ്യപൂർവം ജീവിക്കാനൊരിടം വേണം. ശിക്ഷ ലഭിച്ചവർക്ക് ദുരിതപൂർണമായ മറ്റൊരിടവും. അവ ദൈവം സൃഷ്ടിക്കുന്നു.

മേൽവിവരിച്ച കാര്യങ്ങളെക്കുറിച്ച് സഗൗരവം ചിന്തിക്കുന്ന ഒരാൾക്ക്, മരണാനന്തര ജീവിതത്തെക്കുറിച്ച് നിലവിലുള്ള സങ്കൽപങ്ങളിൽ ബുദ്ധിക്ക് ഏറ്റവുമനുയോജ്യമായത് ഇസ്‌ലാമിക കാഴ്ചപ്പാടാണെന്ന് കാണാം. അതിൽ അസാധ്യമോ അയുക്തികമോ ആയി ഒന്നുമില്ലെന്ന് ഏതൊരാളും സമ്മതിക്കും. ബുദ്ധി സ്വയം സമ്മതിക്കുന്ന ഇക്കാര്യം മുഹമ്മദ്നബിയെപ്പോലുള്ള ഒരു സത്യപ്രവാചകൻ നമ്മുടെ നന്മ മാത്രം മുൻനിർത്തി വിവരിച്ചുതരുമ്പോൾ വൃഥാ സംശയിക്കുന്നതെന്തിന്? അതിൽ ദൃഢമായ വിശ്വാസം ഉൾക്കൊള്ളുന്നതല്ലേ ബുദ്ധിപൂർവകമായിട്ടുള്ളത്?

## പരിശുദ്ധ വാക്യം

മേൽ വിവരിച്ച അഞ്ച് ആദർശങ്ങളിന്മേലാണ് ഇസ്‌ലാം നിലകൊള്ളുന്നത്.[5] അവയുടെ രത്നച്ചുരുക്കം "ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി" എന്ന പരിശുദ്ധ വാക്യത്തിലടങ്ങിയിട്ടുണ്ട്. നാം "ലാ ഇലാഹ ഇല്ലല്ലാഹു"എന്നുച്ചരിക്കുന്നതോടെ എല്ലാ നിഷിദ്ധ ദൈവങ്ങളെയും വിട്ട് ഏകദൈവത്തിന്റെ മാത്രം അടിമത്തം സ്വീകരിക്കുന്നു. "മുഹമ്മദുർറസൂലുല്ലാഹി" എന്നുകൂടി ഉച്ചരിക്കുമ്പോൾ മുഹമ്മദ്നബി ദൈവത്തിന്റെ ദൂതനാണെന്നും നാം സമ്മതിച്ചു. ദൗത്യത്തിൽ വിശ്വസിക്കുന്നതോടെ, ദൈവം,

ദൈവികഗുണങ്ങൾ, മലക്കുകൾ, ദൈവഗ്രന്ഥങ്ങൾ, ദൈവദൂതന്മാർ, പരലോകം എന്നിവയെക്കുറിച്ച് തിരുദൂതർ പഠിപ്പിച്ച അതേ വിധം വിശ്വസിക്കേണ്ടത് നിർബന്ധമായിത്തീരുന്നു. ദൈവത്തെ ആരാധിക്കാനും അനുസരിക്കാനും തിരുമേനി കാണിച്ചുതന്ന മാർഗമേതോ അത് കണിശമായി പിൻപറ്റാനും നാം ബാധ്യസ്ഥരായി മാറുന്നു.

## കുറിപ്പുകൾ

1. ഇസ്‌ലാമിന്റെ സാങ്കേതിക ഭാഷയിൽ'ശരീഅത്ത്'.
2. ഉദാഹരണമായി ഗ്രീക്ക് ഭാഷയിൽ Oeo's എന്നും ലാറ്റിനിൽ Deus എന്നും ഗോത്തിക്കിൽ Guth എന്നും ജർമനിൽ Goth എന്നും ആണ് പറയുക(എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക, വാല്യം 10, പേജ് 46, ചിക്കാഗോ-1056)
3. നൈരാശ്യം ഉളവാക്കുന്ന അതിദാരുണമായ അവസ്ഥയെക്കുറിച്ച് ഒരേകദേശ ചിത്രം ലഭിക്കാൻ മി. കോളിൻ വിൽസൻ രചിച്ച THE OUTSIDE എന്ന കൃതി നോക്കുക.

   ഇവ്വിഷയത്തിൽ പ്രൊ. ജോഡിന്റെ അനുഭവ സാക്ഷ്യവും ശ്രദ്ധേയമാണ്. പാശ്ചാത്യരെക്കുറിച്ച് അദ്ദേഹം എഴുതുന്നു: "ചരിത്രത്തിൽ ആദ്യമായി സ്ത്രീ പുരുഷന്മാരുടെ ഒരു പുതിയ തലമുറ രംഗപ്രവേശം ചെയ്തിരിക്കുന്നു. അവർക്ക് മതമില്ല; മതത്തിന്റെ ആവശ്യവുമില്ല. മതത്തെ തീർത്തും അവഗണിക്കുന്നതിൽ സംതൃപ്തരാണവർ. തന്നിമിത്തം അവർക്ക് മനഃസമാധാനം നഷ്ടപ്പെട്ടിരിക്കുന്നു. അവർക്കിടയിൽ ആത്മഹത്യയുടെ അനുപാതം അസാധാരണമാം വിധം വർധിച്ചിരിക്കയാണ്. - THE PRESENT AND FUTURE OF RELIGION.

   ഇസ്‌ലാമിക ലോകത്തെ സ്ഥിതിയറിയാൻ ഇസ്‌ലാമിനോട് അത്രയൊന്നും മമതയില്ലാത്ത ഒരമുസ്‌ലിം ചരിത്രകാരന്റെ അഭിപ്രായങ്ങൾ തന്നെയെടുക്കാം: "സർവാതിശായിയായ ഒരു ശക്തിയുടെ അന്തിമ തീർപ്പിലുള്ള ഉൽക്കടമായ വിശ്വാസമുൾക്കൊള്ളുന്ന വിട്ടുവീഴ്ചയില്ലാത്ത ഏകദൈവവാദമാണ് ഇസ്‌ലാമിന്റെ സർവശക്തിക്കും നിദാനമായിട്ടുള്ളത്. അന്യമതസ്ഥർക്കപരിചിതമായ അർപ്പണ മനോഭാവവും മനസ്സംതൃപ്തിയും ഇസ്‌ലാമിന്റെ അനുയായികൾ അനുഭവിക്കുന്നു. മുസ്‌ലിം നാടുകളിൽ ആത്മഹത്യ വളരെ വിരളമാണ്." PHILIP K. HITTY, *HISTORY OF ARABS,* 1951, P. 129 *-ഖുർശിദ് അഹ്മദ്*
4. ബൈബിൾ പഴയ നിയമത്തിലെ ആദ്യത്തെ അധ്യായങ്ങളിലൂടെയും പുതിയ നിയമത്തിലെ നാല് സുവിശേഷങ്ങളിലൂടെയും ഒന്ന് കണ്ണോടിച്ചാൽ അവ മനുഷ്യകൃതിയാണെന്ന് ബോധ്യമാവുന്നതാണ്. അവയിൽ ദാവീദിന്റെ സാക്ഷാൽ കീർത്തനങ്ങളിൽ ചിലതും ക്രിസ്തുവിന്റെ സുവിശേഷങ്ങളും അവിഭക്തമാം വിധം ഉൾക്കൊണ്ടിരിക്കുന്നു. പഴയ നിയമത്തിലെ ആദ്യത്തെ നാല് അധ്യായങ്ങളിൽ തൗറാത്ത് മാത്രമല്ല ഉള്ളത്. മറിച്ച്, തൗറാത്തിന്റെ ഭാഗങ്ങൾ മനുഷ്യവ്യാഖ്യാനങ്ങളുമായി ഇടകലർന്നു നിലകൊള്ളുന്നു. ആ കൂടിക്കുഴയലിൽ യഥാർഥ ദിവ്യസന്ദേശം നഷ്ടപ്പെട്ടു പോയിരിക്കയാണ്. അതുപോലെത്തന്നെ ഈസായുടെതെന്ന് പറയുന്ന നാല് സുവിശേഷങ്ങൾ അദ്ദേഹത്തിൽനിന്ന് കിട്ടിയ സാക്ഷാൽ സുവിശേഷങ്ങളല്ല. മറിച്ച്, ജ്ഞാനവും ഭിന്നധർമവും ആധാരമാക്കി വ്യത്യസ്തരായ നാലാളുകൾ സമാഹരിച്ച ക്രിസ്തുവിന്റെ ജീവചരിത്രമാണ്. സാക്ഷാൽ സുവിശേഷങ്ങളുടെ ഏതാനും ഭാഗങ്ങളും അവയിലുണ്ടെന്ന് മാത്രം. ദൈവകൃതിയും മനുഷ്യകൃതിയും, സത്യവും അസത്യവും പതിരിൽനിന്ന് നെല്ല് വേർതിരിച്ചെടുക്കാൻ കഴിയാത്തവണ്ണം പരസ്പരം കൂടിക്കലർന്നിരിക്കയാണ്. അതിനാൽ, സാക്ഷാൽ ദൈവഗ്രന്ഥം ജൂതരുടെയോ ക്രൈസ്തവരുടെയോ പക്കലില്ല. ഇതിന് വിപരീതമായി, വിശുദ്ധ ഖുർആൻ, അതവതരിച്ച സാക്ഷാൽ രൂപത്തിൽ ഒരു വ്യത്യാസവുമില്ലാതെ, സുരക്ഷിതമായി നിലകൊള്ളുന്നു. *-ഖുർശിദ് അഹ്മദ്*
5. ഈമാൻ കാര്യങ്ങൾ അഞ്ചായിട്ടാണ് ഞാനിവിടെ വിവരിച്ചിട്ടുള്ളത്. ഇത് വിശുദ്ധ ഖുർആനിൽ 'സൂറത്തുൽ ബഖറ'യിലെ 'ആമനർറസൂലു ബിമാ ഉൻസില ഇലൈഹി....', സൂറത്തുന്നിസാഇലെ 'വമൻ യക്ഫുർ ബില്ലാഹി വമലാഇകതിഹി....' എന്നീ വാക്യങ്ങളെ അടിസ്ഥാനമാക്കിയാണ്. നബിവചനങ്ങളിൽ 'ഖദ്റി'ലുള്ള വിശ്വാസവും ഈമാൻ കാര്യങ്ങളിൽ ഉൾപ്പെ

ടുത്തിയിട്ടുണ്ടെന്നതിൽ സംശയമില്ല. അപ്പോൾ ഈമാൻ കാര്യങ്ങൾ ആറായിത്തീരുന്നതാണ്. എന്നാൽ, യഥാർഥത്തിൽ ഖദ്റിലുള്ള വിശ്വാസം അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ തന്നെ അംശമാണ്. വിശുദ്ധഖുർആനിൽ ആ നിലക്കാണ് അത് വിവരിച്ചിട്ടുള്ളത്. അതിനാൽ ഞാനും പ്രസ്തുത വിശ്വാസത്തെ ഏകദൈവവിശ്വാസത്തിന്റെ വിശദീകരണത്തിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ചില നബിവചനങ്ങളിൽ സ്വർഗം, നരകം, സ്വിറാത്ത്, മീസാൻ എന്നിവയെ പ്രത്യേകം വിശ്വാസപരമായ കാര്യങ്ങളായി വിവരിച്ചിട്ടുണ്ട്. അപ്പോൾ ഈമാൻ കാര്യങ്ങൾ ആറിൽ കൂടുതലാകും. വാസ്തവമാകട്ടെ, അവയെല്ലാം പരലോകവിശ്വാസത്തിന്റെ ഘടകങ്ങളാണ്. *-ഗ്രന്ഥകാരൻ*

## അഞ്ച്

# അനുഷ്ഠാനകർമങ്ങൾ

●

മുഹമ്മദ്നബി(സ) വിശ്വസിക്കാൻ നിർദേശിച്ച അഞ്ചുകാര്യങ്ങളെക്കുറിച്ചാണ് കഴിഞ്ഞ അധ്യായത്തിൽ വിവരിച്ചത്. ഈ വിശ്വാസകാര്യങ്ങൾ ഇസ്‌ലാമിന്റെ അസ്തിവാരമാണ്. അവയിൽ വിശ്വസിക്കുന്നതോടെ നാം മുസ്‌ലിം സമൂഹത്തിലംഗമായി. പക്ഷേ, പരിപൂർണ മുസ്‌ലിം ആകുന്നില്ല. അതിന് മുഹമ്മദ് നബി ദൈവത്തിങ്കൽനിന്ന് കൊണ്ടുവന്ന ശാസനകൾ അനുസരിക്കുക കൂടി വേണം. കാരണം, വിശ്വാസത്തോടൊപ്പം സ്വയം ബാധ്യതയായിത്തീരുന്ന ഒന്നാണ് അനുസരണം. ഇസ്‌ലാം എന്നതു തന്നെ അനുസരണത്തിന്റെ മറ്റൊരു പേരാണല്ലോ. ഒരു ദൈവത്തെ നാം സമ്മതിക്കുന്നതോടെ ചില കാര്യങ്ങൾ നാം അംഗീകരിക്കുകയാണ്: അവൻ നമ്മുടെ യജമാനനും നാം അവന്റെ ദാസന്മാരുമാണ്; അവൻ നമ്മുടെ വിധികർത്താവും നാം അവന്റെ വിധി സ്വീകരിക്കുന്നവരുമാണ്; അവൻ നമ്മുടെ രാജാവും നാം അവന്റെ പ്രജയുമാണ്. ദൈവത്തെ യജമാനനും വിധികർത്താവുമായി സ്വീകരിച്ചശേഷം അവന്റെ ശാസനകൾ ധിക്കരിക്കുന്നത് നാം കുറ്റവാളികളാണെന്ന് സ്വയം സമ്മതിക്കലാണ്. വിശുദ്ധഖുർആൻ ദൈവിക ഗ്രന്ഥമാണെന്ന് സമ്മതിക്കുന്നതിന്റെ അർഥം അതിലുള്ളതെല്ലാം ദൈവികമാണ് എന്ന് നാം അംഗീകരിച്ചുവെന്നാണ്. അതോടെ അതപ്പടി പ്രാവർത്തികമാക്കാൻ നാം നിർബന്ധിതരായിത്തീരുന്നു. മുഹമ്മദ്നബി(സ)യെ പ്രവാചകനായംഗീകരിക്കുമ്പോൾ നാം സമ്മതിക്കുന്നത് അദ്ദേഹത്തിന്റെ ആജ്ഞാനിരോധങ്ങളെല്ലാം ദൈവികമാണ് എന്നത്രേ. അതോടെ അദ്ദേഹത്തെ അനുസരിക്കൽ നിർബന്ധമായി. നമ്മുടെ കർമങ്ങളെല്ലാം നമ്മുടെ വിശ്വാസത്തിന്നനുസരിച്ചാവുമ്പോഴേ നാം പൂർണ മുസ്‌ലിംകളാവൂ. ഇല്ലെങ്കിൽ നമ്മുടെ വിശ്വാസം ദുർബലമാണ് എന്നു വരും.

ഈ കർമങ്ങൾ ഏതൊക്കെയാണ്? അത് സംബന്ധിച്ച് മുഹമ്മദ്നബി(സ) എന്തൊക്കെയാണ് പഠിപ്പിച്ചത്? എന്തൊക്കെ അനുഷ്ഠിക്കാനും എന്തൊക്കെ വർജിക്കാനുമാണ് അദ്ദേഹം ആജ്ഞാപിച്ചത്? ഇതാണ് ഇനിയുള്ള ചർച്ച.

അനുഷ്ഠാനങ്ങളിൽ സർവപ്രധാനമായിട്ടുള്ളത് 'ഇബാദത്തു'കളാണ്. എന്താണ് 'ഇബാദത്ത്'? ചർച്ചയുടെ തുടക്കം അതിൽനിന്നാവട്ടെ.

## ഇബാദത്തിന്റെ വിവക്ഷ

'ഇബാദത്തി'ന്റെ അർഥം അടിമവൃത്തി എന്നാണ്. നാം ദൈവത്തിന്റെ അടിമകളും(അബ്ദ്) ദൈവം നമ്മുടെ ആരാധ്യനും യജമാനനും(മഅ്ബൂദ്) ആകുന്നു. അടിമ യജമാനന്റെ ആജ്ഞാനുവർത്തിയായിക്കൊണ്ട് എന്തൊക്കെ ചെയ്യുന്നുവോ അതിനാണ് ഇബാദത്ത് (അടിമവൃത്തി, ആരാധന) എന്നു പറയുന്നത്. ജനങ്ങളുമായുള്ള സംഭാഷണമധ്യേ നാം വ്യാജമോ പരദൂഷണമോ അസഭ്യമോ പറയുന്നില്ല. കാരണം, ദൈവം അത് നിരോധിച്ചിരിക്കുന്നു. സത്യവും നല്ലതുമായ വാക്കുകൾ മാത്രം നാം പറയുന്നു. കാരണം, ദൈവം അതിഷ്ടപ്പെടുന്നു. സംഭാഷണം കേവലം ലൗകിക കാര്യങ്ങളെക്കുറിച്ചായാൽ പോലും ആ സംഭാഷണം ഒരു ഇബാദത്താണ്. കാരണം, നാമതിൽ ദൈവഹിതം മാനിച്ചിരിക്കുന്നു. നാം ജനങ്ങളുമായി ഇടപാടു നടത്തുന്നു. വ്യാപാരത്തിലേർപ്പെടുന്നു. കുടുംബാംഗങ്ങളോടൊത്ത് വസിക്കുന്നു. സ്നേഹിതന്മാരുമായി സഹവസിക്കുന്നു; ഈ രംഗത്തെല്ലാം, ദൈവിക ശാസന ഉണ്ടെന്നതിനാൽ നാം അന്യരുടെ അവകാശങ്ങൾ വകവെച്ചുകൊടുക്കുന്നു. അവന്റെ വിലക്കുണ്ട് എന്നതിനാൽ ആരുടെയും അവകാശങ്ങൾ അപഹരിക്കുന്നില്ല- ഇങ്ങനെ സകല ജീവിത ഇടപാടുകളിലും നാം ദൈവിക ശാസനകൾ കണക്കിലെടുക്കുന്നു. എങ്കിൽ ആ ജീവിതം മുഴുവൻ ദൈവത്തിന് ഇബാദത്ത് ചെയ്യുന്നതിൽ വിനിയോഗിച്ചു എന്നാണർഥം. ഒരാൾ അഗതികളെ സഹായിക്കുന്നു; വിശന്നവനാഹാരം കൊടുക്കുന്നു; രോഗിയെ ശുശ്രൂഷിക്കുന്നു. അയാളിതെല്ലാം ചെയ്യുന്നത് പേരിനോ പെരുമക്കോ സ്വാർഥലാഭത്തിനോ വേണ്ടിയല്ല. ദൈവത്തിന്റെ പൊരുത്തം മാത്രമാണ് അയാളുടെ ലക്ഷ്യം. എങ്കിൽ ആ സേവനങ്ങളെല്ലാം ദൈവത്തിനുള്ള ഇബാദത്താണ്. നിങ്ങളൊരു തൊഴിലിലേർപ്പെട്ടിരിക്കുന്നു. അതിൽ പൂർണ സത്യസന്ധതയും വിശ്വസ്തതയും കർത്തവ്യബോധവും കാണിക്കുന്നു. ദൈവം അനുവദിച്ചത് മാത്രം ഭക്ഷിക്കുന്നു; അവൻ വിരോധിച്ചത് വർജിക്കുന്നു. ഇതിനെല്ലാം പ്രചോദനമോ ദൈവഭയവും. എങ്കിൽ തൊഴിലിലേർപ്പെട്ട സമയം മുഴുവൻ നിങ്ങൾ ദൈവത്തിന് ഇബാദത്ത് ചെയ്യുകയായിരുന്നു- ജീവിതാവശ്യങ്ങളുടെ നിർവഹണത്തിനാണ് നിങ്ങൾ ജോലി ചെയ്തിരുന്നതെങ്കിൽപ്പോലും. ചുരുക്കത്തിൽ, സദാ സകല കാര്യങ്ങളിലും ദൈവത്തെ സ്മരിക്കുക, അവന്റെ അതൃപ്തി ഭയപ്പെടുക, അവന്റെ പ്രീതി പ്രതീക്ഷിക്കുക, അവന്റെ നിയമങ്ങളനുസരിക്കുക, അവനെ ധിക്കരിച്ചാൽ കിട്ടാവുന്ന ഏതു ലാഭവും തിരസ്കരിക്കുക, അനുസരിച്ചാൽ വരാവുന്ന ആപത്തുകൾ സസന്തോഷം സഹിക്കുക- ഇതാണ് ദൈവത്തിനുള്ള ഇബാദത്ത്. ആ മട്ടിലുള്ള ജീവിതം ആദ്യന്തം ഇബാദത്താണ്. ആ ജീവിതത്തിൽ തീറ്റയും കുടിയും നടത്തവും ഇരുത്തവും ഉറക്കവും ഉണർച്ചയുമെല്ലാം ഇബാദത്തിൽ ഉൾപ്പെട്ടിരിക്കും.

ഇതാണ് ഇബാദത്തിന്റെ യഥാർഥ വിവക്ഷ. മുസ്‌ലിംകളെ ഈ നിലക്ക് ഇബാദത്ത് ചെയ്യുന്നവരാക്കിത്തീർക്കുകയാണ് ഇസ്‌ലാമിന്റെ ലക്ഷ്യം. ഈ വലിയ ലക്ഷ്യം നേടുന്നതിന് അവരെ സജ്ജമാക്കുന്ന ചില ആരാധനാമുറകൾ ഇസ്‌ലാമിൽ നിയമമാക്കപ്പെട്ടിരിക്കുന്നു- ആ വലിയ ഇബാദത്തിനുള്ള ഒരു 'ട്രൈനിംഗ്' കോഴ്സ് എന്ന മട്ടിൽ. ഈ 'ട്രൈനിംഗ്' താരതമ്യേന നന്നായി കഴിക്കുന്നവന് ആ വലിയ ഇബാദത്ത് കൂടുതൽ നന്നായി നിർവഹിക്കാൻ കഴിയും. ഇക്കാരണത്താൽ ആ സവിശേഷ ആരാധനാ മുറകൾ വ്യക്തികളുടെ മേൽ പ്രത്യേകം നിർബന്ധമാക്കപ്പെട്ടിരിക്കയാണ്. അവയെ 'അർകാനുദ്ദീൻ' എന്ന് വിളിക്കുന്നു. കാരണം, ഇസ്‌ലാമിന്റെ നെടുംതൂണുകളാണവ. ഒരു കെട്ടിടം തൂണുകളിൽ നിലകൊള്ളുന്നതു പോലെ, ഇസ്‌ലാമിക ജീവിതമാകുന്ന കെട്ടിടം പ്രസ്തുത തൂണുകളിലാണ് നിലകൊള്ളുന്നത്. അവ നീക്കം ചെയ്യുക എന്നാൽ, ഇസ്‌ലാമാകുന്ന കെട്ടിടം തന്നെ പൊളിച്ചുനീക്കുക എന്നാണർഥം.

## നമസ്കാരം

ആ നിർബന്ധ കർമങ്ങളിൽ പ്രഥമവും പ്രധാനവും നമസ്കാരമാണ്. എന്താണ് നമസ്കാരം? നാം വിശ്വസിച്ചുകഴിഞ്ഞ സംഗതികൾ ദിനംപ്രതി അഞ്ചുനേരം വാചാ-കർമണാ ആവർത്തിക്കുക. പ്രഭാതത്തിലെഴുന്നേറ്റാൽ ശരീരശുദ്ധി വരുത്തി നാം ദൈവസന്നിധിയിൽ ഹാജരാകുന്നു. അവന്റെ മുമ്പിൽ കൈകെട്ടി നിൽക്കുന്നു. ഇരുന്നും കുനിഞ്ഞും സാഷ്ടാംഗം നമിച്ചും നമ്മുടെ ദാസ്യം സമ്മതിക്കുന്നു. ദൈവത്തിന്റെ ഉത്കൃഷ്ട ഗുണങ്ങൾ എടുത്തോതി അവന് സ്തോത്രം ചെയ്യുന്നു. അവനോട് സഹായമർഥിക്കുന്നു. അവ്നിൽനിന്ന് സന്മാർഗം തേടുന്നു. അനുസരണപ്രതിജ്ഞ പുതുക്കുന്നു; അവന്റെ പ്രീതിയും കോപശാപങ്ങളിൽനിന്ന് രക്ഷയും നേടാനുള്ള ആഗ്രഹം അടിക്കടി പ്രകടിപ്പിക്കുന്നു. അവന്റെ മഹദ്ഗ്രന്ഥത്തിലെ പാഠങ്ങൾ ആവർത്തിച്ചുരുവിടുന്നു. അവന്റെ ദൂതന്റെ സത്യസന്ധതക്ക് സാക്ഷ്യം വഹിക്കുന്നു. താൻ വിചാരണ ചെയ്യപ്പെടുന്ന ദൈവികകോടതിയിൽ ഹാജരാകേണ്ട ദിവസം അനുസ്മരിക്കുന്നു. ഇവ്വിധമാണ് നമ്മുടെ പ്രഭാതം ആരംഭിക്കുന്നത്. അനന്തരം, ഏതാനും നേരം നാം സ്വന്തം തൊഴിലുകളിൽ വ്യാപൃതരാവുന്നു. അപ്പോഴേക്കുമതാ, മുഅദ്ദിൻ(പള്ളിയിൽ ബാങ്കുവിളിക്കുന്ന ആൾ) വിളിക്കുന്നു: തെല്ലുനേരത്തേക്കൊന്നിങ്ങു വരിൻ; നമുക്ക് പാഠമൊന്നാവർത്തിക്കണം; ദൈവത്തെ മറന്നുപോവാതിരിക്കാൻ വേഗം വരുവിൻ. ഉടനെ നാം എഴുന്നേറ്റുചെന്ന് വിശ്വാസം പുതുക്കി വീണ്ടും ലൗകിക പ്രവർത്തനങ്ങളിൽ മുഴുകുന്നു. സായാഹ്നമാകുമ്പോഴേക്കതാ വീണ്ടും മുഅദ്ദിന്റെ വിളി. വീണ്ടും നാം പോയി വിശ്വാസം പുതുക്കുന്നു. പിന്നെ രാത്രിയുടെ ആരംഭത്തിൽ. രാത്രിപോലും നമ്മുടെ ആദർശവിശ്വാസങ്ങൾ മറന്ന് വഴി തെറ്റിപ്പോവരുത്. അതിനാൽ, പകലിന്റെ തുടക്കത്തിൽ ചെയ്ത കർമങ്ങൾ രാത്രിയുടെ തുടക്കത്തിലും ചെയ്യുന്നു. തെല്ലുനേരം കഴിഞ്ഞ് ഉറങ്ങാനൊരുങ്ങുമ്പോൾ അവസാനമായൊന്നുകൂടി വിശ്വാസം പുതുക്കാൻ നാം ക്ഷണിക്ക

പ്പെടുന്നു. തികച്ചും ശാന്തവും നിശ്ശബ്ദവുമായ സമയം. പകലത്തെ ബഹളങ്ങളിൽ ഹൃദയസാന്നിധ്യം ലഭിക്കാതിരിക്കുന്നവർക്ക് ആ കുറവ് പരിഹരിക്കാൻ പറ്റിയ നേരം. പൂർണമനസ്സമാധാനത്തോടെ ഏകാഗ്രചിത്തമായ ഒരു പ്രാർഥന.

ഇസ്ലാമിന്റെ അടിസ്ഥാനത്തെ ബലപ്പെടുത്തുന്ന മഹത്തായ കർമമാണ് അഞ്ചുനേരത്തെ നമസ്കാരം. നേരത്തേ പറഞ്ഞ, വിശാലാർഥത്തിലുള്ള വലിയ ആ ഇബാദത്ത് നിർവഹിക്കാൻ അത് നമ്മെ സജ്ജമാക്കിക്കൊണ്ടിരിക്കുന്നു. നമ്മുടെ ആത്മശുദ്ധി, ആത്മീയ വളർച്ച, സ്വഭാവ കർമങ്ങളുടെ സംസ്കരണം എന്നിവക്ക് നിദാനമായ വിശ്വാസ ചൈതന്യത്തെ അത് സജീവമായി നിർത്തുന്നു. എങ്ങനെയെന്നോ? തിരുമേനി(സ) കാണിച്ചുതന്ന രീതിയിൽ മാത്രമേ നാം 'വുദൂ' ചെയ്യുന്നുള്ളൂ. തിരുമേനി(സ) പഠിപ്പിച്ചതേ നമസ്കാരത്തിൽ നാം ചൊല്ലുകയുള്ളൂ. തിരുമേനിയെ അനുസരിക്കൽ നിർബന്ധമാണ് എന്ന ബോധംകൊണ്ടാണിത്. മനഃപൂർവം തെറ്റിച്ച് നാം ഖുർആൻ പാരായണം ചെയ്യുകയില്ല. കാരണം, അത് ദൈവവാക്യമാണ് എന്ന് നമുക്കുറപ്പുണ്ട്. നമസ്കാരത്തിൽ പതുക്കെ ചൊല്ലേണ്ടവ നാം ചൊല്ലാതിരിക്കുന്നില്ല; തൽസ്ഥാനത്ത് മറ്റു വല്ലതും ചൊല്ലുകയില്ല. ആരെ ഭയന്നാണിത്? പതുക്കെ ചൊല്ലുന്നത് അന്യർ കേൾക്കില്ലെന്നുറപ്പാണ്. എന്നിട്ടും ഒന്നും വിട്ടുപോകാതെ നാം ചൊല്ലുന്നത് ദൈവമത് കേൾക്കുന്നുണ്ട് എന്ന വിശ്വാസം കൊണ്ടാണ്; എത്ര നിഗൂഢമായ ചനലങ്ങളും ദൈവത്തിനജ്ഞാതമല്ലെന്നുള്ള ഉറച്ച ബോധംകൊണ്ടാണ്. ആരും കാണാനില്ലാത്ത സ്ഥലത്തുപോലും നാം നമസ്കാരത്തിനായെഴുന്നേൽക്കുന്നു. ദൈവം സദാ നമ്മെ കാണുന്നുണ്ടെന്ന ബോധമല്ലാതെന്താണിതിന് പ്രേരകം? അത്യാവശ്യ ജോലികൾ പോലും നിർത്തിവെച്ച് നമസ്കാരം കൃത്യസമയത്ത് തന്നെ നിർവഹിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്, നമസ്കാരം ദൈവമാണ് നിർബന്ധമാക്കിയത് എന്ന ചിന്തയാണല്ലോ. ശൈത്യകാലപ്പുലരിയിലും ഗ്രീഷ്മകാല മധ്യാഹ്നങ്ങളിലും സായാഹ്നങ്ങളിലെ വിനോദവിശ്രമ വേളകളിലും നമ്മെ നമസ്കാരത്തിന് പ്രേരിപ്പിക്കുന്നത് കർത്തവ്യബോധമല്ലാതെ മറ്റെന്താണ്? നമസ്കാരം നാം വിട്ടുകളയാത്തതും മനഃപൂർവം തെറ്റായി നമസ്കരിക്കാത്തതും ദൈവഭയവും ദൈവസന്നിധിയിൽ ഹാജരാകേണ്ടിവരുമെന്ന ദൃഢവിശ്വാസവുംകൊണ്ടാണ്. നമ്മെ പരിപൂർണ മുസ്ലിംകളാക്കിത്തീർക്കാൻ നമസ്കാരത്തെക്കാൾ ഉത്തമമായ മറ്റൊരു ട്രെനിംഗുമില്ലെന്ന് ഇപ്പോൾ വ്യക്തം. എന്തൊക്കെ കാര്യങ്ങളിലാണീ പരിശീലനം എന്നു നോക്കൂ: ദൈവസ്മരണ, ദൈവഭയം, ദൈവഭക്തി, ദൈവം സദാ കൂടെയുണ്ടെന്ന വിശ്വാസം, ദൈവം എല്ലാം കാണുന്നുവെന്ന ബോധം, ദൈവികകോടതിയിൽ ഹാജരാക്കപ്പെടുമെന്ന വിശ്വാസം തുടങ്ങിയവയെല്ലാം നാം ദിനംപ്രതി, പലവുരു പുതുക്കിക്കൊണ്ടിരിക്കുന്നു; നിത്യേന പലതവണ നബിതിരുമേനിയെ അനുകരിച്ചു പ്രവർത്തിക്കുന്നു; ദൈവത്തോടുള്ള കടമ നിർവഹിക്കാൻ നിശ്ചിതസമയങ്ങളിൽ മുറ തെറ്റാതെ ദൈവത്തിനു മുമ്പിൽ പ്രാർഥിക്കുന്നു. ഇതിനെക്കാൾ

ഉത്തമമായ മറ്റെന്ത് പരിശീലനമാണ് ഇനിയുള്ളത്? ഈ പരിശീലനം സിദ്ധിച്ച ജനം നമസ്കാരം കഴിഞ്ഞ് ലോകകാര്യങ്ങളിൽ മുഴുകുമ്പോൾ തീർച്ചയായും ദൈവത്തെ സ്മരിക്കും; അവന്റെ കോപം ഭയപ്പെടും; അവന്റെ ശാസനകൾ ശിരസാവഹിക്കുകയും ചെയ്യും. ദേഹേച്ഛകൾ, ദൈവവിരുദ്ധ കർമങ്ങൾക്ക് പ്രേരിപ്പിക്കുന്ന സന്ദർഭങ്ങളിൽ ദൈവം തങ്ങളെ വീക്ഷിക്കുന്നുണ്ടല്ലോ എന്ന ബോധം അവരെ പിന്തിരിപ്പിക്കും. എന്നാൽ, ഈ ഉത്കൃഷ്ടപരിശീലനത്തിന് ശേഷവും ഒരാൾ ദൈവത്തെ ഭയപ്പെടാതെ, ദൈവശാസനകൾക്കെതിർ പ്രവർത്തിക്കുന്നുവെങ്കിൽ കുറ്റം അവന്റേതാണ്- നമസ്കാരത്തിന്റേതല്ല.

നമസ്കാരം സംഘം ചേർന്ന് നിർവഹിക്കാനാണ് ഇസ്ലാം ആജ്ഞാപിച്ചിട്ടുള്ളത്. ആഴ്ചയിലൊരിക്കൽ വെള്ളിയാഴ്ചത്തെ 'ജുമുഅ' നമസ്കാരം സംഘം ചേർന്ന് നിർവഹിക്കൽ നിർബന്ധം തന്നെയാണുതാനും. ഇത് മുസ്ലിംകളിൽ ഐക്യവും സാഹോദര്യവും വളർത്തുന്നു. അവരെ സംഘടിപ്പിച്ച് ശക്തരാക്കുന്നു. അവരൊന്നായി നിന്ന് ഒരേ ദൈവത്തെ ആരാധിക്കുമ്പോൾ അവരുടെ മനസ്സുകളടുക്കുന്നു. തങ്ങൾ സഹോദരന്മാരാണെന്ന ബോധം അവരിൽ വളരുന്നു. മാത്രമല്ല, അത് മുസ്ലിംകളിൽ അച്ചടക്കവും ഒരേ നേതാവിനെ അനുസരിക്കാനുള്ള മനഃസ്ഥിതിയും വളർത്തുന്നു. വ്യവസ്ഥാപിത പ്രവർത്തനത്തിന് അവരെ പരിശീലിപ്പിക്കുന്നു. അന്യോന്യം അനുകമ്പയും ഗുണകാംക്ഷയും വർധിക്കുന്നു. എല്ലാവരും സമന്മാരാണെന്ന ചിന്ത വളരുന്നു. ധനവാനും ദരിദ്രനും മുതലാളിയും തൊഴിലാളിയും വലിയവനും ചെറിയവനും ഉയർന്നവനും താഴ്ന്നവനും ഒരേ ദൈവത്തിന്റെ മുമ്പിൽ തോളോട് തോൾ ചേർന്നു നിൽക്കുകയാണ്, സംഘടിത നമസ്കാരത്തിൽ. ഒരു തരത്തിലുള്ള ഉയർച്ച-താഴ്ചകളും അവിടെ കാണപ്പെടില്ല.

നമസ്കാരം മൂലം നമുക്ക്-ദൈവത്തിനല്ല-ലഭിക്കുന്ന നിരവധി സദ്ഫലങ്ങളിൽ ചിലതു മാത്രമാണിപ്പറഞ്ഞത്. നമ്മുടെ ക്ഷേമം മുൻനിർത്തിയാണ് ദൈവം നമസ്കാരം നിർബന്ധമാക്കിയത്. നാമതനുഷ്ഠിക്കാതിരിക്കുന്നത് ദൈവത്തിന് അനിഷ്ടമുണ്ടാക്കുന്നു. അത്, പക്ഷേ, ദൈവത്തിനതുകൊണ്ട് ദോഷം ഭവിച്ചിട്ടല്ല. മറിച്ച്, നമുക്ക് തന്നെ ദോഷകരമായതുകൊണ്ടാണ്. നമസ്കാരം വഴി നമുക്ക് എത്ര മഹത്തായ ശക്തിയാണ് ദൈവം നൽകുന്നത്! എന്നിട്ടും അത് സ്വീകരിക്കാൻ നാം വൈമനസ്യം കാണിക്കുകയാണെങ്കിൽ എത്ര കൊടിയ നിർഭാഗ്യമാണത്! ദൈവത്തിന്റെ ദിവ്യത്വവും ദൈവദൂതനോടുള്ള അനുസരണബാധ്യതയും പരലോകത്തിലെ വിചാരണയുമെല്ലാം നാം വാചാ സമ്മതിക്കുക. എന്നിട്ട്, ദൈവവും ദൈവദൂതനും നമ്മുടെ മേൽ ചുമത്തിയ ഏറ്റവും വലിയ കർമം നിർവഹിക്കാതെയിരിക്കുക. എന്തുമാത്രം ലജ്ജാവഹമാണത്! ഈ നിലപാടിന് രണ്ടിലൊരു വ്യാഖ്യാനമേയുള്ളൂ. ഒന്നുകിൽ നമസ്കാരം നിർബന്ധമാണ് എന്ന കാര്യം തന്നെ അയാൾ നിഷേധിക്കുകയാണ്. അല്ലെങ്കിൽ, നിർബന്ധമെന്ന് സമ്മതിച്ചുകൊണ്ടു തന്നെ അത് നിർവഹിക്കാതിരിക്കുകയാണ്. ഒന്നാമത്തെ നിലപാടിനർഥം വിശുദ്ധഖുർആനിലും ദൈവദൂതനിലും യഥാർഥത്തിലയാൾക്ക് വിശ്വാസമില്ല എന്നാണ്;

അവയിൽ വിശ്വാസമുണ്ട് എന്ന വാദം വ്യാജമാണെന്നും. രണ്ടാമത്തെ നിലപാട് സ്വീകരിക്കുന്നവരാകട്ടെ, ഒട്ടും വിശ്വാസയോഗ്യരല്ല- ലൗകിക കാര്യങ്ങളിൽ പോലും. ദൈവത്തോടുള്ള ബാധ്യത നിർവഹിക്കുന്നതിൽ വഞ്ചന ചെയ്യാൻ മടിക്കാത്തവർ ദൈവത്തിന്റെ സൃഷ്ടികളോട് ചതി ചെയ്യില്ലെന്ന് എന്തുറപ്പ്?

## വ്രതാനുഷ്ഠാനം

രണ്ടാമത്തെ നിർബന്ധ കർമം വ്രതമാണ്. നമസ്കാരം ദിനംപ്രതി അഞ്ചു നേരം ഓർമിപ്പിക്കുന്ന പാഠങ്ങൾ വ്രതം വർഷത്തിലൊരിക്കൽ ഒരു മാസക്കാലം ഓർമിപ്പിക്കുന്നു. റമദാനിൽ പ്രഭാതം മുതൽ പ്രദോഷം വരെ ആഹാരപാനീയങ്ങൾ തടസ്സപ്പെടുന്നു. അത്താഴം കഴിച്ചുകൊണ്ടിരിക്കെ, സ്വുബ്ഹ് നമസ്കാരത്തിനുള്ള ബാങ്ക്വിളി കേൾക്കുന്നതോടെ നാം അന്നപാനങ്ങളുപേക്ഷിക്കുന്നു. അതിൽപ്പിന്നെ, അതിരുചികരമായ ആഹാരം ലഭിച്ചാലും, കൊടും വിശപ്പും ദാഹവും അനുഭവപ്പെട്ടാലും സന്ധ്യവരെ നാം തിന്നുകയോ കുടിക്കുകയോ ചെയ്യുന്നില്ല. ഏകാന്തതയിൽ പോലും ഒരു ജലകണമോ ഒരു ധാന്യമണിയോ കീഴോട്ടിറക്കുക നമുക്ക് സാധ്യമല്ല. എന്നാൽ, സന്ധ്യാപ്രാർഥനയുടെ ബാങ്ക് വിളി മുഴങ്ങുന്നതോടെ നാം നോമ്പ് മുറിക്കാൻ ധൃതികൂട്ടുന്നു. പിന്നെ, പുലരുവോളം എന്തും എവിടെവെച്ചും യഥേഷ്ടം കഴിക്കുന്നു. ഈ ചിട്ടകളെല്ലാം പാലിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നതെന്താണ്? ദൈവ ഭയവും ഭക്തിയും. ദൈവം എല്ലാം കാണുന്നുണ്ടെന്ന ദൃഢവിശ്വാസം. പരലോകജീവിതത്തെയും ദൈവസന്നിധിയിലെ വിചാരണയെയും കുറിച്ച പേടി; വിശുദ്ധ ഖുർആനെയും നബിതിരുമേനിയെയും കണിശമായി അനുസരിക്കേണ്ടതാണെന്ന ബോധം-ഇവയെല്ലാമാണ് ആ പ്രേരക ശക്തി. അതിന്റെ ഫലങ്ങളോ? നോമ്പ് നമ്മിൽ കർത്തവ്യബോധവും ക്ഷമാശീലവും വളർത്തുന്നു. ആപത്തുകളെ നേരിടാനുള്ള കഴിവുണ്ടാക്കുന്നു; ദൈവഹിതത്തിനു മുമ്പിൽ ദേഹേച്ഛകളെ നിയന്ത്രിക്കാനുള്ള പരിശീലനം നൽകുന്നു. ഒരു മാസക്കാലം നമുക്ക് ഈ പരിശീലനം ലഭിച്ചുകൊണ്ടിരിക്കുന്നു. അക്കാലത്ത്, മുൻചൊന്ന സദ്ഗുണങ്ങൾ നമ്മിൽ സംജാതമായിക്കൊണ്ടിരിക്കുന്നു. ഇതിന് വേണ്ടിയാണ് വർഷംതോറും റമദാൻ മാസം വന്നുകൊണ്ടിരിക്കുന്നത്. അതുവഴി പരിപൂർണവും പരിപക്വവുമായ മുസ്ലിംകളായിത്തീരാൻ നമുക്ക് സാധിക്കുന്നു. ജീവിതത്തിൽ അനുനിമിഷം നിർവഹിക്കേണ്ട ആ വലിയ ഇബാദത്ത് ചെയ്തുതീർക്കാൻ നാം പ്രാപ്തി നേടുകയും ചെയ്യുന്നു.

മറ്റൊരു വശം: നോമ്പനുഷ്ഠിക്കേണ്ടത് ഒരു നിശ്ചിത മാസത്തിലാണ്- റമദാനിൽ. ലോകത്തിലെ എല്ലാ മുസ്ലിംകളും നോമ്പനുഷ്ഠിക്കുന്നത് ഒരേ മാസത്തിൽ ആയിരിക്കാൻ വേണ്ടിയാണിത്. അതിൽ മറ്റു ചില ഗുണഫലങ്ങളും അന്തർഭവിച്ചിട്ടുണ്ട്. മുസ്ലിംകൾ നിവസിക്കുന്ന എല്ലാ പ്രദേശങ്ങളിലും ഒരു മാസക്കാലം മുഴുവൻ പരിശുദ്ധമായ അന്തരീക്ഷമായിരിക്കും- ദൈവസ്മരണയും ദൈവഭക്തിയും മുറ്റിനിൽക്കുന്ന അന്തരീക്ഷം.

എല്ലാവരിലും സദ്വിചാരവും വിനയവും മാത്രം. കർത്തവ്യബോധത്താൽ ഉണർന്ന മനസ്സുകൾ. ഈ അന്തരീക്ഷത്തിൽ ദുഷ്കർമങ്ങൾ സ്വയം അപ്രത്യക്ഷമാവുന്നു. സൽക്കർമങ്ങൾ മേൽക്കുമേൽ വളർന്നുവരികയും ചെയ്യുന്നു. സജ്ജനങ്ങൾ സൽക്കർമങ്ങളിൽ പരസ്പരം സഹായിക്കുന്നു. ദുർജനങ്ങൾക്ക് അവരുടെ ദുഷ്ചെയ്തികളിൽ സങ്കോചം തോന്നിത്തുടങ്ങുന്നു. സമ്പന്നരിൽ അഗതിസംരക്ഷണത്തിന്റെ വികാരം വളരുന്നു. ധനം ദൈവമാർഗത്തിൽ മുമ്പില്ലാത്തവിധം ചെലവഴിക്കപ്പെടുന്നു. സകല മുസ്‌ലിംകളും ഒരേ സ്ഥിതിയിലായിത്തീരുന്നു. തന്മൂലം അവരിൽ തങ്ങളെല്ലാം ഒരേ പാർട്ടിയാണെന്ന ബോധം സംജാതമാകുന്നു. ചുരുക്കത്തിൽ മുസ്‌ലിംകളിൽ സ്നേഹവും സാഹോദര്യവും പരസ്പരാനുകമ്പയും ഐക്യവും വളർത്താൻ നോമ്പ് അങ്ങേയറ്റം പ്രയോജനപ്പെടുന്നു.

വ്രതമനുഷ്ഠിക്കുന്നതു മൂലം നമുക്ക് ലഭിക്കുന്ന ഗുണങ്ങളാണിവ. നാം വിശപ്പ് സഹിക്കുന്നതുകൊണ്ട് ദൈവത്തിന് ഒന്നും കിട്ടാനില്ല. വ്രതം നിർബന്ധമാക്കിയത് നമ്മുടെ മാത്രം നന്മ ലാക്കാക്കിയാണ്. ന്യായമായ കാരണങ്ങളൊന്നുമില്ലാതെ ഈ കർമം നിർവഹിക്കാതിരിക്കുന്നവർ വാസ്തവത്തിൽ സ്വയം ദ്രോഹമേൽപിക്കുകയാണ്. എന്നാൽ, പരിശുദ്ധ റമദാനിൽ, പരസ്യമായി, നിസ്സങ്കോചം തിന്നും കുടിച്ചും നടക്കുന്നവരുടെ സ്ഥിതിയാണ് ഏറ്റവും ലജ്ജാവഹം. തങ്ങൾ മുസ്‌ലിം സമൂഹത്തിൽപ്പെട്ടവരല്ലെന്നും ഇസ്ലാമിക വിധികൾ തങ്ങൾക്ക് ഒട്ടും വിലയില്ലെന്നും തുറന്നുപ്രഖ്യാപിക്കുകയാണവർ. അതുവഴി ദൈവമെന്ന് അംഗീകരിച്ച ശക്തിയെ പരസ്യമായി ധിക്കരിക്കാൻ തങ്ങൾക്കൊട്ടും മടിയില്ലെന്നും അവർ തെളിയിക്കുന്നു. മുസ്‌ലിം സംഘത്തിൽ നിന്ന് വിട്ടുനിൽക്കുന്നത് എളുപ്പമായി കാണുന്ന വിഭാഗമാണവർ. തങ്ങളെ സൃഷ്ടിച്ച് സംരക്ഷിച്ചുപോരുന്ന ദൈവത്തോട് ധിക്കാരം പ്രവർത്തിക്കാൻ ഒരു സങ്കോചവുമില്ലവർക്ക്. ദൈവിക ശാസനകൾ പരസ്യമായി ലംഘിക്കുന്നതിലുമില്ല മനോവിഷമം. ഈ മട്ടിൽ തങ്ങളുടെ ഏറ്റവും വലിയ നേതാവ് നിർദേശിച്ച നിയമങ്ങൾ പോലും തള്ളിക്കളയാൻ കഴിയുന്ന ഒരു ജനതയിൽനിന്ന് വല്ല വിശ്വസ്തതയോ കൃതജ്ഞതയോ വാഗ്ദത്ത നിർവഹണമോ കർത്തവ്യ ബോധമോ പ്രതീക്ഷിക്കുക സാധ്യമാണോ?

## സകാത്ത്

മൂന്നാമത്തെ നിർബന്ധകർമം സകാത്താണ്. ഒരാളുടെ പക്കൽ ചുരുങ്ങിയത് $52^1/_2$ ഉറുപ്പികത്തൂക്കം വെള്ളി ഉണ്ടായിരിക്കുകയും അത് ഒരു വർഷം അതേ സ്ഥിതിയിൽ അയാളുടെ വശം ശേഷിക്കുകയുമാണെങ്കിൽ അതിൽ നിന്ന് 40ൽ ഒരംശം($2^1/_2$%) സകാത്തായി നൽകണം.[1] ദരിദ്രർ, അഗതികൾ, മനസ്സിണക്കേണ്ട അമുസ്‌ലിംകൾ, യാത്രക്കാർ, കടബാധ്യതയിൽപ്പെട്ടവർ മുതലായവർക്കാണ് അത് നൽകേണ്ടത്.[2] ഇവ്വിധം സമ്പന്നരുടെ ധനത്തിൽ ചുരുങ്ങിയത് രണ്ടര ശതമാനം ദരിദ്രരുടെ അവകാശമാണെന്ന് ദൈവം നിശ്ചയിച്ചിരിക്കുന്നു.[3] അതിൽ കൂടുതലായി വല്ലതും ദാനം ചെയ്യാം. അത്

ഉത്തമമായ പുണ്യകർമമാണ്. അതിന് കൂടുതലായി പ്രതിഫലം ലഭിക്കുകയും ചെയ്യും.

സമ്പത്തിന്റെ സകാത്തായി നൽകുന്ന ധനം ലഭിക്കുന്നത് ദൈവത്തിനല്ല. നമ്മുടെ യാതൊന്നും അവന്നാവശ്യമില്ല. എന്നിട്ടും അവൻ പറയുന്നു: "എന്നെ മാത്രം ഉദ്ദേശിച്ച് സന്മനസ്സോടെ ദരിദ്രസഹോദരങ്ങൾക്ക് നൽകുന്ന ധനം ഫലത്തിൽ നിങ്ങളെനിക്ക് നല്കിയതു പോലെയാണ്. അതിന്, കൊടുത്തതിന്റെ എത്രയോ മടങ്ങ് പ്രതിഫലം നിങ്ങൾക്ക് ഞാൻ നൽകും. പക്ഷേ, ചില നിബന്ധനകളുണ്ട്: കൊടുത്തത് എടുത്തുപറഞ്ഞ് ആ സാധുവിനെ നിങ്ങളുപദ്രവിക്കരുത്. അവനെ നിന്ദ്യനും ഹീനനുമായി കാണരുത്. അവനിൽനിന്ന് വാചായുള്ള നന്ദിപോലും പ്രതീക്ഷിക്കരുത്. നിങ്ങളുടെ ദാനധർമങ്ങൾ ജനങ്ങൾക്കിടയിൽ കൊട്ടിഘോഷിക്കരുത്. നിങ്ങൾ വലിയ ധർമിഷ്ഠനാണെന്ന് ജനങ്ങളെക്കൊണ്ട് സ്തുതിപാടിക്കാൻ ശ്രമിക്കയുമരുത്. ഇത്തരം ഹീന ചിന്തകളിൽനിന്ന് മനസ്സ് മുക്തമായിരിക്കയും എന്റെ തൃപ്തി മാത്രം ലക്ഷ്യംവെച്ച് ദരിദ്രർക്ക് നൽകുകയും ചെയ്താൽ എന്റെ അക്ഷയ ധനത്തിൽനിന്ന് ശാശ്വതമായ ഓഹരി നിങ്ങൾക്ക് ഞാൻ നൽകുന്നതാണ്."

നമസ്കാരവും വ്രതാനുഷ്ഠാനവും പോലെ സകാത്തും ദൈവം നമ്മുടെ മേൽ നിർബന്ധമാക്കിയിരിക്കുന്നു. ഇസ്ലാമിന്റെ അതിപ്രധാനമായ ഒരു തൂണാണിത്. ദൈവത്തെ മാത്രം ഉദ്ദേശിച്ച് ത്യാഗങ്ങൾ വരിക്കുകയെന്ന സദ്ഗുണം ഇത് വിശ്വാസികളിലുളവാക്കുന്നു. സ്വാർഥം, കുടിലമനസ്കത, ധനപൂജ തുടങ്ങിയ ദുർഗുണങ്ങളെ ദൂരീകരിക്കുന്നു. ധന പൂജകനും പണത്തിനു വേണ്ടി ജീവൻ കളയുന്ന ദുർമോഹിയും ലുബ്ധനുമായ മനുഷ്യൻ ഇസ്ലാമിന് തീരെ പ്രയോജനമില്ലാത്തവനാണ്. അധ്വാനിച്ചുണ്ടാക്കിയ പണം പ്രതിഫലേച്ഛയില്ലാതെ ദൈവിക ശാസനയനുസരിച്ച് മാത്രം ബലികഴിക്കാൻ സന്നദ്ധതയുള്ളവർക്കേ ഇസ്ലാമിന്റെ സൽപഥത്തിലൂടെ ചരിക്കാനാവൂ. ഈ ത്യാഗസന്നദ്ധതക്കുള്ള പരിശീലനമാണ് സകാത്ത് വഴി മുസ്ലിംകൾക്ക് ലഭിക്കുന്നത്. ദൈവിക മാർഗത്തിൽ ധനവ്യയം ആവശ്യമായി വരുമ്പോൾ ധനത്തെ വാരിപ്പുണർന്ന് കൂനിക്കൂടിയിരിക്കുന്നതിനു പകരം തുറന്ന മനസ്സോടെ സകലതും ചെലവഴിക്കാൻ സകാത്ത് അവരെ സജ്ജരാക്കുന്നു.

സകാത്തുകൊണ്ട് ഐഹികജീവിതത്തിലും ചില സദ്ഫലങ്ങൾ ലഭിക്കാനുണ്ട്. മുസ്ലിംകൾ അന്യോന്യം സഹായിക്കുക; അവരിൽ നഗ്നരും വിശക്കുന്നവരും യാചിക്കുന്നവരും ഇല്ലാതിരിക്കുക; സമ്പന്നർ ദരിദ്രസഹോദരങ്ങളുടെ സംരക്ഷണം ഏറ്റെടുക്കുക; സമ്പത്ത് സ്വന്തം സുഖാഡംബരങ്ങൾക്കും പേരിനും പെരുമക്കും വേണ്ടി വ്യയം ചെയ്യാതിരിക്കുക; തന്റെ സമ്പത്തിൽ എത്രയോ പേർക്ക് അവകാശമുണ്ടെന്ന് മനസ്സിലാക്കുക- ഇതെല്ലാം സകാത്തിന്റെ ലൗകിക ഗുണങ്ങളിൽ ചിലതാണ്. ഒരു മുസ്ലിം സമ്പന്നന്റെ സ്വത്തിൽ സ്വസമുദായത്തിലെ അനാഥകളുടെയും വിധവകളുടെയും അഗതികളുടെയും അവകാശങ്ങൾ കിടപ്പുണ്ട്. മൂലധനമില്ലാത്തതുകൊണ്ട് ഒരു തൊഴിലിലേർപ്പെടാൻ കഴിയാത്തവർക്കും മുസ്ലിം ധനാഢ്യന്റെ

സമ്പത്തിലവകാശമുണ്ട്. ദരിദ്രനായിപ്പോയതുമൂലം വിദ്യയഭ്യസിക്കാൻ കഴിയാതെ പോകുന്ന കുട്ടികൾക്കും അയാളുടെ സ്വത്തിലവകാശമുണ്ട്. അംഗഭംഗമോ വാർധക്യമോ രോഗമോ മൂലം തൊഴിലെടുത്ത് ജീവിക്കാൻ കഴിയാത്തവർക്കും മുസ്ലിമിന്റെ സമ്പത്തിലവകാശമുണ്ട്. ഈ അവകാശങ്ങൾ നിഷേധിക്കുന്നവൻ കടുത്ത അക്രമിയാണ്. ഒരു വിഭാഗമാളുകൾ സമ്പത്ത് കുന്നുകൂട്ടിവെക്കുക; അംബരചുംബികളായ മണിമേടകളിൽ മദിച്ച് ജീവിക്കുക; അതേസമയം സ്വന്തം സമുദായത്തിൽ ആയിരക്കണക്കിനാളുകൾ വിശപ്പടക്കാൻ ഗതിയില്ലാതെ നരകിക്കുകയും ലക്ഷക്കണക്കായ കുട്ടികൾ വിദ്യ കിട്ടാതെ തെണ്ടിത്തിരിയുകയും നിരവധി പേർ തൊഴിലില്ലാതെ അലയുകയുമാണെങ്കിൽ അതിൽപ്പരം ക്രൂരത മറ്റെന്താണ്? ഇത്തരം സ്വാർഥങ്ങളുടെ കഠിന ശത്രുവാണിസ്ലാം. കൈയിൽവന്ന സമ്പത്തെല്ലാം വാരിക്കൂട്ടിവെച്ച്, പലിശക്ക് കൊടുത്ത് ജനങ്ങളുടെ സമ്പാദ്യം കൂടി തന്റേതാക്കുക- ഇത് ദൈവനിഷേധികളുടെ സംസ്കാരമാണ്. എന്നാൽ, ഇസ്ലാം മുസ്ലിംകളെ പഠിപ്പിക്കുന്നത് ധനം ഭണ്ഡാരമാക്കി കെട്ടിപ്പൂട്ടിവെക്കാതെ ആവശ്യത്തിൽ കൂടുതലുള്ളത് സ്വന്തം സഹോദരങ്ങൾക്ക് നൽകണമെന്നാണ്- അവർക്ക് സ്വന്തം ആവശ്യങ്ങൾ നിർവഹിക്കാനും ഒരു തൊഴിൽ കണ്ടെത്താനും വല്ലതും സമ്പാദിക്കാനും അത് ആവശ്യമായി വരികയാണെങ്കിൽ.

## ഹജ്ജ്

നാലാമത്തെ നിർബന്ധകാര്യം ഹജ്ജാണ്. ഇത് ആയുഷ്കാലത്തൊരിക്കൽ നിർവഹിക്കലേ നിർബന്ധമുള്ളൂ. അതും പരിശുദ്ധ മക്ക വരെ എത്താൻ കഴിവുള്ളവർക്കു മാത്രം.

വിശുദ്ധ മക്കാ പട്ടണം എന്നറിയപ്പെടുന്ന പുണ്യഭൂമിയിൽ ആയിരക്കണക്കായ സംവത്സരങ്ങൾക്കു മുമ്പ് ഇബ്റാഹീംനബി(അ) ദൈവാരാധനക്കായി ഒരു ചെറുഭവനം നിർമിച്ചു. ഇബ്റാഹീം നബി(അ)യുടെ ആത്മാർഥതയുടെയും ദൈവത്തോടുള്ള സീമാതീതമായ സ്നേഹാനുരാഗത്തിന്റെയും ഫലമായി ദൈവം ആ ഭവനം തന്റേതായി നിശ്ചയിച്ചു. തന്നെ ആരാധിക്കുന്നവർ ആ പുണ്യഭവനത്തിന് നേരെ തിരിഞ്ഞുനിന്ന് ആരാധന നിർവഹിക്കണമെന്നും കഴിവുള്ള ഏതൊരു മുസ്ലിമും -ഭൂമിയുടെ ഏതു ഭാഗത്ത് താമസിക്കുന്നവനായാലും- ആയുഷ്കാലത്തിലൊരിക്കൽ ആ പുണ്യഭവനം സന്ദർശിക്കണമെന്നും ആജ്ഞാപിച്ചു. അവർ, തന്റെ പ്രിയപ്പെട്ട ദാസൻ ഇബ്റാഹീമിനുണ്ടായിരുന്നതുപോലുള്ള ദൈവാനുരാഗത്തോടും ഭയഭക്തിയോടും ആത്മാർഥതയോടും കൂടി ആ പുണ്യഭവനം പ്രദക്ഷിണം ചെയ്യണം. മാത്രമല്ല, അവിടേക്ക് വരുമ്പോൾ ഹൃദയം, സർവവിധ മാലിന്യങ്ങളിൽനിന്നും പരിശുദ്ധമായിരിക്കണം. ദേഹേച്ഛകളെ നിയന്ത്രിച്ചുനിർത്തണം. ദുഷ്കൃത്യങ്ങളും രക്തച്ചൊരിച്ചിലും അസഭ്യവാക്കുകളും തീരേ വർജിക്കണം. സാക്ഷാൽ ദൈവം തമ്പുരാന്റെ തിരുസന്നിധിയിൽ ഹാജരാകുമ്പോൾ ഉണ്ടായിരിക്കേണ്ട സകലവിധ മര്യാദകളോടും ഭക്ത്യാദരങ്ങളോടും കൂടിവേണം

അവിടെ ഹാജരാവാൻ. പ്രപഞ്ചത്തിന്റെ അധിപനും സൃഷ്ടിജാലങ്ങളുടെ ആശ്രയകേന്ദ്രവുമായ മഹാരാജാവിന്റെ തിരുസന്നിധിയിലേക്കാണ് പോകുന്നതെന്ന ബോധം അവരിലുണ്ടായിരിക്കണം. ഈ മാനസികാവസ്ഥയോടെ, ശുദ്ധഹൃദയത്തോടെ പുണ്യഭൂമിയിൽ വന്ന് ദൈവത്തെ ആരാധിക്കുന്ന പക്ഷം അവന്റെ അനുഗ്രഹ കടാക്ഷങ്ങൾ അവരുടെ മേൽ വർഷിക്കുന്നതാണ്.

ഒരു നിലക്ക് വീക്ഷിക്കുമ്പോൾ ഏറ്റവും വലിയ ഇബാദത്താണ് ഹജ്ജ്. ദൈവത്തോട് നിസ്സീമമായ സ്നേഹവും ഭക്ത്യാദരവുമില്ലാതെ, ജോലികളെല്ലാം നിർത്തിവെച്ച് ബന്ധുമിത്രാദികളെയെല്ലാം വേർപിരിഞ്ഞ് ദീർഘിച്ച ഒരു യാത്രയുടെ ക്ലേശങ്ങൾ സഹിക്കാൻ മനുഷ്യൻ മുതിരുമോ? ആ നിലക്ക് ഹജ്ജിനുള്ള ഉദ്ദേശ്യം തന്നെ ദൈവസ്നേഹത്തിനും നിഷ്കളങ്കതക്കുമുള്ള ദൃഷ്ടാന്തമത്രേ. മറ്റു യാത്രകളിൽനിന്ന് തികച്ചും ഭിന്നമാണ് ഹജ്ജ്യാത്ര. ഈ യാത്രയിൽ അവന്റെ ഹൃദയം ഏറെയും ദൈവസവിധത്തിലായിരിക്കും. അകം നിറയെ ദൈവസ്നേഹവും ഭക്തിയുമായിരിക്കും. പരിശുദ്ധ കഅ്ബയോടടുക്കും തോറും ദൈവത്തോടുള്ള സ്നേഹാനുരാഗം മനസ്സിൽ ജ്വലിച്ചു തുടങ്ങും. പാപങ്ങളെയും ദൈവവിരുദ്ധ ചെയ്തികളെയും അവൻ വെറുത്തു തുടങ്ങും. ചെയ്തുപോയ പാപങ്ങളിൽ ലജ്ജയും പശ്ചാത്താപവും തോന്നും. ഭാവിയിൽ അനുസരണമുള്ള ദാസനായി ജീവിക്കാൻ അനുഗ്രഹിക്കേണമേയെന്ന് ദൈവത്തോടവൻ ഉള്ളഴിഞ്ഞു പ്രാർഥിക്കും. ദൈവസ്മരണയിലും ദൈവാരാധനയിലും അവന് എന്തെന്നില്ലാത്ത ആനന്ദം തോന്നിത്തുടങ്ങും. ദീർഘമായ സാഷ്ടാംഗ നമസ്കാരങ്ങളിൽനിന്ന് ശിരസ്സുയർത്താനാവാത്ത ഒരവസ്ഥയുളവാകും. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമ്പോൾ അഭൂതപൂർവമായ ഒരനുഭൂതിയുണ്ടാകും. വ്രതമെടുക്കുന്ന പക്ഷം അതിന്റെ അനുഭവം അവാച്യമായിരിക്കും. പുണ്യഭൂമിയായ ഹിജാസിൽ കാലുകുത്തുമ്പോഴേക്കും ഇസ്ലാമിന്റെ ആദ്യകാല ചരിത്രങ്ങളെല്ലാം ചലച്ചിത്രത്തിലെന്നോണം കൺമുമ്പിലൂടെ ഓടിത്തുടങ്ങുന്നു. ദൈവത്തെ അതിരറ്റ് സ്നേഹിക്കുകയും ദൈവത്തിന്റെ മാർഗത്തിൽ ജീവനർപ്പിക്കുകയും ചെയ്തവരുടെ സ്മാരകങ്ങൾ ഓരോ കാലടിയിലുമവൻ കാണുന്നു. ഓരോ മണൽത്തരിയും ഇസ്ലാമിന്റെ മാഹാത്മ്യത്തിന് സാക്ഷ്യം വഹിക്കുന്നു. ഇസ്ലാം ജന്മം കൊണ്ട ആ പുണ്യഭൂമി, ദൈവവാക്യം വെന്നിക്കൊടി നാട്ടിയ ആ പുണ്യഭൂമി ഇതാണെന്ന് ഓരോ മണൽത്തരിയും വിളിച്ചു പറയുന്നു. ഇങ്ങനെ പുണ്യഭൂമിയിലെത്തുന്ന വിശ്വാസിയുടെ ഹൃദയം അതിരറ്റ ദൈവസ്നേഹത്താൽ നിറഞ്ഞൊഴുകുന്നു. ഇസ്ലാമിനോടുള്ള അദമ്യമായ പ്രേമത്താൽ പുളകമണിയുന്നു. മരണം വരെ മാഞ്ഞുപോകാത്ത മനോഹര ചിത്രങ്ങൾ മനസ്സിൽ പതിച്ചുകൊണ്ടായിരിക്കും അവൻ ഹജ്ജ് കഴിഞ്ഞ് മടങ്ങുന്നത്.

ഇനി, ഹജ്ജിന്റെ ഭൗതിക നേട്ടങ്ങളെന്ത് എന്നു നോക്കാം. ഹജ്ജ് കാരണമായി പരിശുദ്ധ മക്ക ലോക മുസ്ലിംകളുടെ കേന്ദ്രമായി മാറി. ദൈവനാമമുരുവിടുന്ന പരസഹസ്രം ജനങ്ങൾ പ്രതിവർഷം ലോകത്തിന്റെ നാനാ

ഭാഗത്തുനിന്നും അവിടെ സമ്മേളിക്കുകയും അന്യോന്യം പരിചയപ്പെടുകയും ചെയ്യുന്നു. അവർക്കിടയിൽ ഇസ്‌ലാമിക സാഹോദര്യബോധം വളരാൻ അത് സഹായിക്കുന്നു. ഏത് നാട്ടുകാരോ ഏത് വംശക്കാരോ ആകട്ടെ, വിശ്വാസികൾ പരസ്പരം സഹോദരങ്ങളും ഒരേ സമുദായത്തിലെ അംഗങ്ങളുമാണെന്ന ബോധം അവരിൽ വേരൂന്നുന്നു. ഇത് കാരണം, ദൈവത്തിനുള്ള ഒരു ആരാധനയായതോടൊപ്പം തന്നെ, ഹജ്ജ്, ഒരഖിലലോക മുസ്‌ലിം വാർഷിക മഹാ സമ്മേളനവുമാണ്. സാർവലൗകികാടിസ്ഥാനത്തിൽ മുസ്‌ലിംകളിൽ ഐക്യബോധം വളർത്താനുതകുന്ന ഏറ്റവും ഫലപ്രദമായ ഒരു വേദിയും.

## ഇസ്‌ലാമികസേവനം

ദൈവം വിശ്വാസികളുടെ മേൽ ചുമത്തിയ ബാധ്യതകളിലൊടുവിലത്തേത് ഇസ്‌ലാമിക സേവനമാകുന്നു; ഇസ്‌ലാമിന്റെ സ്തംഭങ്ങളിലൊന്നായി അതിനെ പരിഗണിച്ചിട്ടില്ലെങ്കിലും ഇസ്‌ലാമികമായ ബാധ്യതകളിൽ അതി പ്രാധാന്യമർഹിക്കുന്ന ഒന്നാണത്. വിശുദ്ധ ഖുർആനിലും നബിവചനങ്ങളിലും ഇതേപ്പറ്റി കർശനമായ ശാസനകളുണ്ട്.

ഇസ്‌ലാമിക സേവനം എന്നതുകൊണ്ട് എന്താണ് നാം അർഥമാക്കുന്നത്? ഇസ്‌ലാമികാദർശത്തെ സംരക്ഷിക്കാനുള്ള ശ്രമങ്ങളാണ് അതുകൊണ്ടുദ്ദേശ്യം. അതെന്തിന് നിർബന്ധമാക്കി? ഒരുദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം: സുഹൃത്തായി ഭാവിക്കുന്ന ഒരു കൂട്ടുകാരനുണ്ട് നിങ്ങൾക്ക്. അവന് നിങ്ങളോട് തീരെ അനുഭാവമില്ലെന്നാണനുഭവം. നിങ്ങളുടെ ലാഭനഷ്ടങ്ങളും ഗുണദോഷങ്ങളും അവന് പ്രശ്നമേയല്ല. സ്വന്തം ലാഭം ഉദ്ദേശിച്ച് നിങ്ങൾക്ക് നഷ്ടമുണ്ടാക്കുന്ന പ്രവൃത്തികൾ ചെയ്യാൻ ഒരു മടിയുമില്ലയാൾക്ക്. അതുപോലെ നിങ്ങൾക്ക് ലാഭം കിട്ടുന്ന രംഗങ്ങളിൽ, അവന് നേട്ടമില്ലെന്ന കാരണത്താൽ, അവൻ സഹകരിക്കുന്നില്ല. ആപദ്ഘട്ടങ്ങളിൽ നിങ്ങളെയവൻ സഹായിക്കുന്നില്ല. അന്യർ നിങ്ങളെ ശകാരിക്കുമ്പോൾ അവനും അവരോടൊപ്പം ചേരുന്നു. അല്ലെങ്കിൽ മൗനം പാലിക്കുന്നു. ശത്രുക്കൾ നിങ്ങൾക്കെതിരെ നടത്തുന്ന പ്രവൃത്തികളിൽ അവനും പങ്കുചേരുന്നു. അല്ലെങ്കിൽ നിങ്ങളെ സഹായിക്കാതെ നിസ്സംഗത പുലർത്തുന്നു. ഇത്തരം ഒരു വ്യക്തിയെ നിങ്ങൾ സുഹൃത്തായി കണക്കാക്കുമോ? ഇല്ലെന്ന് തീർച്ച. കാരണം, സൗഹൃദം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും സത്യത്തിൽ അയാളുടെ മനസ്സിലതില്ല. യഥാർഥ സ്നേഹിതൻ നിങ്ങളെ നിഷ്കളങ്കമായി സ്നേഹിക്കും. നിങ്ങളോട് അനുകമ്പയും ഗുണകാംക്ഷയുമുണ്ടാകും. ആപദ്ഘട്ടങ്ങളിൽ നിങ്ങൾക്ക് തുണയാവും. ശത്രുക്കൾക്കെതിരിൽ നിങ്ങളെ സഹായിക്കും. അന്യൻമാർ നിങ്ങളെ കുറ്റപ്പെടുത്തുന്നതു പോലും അയാൾക്ക് അസഹ്യമായിരിക്കും.

ഈ ഉദാഹരണം മുമ്പിൽവെച്ച്, മുസ്‌ലിംകൾ എന്ന നിലയിൽ നമുക്ക് വന്നുചേരുന്ന ബാധ്യത എന്തെന്ന് ആലോചിച്ചുനോക്കൂ. നാം മുസ്‌ലിംകൾ

ആണെങ്കിൽ ഇസ്‌ലാമിനോട് നമ്മുടെ സമീപനം എന്തായിരിക്കണം? ഇസ്‌ലാമിനോട് നമുക്ക് തികഞ്ഞ കൂറും സ്നേഹവും വേണം; വിശ്വാസത്തിന് വേണ്ടി സകലതും ബലിയർപ്പിക്കാനുള്ള സന്നദ്ധതയുണ്ടാവണം. മുസ്‌ലിംകളോടുള്ള ഗുണകാംക്ഷ നമ്മുടെ വികാരമായി മാറണം. നമ്മുടെ പ്രവൃത്തികളിലെല്ലാം ഇസ്‌ലാമിന്റെ താൽപര്യവും മുസ്‌ലിംകളുടെ നൻമയും വീക്ഷിക്കണം. സ്വന്തം ലാഭനഷ്ടങ്ങൾ മാനദണ്ഡമാക്കി ഇസ്‌ലാമിന്റെ ലക്ഷ്യങ്ങൾക്കും മുസ്‌ലിംകളുടെ നൻമക്കും എതിരായ പ്രവർത്തനങ്ങളിലേർപ്പെടരുത്. ഇസ്‌ലാമിന്റെയും ഇസ്‌ലാമിക സംഘടനകളുടെയും അന്തസ്സ് സ്വന്തം അന്തസ്സായി കണക്കാക്കണം. സ്വന്തം കാര്യത്തിൽ ഹീനത്വവും അപമാനവും സഹിക്കാത്തപോലെ ഇസ്‌ലാമിനും മുസ്‌ലിംകൾക്കും നേരിടുന്ന മാനഹാനിയും നമുക്കസഹ്യമായിരിക്കണം. നാം നമുക്കെതിരായി ശത്രുപക്ഷത്ത് ചേരാത്തതു പോലെ ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരായും എതിർപക്ഷത്ത് ചേരാതിരിക്കണം. സ്വന്തം ജീവന്റെയും ധനത്തിന്റെയും മാനത്തിന്റെയും രക്ഷക്ക് ത്യാഗസന്നദ്ധരാകുന്നതുപോലെ ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും കാര്യത്തിലും നാം ത്യാഗസന്നദ്ധരാകണം.

ഇതാണ് ഇസ്‌ലാമിനെ സംരക്ഷിക്കുക എന്നതിലടങ്ങിയ ആശയം. ഇതിന് ഇസ്‌ലാമിന്റെ സാങ്കേതിക ഭാഷയിൽ 'ജിഹാദ്' എന്ന് പറയുന്നു. സുപ്രധാനമായ ഒരു ലക്ഷ്യത്തിനായി മുഴുശക്തിയും പ്രയോഗിച്ചു യത്നിക്കുക എന്നാണ് ജിഹാദ് എന്ന പദത്തിനർഥം. ഈ അർഥത്തിൽ ദൈവവാക്യത്തിന്റെ ഉന്നതിക്കായി ദേഹം, ധനം, നാവ്, പേന, കൈകാലുകൾ എന്നിവയെല്ലാം ഉപയോഗപ്പെടുത്തി അധ്വാനിക്കുന്നവർ യഥാർഥത്തിൽ ദൈവമാർഗത്തിൽ 'ജിഹാദ്' ചെയ്യുന്നവരാണ്. ഇസ്‌ലാമിന്റെ ശത്രുക്കൾക്കെതിരെ, ഉദ്ദേശ്യശുദ്ധിയോടെ നടത്തുന്ന സായുധസമരത്തിനും ജിഹാദ് എന്ന പദം ഉപയോഗിക്കാറുണ്ട്. ഈ ജിഹാദ് മുഴുവൻ മുസ്‌ലിംകൾക്കും നിർബന്ധമാണെങ്കിലും ഒരു വിഭാഗം അത് നിർവഹിക്കുന്നപക്ഷം മറ്റുള്ളവർ ബാധ്യതാമുക്തരാകും.[4] ഒരിസ്‌ലാമിക രാഷ്ട്രത്തെ ശത്രുക്കൾ ആക്രമിക്കുന്ന പക്ഷം ഈ സമരം എല്ലാവർക്കും നിർബന്ധമായിത്തീരുന്നതാണ്– നമസ്കാരവും നോമ്പും പോലെ. ഇനി, ആ രാജ്യത്തിലെ പൗരൻമാർക്ക് സ്വയം ശത്രുവിനെ ചെറുക്കാനാവുന്നില്ലെങ്കിൽ, അവരെ ദേഹംകൊണ്ടും ധനംകൊണ്ടും സഹായിക്കേണ്ടത് അയൽനാടുകളിലെ മുസ്‌ലിംകൾക്കും ബാധ്യതയായിത്തീരും. അതുകൊണ്ടും ശത്രുക്കളെ പിന്തിരിപ്പിക്കാൻ കഴിയാതെ വന്നാൽ ആവുംവിധമെല്ലാം ആ രാഷ്ട്രത്തെ സംരക്ഷിക്കേണ്ടത് ലോകമുസ്‌ലിംകൾക്കെല്ലാം, നമസ്കാരവും വ്രതാനുഷ്ഠാനവുമെന്നപോലെ നിർബന്ധമാണ്. എന്നുമാത്രമല്ല, അത്തരം ഘട്ടങ്ങളിൽ ജിഹാദിന്റെ പ്രാധാന്യം നമസ്കാരം, നോമ്പ് എന്നിവയെക്കാളും കൂടുതലായിരിക്കും. കാരണം, വിശ്വാസം പരീക്ഷിക്കപ്പെടുന്ന ഘട്ടമാണത്. ആപദ്ഘട്ടത്തിൽ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും കൈയൊഴിക്കുന്നവന്റെ 'ഈമാൻ' തന്നെ സംശയാസ്പദമാണ്. എന്നിരിക്കെ, അവന്റെ നമസ്കാരംകൊണ്ട് എന്ത്

പ്രയോജനം? അവന്റെ നോമ്പിന് എന്തുവില? എന്നാൽ ഇത്തരം ഘട്ടങ്ങളിൽ ശത്രുപക്ഷം ചേരുന്ന വഞ്ചകർ മുനാഫിഖുകൾ (കപടൻമാർ) ആണെന്നതിൽ ഒട്ടും സംശയമില്ല. അവരുടെ മുസ്‌ലിം എന്ന വാദവും നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് തുടങ്ങിയ ആരാധനകളും തികച്ചും നിഷ്പ്രയോജനവുമാണ്.

## കുറിപ്പുകൾ

1. സകാത്ത് വെള്ളിക്ക് മാത്രമല്ല, സ്വർണം, രൂപ, കച്ചവടച്ചരക്കുകൾ, പോറ്റു മൃഗങ്ങൾ, കാർഷികോൽപന്നങ്ങൾ മുതലായവക്കുമുണ്ട്. എന്നാൽ, അവയിൽ എത്ര തുകക്ക് എത്ര സകാത്ത് നിർബന്ധമാണെന്നും മറ്റുമുള്ള സംഗതികൾ 'ഫിഖ്ഹ്' ഗ്രന്ഥങ്ങളിൽനിന്ന് പഠിക്കാം. ഇവിടെ സകാത്തിന്റെ ഗുണഫലങ്ങൾ വിവരിക്കുകയാണദ്ദേഹം. വെള്ളി വെറും ഉദാഹരണമായി പറഞ്ഞതാണ്. *-ഖുർശിദ് അഹ്മദ്*
2. സകാത്ത് ആർക്കെല്ലാമാണ് നൽകേണ്ടത് എന്ന് വിശുദ്ധഖുർആൻ 9-ാം അധ്യായം (അത്തൗബ) 60-ാം സൂക്തത്തിൽ കാണാം.
3. ഇവിടെ ഒരു കാര്യം പ്രത്യേകം ഗ്രഹിക്കേണ്ടതുണ്ട്: നബി(സ)തിരുമേനി സ്വന്തം കുടുംബാംഗങ്ങൾക്ക്- സയ്യിദ്മാർക്കും ഹാശിം താവഴിക്കാർക്കും- സകാത്ത് നിഷിദ്ധമാക്കിയിരിക്കുന്നു. സയ്യിദ്മാരും ഹാശിം താവഴിക്കാരും അവരുടെ ധനത്തിന് സകാത്ത് കൊടുക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ, മറ്റുള്ളവരിൽനിന്ന് സകാത്ത് സ്വീകരിക്കാൻ പാടില്ല. ദരിദ്രനായ ഒരു സയ്യിദിനെ ഒരാൾ സഹായിക്കാനുദ്ദേശിക്കുന്ന പക്ഷം 'ഹദ്‌യ' (സംഭാവന) കൊടുക്കാവുന്നതാണ്. സകാത്തും ദാനധർമങ്ങളും അവർക്ക് നൽകാൻ പാടില്ല.- ***ഖുർശിദ് അഹ്മദ്***
4. ഇത്തരം സാമൂഹിക ബാധ്യതകൾക്ക് കർമശാസ്ത്രത്തിന്റെ സാങ്കേതിക ഭാഷയിൽ 'ഫർദ് കിഫായ' എന്ന് പറയുന്നു. ഓരോ വ്യക്തിക്കും ബാധകമാകുന്നവയെ 'ഫർദ് ഐൻ' എന്നാണ് പറയുക.

## ആറ്

# ദീനും ശരീഅത്തും

നാമിതുവരെ പറഞ്ഞതെല്ലാം 'ദീനി'നെ സംബന്ധിച്ചാണ്. ഇനി, മുഹമ്മദ് നബിയുടെ 'ശരീഅത്തി'നെക്കുറിച്ചാണ് പറയുന്നത്. ആദ്യമായി 'ശരീഅത്ത്' എന്നാൽ എന്താണെന്നും ദീനും ശരീഅത്തും തമ്മിലുള്ള വ്യത്യാസം എന്താണെന്നും പരിശോധിക്കാം.

പ്രവാചകൻമാരെല്ലാം ഇസ്‌ലാം 'ദീനി'നെയാണ് പഠിപ്പിച്ചിരുന്നത് എന്ന് മുൻ അധ്യായങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ. അതിന്റെ രത്നച്ചുരുക്കം ഇതാണ്: ദൈവത്തിലും അവന്റെ ഗുണഗണങ്ങളിലും പരലോകത്തിലെ രക്ഷാശിക്ഷകളിലും വിശ്വസിക്കുക; ദൈവികഗ്രന്ഥങ്ങളെ പൂർണമായി സ്വീകരിക്കുകയും അവ നിർദേശിക്കുന്ന മാർഗം സത്യമാണെന്ന് സമ്മതിച്ച് അവയുടെ മാർഗദർശനം സ്വീകരിച്ച് ജീവിക്കുകയും ചെയ്യുക. ദൈവത്തിന്റെ പ്രവാചകനെ മാത്രം മാതൃകാപുരുഷനായി സ്വീകരിച്ച് അദ്ദേഹത്തെ അനുഗമിക്കുക; ദൈവത്തിനുള്ള പ്രത്യേക ഗുണങ്ങളിലോ അധികാരാവകാശങ്ങളിലോ സൃഷ്ടികളെ പങ്കുചേർക്കാതിരിക്കുക- ഇതിനൊക്കെയാണ് 'ദീൻ' എന്ന് പറയുന്നത്.

ശരീഅത്ത് എന്നാൽ നിയമവ്യവസ്ഥ എന്നാണർഥം. ആരാധനാക്രമം, സാംസർഗിക രീതികൾ, ഇടപാടുകൾ, കർമങ്ങളിലെ അനുവദനീയതയും നിഷിദ്ധതയും തുടങ്ങിയവ സംബന്ധിച്ച നിയമങ്ങൾ. ഓരോ പ്രവാചകനും സ്വജനതക്ക് ധാർമിക സദാചാര-സാംസ്കാരിക കാര്യങ്ങളിൽ പ്രത്യേകം പ്രത്യേകം ശിക്ഷണപരിശീലനങ്ങൾ നൽകുകയുണ്ടായി. വിവിധ ജനസമുദായങ്ങളുടെയും അവർ ജീവിച്ച കാലഘട്ടങ്ങളുടെയും ആവശ്യങ്ങളും അവസ്ഥകളും കണക്കിലെടുത്തുകൊണ്ടുള്ള നിയമങ്ങളാണ് പ്രാരംഭ ഘട്ടത്തിൽ നൽകിയിരുന്നത്. അതിനാൽ, ഓരോ സമുദായത്തിനും നൽകിയ നിയമ സംഹിതകൾ വ്യത്യസ്തങ്ങളായിരുന്നു. മനുഷ്യന്റെ വളർച്ച ക്രമാനുഗതമായി പൂർണത പ്രാപിച്ചപ്പോൾ ദൈവം മുഹമ്മദ്നബി(സ) വഴി ശാശ്വതവും സാർവലൗകികവുമായ ഒരു സമഗ്ര നിയമം നൽകുകയും അദ്ദേഹത്തെ

സർവലോക പ്രവാചകനായി നിയമിക്കുകയും ചെയ്തു. ആ നിയമസംഹിത മനുഷ്യരാശിക്കു മുഴുവനും ബാധകമായതാണ്. മുഹമ്മദ്നബി പഠിപ്പിച്ച 'ദീൻ' മുൻ പ്രവാചകൻമാരെല്ലാം പഠിപ്പിച്ച അതേ ദീൻ തന്നെ. പക്ഷേ, ശരീഅത്ത് പുതിയതാണ്. പഴയ ശരീഅത്തുകളെല്ലാം ഈ പുതിയ ശരീഅത്ത് വന്നതോടെ ദുർബലപ്പെട്ടു.

## ശരീഅത്തിന്റെ വിധികൾ എങ്ങനെ അറിയാം?

മുഹമ്മദ്നബി(സ) വഴി നൽകപ്പെട്ട ശരീഅത്തിന്റെ വിധികളും സിദ്ധാന്തങ്ങളുമറിയാൻ രണ്ടു മാർഗങ്ങളാണുള്ളത്: പരിശുദ്ധ ഖുർആനും ഹദീസുമാണവ. വിശുദ്ധ ഖുർആൻ ദൈവപ്രോക്തമാണ്. എന്നാൽ, ഹദീസ് തിരുമേനിയിൽനിന്ന് വിശ്വാസയോഗ്യമായി നമുക്ക് ലഭിച്ച റിപ്പോർട്ടുകളാണ്. മുഹമ്മദ്നബി(സ)യുടെ ജീവിതം മുഴുവൻ വിശുദ്ധ ഖുർആന്റെ വ്യാഖ്യാനമായിരുന്നു. പ്രവാചകത്വം ലഭിച്ചതുമുതൽ 23 സംവത്സരങ്ങൾ അദ്ദേഹം ജനങ്ങൾക്ക് ശിക്ഷണം നൽകിപ്പോന്നു. ദൈവഹിതമനുസരിച്ച് ജീവിതം നയിക്കേണ്ടതെങ്ങനെയെന്ന് അദ്ദേഹം തന്റെ വാക്കുകളും പ്രവൃത്തികളും വഴി ജനങ്ങളെ പഠിപ്പിച്ചുകൊണ്ടിരുന്നു. തിരുമേനിയുടെ സഹചാരികളായ അനുചരൻമാർ അദ്ദേഹത്തിന്റെ ഓരോ വാക്കും സശ്രദ്ധം കേൾക്കുകയും ഓരോ ചലനങ്ങളും സുസൂക്ഷ്മം വീക്ഷിക്കുകയും ചെയ്തിരുന്നു. തങ്ങൾ നേരിടുന്ന ജീവിതപ്രശ്നങ്ങൾക്ക് ശരീഅത്തിന്റെ വിധിയെന്തെന്ന് തിരുദൂതരോടവർ അന്വേഷിച്ചറിഞ്ഞു. ചിലപ്പോൾ അദ്ദേഹം 'അത് ചെയ്യുക', 'ഇത് ചെയ്യരുത്' എന്നിങ്ങനെ വിധി നൽകും. അതിന് സാക്ഷികളാകുന്നവർ അത് ഹൃദിസ്ഥമാക്കും. അപ്പോഴവിടെ ഹാജരില്ലാതിരുന്നവർക്ക് അറിയിച്ചുകൊടുക്കും. അല്ലെങ്കിൽ, തിരുദൂതർ ഒരു പ്രവൃത്തി ഒരു പ്രത്യേക രീതിയിൽ നിർവഹിച്ചിരിക്കും. കണ്ടുനിൽക്കുന്നവർ ആ രീതി മനസ്സിലാക്കി കാണാത്തവർക്ക് വിവരിച്ചുകൊടുക്കും. അതുമല്ലെങ്കിൽ തിരുസന്നിധിയിൽവെച്ചൊരാൾ ഒരു പ്രവൃത്തി ചെയ്യുന്നു. തിരുമേനി അതെപ്പറ്റി മൗനം അവലംബിക്കുന്നു. അല്ലെങ്കിൽ സന്തോഷം പ്രകടിപ്പിക്കുന്നു. അതുമല്ലെങ്കിൽ തടയുന്നു. ജനങ്ങൾ അത് കണ്ടും കേട്ടും മനസ്സിലാക്കുന്നു. ഈ മട്ടിൽ തിരുദൂതരുടെ അനുചരൻമാരിൽനിന്ന് മറ്റുള്ളവർക്ക് ലഭിച്ച സംഗതികൾ ചിലർ മനഃപാഠമാക്കി; മറ്റു ചിലർ എഴുതിസൂക്ഷിച്ചു. ഓരോ കാര്യത്തിലും അത്, ആർ മുഖേന ലഭിച്ചു എന്നുപോലും അവർ രേഖപ്പെടുത്തി. കാലക്രമേണ ആ രേഖകളെല്ലാം ഗ്രന്ഥങ്ങളിൽ സമാഹരിക്കപ്പെട്ടു. ഇവ്വിധം ഹദീസുകളുടെ ഒരു മഹാഭണ്ഡാരം തന്നെ നമുക്ക് ലഭിച്ചിട്ടുണ്ട്. അവയിൽ ഇമാം മാലിക്, ഇമാം ബുഖാരി, ഇമാം മുസ്ലിം, ഇമാം തിർമിദി, ഇമാം അബൂദാവൂദ്, ഇമാം നസാഈ, ഇമാം ഇബ്നുമാജ എന്നീ മഹാൻമാരുടെ ഗ്രന്ഥങ്ങളാണ് കൂടുതൽ വിശ്വാസയോഗ്യമായി കരുതപ്പെടുന്നത്.

## ഫിഖ്ഹ്

വിശുദ്ധ ഖുർആന്റെയും ഹദീസിന്റെയും വിധികളിൽ ഗവേഷണം

നടത്തി, ചില ശ്രേഷ്ഠപണ്ഡിതൻമാർ, പൊതുജന സൗകര്യാർഥം തയ്യാറാക്കിയ വിശദ നിയമങ്ങൾക്കാണ് 'ഫിഖ്ഹ്' എന്ന് പറയുന്നത്. വിശുദ്ധ ഖുർആനിലെ അതിസൂക്ഷ്മമായ സംഗതികൾ മുഴുവൻ എല്ലാവർക്കും ഗ്രഹിക്കാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. ശരീഅത്ത്‌വിധികളെല്ലാം സ്വയം ഗ്രഹിക്കാൻ കഴിയുംവിധം നബിവചനങ്ങളെക്കുറിച്ചുള്ള പരിപൂർണ ജ്ഞാനവും എല്ലാവർക്കുമില്ല. അതിനാൽ, നിരവധി സംവത്സരങ്ങൾ അശ്രാന്തപരിശ്രമം നടത്തി, ഗഹനമായ നിരീക്ഷണ-ഗവേഷണങ്ങൾ വഴി ഫിഖ്ഹ് ക്രോഡീകരിച്ച പണ്ഡിത മഹാത്മാക്കളോട് മുസ്‌ലിംലോകം എന്നെന്നും കടപ്പെട്ടവരാണ്. പരകോടി മുസ്‌ലിംകൾക്ക് ശരീഅത്തിനെ നിഷ്പ്രയാസം അനുഗമിക്കാനും ദൈവത്തിന്റെയും ദൈവദൂതന്റെയും ആജ്ഞകൾ എളുപ്പത്തിൽ ഗ്രഹിക്കാനും ഇന്ന് കഴിയുന്നത് ആ മഹാത്മാക്കളുടെ സേവനഫലമായിട്ടാണ്.

പ്രാരംഭത്തിൽ എത്രയോ മഹാത്മാക്കൾ തങ്ങളുടെതായ ഗവേഷണ രീതിയനുസരിച്ച് 'ഫിഖ്ഹ്' രചിച്ചിരുന്നുവെങ്കിലും കാലാന്തരത്തിൽ നാല് കർമശാസ്ത്ര രീതികളാണ് അവശേഷിച്ചത്. ഇന്ന് മുസ്‌ലിംകളിൽ ഭൂരിപക്ഷവും ആ നാല് ഫിഖ്ഹുകളിലൊന്നിനെ അനുഗമിക്കുന്നവരാണ്. ഇമാം അബൂഹനീഫ(റ), ഇമാം മാലിക്(റ), ഇമാം ശാഫിഈ(റ), ഇമാം അഹ്മദുബ്നുഹമ്പൽ (റ) എന്നിവരാണാ പണ്ഡിതർ. അവരുടെ കർമശാസ്ത്രങ്ങൾ യഥാക്രമം ഹനഫീ ഫിഖ്ഹ്, മാലികീ ഫിഖ്ഹ്, ശാഫിഈ ഫിഖ്ഹ്, ഹമ്പലീ ഫിഖ്ഹ് എന്നീ പേരുകളിലറിയപ്പെടുന്നു.[1]

ഈ നാല് ഫിഖ്ഹുകളും നബിതിരുമേനിക്ക് ശേഷം രണ്ട് നൂറ്റാണ്ടുകൾക്കകം ക്രോഡീകരിക്കപ്പെട്ടിരുന്നു. അവയിൽ കാണപ്പെടുന്ന അഭിപ്രായവ്യത്യാസങ്ങൾ സ്വാഭാവികം മാത്രം. ഏതാനും പേർ ഒരു വിഷയത്തിൽ ഗവേഷണ-പഠനങ്ങൾ നടത്തുമ്പോൾ ഓരോരുത്തരുടെയും കണ്ടെത്തലുകൾ തമ്മിൽ അൽപാൽപം വ്യത്യാസം ഉണ്ടായെന്നു വരും. പ്രസ്തുത ഇമാമുകളെല്ലാം തന്നെ സത്യസന്ധരും ആത്മാർഥതയും ഉദ്ദേശ്യശുദ്ധിയും ഉള്ളവരും ആയിരുന്നു. മുസ്‌ലിംകളോടവർക്ക് ഗുണകാംക്ഷ മാത്രമാണുണ്ടായിരുന്നത്. അതിനാൽ, പ്രസ്തുത നാല് ഫിഖ്ഹുകളെയും മുസ്‌ലിംലോകം ശരിവക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. എന്നാൽ, ഒരു വിഷയത്തിൽ ഒരു മാർഗമേ അവലംബിക്കാൻ പറ്റൂ. ഒരേ അവസരം നാല് വിഭിന്ന മാർഗങ്ങളെ അവലംബിക്കുക സാധ്യമല്ല. അതിനാൽ, പ്രസ്തുത നാല് മാർഗങ്ങളിലൊന്നിനെ അനുഗമിക്കണമെന്നാണ് പണ്ഡിതൻമാരിൽ ഭൂരിപക്ഷവും അഭിപ്രായപ്പെട്ടിട്ടുള്ളത്. ഇതിനുപുറമേ ഒരു പ്രത്യേക ഫിഖ്ഹിനെ അനുഗമിക്കേണ്ടതില്ല. വ്യത്യസ്ത കാഴ്ചപ്പാടുള്ള വേറൊരു കൂട്ടം പണ്ഡിതൻമാരുണ്ട്. അവർ പറയുന്നത്, അറിവുള്ളവർ വിശുദ്ധഖുർആനിൽനിന്നും ഹദീസുകളിൽനിന്നും നേരിട്ട് ശരീഅത്ത്‌വിധികൾ കണ്ടുപിടിക്കണം എന്നാണ്. അറിവില്ലാത്തവർക്ക്, തങ്ങൾ കൂടുതൽ സ്വീകാരയോഗ്യനായിക്കാണുന്ന പണ്ഡിതനെ അനുഗമിക്കുകയാവാം. ഈ വിഭാഗം പണ്ഡിതൻമാർ

അഹ്‌ലുൽ ഹദീസ് എന്നാണറിയപ്പെടുന്നത്. നാല് ഫിഖ്ഹുകളുടെയും ഇമാമുകളെപ്പോലെ ഈ വിഭാഗവും സത്യത്തിൽ തന്നെ.

## തസ്വവ്വുഫ്

ഫിഖ്ഹിന്റെ ബന്ധം മനുഷ്യന്റെ ബാഹ്യകർമങ്ങളോടാണ്. ഒരു കർമം നിർദേശിക്കപ്പെട്ട വിധം പ്രത്യക്ഷത്തിൽ നിർവഹിച്ചോ ഇല്ലയോ എന്നു മാത്രമാണതിന്റെ നോട്ടം. അത് യഥാവിധി നിർവഹിക്കുമ്പോഴുള്ള നമ്മുടെ മനസ്സിന്റെ അവസ്ഥ ഫിഖ്ഹ് പരിഗണിക്കില്ല. കർമങ്ങൾ നിർവഹിക്കുമ്പോഴുള്ള മനസ്സിന്റെ അവസ്ഥ പരിചിന്തനം ചെയ്യുന്ന ചിന്താധാരയാണ് തസ്വവ്വുഫ്.[2] ഉദാഹരണമായി, നമസ്കാരത്തിൽ ഫിഖ്ഹ് വീക്ഷിക്കുന്നത് 'വുദൂ' ശരിക്ക് ചെയ്തുവോ, കഅ്ബയെ അഭിമുഖീകരിച്ചുവോ, ചൊല്ലേണ്ടതെല്ലാം ചൊല്ലിയോ, സുജൂദും റുകൂഉം മറ്റും ശരിയായിരുന്നുവോ, റക്അത്തുകളുടെ എണ്ണം കൃത്യമായിരുന്നുവോ എന്നൊക്കെയാണ്. ഇതെല്ലാം ശരിയായിരുന്നുവെങ്കിൽ ഫിഖ്ഹിന്റെ വീക്ഷണത്തിൽ നമസ്കാരം പരിപൂർണമായി. എന്നാൽ, തസ്വവ്വുഫ് നോക്കുന്നത് നമസ്കരിക്കുന്നയാളുടെ മനസ്സിലേക്കാണ്. മനസ്സ് ദൈവത്തിങ്കലായിരുന്നുവോ, ലൗകിക ചിന്തകളിൽനിന്ന് അത് മുക്തമായിരുന്നുവോ, അതിൽ ദൈവസ്മരണയും ദൈവഭയവും വളരുകയുണ്ടായോ, ലക്ഷ്യം ദൈവപ്രീതിയായിരുന്നുവോ, നമസ്കാരം അവന്റെ സ്വഭാവത്തെ സംസ്കരിക്കാൻ പര്യാപ്തമായിരുന്നുവോ ഇതൊക്കെയാണ് തസ്വവ്വുഫിന്റെ നോട്ടം. ഇക്കാര്യങ്ങൾ തൃപ്തികരമായിരുന്നെങ്കിൽ, തസ്വവ്വുഫിന്റെ വീക്ഷണത്തിൽ, നമസ്കാരം പരിപൂർണമായി. അതിലുണ്ടാകുന്ന കുറവ് നമസ്കാരത്തിന്റെ പൂർണതയെ ബാധിക്കുമെന്നാണതിന്റെ പക്ഷം.

ഫിഖ്ഹും തസ്വവ്വുഫും തമ്മിലുള്ള ഈ അന്തരത്തെ ഒരുദാഹരണത്തിലൂടെ വ്യക്തമാക്കാം. നാമൊരാളെ കണ്ടുമുട്ടുമ്പോൾ രണ്ട് നിലക്ക് അയാളെ വീക്ഷിക്കുന്നു. അയാളുടെ ആരോഗ്യം, സൗന്ദര്യം, വസ്ത്രധാരണം, വൃത്തി എന്നിവയാണൊന്ന്. രണ്ടാമത്തേത് സ്വഭാവം, ബുദ്ധിശക്തി, വിവേകം, പാണ്ഡിത്യം, കഴിവുകൾ എന്നിവയും. ഇതിൽ ഒന്നാമത്തെ വീക്ഷണം ഫിഖ്ഹിന്റേതും രണ്ടാമത്തേത് തസ്വവ്വുഫിന്റേതുമാണ് എന്ന് പറയാം. നാമൊരു സ്നേഹിതനെ തെരഞ്ഞെടുക്കുമ്പോൾ അവന്റെ രണ്ടു വശങ്ങളും നോക്കുമല്ലോ. അവന്റെ ഉള്ളും പുറവും നന്നാവണം എന്ന് നാം ആഗ്രഹിക്കും. ഇതുതന്നെയാണ് ഇസ്‌ലാമിന്റെയും സ്ഥിതി. ശരീഅത്ത്‌വിധികൾ അനുസരിക്കുമ്പോൾ അകവും പുറവും അതനുസരിക്കണം. ബാഹ്യമായി ശരിയനുഷ്ഠിക്കുന്ന ഒരാളുടെ അന്തർഭാഗത്ത് അനുസരണത്തിന്റെ ആത്മാവില്ലെങ്കിൽ അവന്റെ കർമം ഒരു മൃതശരീരം പോലെയാണ്. ഇനി, ആന്തരിക പൂർണതയുള്ള ഒരാളുടെ ബാഹ്യമായ അനുഷ്ഠാനരീതികൾ ശരിയല്ലെങ്കിലോ, വിരൂപവും വികൃതവുമായ ശരീരപ്രകൃതിയോടുകൂടിയ ഒരു മാന്യവ്യക്തിയെപ്പോലിരിക്കും അത്.

ഈ ഉദാഹരണം ഫിഖ്ഹും തസ്വവ്വുഫും തമ്മിലുള്ള ബന്ധം നല്ലപോലെ

വ്യക്തമാക്കുന്നു. ധാർമിക-വൈജ്ഞാനികത്തകർച്ച ദർശിച്ച പിൽക്കാലത്ത് പൊട്ടിപ്പുറപ്പെട്ട കുഴപ്പങ്ങൾ തസ്വവ്വുഫിന്റെ പരിശുദ്ധിയെയും മലീമസമാക്കിക്കളഞ്ഞു. ജനങ്ങൾ ഇതര സമുദായങ്ങളിൽനിന്ന് അനിസ്‌ലാമിക തത്ത്വശാസ്ത്രങ്ങൾ ദത്തെടുത്ത് അതിന് 'തസ്വവ്വുഫ്' എന്ന പേർ നൽകി, ഇസ്‌ലാമിൽ കടത്തിവിട്ടു. വിചിത്രമായ പലതരം ആചാര നടപടികളുടെ മേൽ 'തസവ്വുഫ്' എന്ന ലേബൽ പതിക്കപ്പെട്ടു. അവയ്ക്ക് വിശുദ്ധ ഖുർആനിലോ ഹദീസിലോ ഒരടിസ്ഥാനവുമുണ്ടായിരുന്നില്ല. കാലക്രമേണ ആ ജനം ശരീഅത്തിന്റെ പിടിത്തത്തിൽനിന്ന് സ്വയം സ്വതന്ത്രരായി. അവർ നൂതനവാദങ്ങളുയർത്തി: തസ്വവ്വുഫിന് ഫിഖ്ഹുമായി ഒരു ബന്ധവുമില്ല. അതിന്റെ വഴി തന്നെ വേറെയാണ്. 'സ്വൂഫി'ക്ക് ബാഹ്യചടങ്ങുകളൊന്നും നിർവഹിക്കേണ്ടതില്ല. നിയമനിബന്ധനകൾ അവർക്ക് ബാധകമല്ല- ഇങ്ങനെ പോകുന്നു അവ. ഇസ്‌ലാമിനെക്കുറിച്ച് തീരേ അജ്ഞരായ സ്വൂഫികളിൽനിന്നാണ് ഇത്തരം വാദങ്ങൾ കേൾക്കാറുള്ളത്. ഈ വാദങ്ങൾ പരമാബദ്ധങ്ങളാണെന്ന് പറയേണ്ടതില്ലല്ലോ. ശരീഅത്ത് വിധികളോട് ബന്ധമില്ലാത്ത തസ്വവ്വുഫിന് ഇസ്‌ലാമിൽ ഒട്ടും സ്ഥാനമില്ല. ഇസ്‌ലാമിന്റെ സ്തംഭങ്ങളായ നിർബന്ധാനുഷ്ഠാനങ്ങളിൽനിന്ന് സ്വതന്ത്രരാവാൻ ഒരു സ്വൂഫിക്കും അവകാശമില്ല. അതുപോലെ ജീവിതത്തിന്റെ മറ്റു ഇടപാടുകളിലും ബന്ധങ്ങളിലും സ്ഥാപനങ്ങളിലും ദൈവവും ദൈവദൂതനും നിശ്ചയിച്ച നിയമപരമായ അതിർത്തികൾ മറികടക്കാനും ഒരു സ്വൂഫിക്കും അധികാരമില്ല. നബിതിരുമേനി കാണിച്ചുതന്ന മാർഗം അവലംബിക്കാതിരിക്കുന്നവൻ 'മുസ്‌ലിം സ്വൂഫി' എന്ന പേരിന് തീരെ അർഹനല്ല. 'തസ്വവ്വുഫ്' എന്നത് വാസ്തവത്തിൽ ദൈവത്തോടും ദൈവദൂതനോടുമുള്ള നിഷ്കളങ്ക സ്നേഹത്തിന്റെ പേരാണ് - കരകവിഞ്ഞൊഴുകുന്ന നിർമലപ്രേമത്തിന്റെ പേർ! ദൈവശാസനകളിൽനിന്നും പ്രവാചകശിക്ഷണങ്ങളിൽനിന്നും തെല്ലും വ്യതിചലിക്കാതിരിക്കുക എന്നതാണ് ആ സ്നേഹത്തിന്റെ പ്രഥമ ലക്ഷണം. അതിനാൽ, 'ഇസ്‌ലാമിക സ്വൂഫിസം' ശരീഅത്തിൽനിന്ന് വേർപെട്ട ഒന്നല്ല. ശരീഅത്ത് വിധികൾ ആത്മാർഥതയോടും ദൈവഭക്തിയോടും കൂടി നിർവഹിക്കുന്നതിനാണ് തസ്വവ്വുഫ് എന്ന് പറയുന്നത്. കർമങ്ങളിൽ ദൈവത്തോടുള്ള സ്നേഹാദരവും ഭയഭക്തിയുമാവുന്ന ആത്മാവിനെ പരിപോഷിപ്പിക്കുന്നതിന്റെ പേരാണത്.

## കുറിപ്പുകൾ

1. കർമശാസ്ത്രത്തിലെ വ്യത്യസ്ത ചിന്താപ്രസ്ഥാനങ്ങളുടെ കാലവും ഇന്നത്തെ നിലയും യഥാക്രമം ചുവടെ ചേർക്കുന്നു:

   1) ഇമാം അബൂഹനീഫ(റ) ഹിജ്റ 80 (ക്രി. 699)ൽ ഭൂജാതനായി. ഹി. 150(ക്രി. 767)ൽ നിര്യാതനായി. ഒട്ടാകെ 34 കോടി ഹനഫീ മദ്ഹബുകാരാണ് ഇന്നു ലോകത്തുള്ളത്. തുർക്കി, പാകിസ്താൻ, ഇന്ത്യ, അഫ്ഗാനിസ്താൻ, ട്രാൻസ് ജോർഡാൻ, ഇന്തോ-ചൈന, ചൈന, സോവിയറ്റ് റഷ്യ എന്നിവിടങ്ങളിലാണ് അവർ പ്രധാനമായും കേന്ദ്രീകരിച്ചുകാണുന്നത്.

   2) ഇമാം മാലിക്(റ) ഹി. 93(ക്രി. 714)ൽ ഭൂജാതനായി. ഹി. 179 (ക്രി. 798)ൽ നിര്യാതനായി.

മാലികീ മദ്ഹബുകാരുടെ ആകെ അംഗസംഖ്യ നാലര കോടി വരും. മൊറോക്കോ, അൾജീരിയാ, ടുനീഷ്യ, സുഡാൻ, കുവൈത്ത്, ബഹ്റൈൻ എന്നിവിടങ്ങളിലാണ് അവർ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്.

3) ഇമാം ശാഫിഈ(റ) ഹി. 150 (ക്രി. 767)ൽ ഭൂജാതനായി. ഹി. 241(ക്രി. 854)ൽ നിര്യാതനായി. ഒട്ടാകെ 10 കോടി മുസ്‌ലിംകളാണ് ശാഫിഈ മദ്ഹബുകാരായി ലോകത്തുള്ളത്. ഫലസ്തീൻ, ലബനാൻ, ഈജിപ്ത്, ഇറാഖ്, സുഊദി അറേബ്യ, യമൻ, ഇന്തോനേഷ്യ എന്നിവിടങ്ങളിലാണ് അവർ പ്രധാനമായും കേന്ദ്രീകരിച്ചു കാണുന്നത്.

4) ഇമാം അഹ്മദുബ്നു ഹമ്പൽ(റ) ഹി. 164(ക്രി. 780)ൽ ഭൂജാതനായി. ഹി. 241(ക്രി.855)ൽ ചരമഗതി പ്രാപിച്ചു. ഒട്ടാകെ 30 ലക്ഷത്തോളം ഹമ്പലീ മദ്ഹബുകാരാണ് ലോകത്തുള്ളത്. അവരധികവും കേന്ദ്രീകരിച്ചിരിക്കുന്നത് സുഊദി അറേബ്യ, ലബനാൻ, സിറിയ എന്നിവിടങ്ങളിലാണ്.

പ്രബലമായ മറ്റൊരു ചിന്താസരണിയാണ് 'ശീഅ'യുടേത്. അവർ സ്വന്തമായി ഒരു കർമശാസ്ത്രം ആവിഷ്കരിച്ചിട്ടുണ്ട്.

2. വിശുദ്ധഖുർആനിൽ ഇതിന് 'തസ്കിയത്ത്', 'ഹിക്മത്ത്' എന്നും ഹദീസിൽ 'ഇഹ്സാൻ' എന്നും പറയുന്നു. പിൽക്കാലക്കാരിൽ അത് 'തസ്വവ്വുഫ്' എന്ന പേരിലാണ് പ്രസിദ്ധമായത്.

ഏഴ്

# ശരീഅത്തിന്റെ വിധികൾ

●

ഈ അവസാനത്തെ അധ്യായത്തിൽ ഇസ്‌ലാമിക നിയമസംഹിത നിലകൊള്ളുന്ന അടിസ്ഥാന തത്ത്വങ്ങളും ശരീഅത്തിന്റെ ചില പ്രത്യേക വിധികളുമാണ് പ്രതിപാദ്യം. ഇസ്‌ലാമിക ശരീഅത്ത് വിഭാവന ചെയ്യുന്ന ഉത്കൃഷ്ട വ്യവസ്ഥയുടെ സ്വഭാവവും ആ വ്യവസ്ഥയിലടങ്ങിയ ഗുണങ്ങളും യുക്തികളും ഗ്രഹിക്കാൻ ഈ വിവരണം ഉപകാരപ്പെടും.

നമ്മെക്കുറിച്ചു തന്നെ നാം ഒന്നു ചിന്തിച്ചു നോക്കുക. നിരവധി കഴിവുകളുടെ ഉടമസ്ഥരാണ് നാം. അവയുടെ പ്രകൃതി ആവശ്യപ്പെടുന്നത് നാം അവ ഉപയോഗപ്പെടുത്തണമെന്നാണ്. നമുക്ക് ബുദ്ധിയും വിവേകവുമുണ്ട്. കാണാനും കേൾക്കാനും സംസാരിക്കാനും രുചിക്കാനുമുള്ള കഴിവുകളുണ്ട്. കൈകാലുകളുണ്ട്. കോപം, വെറുപ്പ്, സ്നേഹം, ഭയം, ആഗ്രഹം തുടങ്ങിയ വികാരങ്ങളുമുണ്ട്. ഇവയിൽ ഉപയോഗമില്ലാത്തതൊന്നുമില്ല. നമുക്കാവശ്യമുള്ളതുകൊണ്ടാണ് ദൈവം അവ നൽകിയത്. ലൗകിക ജീവിതത്തിന്റെ വിജയം കുടികൊള്ളുന്നത് സ്വന്തം പ്രകൃതിയുടെ ആവശ്യങ്ങൾ നിർവഹിക്കപ്പെടുമ്പോഴാണ്. ദൈവം നൽകിയ കഴിവുകൾ ഉപയോഗപ്പെടുത്തിയാൽ മാത്രമേ അത് സാധ്യമാവൂ.

നമുക്ക് ലഭിച്ച കഴിവുകൾ ഉപയോഗപ്പെടുത്താനുള്ള മാർഗങ്ങളും സാമഗ്രികളും നമ്മുടെ മുമ്പിലുണ്ട്. സ്വന്തം ശരീരം തന്നെയെടുക്കുക. എല്ലാ ഉപകരണങ്ങളുമുണ്ടതിൽ. ചുറ്റുമുള്ള ലോകത്തെ നോക്കൂ. നാനാതരം മാർഗങ്ങളതിൽ വ്യാപിച്ചുകിടക്കുന്നു. നമ്മുടെ സഹായത്തിനായി സ്വവർഗത്തിൽപ്പെട്ട മനുഷ്യർ, നമ്മുടെ സേവനത്തിനായി മൃഗങ്ങൾ, സസ്യങ്ങൾ, ഭൂമി, വെള്ളം, വായു, ചൂട്, വെളിച്ചം തുടങ്ങി അസംഖ്യം വസ്തുക്കൾ. നമുക്കു വേണ്ടിയാണ് അവയെല്ലാം ദൈവം സൃഷ്ടിച്ചത് -അവയുപയോഗപ്പെടുത്തി ജീവിതാവശ്യങ്ങൾ നിർവഹിക്കാൻ.

നമുക്ക് ലഭിച്ച കഴിവുകളെല്ലാം നമ്മുടെ ഗുണവും ക്ഷേമവും മുൻനിർത്തി നൽകപ്പെട്ടവയാണ്. നമുക്ക് ദോഷം വരുത്താനുദ്ദേശിച്ച് ഒരു കഴിവും ദൈവം

നൽകിയിട്ടില്ല. അതിനാൽ, ആ കഴിവുകൾ നമുക്ക് ഗുണം മാത്രം ലഭിക്കുന്ന രീതിയിൽ ഉപയോഗപ്പെടുത്തലാണ് ശരിയായ രീതി. ദോഷം ഭവിക്കുന്നെങ്കിൽ അനിവാര്യമായതു മാത്രം. മറ്റു രീതികളെല്ലാം തെറ്റാണെന്നു നമ്മുടെ ബുദ്ധി സ്വയം സമ്മതിക്കും. നമുക്ക് സ്വയം ദോഷം വരുത്തുന്ന രൂപത്തിലുള്ള പ്രവൃത്തികൾ ചെയ്യുന്നത് തെറ്റായപോലെ നമ്മുടെ കഴിവുകൾ മറ്റുള്ളവർക്ക് നഷ്ടമുണ്ടാക്കുന്ന വിധം വിനിയോഗിക്കുന്നതും തെറ്റാണ്. നമുക്ക് ലഭിച്ച ജീവിതോപകരണങ്ങൾക്ക് നാശനഷ്ടമേൽപിക്കും വിധം പ്രവർത്തിക്കുന്നതും ശരിയല്ല. നഷ്ടം ഏതു തരത്തിലുള്ളതായാലും ഒഴിവാക്കപ്പെടേണ്ടതാണ്. ചിലപ്പോഴത് സാധിച്ചെന്ന് വരില്ല. അല്ലെങ്കിൽ നഷ്ടത്തോടൊപ്പം ചെറിയ ലാഭവും കാണും. അങ്ങനെയുള്ള സന്ദർഭങ്ങളിലേ നഷ്ടം വരുത്തുന്ന ഒരു പ്രവൃത്തി ചെയ്യാവൂ.

ലോകത്ത് രണ്ടുതരം മനുഷ്യരുണ്ട്. സ്വന്തം കഴിവുകൾ മറ്റുള്ളവർക്കോ തങ്ങളുടെ തന്നെ മറ്റു കഴിവുകൾക്കോ ദോഷം വരുത്തുന്നവിധം ഉപയോഗിക്കുന്നവരാണൊരു തരം. അല്ലെങ്കിൽ, നന്മ മാത്രമുദ്ദേശിച്ച് നൽകപ്പെട്ട വസ്തുക്കൾ അവർ പ്രയോജനശൂന്യമാക്കിക്കളയുന്നു. രണ്ടാമത്തെ വിഭാഗം, മനഃപൂർവമല്ലെങ്കിലും അജ്ഞത കാരണം അതേ അബദ്ധങ്ങൾ ചെയ്യുന്നവരാണ്. ഇതിലൊന്നാമത്തെ തരക്കാർ ധിക്കാരികളും കുഴപ്പക്കാരുമാണ്. അവരെ നിയന്ത്രിക്കാൻ ചില നിയമങ്ങൾ വേണം. രണ്ടാമത്തെ വിഭാഗത്തിന് സ്വന്തം കഴിവുകൾ ഉപയോഗിക്കേണ്ട ശരിയായ മാർഗം അറിയാനുതകുന്ന ജ്ഞാനം നൽകേണ്ടതുമുണ്ട്.

ഈ രണ്ട് ആവശ്യങ്ങളാണ് 'ശരീഅത്ത്' പൂർത്തീകരിക്കുന്നത്. നമ്മുടെ വല്ല കഴിവും പാഴാക്കിക്കളയാനോ വല്ല ആശയോ വികാരമോ നശിപ്പിച്ചുകളയാനോ ശരീഅത്ത് ഉദ്ദേശിക്കുന്നില്ല. കാട്ടിലോ മേട്ടിലോ പോയി തപസ്സിരിക്കണമെന്ന് അതാവശ്യപ്പെടുന്നില്ല. വിശന്ന് മരിക്കണമെന്നോ നഗ്നനായി തെണ്ടിനടക്കണമെന്നോ അത് പറയുന്നില്ല. മാനുഷിക വികാരങ്ങളടിച്ചമർത്തി സ്വയം നശിക്കണമെന്നോ ലൗകികസുഖങ്ങളെല്ലാം ത്യജിച്ച് സന്യസിക്കണമെന്നോ അത് ആഗ്രഹിക്കുന്നില്ല. ഇത് ദൈവം നിർമിച്ച ശരീഅത്താണ്. ഈ ലോകം ദൈവം മനുഷ്യർക്കായി സൃഷ്ടിച്ചതാണ്. അതിനെ വികൃതമാക്കുന്നതും നശിപ്പിക്കുന്നതും അവൻ എങ്ങനെ ഇഷ്ടപ്പെടും? അനാവശ്യമോ പ്രയോജനരഹിതമോ ആയ ഒരു കഴിവും ദൈവം മനുഷ്യന് നൽകിയിട്ടില്ല. വല്ല വിധത്തിലും ഉപയോഗപ്പെടുത്താനല്ലാതെ പ്രപഞ്ചത്തിൽ യാതൊന്നും അവൻ സൃഷ്ടിച്ചിട്ടുമില്ല. ഈ പ്രപഞ്ചം പൂർണഭംഗിയോടും പ്രതാപത്തോടും കൂടി ചലിക്കണം. മനുഷ്യൻ തന്റെ മുഴുകഴിവുകളും ശരിക്ക് വിനിയോഗിക്കണം; പ്രപഞ്ചത്തിലെ സകല വസ്തുക്കളും അവൻ സ്വന്തം ജീവിത സൗഖ്യത്തിനായി ഉപയോഗപ്പെടുത്തണം; ആകാശഭൂമികളിൽ ദൈവം ഒരുക്കിവെച്ചിട്ടുള്ള സർവ സാമഗ്രികളും അവൻ ഉപയുക്തമാക്കണം– ഇതാണ് പ്രപഞ്ച സ്രഷ്ടാവിന്റെ ഉദ്ദേശ്യം. പക്ഷേ, അത് ധിക്കാരത്താലോ അജ്ഞതയാലോ അന്യർക്കോ അവരവർക്കു തന്നെയോ

നാശനഷ്ടങ്ങളേൽപിക്കുന്ന വിധത്തിലാവരുത് എന്നു മാത്രം. ഈ ഉദ്ദേശ്യം മുൻനിർത്തിയാണ് ശരീഅത്തിലെ എല്ലാ വ്യവസ്ഥകളും നിർമിച്ചിരിക്കുന്നത്. മനുഷ്യരാശിക്ക് നാശനഷ്ടങ്ങൾ വരുത്താനിടയുള്ള സകല സംഗതികളും ശരീഅത്തിൽ നിയമവിരുദ്ധമാണ്. ഫലപ്രദമായതെല്ലാം അനുവദനീയവും. തന്റെ മുഴുവൻ ആശകളും ആവശ്യങ്ങളും പൂർത്തിയാക്കാനും സ്വന്തം നന്മക്കായി നാനാ വിധേന പരിശ്രമിക്കാനും മനുഷ്യന് പൂർണമായ അവകാശമുണ്ട്. പക്ഷേ, ആ അവകാശം ഉപയോഗിക്കുന്നത്, അജ്ഞതയാലോ ധിക്കാരത്താലോ അന്യരുടെ അവകാശങ്ങൾ ഹനിക്കുന്ന വിധത്തിലാവരുത്. മറിച്ച്, അപരന്മാർക്ക് പരമാവധി സഹായകരമായ നിലയിലാവണം. ഈ തത്ത്വത്തിലാണ് ശരീഅത്തിലെ എല്ലാ നിയമങ്ങളും സ്ഥാപിതമായിരിക്കുന്നത്. ഗുണവും ദോഷവും ഇടകലർന്ന പ്രവൃത്തികളിൽ വലിയ ഗുണം നേടാൻ ചെറിയ ദോഷം സഹിക്കുക, വലിയ നഷ്ടം ഒഴിവാക്കാൻ ചെറിയ ലാഭം ഉപേക്ഷിക്കുക എന്നതാണ് ശരീഅത്തിന്റെ തത്ത്വം.

ഓരോ കാര്യത്തിലും കർമത്തിലുമന്തർഭവിച്ച ഗുണദോഷങ്ങളെന്തെന്ന് ഓരോ വ്യക്തിക്കും എപ്പോഴും മനസ്സിലായിക്കൊള്ളണമെന്നില്ല. അതിനാൽ, സർവജ്ഞനായ ദൈവം മനുഷ്യരാശിക്കായി ആദ്യന്തം ശരിയും ഗുണപ്രദവുമായ ഒരു സമ്പൂർണ വ്യവസ്ഥ നിർമിച്ചുതന്നിരിക്കുന്നു. ആ വ്യവസ്ഥയുടെ ഗുണങ്ങളിൽ പലതും വ്യക്തമായി ഗ്രഹിക്കാൻ, ചില നൂറ്റാണ്ടുകൾക്കു മുമ്പുള്ള ജനങ്ങൾക്ക് കഴിഞ്ഞിരുന്നില്ല. എന്നാലിന്ന്, ശാസ്ത്രരംഗത്തുണ്ടായ പുരോഗതി അവയുടെ മറയെല്ലാം നീക്കിയിരിക്കുന്നു. എത്രയോ രഹസ്യങ്ങളും യുക്തികളും ഗുണങ്ങളും ഇനിയും മറനീക്കി പുറത്തുവരാനുണ്ട്. ശാസ്ത്രവിജ്ഞാനീയങ്ങൾ വ്യാപകമാവുന്നതിനനുസരിച്ച് അവ വ്യക്തമായിക്കൊണ്ടേയിരിക്കും. തങ്ങളുടെ അപൂർണവും പരിമിതവുമായ ബുദ്ധിയെ മാത്രം അവലംബമാക്കിയതിന്റെ ഫലമായി ജനങ്ങൾ നൂറ്റാണ്ടുകളോളം അബദ്ധങ്ങൾ പ്രവർത്തിച്ചു പോന്നു. അതിന്റെ തിക്തഫലം അനുഭവിച്ചറിഞ്ഞ ശേഷം, ഒടുവിൽ, ഇസ്‌ലാമിക ശരീഅത്തിന്റെ നിയമങ്ങൾ സ്വീകരിക്കാൻ നിർബന്ധിതരായിത്തീർന്നതിന് ഉദാഹരണങ്ങളുണ്ട്.[1] എന്നാൽ, അജ്ഞതയും പരിചയക്കുറവും വരുത്തുന്ന ഇത്തരം ദോഷങ്ങളിൽനിന്ന്, ദൈവദൂതനിൽ സർവാത്മനാ വിശ്വാസമർപ്പിച്ചവർ, രക്ഷ പ്രാപിച്ചവരാണ്. ദൈവദൂതനിലുള്ള ആത്മാർഥവും അചഞ്ചലവുമായ വിശ്വാസം മൂലം യഥാർഥ ജ്ഞാനത്തിന്റെ സൃഷ്ടിയായ ഒരു നിയമസംഹിതയെ അവർ അനുസരിക്കുന്നുവെന്നതാണതിനു കാരണം -അതിലെ യുക്തിയും രഹസ്യങ്ങളും അറിഞ്ഞാലും ഇല്ലെങ്കിലും.

## നാല് അവകാശങ്ങൾ

ശരീഅത്തിന്റെ വീക്ഷണത്തിൽ മനുഷ്യനു മേൽ നാല് അവകാശങ്ങൾ വന്നുചേരുന്നു. 1. ദൈവത്തിന്റെ അവകാശങ്ങൾ 2. സ്വദേഹത്തിന്റെ അവകാശങ്ങൾ 3. സമസൃഷ്ടികളുടെ അവകാശങ്ങൾ 4. ഉപയോഗപ്പെടുത്താൻ

വേണ്ടി ദൈവം മനുഷ്യനധീനപ്പെടുത്തിക്കൊടുത്ത വസ്തുക്കളുടെ അവകാശങ്ങൾ. ഈ അവകാശങ്ങളുടെ പൊരുൾ ഗ്രഹിച്ച് കൃത്യമായി നിർവഹിക്കുകയാണ് ഒരു മുസ്‌ലിമിന്റെ ചുമതല. ശരീഅത്ത്, ഇവയെക്കുറിച്ച് വെവ്വേറെ വിശദമായി വിവരിക്കുന്നുണ്ട്. അവയുടെ നിർവഹണത്തിനായി സ്വീകരിക്കേണ്ട മാർഗമേതെന്നും അത് വിശദമാക്കുന്നു. മുഴുവൻ അവകാശങ്ങളും ഒപ്പം നിറവേറ്റാനും അവകാശങ്ങളിലൊന്നും പാഴായിപ്പോവാതിരിക്കാനും പറ്റിയ ഉത്തമമാർഗമാണ് അത് നിർദേശിക്കുന്നത്.

## ദൈവത്തിന്റെ അവകാശങ്ങൾ

ദൈവത്തിന്റെ അവകാശങ്ങൾ പ്രധാനമായും നാല് കാര്യങ്ങളിൽ ഒതുക്കാം: ഒന്ന്: മനുഷ്യൻ അവനെ മാത്രം ദൈവമായി അംഗീകരിക്കുകയും അവനിൽ ആരെയും പങ്കാളിയാക്കാതിരിക്കുകയും ചെയ്യുക. ഇത് 'ലാ ഇലാഹ ഇല്ലല്ലാ' എന്ന വാക്യത്തിലുള്ള ആത്മാർഥമായ വിശ്വാസം വഴി നിർവഹിക്കാവുന്നതാണ്. രണ്ട്: ദൈവശാസനകൾ കണിശമായി അനുസരിക്കുക. 'മുഹമ്മദുർറസൂലുല്ലാഹി' എന്ന വാക്യത്തിലുള്ള വിശ്വാസം വഴി ഇത് സാധിക്കാം. മൂന്ന്: മനുഷ്യൻ ദൈവത്തിന്റെ ആജ്ഞാനുവർത്തിയായി നിലകൊള്ളുക. ഈ അവകാശം ദൈവികഗ്രന്ഥത്തിലും ദൈവദൂതന്റെ ചര്യയിലും വിവരിച്ച നിയമങ്ങൾ പിൻപറ്റുക വഴി നിറവേറ്റാവുന്നതാണ്. നാല്: മനുഷ്യൻ ദൈവത്തെ മാത്രം ആരാധിക്കുക. അനുഷ്ഠാന കർമങ്ങൾ നിർബന്ധമാക്കിയിട്ടുള്ളത് ഈ അവകാശം നിറവേറ്റുവാനാണ്.

ദൈവത്തിന്റെ അവകാശങ്ങൾക്ക് പ്രഥമസ്ഥാനമാണുള്ളത്. അതിപ്രധാനവുമാണത്. അതിനാൽ അത് നിർവഹിക്കാൻ മറ്റുള്ള അവകാശങ്ങൾ കുറേയൊക്കെ ബലികഴിക്കേണ്ടി വന്നേക്കും. നമസ്കാരം, നോമ്പ് മുതലായ നിർബന്ധകർമങ്ങളനുഷ്ഠിക്കാൻ സ്വദേഹത്തിന്റെ പല അവകാശങ്ങളും വിശ്വാസി ബലികഴിക്കുന്നുണ്ടല്ലോ. നമസ്കാരത്തിനായി അതിരാവിലെ എഴുന്നേൽക്കണം; 'വുദൂ' ചെയ്യണം. നിത്യേന അഞ്ചു നേരം തന്റെ അത്യാവശ്യ ജോലികൾ നിർത്തിവെക്കണം. വിനോദ-വിശ്രമ വേളകൾ ഒഴിവാക്കണം. വ്രതമനുഷ്ഠിക്കുമ്പോൾ വിശപ്പും ദാഹവും സഹിക്കണം. ആത്മനിയന്ത്രണം പാലിക്കണം. സകാത്തു കൊടുക്കുന്ന വിശ്വാസി ധനപ്രേമത്തെ ദൈവഭക്തിയുടെ പേരിൽ ബലികൊടുക്കണം. ഹജ്ജിന് വേണ്ടി ധനം വ്യയം ചെയ്യേണ്ടതിനു പുറമേ യാത്രാ ക്ലേശവും സഹിക്കണം. ദൈവമാർഗത്തിലുള്ള സമരത്തിലാകട്ടെ, ജീവനും ധനവും അർപ്പിക്കണം. സ്വദേഹത്തിന്റെ അവകാശങ്ങൾ പോലെ, അന്യരുടെ അവകാശങ്ങളും ചിലപ്പോൾ ബലികൊടുക്കേണ്ടി വരും. നമസ്കരിക്കാൻ പോകുന്ന ഒരു തൊഴിലാളി തൊഴിലുടമയുടെ ജോലി നിർത്തിവെച്ചാകുമല്ലോ സാക്ഷാൽ യജമാനന് ആരാധനയർപ്പിക്കുന്നത്. ഹജ്ജിന് പോകുന്ന വിശ്വാസി തന്റെ സർവജോലികളും നിർത്തിവെക്കേണ്ടി വരുന്നു. അത് അനേകം പേരുടെ അവകാശങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. ദൈവമാർഗത്തിലുള്ള സമരത്തിൽ ദൈവത്തെ മാത്രം മുൻനിർത്തി

അന്യരെ വധിക്കുകയും സ്വശരീരത്തെ ബലിയർപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം തന്നെ, ഇതര വസ്തുക്കളുടെ അവകാശവും ബലികൊടുക്കപ്പെടുന്നതായി കാണാം. ദൈവമാർഗത്തിൽ മൃഗങ്ങളെ ബലിയറുക്കുക, സമ്പത്ത് വിനിയോഗിക്കുക തുടങ്ങിയവ ഉദാഹരണങ്ങൾ.

എന്നാൽ, ദൈവത്തിന്റെ അവകാശങ്ങൾ നൽകുന്നതിനായി സൃഷ്ടികളുടെ അവകാശങ്ങൾ വേണ്ടതിലധികം നഷ്ടപ്പെടുത്തിക്കൂടാ. അതിനാൽ ദൈവംതന്നെ, തന്റെ അവകാശങ്ങളുടെ കാര്യത്തിൽ ചില ഇളവുകൾ നൽകിയിട്ടുണ്ട്. ഉദാഹരണത്തിന് നമസ്കാരം എടുക്കാം. അത് അനുഷ്ഠിക്കുന്നതിന് ദൈവം എല്ലാ സൗകര്യങ്ങളും ചെയ്തു തന്നിരിക്കുന്നു. 'വുദൂ' ചെയ്യാൻ വെള്ളം കിട്ടാതെയോ രോഗം മൂലം വെള്ളം പാടില്ലാതെയോ വന്നാൽ 'തയമ്മും'[2] ചെയ്യാം. യാത്രാവേളയിൽ നമസ്കാരം 'ഖസ്വ്റും'[3] 'ജംഉം'[4] ചെയ്യാം. നിന്ന് നമസ്കരിക്കാൻ ആവതില്ലാത്തവർക്ക് ഇരുന്നോ, കിടന്നോ ആവാം. നമസ്കാരത്തിൽ ചൊല്ലാനും ചെയ്യാനും വളരെക്കുറച്ചേ ഉള്ളൂ. ഏതാനും നിമിഷങ്ങൾ മതി അതനുഷ്ഠിക്കാൻ. ജോലിത്തിരക്കുള്ള അവസരങ്ങളിൽ ദീർഘിച്ച നമസ്കാരം വിരോധിക്കപ്പെട്ടതാണ്. രാത്രി പോലെ ജോലിത്തിരക്കില്ലാത്ത പ്രശാന്തമായ സമയങ്ങളിലേ ദീർഘിച്ച അധ്യായങ്ങൾ പാരായണം ചെയ്ത് നമസ്കരിക്കാവൂ. നിർബന്ധ നമസ്കാരങ്ങൾക്കു പുറമേ 'സുന്നത്ത്' നമസ്കാരങ്ങൾ അനുഷ്ഠിക്കുന്നത് ദൈവത്തിന് സന്തുഷ്ടി പകരുന്ന കാര്യമാണ്. പക്ഷേ, രാത്രിയിലെ നിദ്രയും പകലത്തെ ജോലികളും ഉപേക്ഷിച്ച് നമസ്കരിക്കാൻ ദൈവം ആജ്ഞാപിച്ചിട്ടില്ല. നിത്യവൃത്തിക്കായി ജോലി ചെയ്യേണ്ട സമയത്തെല്ലാം നമസ്കരിക്കാനും പറഞ്ഞിട്ടില്ല. അന്യരുടെ അവകാശങ്ങളെല്ലാം ഹനിക്കുംവിധം എപ്പോഴും നമസ്കരിക്കണമെന്നും ആവശ്യപ്പെട്ടിട്ടില്ല.

ഇതേപോലെ, വ്രതാനുഷ്ഠാനത്തിനുമുണ്ട് ഇളവുകൾ. വ്രതം വർഷത്തിൽ ഒരു മാസമേ നിർബന്ധമുള്ളൂ. യാത്രക്കാരും രോഗികളും പിന്നീട് അനുഷ്ഠിച്ചാൽ മതി. നോമ്പെടുത്തവൻ അത് പൂർത്തിയാക്കാനശക്തനായിത്തീർന്നാൽ നോമ്പ് മുറിക്കാം. രോഗം ഭയപ്പെടുന്ന അവസ്ഥയിലും നോമ്പ് ഒഴിവാക്കാം. അത്താഴസമയത്തിന്റെ  അവസാനം വരെ ആഹാരം കഴിക്കാം. നോമ്പുമുറിക്കേണ്ട സമയമായാൽ ഒട്ടും താമസിയാതെ നോമ്പ് മുറിക്കണം. സുന്നത്തു നോമ്പുകളനുഷ്ഠിക്കുന്നത് ദൈവപ്രീതി സമ്പാദിക്കാൻ കൂടുതൽ ഉപയുക്തമാണെങ്കിലും ജോലികൾ ചെയ്യാനശക്തനാകുംവിധം നോമ്പെടുക്കുന്നത് ദൈവം തീരെ ഇഷ്ടപ്പെടുന്നില്ല.

ഇനി, സകാത്തിന്റെ സ്വഭാവം നോക്കുക. തീരേ ചെറിയ ഒരു തുകയേ സകാത്തായി നൽകേണ്ടതുള്ളൂ. അതുതന്നെയും നിശ്ചിത തോതിലുള്ള ധനം, ഒരു നിശ്ചിത കാലം ശേഖരിച്ചുവെക്കുന്നവർക്ക് മാത്രം. നിർബന്ധമായ വിഹിതത്തിന് പുറമേ ദൈവമാർഗത്തിൽ ധനം വ്യയം ചെയ്യുന്നത് ദൈവത്തെ സന്തുഷ്ടനാക്കുമെന്നത് ശരി. പക്ഷേ, സ്വന്തം ആവശ്യങ്ങളും ഭാര്യാസന്താനങ്ങളുടെ അവകാശങ്ങളും ഹനിക്കും വിധം ദാനധർമങ്ങൾ

ചെയ്ത് ദരിദ്രനായി കഴിഞ്ഞുകൂടുന്നത് ദൈവമിഷ്ടപ്പെടുന്നില്ല. ഈ വിഷയത്തിലും മിതമായ നിലപാട് കൈക്കൊള്ളാനാണ് അവൻ കൽപിക്കുന്നത്.

ഹജ്ജിന്റെ അവസ്ഥയും മറ്റൊന്നല്ല. യാത്രാ ചെലവിന് വകയും യാത്രാ ക്ലേശങ്ങൾ സഹിക്കാൻ കഴിവും ഉള്ളവർക്കേ ഹജ്ജ് നിർബന്ധമുള്ളൂ. അതും ആയുഷ്കാലത്തിലൊരിക്കൽ മാത്രം. യുദ്ധമോ മറ്റു കുഴപ്പങ്ങളോ കാരണം ജീവാപായം ഭയപ്പെടാവുന്ന സാഹചര്യത്തിൽ ഹജ്ജ്‌യാത്ര മാറ്റിവെക്കാം. വാർധക്യം പ്രാപിച്ച മാതാപിതാക്കൾ മക്കളുടെ സമ്മതം ലഭിച്ചേ ഹജ്ജിന് പോകാവൂ എന്നുണ്ട്. സന്താനങ്ങളുടെ അഭാവംമൂലം ഒറ്റക്കുള്ള യാത്രയിൽ, വിഷമങ്ങൾ നേരിടാനിടയുള്ളതുകൊണ്ടാണിത്. ദൈവം, സ്വന്തം അവകാശങ്ങളുടെ കാര്യത്തിൽ അന്യരുടെ അവകാശങ്ങളെ എത്രമാത്രം പരിഗണിച്ചിട്ടുണ്ടെന്ന് ഇതെല്ലാം വ്യക്തമാക്കുന്നു.

ദൈവമാർഗത്തിലുള്ള സമരത്തിലാണ് മനുഷ്യാവകാശങ്ങൾ കൂടുതലായി ബലികഴിക്കപ്പെടുന്നത്. അതിൽ, മനുഷ്യൻ സ്വന്തം ദേഹവും ധനവും ജീവൻ തന്നെയും ബലിയർപ്പിക്കുന്നു. മാത്രമല്ല, അന്യരുടെത് ഹനിക്കുകയും ചെയ്യുന്നു. എന്നാൽ, മുമ്പ് പ്രസ്താവിച്ച പോലെ വലിയ നഷ്ടങ്ങളൊഴിവാക്കാൻ ചെറിയ നഷ്ടങ്ങൾ സഹിക്കണമെന്നാണ് ഇസ്‌ലാമിന്റെ തത്ത്വം. സത്യവും സദാചാരവും ശാന്തിയും നശിക്കുകയും അസത്യവും അധാർമികതയും അസ്വാസ്ഥ്യവും ലോകത്ത് ശക്തിയുറപ്പിക്കുകയും ചെയ്യുക എന്നതും ദൈവിക വ്യവസ്ഥ ശിർക്ക്, കുഫ്ർ, നാസ്തികത എന്നിവയാൽ അടിച്ചമർത്തപ്പെടുക എന്നതും നൂറോ ആയിരമോ ലക്ഷമോ ജനങ്ങൾക്ക് ജീവഹാനി നേരിടുന്നതിനെക്കാൾ വമ്പിച്ച നഷ്ടമാണെന്ന് കാണാം. ഈ വൻ നഷ്ടം ഒഴിവാക്കാനായി ദേഹവും ധനവും ജീവനും ബലികഴിക്കുകയെന്ന ചെറിയ നഷ്ടം ദൈവപ്രീതി മുൻനിർത്തി, സസന്തോഷം സഹിക്കണമെന്ന് ദൈവം വിശ്വാസികളോട് കൽപിച്ചു. എന്നാൽ, അവിടെയും ആവശ്യത്തിൽക്കവിഞ്ഞ് ഒരു തുള്ളി രക്തം പോലും ചിന്തിക്കൂടാ. വൃദ്ധൻമാർ, കുട്ടികൾ, സ്ത്രീകൾ, പരിക്കേറ്റവർ, രോഗികൾ മുതലായവരെ വധിച്ചുകൂടാ. നിഷിദ്ധത്തെ സഹായിക്കാനായി ആയുധമേന്തിയവരോട് മാത്രമേ സമരം ചെയ്യാവൂ. ശത്രുക്കൾക്ക് അനാവശ്യമായി നാശനഷ്ടങ്ങൾ വരുത്തരുത്. അവരുടെ വസ്തുവകകൾ കൊള്ളചെയ്യരുത്. കീഴടങ്ങിയ ശത്രുക്കളോട് നീതിപൂർവം വർത്തിക്കണം. അവരുമായി ചെയ്യുന്ന ഉടമ്പടികൾ പൂർണമായി പാലിക്കണം. അവർ ശത്രുത ഉപേക്ഷിച്ചാലുടനെ യുദ്ധം നിർത്തണം -ഇതെല്ലാം വിശ്വാസികളോടുള്ള ദൈവശാസനകളാണ്. ഇതെല്ലാം കാണിക്കുന്നത് ദൈവത്തിന്റെ അവകാശങ്ങൾ നൽകുന്നതിനായി, അന്യരുടെ അവകാശങ്ങൾ വഴിവിട്ട് ഹനിക്കാൻ ദൈവം അനുവദിക്കുന്നില്ല എന്നത്രേ.

## ദേഹത്തിന്റെ അവകാശങ്ങൾ

രണ്ടാമത്തേത് സ്വന്തം ശരീരത്തിന്റെ അവകാശങ്ങളാണ്. മനുഷ്യൻ തന്നോട് തന്നെയാണ് ഏറ്റവും കൂടുതൽ അക്രമം പ്രവർത്തിക്കുന്നതെന്ന്

പറഞ്ഞാൽ ആശ്ചര്യം തോന്നിയേക്കാം. ആശ്ചര്യകരമായ കാര്യം തന്നെയാണിത്. ഓരോ വ്യക്തിയും കരുതുന്നത് തനിക്ക് ഏറ്റവും കൂടുതൽ സ്നേഹം തന്നോടുതന്നെയാണ് എന്നത്രേ. താൻ തന്റേതന്നെ ശത്രുവാണെന്ന് ആരാണ് സമ്മതിക്കുക? ഈ വസ്തുത ഒന്ന് പരിശോധിച്ചാൽ കാര്യം ബോധ്യപ്പെടും.

വല്ല വസ്തുവിനോടും ആശ വർധിച്ചാൽ മനുഷ്യൻ അതിന്റെ അടിമയായി മാറുന്നു. അതിന്റെ പേരിലവൻ, അറിഞ്ഞോ അറിയാതെയോ സ്വയം നാശം വരുത്തിവെക്കും. ഇത് ഒരു, മാനുഷിക ദൗർബല്യമാണ്. ഒരു മദ്യപൻ മദ്യം കിട്ടാൻ ഭ്രാന്തന്മാരെപ്പോലെ പെരുമാറുന്നു. ആരോഗ്യമോ ധനമോ മാനമോ നഷ്ടപ്പെടുന്നത് അയാൾക്ക് പ്രശ്നമേ അല്ല. എന്തു നഷ്ടവും അയാൾ സഹിക്കും. തീറ്റഭ്രാന്തൻമാർ കണ്ണിൽ കണ്ടതെല്ലാം തിന്ന് രോഗം ക്ഷണിച്ചുവരുത്തും. കാമഭ്രാന്തന്മാർ സ്വന്തം നാശത്തിന് കാരണമാകുന്നതെല്ലാം ചെയ്യും. ആത്മീയഭ്രമം തലക്ക് പിടിച്ചവൻ, ദേഹേച്ഛകളടിച്ചമർത്തി, പ്രാഥമികാവശ്യങ്ങൾപോലും ത്യജിച്ച് സ്വജീവനെപ്പോലും അപകടത്തിലാക്കും. വിവാഹം വെടിഞ്ഞ് ബ്രഹ്മചാരിയാവും. ആഹാര-പാനീയ-വസ്ത്രാദികൾ വർജിക്കും. ശ്വാസം കഴിക്കുന്നതുപോലും അവരിഷ്ടപ്പെടില്ല. കാട്ടിലും മേട്ടിലും പോയി തപസ്സിരിക്കും. ഈ ലോകം തനിക്കുള്ളതല്ലെന്ന് തീരുമാനിക്കും. മനുഷ്യന്റെ തീവ്രമായ ചില വാസനകൾക്കുള്ള ഉദാഹരണങ്ങളാണിവ. ഇതിന്റെ വിവിധ രൂപങ്ങൾ രാത്രിയും പകലും നമുക്ക് ചുറ്റും നാം കണ്ടുകൊണ്ടിരിക്കുന്നുണ്ട്.

ഇസ്ലാമിക ശരീഅത്തിന്റെ ലക്ഷ്യം മനുഷ്യന്റെ നന്മയും ക്ഷേമവും വിജയസൗഭാഗ്യങ്ങളുമാണ്. അതിനാൽ, "നിന്റെ ദേഹത്തിന് നീ നൽകേണ്ടതായ ചില അവകാശങ്ങളുണ്ട്" എന്ന് അത് മനുഷ്യനെ സഗൗരവം ഉദ്ബോധിപ്പിക്കുന്നു. മനുഷ്യന് ദോഷമോ നാശമോ വരുത്തുന്ന സകല കാര്യങ്ങളും ശരീഅത്ത് നിരോധിച്ചിരിക്കുന്നു. പന്നിമാംസം, മാംസഭുക്കുകളായ വന്യമൃഗങ്ങൾ, വിഷജന്തുക്കൾ, രക്തം, ശവം മുതലായവ ഉദാഹരണം. മനുഷ്യന്റെ ബുദ്ധി, ആരോഗ്യം, സ്വഭാവം, ആത്മീയ ബോധം എന്നിവക്ക് അവ ഹാനികരമായതാണ് ഈ നിരോധത്തിന് കാരണം. എന്നാൽ, ശുദ്ധവും ഗുണപ്രദവുമായ എല്ലാ വസ്തുക്കളും ശരീഅത്ത് അനുവദിച്ചിട്ടുണ്ട്. 'ശരീരത്തിന് ശുദ്ധമായ ആഹാരം നിഷേധിക്കരുത്. കാരണം, നിന്റെ ശരീരത്തിന് നീ നൽകേണ്ട ചില അവകാശങ്ങളുണ്ട്' എന്ന് അത് ഉണർത്തുന്നു. നഗ്നരായി നടക്കരുത്. ദൈവം ഉൽപാദിപ്പിച്ചു തന്നിട്ടുള്ള വസ്ത്രം ധരിക്കണമെന്ന് ശരീഅത്ത് നിർദേശിക്കുന്നു. നിത്യവൃത്തിക്കായി ജോലി ചെയ്യാൻ അത് കൽപിക്കുന്നു. അലസനായും യാചിച്ചും കാലം കഴിക്കരുത്; പട്ടിണി കിടന്ന് മരിക്കരുത്; ദൈവം നൽകിയ കഴിവുകളുപയോഗപ്പെടുത്തണം; ആകാശഭൂമികളിൽ ദൈവം ഒരുക്കിവെച്ച സകല നിക്ഷേപങ്ങളും സാമഗ്രികളും സ്വജീവിതത്തിനുപയുക്തമാക്കണം- ഇതാണതിന്റെ ശാസന. കാമവികാരം അടിച്ചമർത്തുന്നതും ശരീഅത്തിന്റെ ദൃഷ്ടിയിൽ തെറ്റാണ്.

വികാരശമനത്തിനായി വിവാഹം കഴിക്കാനാണ് അത് ആവശ്യപ്പെടുന്നത്. സന്യാസം ഇസ്‌ലാമിനന്യമാണ്. ജീവിതത്തിലെ സുഖാനന്ദങ്ങൾ തട്ടിക്കളയരുത് എന്ന് അത് ഉദ്ബോധിപ്പിക്കുന്നു. ദൈവ സാമീപ്യവും പരലോക മോക്ഷവും ലഭിക്കാൻ ഇഹലോകസുഖങ്ങൾ വെടിയേണ്ട ആവശ്യമില്ല. മറിച്ച്, ലൗകിക കാര്യങ്ങളിൽ ദൈവത്തെ സ്‌മരിക്കുകയും അവന്റെ നിയമ വ്യവസ്ഥകൾ ലംഘിക്കാതിരിക്കുകയും ദൈവശാസനകൾക്കൊത്ത് ജീവിതം നയിക്കുകയും ചെയ്താൽ ഇഹപരലോകങ്ങളിലെ വിജയസൗഭാഗ്യങ്ങൾ നേടാം. ആത്മഹത്യ ശരീഅത്ത് വിരോധിച്ചിരിക്കുന്നു. കാരണം-ജീവൻ യഥാർഥത്തിൽ ദൈവത്തിന്റേതാണ്. അത് വെറുതെ നശിപ്പിച്ചുകൂടാ. ദൈവം നിശ്ചയിച്ച അവധി വരെ ഉപയോഗപ്പെടുത്താനുള്ളതാണത്.

## സമസൃഷ്ടികളുടെ അവകാശങ്ങൾ

സ്വദേഹത്തിന്റെ അവകാശങ്ങൾ നൽകാൻ ശരീഅത്ത് കൽപിക്കുന്നു. പക്ഷേ, അത് നൽകുമ്പോൾ അന്യരുടെ അവകാശങ്ങൾ ഹനിക്കപ്പെട്ടുകൂടാ എന്ന് അതിന് നിർബന്ധമുണ്ട്. അന്യരുടെ അവകാശങ്ങൾ കവർന്നെടുത്ത് സ്വന്തം ഇച്ഛകളെ തൃപ്തിപ്പെടുത്തുന്നവർ സ്വശരീരത്തെത്തന്നെ മലിനപ്പെടുത്തുകയാണ്. അതുകൊണ്ട് മോഷണം, കവർച്ച, വഞ്ചന, കൈക്കൂലി, പലിശ, കള്ളക്കേസ്, കള്ളസാക്ഷ്യം എന്നിവ ശരീഅത്ത് നിഷിദ്ധമായിക്കാണുന്നു. ഈ മാർഗത്തിലൂടെ ഒരാൾ വല്ലതും നേടുമ്പോൾ മറ്റൊരാൾക്കത് നഷ്ടം വരുത്തും. കള്ളം, പരദൂഷണം, ഏഷണി, വ്യാജമായ കുറ്റാരോപണം തുടങ്ങിയവയും ഈ ഗണത്തിൽപ്പെട്ടതാണ്. ചൂത്, ലോട്ടറി എന്നിവയും ഇതുപോലെത്തന്നെ. ഇവയിലൂടെയെല്ലാം ഒരു വ്യക്തി നേടുന്ന ലാഭം മറ്റനേകം വ്യക്തികളുടെ നഷ്ടത്തെ ആശ്രയിച്ചാണിരിക്കുന്നത്. ചതി, വഞ്ചനയടങ്ങിയ ഇടപാടുകൾ, ക്രയവിക്രയത്തിൽ ഒരു കക്ഷിക്കു മാത്രം നഷ്ടം വരുന്ന വ്യാപാരവ്യവസ്ഥ, അക്രമം, കൊല, മർദനം എന്നിവയും ശരീഅത്ത് നിരോധിച്ചവയാണ്. തനിക്ക് ലാഭം നേടാനും തന്റെ ആശകൾ പൂർത്തീകരിക്കാനും അന്യരെ പീഡിപ്പിക്കാനോ അവരുടെ ജീവൻ ഹനിക്കാനോ ആർക്കുമവകാശമില്ല. വ്യഭിചാരം, പ്രകൃതിവിരുദ്ധ ലൈംഗികത എന്നിവയും ശരീഅത്തിൽ അനുവദനീയമല്ല. ഇത്തരം ദുർവൃത്തികൾ അതിലേർപ്പെടുന്നവരുടെ ആരോഗ്യം നശിപ്പിക്കുകയും സ്വഭാവം ദുഷിപ്പിക്കുകയും ചെയ്യും. മാത്രമല്ല, സമൂഹത്തിൽ പൊതുവേ നിർലജ്ജതയും ദുഷിച്ച സ്വഭാവങ്ങളും മഹാരോഗങ്ങളും പടർന്നുപിടിക്കാൻ അവ വഴിവെക്കും. യുവ തലമുറ നശിച്ചുപോവുകയാവും അതിന്റെ ഫലം. പല വിധത്തിലുള്ള കുഴപ്പങ്ങൾക്കും അരാജകത്വത്തിനും അതിടയാക്കും. മനുഷ്യബന്ധങ്ങൾ താറുമാറായിപ്പോവുകയും നാഗരികതയുടെ അടിവേരുതന്നെ അറ്റുപോവുകയും ചെയ്യും.

അന്യരുടെ അവകാശങ്ങൾ സംരക്ഷിക്കാനായി ശരീഅത്ത്, വ്യക്തികളുടെ മേൽ ചുമത്തിയ നിബന്ധനകളാണിതുവരെ പറഞ്ഞത്. എന്നാൽ,

സാമൂഹിക ജീവിതത്തിന്റെ കെട്ടുറപ്പും നാഗരിക പുരോഗതിയും കൈവരിക്കാൻ വ്യക്തി, സമൂഹത്തിന്റെ അവകാശങ്ങൾ ഹനിക്കാതിരുന്നാൽ മാത്രം പോരാ. മറിച്ച്, വ്യക്തികൾ പരസ്പരം സഹായിക്കത്തക്കവണ്ണം അവരുടെ ബന്ധം സുദൃഢമാകേണ്ടതുണ്ട്. ഈ ആവശ്യാർഥം ശരീഅത്ത് ആവിഷ്കരിച്ചിട്ടുള്ള നിയമങ്ങളെന്തൊക്കെയെന്ന് നോക്കാം.

മനുഷ്യബന്ധങ്ങളുടെ ആരംഭം കുടുംബത്തിൽനിന്നാണല്ലോ. ഭർത്താവ്, ഭാര്യ, സന്താനങ്ങൾ എന്നിവയുടെ കൂട്ടായ്മക്കാണ് കുടുംബം എന്ന് പറയുന്നത്. ശരീഅത്തനുസരിച്ച് ജോലിചെയ്ത് കുടുംബം പുലർത്തേണ്ട ബാധ്യത പുരുഷന്റേതാണ്. ഗൃഹകാര്യങ്ങൾ നോക്കിനടത്തുക, ഭർത്താവിനും സന്താനങ്ങൾക്കും കഴിയുന്നത്ര സുഖസൗകര്യങ്ങളൊരുക്കുക, ശിക്ഷണസംരക്ഷണങ്ങൾ നൽകി സന്താനങ്ങളെ വളർത്തുക എന്നിവയാണ് സ്ത്രീയിലർപ്പിക്കപ്പെട്ട ബാധ്യതകൾ. മാതാപിതാക്കളെ അനുസരിക്കുക, അവരോട് ആദരവ് കാണിക്കുക, വാർധക്യത്തിൽ അവരെ സംരക്ഷിക്കുക തുടങ്ങിയവ സന്താനങ്ങളുടെ ചുമതലകളിൽപ്പെടുന്നു. ഈ കുടുംബവ്യവസ്ഥ നിലനിർത്താൻ ഇസ്‌ലാം രണ്ട് മാർഗങ്ങളാണ് സ്വീകരിച്ചത്. ഒന്നാമതായി, പുരുഷനെ കുടുംബനാഥനായി നിശ്ചയിച്ചു. ഒരു ഭരണാധിപനില്ലാതെ രാജ്യത്ത് ഒരു വ്യവസ്ഥയും ഉണ്ടാവില്ല. ഹെഡ്മാസ്റ്ററില്ലാതെ സ്കൂൾ നടക്കില്ല. അതുപോലെ നാഥനില്ലാതെ കുടുംബവ്യവസ്ഥയും പുലരില്ല. ഓരോ അംഗവും തന്നിഷ്ടം പ്രവർത്തിക്കുന്ന കുടുംബത്തിൽ സദാ വഴക്കും വക്കാണവും കശപിശയും മാത്രമേ കാണൂ. സന്തോഷവും സൗഖ്യവും പേരിനു പോലുമവിടെയുണ്ടാവില്ല. ഭർത്താവ് ഒരു വഴിക്കും ഭാര്യ മറ്റൊരു വഴിക്കും പോകും. സന്താനങ്ങൾക്ക് ആഹാരം പോലും ലഭിക്കില്ല. ഈ സ്ഥിതിയൊഴിവാക്കാൻ കുടുംബത്തിനൊരു നാഥനുണ്ടായേ പറ്റൂ. അത് പുരുഷൻ തന്നെ ആയിരിക്കണം. കാരണം, കുടുംബത്തെ സംരക്ഷിക്കുന്നതിനും അവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനുമുള്ള ബാധ്യത പുരുഷന്റേതാണല്ലോ.

കുടുംബവ്യവസ്ഥ നിലനിർത്താൻ ഇസ്‌ലാം സ്വീകരിച്ച രണ്ടാമത്തെ മാർഗം ഇതാണ്: വീടിനു പുറത്തുള്ള സകല ജോലികളുടെയും ഉത്തരവാദിത്വം പുരുഷനു നൽകുകയും സ്ത്രീയോട് അനാവശ്യമായി വീട്ടിന് വെളിയിൽ പോകരുതെന്ന് കൽപിക്കുകയും ചെയ്തു. വീട്ടിന് പുറത്തുള്ള ചുമതലകളിൽനിന്ന് സ്ത്രീയെ ഒഴിവാക്കി നിർത്തി. ഇത് സ്വസ്ഥതയോടും സമാധാനത്തോടുംകൂടി വീട്ടിനകത്തുള്ള കർത്തവ്യങ്ങൾ നിർവഹിക്കാൻ സ്ത്രീക്ക് അവസരമേകുന്നു. എന്നാൽ, സ്ത്രീകൾ വീട്ടിൽനിന്ന് തീരെ പുറത്തുപോകരുതെന്ന് ഇതിനർഥമില്ല. ആവശ്യം നേരിടുമ്പോൾ സ്ത്രീക്ക് വെളിയിൽ പോകാം. സ്ത്രീയുടെ കർത്തവ്യങ്ങളുടെ സാക്ഷാൽ രംഗം അവളുടെ ഗൃഹമായിരിക്കണമെന്നും അവളുടെ മുഴുവൻ കഴിവുകളും ഗാർഹിക ജീവിതത്തെ കൂടുതൽ സുഖപ്രദമാക്കുന്നതിൽ വിനിയോഗിക്കണമെന്നും മാത്രമാണ് ഇസ്‌ലാമിന്റെ ഉദ്ദേശ്യം.[5]

രക്തബന്ധവും സ്നേഹബന്ധവും കുടുംബവൃത്തത്തെ കുറേക്കൂടി

വികസിപ്പിക്കുന്നു. ഈ വൃത്തത്തിൽ കൂടിക്കഴിയുന്നവർ തമ്മിലുള്ള ബന്ധം നന്നാക്കാനും അവരെ പരസ്പരം സഹായികളാക്കി മാറ്റാനും ശരീഅത്ത് യുക്തിനിഷ്ഠവും പ്രായോഗികവുമായ ചില നിയമങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. അവയിൽ ചിലതാണ് ചുവടെ:

1. പ്രകൃത്യാ പരസ്പരം ഇടപെട്ട് വസിക്കേണ്ടിവരുന്ന സ്ത്രീപുരുഷന്മാർ തമ്മിലുള്ള വിവാഹബന്ധം ശരീഅത്ത് നിയമവിരുദ്ധമാക്കി. മാതാവും മകനും; പിതാവും മകളും; മാതാവിന്റെ ഭർത്താവും ഭാര്യയുടെ മകളും; പിതാവിന്റെ ഭാര്യയും ഭർത്താവിന്റെ മകനും; സഹോദരീ സഹോദരന്മാർ; പിതൃവ്യനും സഹോദരപുത്രിയും; പിതൃസഹോദരിയും സഹോദരപുത്രനും; മാതൃസഹോദരനും സഹോദരീപുത്രിയും; മാതൃസഹോദരികളും സഹോദരീ പുത്രന്മാരും; ഭാര്യാമാതാവും പുത്രീ ഭർത്താവും; ഭർത്തൃ പിതാവും പുത്രഭാര്യയും-ഇവരാണ് ശരീഅത്ത് വിവാഹബന്ധം നിഷിദ്ധമാക്കിയിട്ടുള്ള രക്ത -കുടുംബ ബന്ധുക്കൾ. ഇതിൽ ധാരാളം ഗുണങ്ങളടങ്ങിയിട്ടുണ്ട്. ഈ വിഭാഗത്തിൽപ്പെട്ടവർ തമ്മിലുള്ള പെരുമാറ്റം പരിപാവനമായിത്തീരുകയും ദുർവിചാരങ്ങൾ കലരാത്ത നിഷ്കളങ്കസ്നേഹത്തോടെ അവർ തമ്മിൽ സഹവസിക്കുകയും ചെയ്യുക എന്നത് അവയിൽ മുഖ്യമായ ഒന്നത്രേ.

2. പരസ്പര ബന്ധം കൂടുതൽ ദൃഢമായിത്തീരാനായി കുടുംബത്തിലെ നിയമവിരുദ്ധമാക്കപ്പെട്ടവരൊഴിച്ചുള്ള മറ്റു സ്ത്രീപുരുഷന്മാർ തമ്മിൽ വിവാഹം ചെയ്യുന്നത് ശരീഅത്ത് അനുവദനീയമാക്കി. സ്വഭാവങ്ങളും ആചാരസമ്പ്രദായങ്ങളും പരിചയിച്ചറിഞ്ഞവർ തമ്മിലുണ്ടാകുന്ന വിവാഹബന്ധമാണ് കൂടുതൽ വിജയകരമായിത്തീരുക. അന്യരുമായുള്ള ബന്ധത്തിൽ പലപ്പോഴും വിയോജിപ്പും ഭിന്നിപ്പും ഉണ്ടാകാൻ സാധ്യത ഏറെയാണ്. ഇക്കാരണത്താലാണ് ഇസ്‌ലാം എല്ലാ നിലയിലും അന്യോന്യം യോജിപ്പുള്ള സ്ത്രീ പുരുഷന്മാർ തമ്മിലുള്ള വിവാഹത്തിന് മുൻഗണന നൽകുന്നത്.

3. ഒരു കുടുംബത്തിൽ ദരിദ്രരും സമ്പന്നരുമുണ്ടാകും. സുസ്ഥിതിയിലുള്ളവരും ദുഃസ്ഥിതിയിലുള്ളവരും കാണും. അതിനാൽ, വ്യക്തികൾ സ്വന്തം കുടുംബാംഗങ്ങളുടെ സംരക്ഷണത്തിന് മുൻഗണന നൽകണമെന്ന് ഇസ്‌ലാം അനുശാസിക്കുന്നു. ഇതിന് ഇസ്‌ലാമിന്റെ സാങ്കേതിക ഭാഷയിൽ 'സ്വിലതുർറഹ്മ്' (കുടുംബബന്ധങ്ങൾ ചേർക്കൽ)എന്നു പറയുന്നു. ഇസ്‌ലാം അതിഗൗരവത്തോടെ കാണുന്ന കാര്യമാണിത്. കുടുംബബന്ധങ്ങൾ വേർപെടുത്തുന്നതിന് 'ഖത്ഉർറഹ്മ്'എന്നാണ് സാങ്കേതിക ഭാഷ. ഇത് നിഷിദ്ധമായ മഹാപാപമാണ്. ബന്ധുക്കളിലൊരാൾ ദരിദ്രനോ മറ്റു ദുരിതങ്ങളുള്ളയാളോ ആണെങ്കിൽ അവനെ കഴിയുംവിധമെല്ലാം സഹായിക്കേണ്ടത് സുസ്ഥിതിയിൽ കഴിയുന്ന ബന്ധുക്കളുടെ കർത്തവ്യമാകുന്നു. ദാനധർമങ്ങളിലും ബന്ധുക്കളുടെ അവകാശങ്ങൾക്ക് ഇസ്‌ലാം പ്രത്യേകം മുൻഗണന നൽകുന്നുണ്ട്.

4. യുക്തിനിഷ്ഠമായ ഒരു അനന്തരാവകാശനിയമം ഇസ്‌ലാം ആവിഷ്കരിച്ചു. മരണാനന്തരം ഒരാളുടെ സമ്പത്ത് മരവിച്ചുപോകാതെ, സ്വന്തം ബന്ധു

ക്കൾക്കിടയിൽ വീതിക്കപ്പെടുന്ന ദായക്രമവ്യവസ്ഥ. പുത്രൻ, പുത്രി, ഭാര്യ, ഭർത്താവ്, പിതാവ്, മാതാവ്, സഹോദരൻ, സഹോദരി എന്നിവരാണ് ഒരാളുടെ ഏറ്റവും അടുത്ത ബന്ധുക്കൾ. അതിനാൽ, ദായക്രമത്തിന്റെ പ്രഥമ ശ്രേണിയിൽ അവരാണുള്ളത്. അവരിൽ ആരുമില്ലെങ്കിൽ പരേതനോട് താരതമ്യേന കൂടുതൽ അടുത്തവർക്ക് ഓഹരി ലഭിക്കുന്നതാണ്. ഇവ്വിധം മരണാനന്തരം ഒരാൾ വിട്ടുപോകുന്ന സമ്പത്ത് സ്വകുടുംബത്തിലെ അനേകം പേർക്ക് പ്രയോജനപ്പെടുന്നു. ഈ ഇസ്‌ലാമിക നിയമം ലോകത്ത് തുല്യതയില്ലാത്ത ഒന്നത്രേ. അടുത്തകാലത്തായി ഇതര സമുദായങ്ങളും അത് പകർത്തിയെടുക്കാൻ തുടങ്ങിയിരിക്കുന്നു. പക്ഷേ, മുസ്‌ലിംകളിൽ ചിലർ സ്വന്തം അജ്ഞതയും പിടിപ്പുകേടും മൂലം ഈ വിശിഷ്ട നിയമത്തെ ലംഘിക്കുന്നുവെന്നത് എന്തുമാത്രം പരിതാപകരമല്ല! വിശിഷ്യാ, പെൺകുട്ടികൾക്ക് അവകാശം കൊടുക്കാതിരിക്കുക എന്ന സമ്പ്രദായം ഇന്ത്യയിലും പാകിസ്താനിലുമുള്ള മുസ്‌ലിംകളിൽ വളരെയധികം വ്യാപിച്ചിട്ടുണ്ട്. ഇത് കടുത്ത അക്രമവും വിശുദ്ധ ഖുർആന് തീർത്തും വിരുദ്ധവുമാണ്.

ബന്ധുക്കൾ കഴിഞ്ഞാൽ, നമ്മുടെ ബന്ധം സ്നേഹജനങ്ങൾ, അയൽവാസികൾ, ദേശക്കാർ, രാജ്യക്കാർ എന്നിവരോടാണ്. ഇവരോടെല്ലാം സത്യസന്ധതയോടും മര്യാദയോടും നീതിബോധത്തോടും സദ്വികാരത്തോടും കൂടി വർത്തിക്കണമെന്ന് ഇസ്‌ലാം കൽപിക്കുന്നു. ആരെയും കഷ്ടപ്പെടുത്തരുത്, ആരുടെയും മനസ്സിനെ വേദനിപ്പിക്കരുത്, ആരോടും അസഭ്യം പറയരുത്, അന്യോന്യം സഹായിക്കുക, രോഗികളെ സന്ദർശിക്കുകയും അവർക്കുവേണ്ട ശുശ്രൂഷകൾ നടത്തുകയും ചെയ്യുക; മരിച്ചവരുടെ ശവസംസ്കാരത്തിൽ പങ്കുചേരുക, ആപത്തിനിരയാവുന്നവരോട് അനുകമ്പയും സഹതാപവും കാണിക്കുക, പാവങ്ങൾക്കും അഗതികൾക്കും വികലാംഗർക്കും രഹസ്യമായി സഹായമെത്തിക്കുക, തൊഴിൽ രഹിതർക്ക് തൊഴിൽ നൽകി സഹായിക്കുക, സമ്പത്ത് സ്വന്തം സുഖാഡംബരങ്ങളിൽ മാത്രം വ്യയം ചെയ്യാതെ, പരസഹായത്തിനായി വിനിയോഗിക്കുക-ഇതെല്ലാം അന്യജനങ്ങളോട് വർത്തിക്കേണ്ടുന്ന ഇസ്‌ലാമികാനുശാസനകളാണ്. സ്വർണവും വെള്ളിയും കൊണ്ടുള്ള പാത്രങ്ങളുപയോഗിക്കുന്നതും പുരുഷന്മാർ പട്ടു വസ്ത്രങ്ങളും സ്വർണാഭരണങ്ങളുമണിയുന്നതും ധനം അനാവശ്യവിനോദങ്ങളിലും ആഡംബരങ്ങളിലും ദുർവ്യയം ചെയ്യുന്നതും ഇസ്‌ലാം വിലക്കുന്നു. പരസഹസ്രം ദൈവദാസന്മാർക്ക് ആഹാരത്തിനുതകേണ്ട ധനം ഒരു വ്യക്തി ധൂർത്തടിച്ചു കളയുന്നത് ശരിയല്ലല്ലോ. നിരവധി പേരുടെ വിശപ്പടക്കാൻ മതിയാകുന്ന ധനം ഒരാഭരണത്തിന്റെ രൂപത്തിൽ ഒരാളുടെ ശരീരത്തിൽ തൂങ്ങിക്കിടക്കുകയോ ഒരു പാത്രത്തിന്റെ രൂപത്തിൽ ഒരു മേശപ്പുറം അലങ്കരിക്കുകയോ ഒരു പരവതാനിയുടെ രൂപത്തിൽ ഒരു സ്വീകരണമുറിക്ക് ശോഭ പകരുകയോ കരിമരുന്നായി അഗ്നിയിൽ കത്തി ദഹിക്കുകയോ ചെയ്യുന്നത് കടുത്ത അക്രമമാണ്. സമ്പത്ത് വ്യക്തികളിൽനിന്ന് അപ്പാടെ പിടിച്ചെടുക്കാൻ ഇസ്‌ലാം ഉദ്ദേശിക്കുന്നില്ല. ഒരുവന്റെ സ്വന്തം സമ്പാദ്യവും അനന്തരാവകാശമായി

ലഭിച്ച ധനവും അവന്റേത് തന്നെയാണ്. അതുപയോഗിച്ച് ജീവിതത്തെ ആനന്ദപ്രദമാക്കാനുള്ള പൂർണാധികാരം വ്യക്തിക്കുണ്ട്. ദൈവം നമുക്ക് നൽകിയിട്ടുള്ള അനുഗ്രഹങ്ങൾ വീട്, വാഹനം, വസ്ത്രം മുതലായവയിൽ പ്രകടമായിക്കാണുന്നതും ഇസ്ലാം വെറുക്കുന്നില്ല. ആഡംബരവും ധൂർത്തുമില്ലാത്ത മിതമായ ഒരു ജീവിതശൈലി സ്വീകരിക്കണമെന്നേ ഇസ്ലാം ഉദ്ദേശിക്കുന്നുള്ളൂ. നമ്മുടെ ആവശ്യങ്ങൾ അതിരില്ലാത്തവിധം വർധിപ്പിക്കാതെ, കുടുംബാംഗങ്ങൾക്കും സ്നേഹജനങ്ങൾക്കും അയൽവാസികൾക്കും സമുദായാംഗങ്ങൾക്കും ദേശവാസികൾക്കും അവരുടെ അവകാശങ്ങൾ നൽകണമെന്നും അതാഗ്രഹിക്കുന്നു.[6]

ഈ പരിമിത വൃത്തത്തിന് പുറത്ത് വിശാലമായ ഒരു ലോകമുണ്ട്. മുഴുവൻ മുസ്ലിംകളും ഉൾക്കൊള്ളുന്ന ഒരു ലോകം. ഏതു ദേശക്കാരോ ഭാഷക്കാരോ തലമുറക്കാരോ ആകട്ടെ, മുസ്ലിംകൾ പരസ്പരം സഹകാരികളായിരിക്കണം. അവർക്കിടയിൽ അനിഷ്ടസംഭവങ്ങളുണ്ടാകാനുള്ള വഴികളടച്ചു കളയണം. ഈ ഉദ്ദേശ്യാർഥം ഇസ്ലാം ചില വ്യവസ്ഥകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഉദാഹരണത്തിനായി ചിലത് മാത്രം ഇവിടെ സൂചിപ്പിക്കാം:

1. മുസ്ലിംകളുടെ പരസ്പര ബന്ധം സുദൃഢവും പാവനവുമാക്കേണ്ടതിന് അവരുടെ സ്വഭാവം സംസ്കരിക്കേണ്ടതും അവരിൽ സാന്മാർഗിക ബോധം വളർത്തേണ്ടതുമുണ്ട്. ഇത് മുൻനിർത്തി, വിവാഹബന്ധത്തിലേർപ്പെടാൻ അനുവാദമുള്ള സ്ത്രീപുരുഷന്മാരുടെ സ്വതന്ത്രമായ കൂടിച്ചേരൽ ഇസ്ലാം വിലക്കുന്നു. സ്ത്രീ പുരുഷന്മാരുടെ 'സൊസൈറ്റികൾ' വെവ്വേറെ ആയിരിക്കണമെന്നാണ് ഇസ്ലാമിന്റെ ശാസന. സ്ത്രീകളുടെ കർമരംഗം ഗൃഹമാണ്. പുറത്തിറങ്ങേണ്ട ആവശ്യം വന്നാൽ ആകർഷകമല്ലാത്ത അനാഡംബര വസ്ത്രങ്ങൾ ഉപയോഗിച്ച് ശരീരം മുഴുവനും ശരിക്ക് മറച്ചേ ഇറങ്ങാവൂ. നിവൃത്തിയില്ലാത്ത ഘട്ടങ്ങളിലല്ലാതെ മുഖമോ കൈപ്പടമോ പോലും പുറത്തു കാണിക്കരുത് -ഇസ്ലാം സ്ത്രീകൾക്കു നൽകുന്ന നിർദേശങ്ങളാണിവ. അതേയവസരം, അന്യസ്ത്രീകളെ നോക്കരുതെന്നും, കണ്ടുപോയാൽ ദൃഷ്ടി തിരിച്ചുകളയണമെന്നും രണ്ടാമത് നോക്കാൻ തുനിയുകയോ അവരെ സമീപിക്കാൻ ശ്രമിക്കുകയോ ചെയ്യരുതെന്നും ഇസ്ലാം പുരുഷന്മാരോടും ആജ്ഞാപിക്കുന്നു. സ്വഭാവ സംസ്കരണത്തിനും വികാരശമനത്തിനുമായി ദൈവം നിശ്ചയിച്ച വിവാഹം എന്ന അതിരിനപ്പുറം ചാടാൻ ശ്രമിക്കരുത്. എന്നല്ല, അങ്ങനെയൊരു ചിന്തപോലും ഉദ്ഭവിച്ചുകൂടാ. ഈ മട്ടിൽ ആത്മനിയന്ത്രണം പാലിക്കേണ്ടത്, ഇസ്ലാമിക ദൃഷ്ട്യാ സ്ത്രീപുരുഷന്മാരുടെ ഒഴിച്ചുകൂടാത്ത ബാധ്യതയത്രേ.

2. മുസ്ലിംകളുടെ ധാർമിക ഭദ്രതക്ക് ശരീഅത്ത് നിശ്ചയിച്ച മറ്റൊരു വ്യവസ്ഥ വസ്ത്രധാരണത്തിലാണ്. പുരുഷന്മാർ കാൽമുട്ടിനും പൊക്കിളിനും ഇടക്കുള്ള ഭാഗവും സ്ത്രീകൾ മുഖവും കൈപ്പടവും ഒഴിച്ചുള്ള ഭാഗവും മറയ്ക്കണം എന്ന് ഇസ്ലാം അനുശാസിക്കുന്നു. അടുത്ത ബന്ധുവിന്റെ മുമ്പിൽ പോലും അവ തുറന്നിടരുത്. ശരീരത്തിലെ പ്രസ്തുത ഭാഗങ്ങൾക്ക്

ശരീഅത്തിന്റെ ഭാഷയിൽ 'സിത്റ്'(മറ) എന്ന് പറയുന്നു. മുസ്‌ലിംകളിൽ ലജ്ജാശീലം വളർത്തുകയും ദുർവൃത്തികൾക്ക് പ്രേരിപ്പിക്കുന്ന നിർലജ്ജത പടർന്നുപിടിക്കുന്നത് തടയുകയുമാണ് ഇതുകൊണ്ട് ഇസ്‌ലാം ലക്ഷ്യമാക്കുന്നത്.

3. വിനോദങ്ങൾക്ക് ഇസ്‌ലാം ഏർപ്പെടുത്തിയ നിയന്ത്രണമാണ് മൂന്നാമത്തെ സംഗതി. സ്വഭാവം ദുഷിപ്പിക്കുകയും ദുരാഗ്രഹവും ദുർവികാരങ്ങളും ഉത്തേജിപ്പിക്കുകയും ചെയ്യുന്ന വിനോദങ്ങൾ അതനുവദിക്കില്ല. സമയം, ആരോഗ്യം, ധനം, മാനം എന്നിവ നശിപ്പിക്കുന്ന വിനോദങ്ങളും നിഷിദ്ധമത്രേ. ഒഴിവു വേളകളിൽ വിനോദങ്ങൾ സ്വന്തം നിലക്ക് ഏറെ ആവശ്യമാണ്. നവോന്മേഷവും കർമചൈതന്യവും പകരാൻ അധ്വാനത്തോടൊപ്പം ലീലാവിനോദങ്ങളും അത്യന്താപേക്ഷിതമാണ്. പക്ഷേ, അവ ആത്മാവിനെ മലിനമാക്കുന്ന തരത്തിലുള്ളവയാവരുത്. സ്ത്രീ പുരുഷ ഭേദമില്ലാതെ, പരസഹസ്രം ജനങ്ങൾ, പാപവൃത്തികളുടെ സാങ്കൽപികാവിഷ്കാരങ്ങളും അശ്ലീല ദൃശ്യങ്ങളും കണ്ടുകൊണ്ടിരിക്കുക എന്ന അസംബന്ധം പുറമേ എത്രതന്നെ ആകർഷകമായിരുന്നാലും ജനങ്ങളുടെ സ്വഭാവചര്യകളെ അങ്ങേയറ്റം ദുഷിപ്പിക്കുന്നവയാണ് എന്ന കാര്യത്തിൽ തർക്കമില്ല.

4. കക്ഷിമാത്സര്യങ്ങളും ശൈഥില്യവും തീരേ വർജിക്കണമെന്ന് ഇസ്‌ലാം മുസ്‌ലിംകളോട് ശക്തിയായി ആവശ്യപ്പെടുന്നു. സമുദായത്തിന്റെ ഭദ്രതക്കും ക്ഷേമൈശ്വര്യങ്ങൾക്കും ഇത് അനുപേക്ഷണീയമത്രേ. അഭിപ്രായവ്യത്യാസങ്ങൾ, ആത്മാർഥതയോടും ഉദ്ദേശ്യ ശുദ്ധിയോടും കൂടി, വിശുദ്ധ ഖുർആന്റെയും തിരുസുന്നത്തിന്റെയും തീർപ്പിന് വിടണം. എന്നിട്ടും ഒരു തീരുമാനം അസാധ്യമായിത്തീരുന്നുവെങ്കിൽ തമ്മിൽ കലഹിക്കാതെ അത് ദൈവത്തിങ്കലർപ്പിക്കുകയാണ് വേണ്ടത്. മുസ്‌ലിംകൾക്ക് നന്മയും വിജയവും കൈവരുത്തുന്ന കാര്യങ്ങളിൽ സഹകരിക്കുക, നേതാക്കളെ അനുസരിക്കുക, നാശവും ആഭ്യന്തരകുഴപ്പവും ഉണ്ടാക്കുന്നവരിൽനിന്ന് വിട്ടുനിൽക്കുക, തമ്മിൽ കലഹിച്ച് അപകീർത്തിയും ബലഹീനതയും വരുത്താതിരിക്കുക എന്നിവയെല്ലാം ശരീഅത്ത് മുസ്‌ലിംകളോട് ശക്തിയായി ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങളാണ്.

5. അമുസ്‌ലിംകളിൽനിന്ന് ശാസ്ത്ര-കലാ വിജ്ഞാനീയങ്ങൾ കരസ്ഥമാക്കാനും അവരുടെ ഫലപ്രദമായ ജീവിത മാർഗങ്ങൾ പഠിക്കാനും മുസ്‌ലിംകൾക്ക് പൂർണാനുവാദമുണ്ട്. എന്നാൽ, ജീവിതത്തിൽ അവരെ കണ്ണടച്ചനുകരിക്കുന്നത് ഇസ്‌ലാം വിലക്കുന്നു. ഒരു സമുദായം, സ്വന്തം കഴിവുകേടും കൊള്ളരുതായ്മയും സ്വയം സമ്മതിക്കുകയും മറ്റു സമുദായങ്ങളിൽ നന്മയും ശ്രേഷ്ഠതയുമുണ്ടെന്ന് അംഗീകരിക്കുകയും ചെയ്യുമ്പോഴാണ് അന്യസമുദായങ്ങളുടെ ആചാരസമ്പ്രദായങ്ങൾ അപ്പടി അനുകരിക്കാൻ തുടങ്ങുന്നത്. അടിമത്തത്തിന്റെ ഏറ്റവും ഹീനമായ പ്രകടനമാണിത്. സ്വന്തം പതനത്തിന്റെയും പരാജയത്തിന്റെയും പരസ്യവിളംബരവും. അനുകരിക്കുന്ന സമുദായത്തിന്റെ സംസ്കാരം നാമാവശേഷമായിപ്പോവുക

യാണിതിന്റെ ഫലം. ഇക്കാരണംകൊണ്ടാണ് അന്യ സമുദായങ്ങളുടെ സംസ്കാരം സ്വീകരിക്കുന്നത് നബി(സ) തിരുമേനി കഠിനമായി വിരോധിച്ചത്. ഒരു സമുദായത്തിന്റെ യശസ്സും പ്രതാപവും അവരുടെ വസ്ത്രധാരണത്തിലോ ജീവിത രീതിയിലോ അല്ല. അവരുടെ വിജ്ഞാനം, ഭദ്രത, കാര്യശേഷി, കർമശക്തി എന്നിവയാണതിന്റെ മാനദണ്ഡം. അതിനാൽ, ശക്തിയും പ്രതാപവും കരസ്ഥമാക്കലാണുദ്ദേശ്യമെങ്കിൽ അതിനുതകുന്ന മാർഗങ്ങളാണവലംബിക്കേണ്ടത്. അല്ലാതെ, സമുദായങ്ങളെ അടിമത്തത്തിൽ തളച്ച്, ഒടുവിൽ അന്യസംസ്കാരങ്ങളിൽ ലയിച്ച്, സ്വന്തം സാംസ്കാരികാസ്തിത്വം തന്നെ നശിച്ചുപോകാനിടവരുത്തുന്ന രീതികൾ സ്വീകരിക്കുകയല്ല.

6. അന്യമതസ്ഥരോട് തികഞ്ഞ നിഷ്പക്ഷതയും വിശാലമനസ്കതയും കാണിക്കണമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. പക്ഷപാതവും സങ്കുചിത മനസ്ഥിതിയും ഇസ്‌ലാമൊരിക്കലും പൊറുപ്പിക്കുന്നില്ല. അന്യമതസ്ഥരുടെ മഹാത്മാക്കളെയും നേതാക്കളെയും അവഹേളിക്കരുതെന്നാണ് ഇസ്‌ലാമിന്റെ അധ്യാപനം. അവരുടെ മതവിശ്വാസങ്ങളെ അപഹസിക്കുകയോ അവരുമായി കലഹിക്കയോ അരുത്. അവർ സ്നേഹത്തിലും മമതയിലും വർത്തിക്കുന്ന കാലത്തോളം അത് തിരിച്ചുനൽകാൻ മുസ്‌ലിംകൾ ബാധ്യസ്ഥരാണ്. മുസ്‌ലിംകളുടെ അവകാശങ്ങൾ അവർ അപഹരിക്കുന്നില്ലെങ്കിൽ അതേ നിലപാട് തിരിച്ചും വേണ്ടതാണ്. എന്നല്ല, മുസ്‌ലിംകൾ ഇതര മതസ്ഥരെക്കാൾ, സ്നേഹാനുകമ്പയും സ്വഭാവശുദ്ധിയും വിശാല മനസ്കതയുമുള്ളവരായിരിക്കുക എന്നതാണ് ഇസ്‌ലാമിക സംസ്കാരത്തിന്റെ താൽപര്യം. അനീതിയും അക്രമവും സ്വാർഥതയും ഒരു മുസ്‌ലിമിന്റെ പദവിക്ക് നിരക്കുന്നതല്ല. മാന്യത, സൽസ്വഭാവം, ധർമനിഷ്ഠ എന്നിവക്ക് ഉത്തമമാതൃകയായി പരിലസിക്കേണ്ടതാണയാൾ. ഉത്കൃഷ്ടവും ഉദാത്തവുമായ ആദർശജീവിതം വഴി മനുഷ്യമനസ്സുകളെ ആകർഷിച്ചെടുക്കുകയാണ് അയാളുടെ ധർമം.

## ഇതര സൃഷ്ടികളുടെ അവകാശങ്ങൾ

തന്റെ അസംഖ്യം സൃഷ്ടികളുടെ മേൽ ദൈവം മനുഷ്യന് അധികാരം നൽകിയിരിക്കുന്നു. മനുഷ്യനാകട്ടെ, സ്വന്തം കഴിവുപയോഗിച്ച് അവയെ അധീനപ്പെടുത്തി ചൂഷണംചെയ്യുന്നു. സൃഷ്ടികളിലുന്നതനെന്ന നിലയിൽ അതിനുള്ള അവകാശം മനുഷ്യനുണ്ട്. എന്നാൽ, പ്രസ്തുത സൃഷ്ടികൾക്കുമുണ്ട് ചില അവകാശങ്ങൾ. അനാവശ്യമായോ ആവശ്യത്തിൽക്കവിഞ്ഞോ മനുഷ്യൻ അവയെ നശിപ്പിച്ചുകൂടാ. അവ ഉപയുക്തമാക്കുന്നതിൽ ഏറ്റവും ഉത്തമമായ മാർഗം വേണം സ്വീകരിക്കാൻ-ഇതെല്ലാം ഇതര സൃഷ്ടികളുടെ അവകാശങ്ങളാണ്. ഈ വിഷയത്തിൽ ധാരാളം വിധികൾ കാണാം ശരീഅത്തിൽ. ആഹാരാവശ്യാർഥമോ ദ്രോഹം തടയാനോ ആയി മാത്രമേ ജീവികളെ കൊല്ലാവൂ. അനാവശ്യമായോ രസത്തിനു വേണ്ടിയോ കൊല്ലുന്നത് നിഷിദ്ധമാണ്. ഭക്ഷ്യാവശ്യത്തിന് ജീവികളെ കൊല്ലുമ്പോൾ, കഴുത്തിൽ

അറുക്കണമെന്നാണ് നിയമം. ഇതാണ് നല്ല മാംസം ലഭിക്കാൻ പറ്റിയ രീതി. ജീവികൾക്ക് വിഷമം കുറക്കുന്ന മറ്റു രീതികളുണ്ടാവാം. പക്ഷേ, അവ മാംസത്തിന്റെ അനേകം ഗുണങ്ങൾ നഷ്ടപ്പെടുത്തും. മാംസത്തിന്റെ ഗുണങ്ങൾ നഷ്ടപ്പെടുത്താത്ത രീതികളും കാണും. പക്ഷേ, അവ ജീവികൾക്ക് ഏറെ പ്രയാസമുണ്ടാക്കും. ഈ രണ്ടു വശങ്ങളും പരമാവധി പരിഗണിക്കുകയാണ് ഇസ്‌ലാം ചെയ്തത്. ജീവികളെ നിർദയം മർദിച്ച് കൊല്ലുന്നത് ഇസ്‌ലാം നിരോധിച്ചിരിക്കുന്നു.

വിഷജന്തുക്കളെയും ദുഷ്ടമൃഗങ്ങളെയും കൊല്ലാൻ ഇസ്‌ലാം അനുവദിച്ചിട്ടുണ്ട്. മനുഷ്യജീവൻ അവയുടെ ജീവനെക്കാൾ വിലപ്പെട്ടതായതു കൊണ്ടാണിത്. എന്നാൽ, അവയെപ്പോലും ഏറെ പീഡിപ്പിക്കാതെ വേണം കൊല്ലാൻ. സവാരി ചെയ്യാനും ഭാരം വലിക്കാനും ഉപയോഗിക്കുന്ന മൃഗങ്ങളെ പട്ടിണിക്കിടരുത്. താങ്ങാനാവാത്ത ജോലികൾ ചെയ്യിക്കയോ നിർദയം മർദിക്കയോ അരുത്. പറവകളെ അനാവശ്യമായി കൂട്ടിൽ ബന്ധിച്ചിടരുത് -ഇസ്‌ലാം നൽകുന്ന ശാസനകളാണിവ. ജീവികളുടെ കാര്യമിരിക്കട്ടെ, സസ്യങ്ങളെക്കുറിച്ചും ഇസ്‌ലാമിന് സ്വന്തം കാഴ്ചപ്പാടുണ്ട്. അകാരണമായി മരങ്ങൾ മുറിച്ചുതള്ളുന്നത് ഇസ്‌ലാം അംഗീകരിക്കുന്നില്ല. പുഷ്പങ്ങളും ഫലങ്ങളും നമുക്ക് പറിച്ചെടുക്കാം. എന്നാൽ അനാവശ്യമായി നശിപ്പിക്കാൻ നമുക്കവകാശമില്ല. സസ്യങ്ങൾക്ക് ജീവനുള്ളതുകൊണ്ടാണിത് എന്ന് പറഞ്ഞേക്കാം. എന്നാൽ, ജീവനില്ലാത്തവയെയും അനാവശ്യമായി നശിപ്പിച്ചുകൂടാ. വെള്ളം വെറുതെ ഒഴുക്കിക്കളയുന്നതുപോലും ഇസ്‌ലാം വിലക്കുന്നു.

## ശരീഅത്ത്-സാർവജനീനം, ശാശ്വതം

മുഹമ്മദ്നബി(സ) മുഖേന നൽകപ്പെട്ട ശരീഅത്തിന്റെ സ്വഭാവത്തെക്കുറിച്ച ഒരു സംക്ഷിപ്ത രൂപമാണ് ഇതുവരെ വിവരിച്ചത്. ഈ ശരീഅത്തിൽ മനുഷ്യർ തമ്മിൽ ഒരു വ്യത്യാസവുമില്ല -വിശ്വാസം, ആദർശം, കർമം എന്നീ കാര്യങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ. കുടുംബം, ദേശം, വർണം എന്നിവയുടെ അടിസ്ഥാനത്തിൽ മനുഷ്യരെ തരംതിരിക്കുന്ന ഒരു മതമോ ദർശനമോ ഒരിക്കലും സാർവജനീനമായിരിക്കില്ല. കാരണമുണ്ട്: ഒരു വംശത്തിൽപ്പെട്ട മനുഷ്യർ മറ്റൊരു വംശക്കാരായി മാറുകയില്ല; ലോകത്തിലെ മനുഷ്യരൊന്നായി ഒരിടത്ത് താമസമാക്കുക സംഭാവ്യമല്ല; ആഫ്രിക്കക്കാരന്റെ കറുപ്പോ ചൈനക്കാരന്റെ മഞ്ഞയോ യൂറോപ്യന്റെ വെളുപ്പോ മാറുകയുമില്ല. അതിനാൽ, വംശ-ദേശ-വർണങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ട മതങ്ങൾ ഒരു ജനതയിൽ ഒതുങ്ങിനിൽക്കുകയേ ഉള്ളൂ. എന്നാൽ, ഇസ്‌ലാമിക നിയമസംഹിത ലോകത്തിലെ എല്ലാ ജനങ്ങൾക്കുമുള്ളതാണ്. കാരണം, 'ലാ ഇലാഹ ഇല്ലല്ലാഹു, മുഹമ്മദുർറസൂലുല്ലാഹി' എന്ന പരിശുദ്ധ വാക്യത്തിൽ വിശ്വസിച്ച ആർക്കും മുസ്‌ലിം പാർട്ടിയിൽ തുല്യാവകാശത്തോടെ പ്രവേശിക്കാവുന്നതാണ്. വംശം, ഭാഷ, ദേശം, വർണം എന്നീ ഭേദങ്ങളൊന്നും അതിലില്ല.

മാത്രമല്ല, ഈ ശരീഅത്ത് കാലാന്ത്യംവരെ ഉള്ളതാണ് -ഒരു ശാശ്വത ശരീഅത്താണത്. അതിന്റെ നിയമവ്യവസ്ഥകൾ ഒരു പ്രത്യേക സമുദായത്തിന്റെയോ നിശ്ചിത കാലഘട്ടത്തിന്റെയോ ആചാരരീതികൾ ആധാരമാക്കിയുള്ളവയല്ല. മറിച്ച്, മനുഷ്യൻ ഏത് പ്രകൃതിയോടെയാണോ സൃഷ്ടിക്കപ്പെട്ടത് ആ പ്രകൃതിക്കനുസൃതമായി ആവിഷ്കരിച്ചതാണത്. മനുഷ്യപ്രകൃതിക്ക് മാറ്റമില്ല. എക്കാലത്തും ഏത് പരിതഃസ്ഥിതിയിലും അത് ഒരേ നിലയിൽ വർത്തിക്കുന്നു. അതിനാൽ, ആ പ്രകൃതിക്കനുസൃതമായി ആവിഷ്കരിക്കപ്പെട്ട നിയമങ്ങൾക്കും മാറ്റം സാധ്യമല്ല.

## കുറിപ്പുകൾ

1. 'വർണപ്രശ്നം' ഇതിനൊരുദാഹരണമായെടുക്കാം. ഇക്കാര്യത്തിൽ യുക്തിസഹവും മാനുഷികവുമായൊരു സമീപനരീതി സ്വീകരിക്കാൻ മനുഷ്യന് ഇന്നുവരെ സാധിച്ചിട്ടില്ല. വർണവിവേചനത്തെ ന്യായീകരിക്കാനാണ് ഏറെക്കാലം ജീവശാസ്ത്രത്തെ ഉപയോഗപ്പെടുത്തിവന്നത്. കഴിഞ്ഞ രണ്ട് ശതകങ്ങളോളം, വിവേചനത്തിനനുകൂലമായാണ് അമേരിക്കൻ കോടതികൾ വിധി പ്രസ്താവിച്ചത്. 'തൊലി കറുത്തു' എന്ന 'ഏക കുറ്റ'ത്തിന് ആയിരക്കണക്കിന് മനുഷ്യജീവികൾ നിർദയം മർദിക്കപ്പെട്ടു; ഭീഷണിക്കും ഭർത്സനത്തിനും വിധേയരായി; വെളുത്തവർക്കും കറുത്തവർക്കും വ്യത്യസ്ത നിയമങ്ങൾ തന്നെ ഉണ്ടാക്കപ്പെട്ടു. ഒരേ കോളേജിൽ, ഒരേ സ്കൂളിൽ ഇരുകൂട്ടർക്കും ഒന്നിച്ചു പഠിക്കാൻ കഴിയാതെ പോയി. 1954 മെയ് 17-ന് മാത്രമാണ് വർണവിവേചനം അനീതിപരവും മാനുഷിക സമത്വത്തിന് വിരുദ്ധവുമാണെന്ന് അമേരിക്കൻ കോടതികൾ വിധി പറഞ്ഞത്.

   എത്രയോ നൂറ്റാണ്ടുകൾ കൊടിയ പാതകങ്ങൾ ചെയ്ത ശേഷമാണ് വർണവിവേചനം അനീതിപരമാണെന്നും നിശ്ശേഷം നശിപ്പിക്കേണ്ടതാണെന്നും മനുഷ്യന് ബോധമുദിച്ചത്. ഇന്നും, ഈ ഇരുപതാം നൂറ്റാണ്ടിന്റെ സായാഹ്നത്തിലും ഈ വസ്തുത ഗ്രഹിക്കാത്ത എത്രയോ മനുഷ്യ മൃഗങ്ങളുണ്ട്. 'തൊലിമഹിമ'യിലാണ് അവർ മനുഷ്യത്വം ദർശിക്കുന്നത്. ദക്ഷിണാഫ്രിക്കയും ആഫ്രിക്കൻ വൻകരയിലെ പാശ്ചാത്യരും ഇതിനുദാഹരണമാണ്. അമേരിക്കയിൽ പോലും സംസ്കാര സമ്പന്നരെന്നുദ്ഘോഷിക്കുന്നവരിൽ ഗണ്യമായൊരു വിഭാഗം വിവേചനനയത്തിൽ പിടിച്ചുതൂങ്ങുകയാണിന്നും. ജീവൽപ്രധാനമായ പ്രസ്തുത പ്രശ്നം മനുഷ്യമസ്തിഷ്കം എങ്ങനെ കൈയാളി എന്ന് നാം കണ്ടുകഴിഞ്ഞു. ഇതിനൊരപവാദമെന്നോണം 'ശരീഅത്ത്' ആദ്യമേ പ്രഖ്യാപിച്ചു, വർണവിവേചനം കടുത്ത അനീതിയാണെന്ന്. ശരീഅത്ത് മനുഷ്യന് നേർവഴി കാണിച്ചുതന്നു. പാപത്തിന്റെ പടുകുഴിയിൽനിന്ന് അത് മനുഷ്യനെ രക്ഷിച്ചു. ഖുർആൻ മാനുഷികൗത്കൃഷ്ട്യം ഉദ്ഘോഷിക്കുന്നത് കാണുക:

   "നിശ്ചയം, നാം മനുഷ്യപുത്രനെ ആദരിച്ചിട്ടുണ്ട്." ഖുർആൻ തുടർന്നു പറയുന്നു: "മനുഷ്യരേ! നിശ്ചയം ഒരാണിൽനിന്നും പെണ്ണിൽനിന്നുമാണ് നാം നിങ്ങളെ സൃഷ്ടിച്ചിട്ടുള്ളത്. നിങ്ങളെ വിവിധ ഗോത്രങ്ങളും വ്യത്യസ്ത വിഭാഗങ്ങളുമാക്കി തിരിച്ചത്, നിങ്ങൾ പരസ്പരം തിരിച്ചറിയാൻ വേണ്ടിയാണ്. നിങ്ങളിൽ കൂടുതൽ സൂക്ഷ്മതയുള്ളവനത്രെ അല്ലാഹുവിങ്കൽ ആദരണീയൻ."

   റസൂൽ(സ) അരുളി: "ജനങ്ങളേ! നിശ്ചയം, നിങ്ങളുടെ നാഥൻ ഏകനാണ്; നിങ്ങളുടെ പിതാവും ഏകൻ തന്നെ. നിങ്ങളെല്ലാം ആദമിൽനിന്നത്രെ; ആദമാവട്ടെ മണ്ണിൽനിന്നും. അറബിക്ക് അനറബിയുടെ മേലോ അനറബിക്ക് അറബിയുടെ മേലോ ഒരു മേന്മയും അവകാശപ്പെടാനില്ല. വെളുത്തവന് കറുത്തവനെക്കാൾ, അല്ലെങ്കിൽ കറുത്തവന് വെളുത്തവനെക്കാൾ, (ആർക്കും ആരുടെമേലും) ഒരു മേന്മയും അവകാശപ്പെടാനില്ല; തഖ്‌വ(സൂക്ഷ്മത)കൊണ്ടല്ലാതെ. നിങ്ങളിൽ ഏറ്റവും ഉത്തമൻ നിങ്ങളിൽ കൂടുതൽ സൂക്ഷ്മതയുള്ളവനത്രെ." (നബിയുടെ വിടവാങ്ങൽ പ്രസംഗത്തിൽനിന്ന്)

നോക്കുക! പതിമൂന്ന് നൂറ്റാണ്ടുകൾക്കു മുമ്പ് ശരീഅത്ത് മനുഷ്യനെ പഠിപ്പിച്ച യാഥാർഥ്യ മാണിത്. നൂറ്റാണ്ടുകൾ നീണ്ടുനിന്ന പ്രമാദങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും ശേഷമാണ്, എത്രയോ ആയിരങ്ങളെ വിവേകശൂന്യമായ വർണ വിവേചനത്തിന്റെ ബലിയാടുകളാക്കിക്കഴി ഞ്ഞശേഷമാണ്, മനുഷ്യ സമൂഹത്തെ ഒന്നടങ്കം വിലയിടിക്കുകയും അപമാനിക്കുകയും ചെയ്തശേഷമാണ് 'അനിയന്ത്രിതമായ യുക്തി'ക്ക് യാഥാർഥ്യത്തിന്റെ തെല്ല് തൊടാൻ കഴി ഞ്ഞത്. യാഥാർഥ്യത്തിന്റെ ഋജുവും സരളവുമായ സമീപനമത്രെ ഇസ്‌ലാമിന്റേത്. അതിനെ അവഗണിക്കൽ നാശം ക്ഷണിച്ചുവരുത്തലാണ്.

2. പൊടിമണ്ണുകൊണ്ട് മുഖവും കൈയും തടവൽ.
3. നാല് റക്അത്തുള്ള നമസ്കാരം രണ്ട് റക്അത്താക്കി ചുരുക്കി നമസ്കരിക്കൽ.
4. രണ്ട് നമസ്കാരങ്ങൾ ഒന്നിച്ച് ചെയ്യൽ. ളുഹർ, അസ്വർ എന്നിവയും മഗ്‌രിബ്, ഇശാ എന്നി വയും ജംഅ് ആക്കി ചെയ്യാം.
5. ലിംഗാടിസ്ഥാനത്തിലുള്ള ഈ ജോലിനിർണയം തകർത്തതിന്റെ തിക്താനുഭവങ്ങൾക്കുശേഷം സ്ത്രീകൾ വീടുകളിലേക്ക് മടങ്ങണമെന്ന് മുറവിളി കൂട്ടാൻ തുടങ്ങിയിരിക്കുന്നു ചില പാശ്ചാ ത്യൻ ചിന്തകന്മാർ. രണ്ട് പ്രമുഖ ചിന്തകന്മാരായ ഡോ. ഫുൾട്ടൻ ജെ. ഷീനിന്റെയും പ്രൊഫ. സിരീൽ ജോഡിന്റെയും അഭിപ്രായങ്ങൾ ചുവടെ ചേർക്കുന്നു. 'കമ്യൂണിസം ആന്റ് ദി കോൺഷെൻസ് ഓഫ് ദി വെസ്റ്റ്' (Communism and the Conscience of the west)എന്ന കൃതിയിൽ ഡോക്ടർ ഷീൻ എഴുതുന്നു:

"ചരിത്രത്തിൽ തുല്യത കാണാത്തവിധം നിരാശാമയമാണ് അമേരിക്കൻ കുടുംബജീവിത ത്തിലെ പ്രക്ഷുബ്ധാവസ്ഥ. രാഷ്ട്രത്തിന്റെ ബരോമീറ്ററത്രെ(വായുഘനമാപിനി) കുടുംബം. അമേരിക്കയിലെ ശരാശരി വീടെങ്ങനെയാണോ അതിൽനിന്നൊട്ടും ഭിന്നമല്ല അമേരിക്ക യുടെ സ്ഥിതിയും. കടം കൊണ്ടും പണം ധൂർത്തടിച്ചുമാണ് അമേരിക്കൻ വീടുകൾ പുലരു ന്നതെങ്കിൽ അനതിവിദൂരഭാവിയിൽ ദേശീയ കടത്തിന് മേൽ ദേശീയ കടം കുന്നുകൂടുന്ന ഒരു നാടായിത്തീരും അമേരിക്ക. അമേരിക്കയിലെ ശരാശരി ഭാര്യാഭർത്താക്കൾ തങ്ങളുടെ വിവാഹക്കരാറുകൾ സനിഷ്കർഷം പാലിക്കാത്ത പക്ഷം അത്‌ലാന്റിക് ചാർട്ടറിലും (അ തിൽ പറഞ്ഞ) നാലു തരത്തിലുള്ള സ്വാതന്ത്ര്യങ്ങളിലും (Four Freedoms) വിശ്വസിക്കാൻ അന്യരെ നിർബന്ധിക്കാൻ അമേരിക്കക്കവകാശമുണ്ടായിരിക്കുന്നതല്ല.

"സ്നേഹത്തിന്റെ നേട്ടങ്ങൾ മനഃപൂർവം വിസ്മരിക്കുന്നതായാൽ, മിച്ചമുള്ള പരുത്തിയും കാപ്പിയും കടലിലൊഴുക്കാനും സാമ്പത്തിക മൂല്യങ്ങൾക്കു വേണ്ടി പ്രകൃതിയെ തകർക്കാനും പ്രേരിപ്പിക്കുന്ന സാമ്പത്തികനയങ്ങളായിരിക്കും നാം കരുപ്പിടിപ്പിക്കുന്നത്. രണ്ടാൾക്കും വേണ്ടി എന്നതിലുപരി ഓരോരുത്തരുടെയും സ്വാർഥത്തിനുവേണ്ടിയാണ് ഭാര്യാഭർത്താ ക്കൾ ജീവിക്കുന്നതെങ്കിൽ, അന്യോന്യാശ്രയത്തിലൂടെയും പരസ്പര സഹകരണത്തിലൂ ടെയും മാത്രമേ തങ്ങൾക്ക് വ്യക്തിപരമായ സൗഖ്യം ലഭ്യമാകൂ എന്ന് അവർക്ക് കാണാൻ കഴിയുന്നില്ലെങ്കിൽ ഭാര്യാഭർത്താക്കൾ കണക്കെ, മൂലധനവും പ്രയത്നവും തമ്മിൽ പോരാ ട്ടത്തിലേർപ്പെടും. അങ്ങനെ അവ രണ്ടും സാമൂഹികജീവിതം വിരസവും വ്യർഥവുമാക്കും. സാമ്പത്തിക സമാധാനം കെടുത്തും. താന്താങ്ങളിൽനിന്ന് വിട്ട് സ്വതന്ത്രമായി പ്രേമാർഥന നടത്താൻ ഭാര്യാഭർത്താക്കൾ സമ്മതിക്കുന്ന പക്ഷം വിദേശീയ തത്ത്വശാസ്ത്രങ്ങൾ നുഴഞ്ഞുകയറുന്ന നാടായിത്തീരും അമേരിക്ക. 'ദേശഭക്തി' എന്നു പറയുന്ന ആ പരമമായ കൂറിനെ കമ്യൂണിസം എപ്രകാരം തൂത്തുമാറ്റുന്നുവോ അപ്രകാരം തന്നെ. ദൈവമെന്നൊ ന്നില്ലാത്തപോലെ ഭാര്യാഭർത്താക്കൾ പെരുമാറുന്നതായാൽ ദേശീയമെന്നോണം നിരീശ്വര ത്വത്തിനു വേണ്ടി വാദിക്കുന്ന, സ്വാതന്ത്ര്യപ്രഖ്യാപനത്തെ ഖണ്ഡിക്കുന്ന, നമ്മുടെ എല്ലാ അവകാശബാധ്യതകളും ദൈവദത്തമാണെന്നതിനെ നിഷേധിക്കുന്ന ഉദ്യോഗസ്ഥ മേധാവി കളുമായിരിക്കും അമേരിക്കക്കുണ്ടാവുക. രാഷ്ട്രത്തിന്റെ സ്വഭാവം നിർണയിക്കുന്നത് വീട ത്രെ. കുടുംബത്തിലെ സംഭവം കാലാന്തരത്തിൽ കോൺഗ്രസിലും വൈറ്റ്ഹൗസിലും സുപ്രീംകോർട്ടിലുമെല്ലാം പ്രത്യാഘാതമുളവാക്കും. അർഹിക്കുന്ന ഗവൺമെന്റാണ് ഓരോ രുത്തർക്കും ലഭിക്കുക. വീട്ടിലെപ്പോലെയാണ് രാഷ്ട്രവും ജീവിക്കുക."

കുറേക്കൂടി മുന്നോട്ടു പോയി പ്രൊഫസ്സർ സിരീൽ ജോഡ് പറയുന്നു:

"സ്ത്രീകൾ ഗൃഹ-ശിശു പരിപാലനത്തിനു സമ്മതിക്കുന്ന പക്ഷം അതുവഴി ജീവിതനിലവാരം അൽപം താഴ്ന്നാലും ലോകം കൂടുതൽ സൗഖ്യ പൂർണമായേനെയെന്ന് ഞാൻ വിശ്വസിക്കുന്നു."(Variety, December, 1, 1952)

6. അല്ലാഹു പറയുന്നു: "അവരുടെ സ്വത്തിൽ യാചകന്നും ഇല്ലാത്തവന്നും അവകാശങ്ങളുണ്ട്." (51: 19)

# ഇസ്‌ലാം മതം

അബുൽഅഅ്‌ലാ മൗദൂദി

വിവ: വി.പി. മുഹമ്മദലി

ഇസ്‌ലാം എന്ത്? അതിന്റെ ലക്ഷ്യമെന്ത്? ഇസ്‌ലാമിക ആദർശ വിശ്വാസങ്ങൾക്ക് മനുഷ്യജീവിതവുമായുള്ള ബന്ധമെന്ത്? ഇസ്‌ലാം സ്വീകരിക്കുന്നതുകൊണ്ടുള്ള പ്രയോജനവും സ്വീകരിക്കാതിരിക്കുന്നതുകൊണ്ടുള്ള നഷ്ടവുമെന്ത്? ഭീഷണിയും ബലപ്രയോഗവും കൊണ്ടാണോ ഇസ്‌ലാം ആദർശവിശ്വാസങ്ങൾ അംഗീകരിപ്പിക്കുന്നത്? പ്രസ്തുത ആദർശ സിദ്ധാന്തങ്ങളുടെ സത്യാവസ്ഥക്ക് സാക്ഷ്യം വഹിക്കുന്ന സ്വീകാര്യമായ വല്ല തെളിവും അതിന്റെ പക്കലുണ്ടോ? തുടങ്ങി ആധുനിക മസ്തിഷ്കങ്ങളിൽ ഉയർന്നുവന്നേക്കാവുന്ന സംശയങ്ങൾക്ക് വ്യക്തവും യുക്തിപൂർണവുമായ മറുപടി നൽകുന്ന വിഖ്യാത കൃതി. പ്രൊഫ. ഖുർശിദ് അഹ്മദിന്റെ അവതാരികയും പഠനാർഹമായ അടിക്കുറിപ്പുകളും.

5/-

വില: 40.00 ISM

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്

കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ, മലപ്പുറം

ISBN 81-8271-437-0